# ബോധത്തിൽ നിന്നും മഹാബോധത്തിലേയ്ക്ക്

('To the absolute freedom of the Soul)

HUMAN TO HUMAN BEING

## നിത്യജീവനിലേയ്ക്ക്

By
**The Master**

**Nansen School of Awarology and Neutral Life**
Nansen Asramam, 4/414-A, Vadakottathara,
Kattathara, P.O. Agali, Palakkad Dt, Kerala

Malayalam
**BODHATHIL NINNUM MAHABODHATHILEKKU**
By **The Master**
Manuscript rewritten by Sindhu Ramdas
First Published: December 2004
Cover & Typesetting: JB Graphics, Koratti
Printed at Hebron, Thrissur
Rights reserved to publishers
Publishers
**Nansen School of Awarology and Neutral Life**
Nansen Asramam, 4/414-A, Vadakottathara, Agali P.O.,
Palakkad Dt., Kerala
Price: Rs. 20-00
01-2000-151204

## ഈ പുസ്തകം എന്തുകൊണ്ട് എഴുതപ്പെട്ടു?

*കാലപഴക്കം കൊണ്ട് യുക്തിയുടെ സ്വാധീനത്തിൽ വിസ്മൃതിയിലകപ്പെട്ടുപോയ രണ്ടു പരമാർത്ഥങ്ങളെ Mystic Science എന്ന ശാസ്ത്രത്തിലൂടെ സംശയാതീതമായി തെളിയിക്കപ്പെടാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യമാണ് ഈ പുസ്തകത്തിന്റെ പിന്നിലുള്ള പ്രേരണ.*

1. *തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധം അഥവാ ആത്മാവ് awarology എന്ന പ്രായോഗിക ശാസ്ത്രത്തിലൂടെ ഓരോ വ്യക്തിക്കും സ്വയം കണ്ടെത്താൻ കഴിയുമെന്നുള്ളതുകൊണ്ട്.*
2. *ആവർത്തന സ്വഭാവമുള്ളതും വ്യത്യസ്ഥ genetic Pattern നുകളാൽ നിർമ്മിക്കപ്പെട്ടതും, യഥാർത്ഥ ബോധത്തിന്റെ സമ്മതമില്ലാതെ അടിച്ചേൽപ്പിക്കപ്പെട്ടതുമായ മനുഷ്യശരീരത്തിന്റെ തടവറയിൽ കുടുങ്ങികിടക്കുന്ന, ഒരിക്കലും നാശത്തിനു വിധേയമാകാത്ത, യഥാർത്ഥബോധം അതിന്റെ ഉത്ഭവസ്ഥാനത്ത് എത്തിച്ചേരുംവരെ (നിത്യജീവിൻ അഥവാ മോക്ഷം അഥവാ നിർവ്വാണ, അഥവാ സ്വർഗ്ഗരാജ്യം അഥവാ സമാധി ഇവ അർത്ഥമാക്കുന്നത്) ജനനമരണ സ്വഭാവമുള്ള മനുഷ്യ ശരീരമെടുത്ത് പുതിയ പുതിയ സാദ്ധ്യകൾ തേടി ദുഃഖത്തിന്റെയും, വേദനകളുടെയും താഴ്വരയായ ഭൂമിയിൽ ജന്മമെടുത്തു കൊണ്ടിരിക്കും എന്ന തിരിച്ചറിവ് awarology എന്ന ശാസ്ത്രത്തിലൂടെ ഓരോ വ്യക്തിക്കും സ്വയം തെളിയിക്കാൻ കഴിയുമെന്നുള്ളതുകൊണ്ട്.*

## അഭ്യർത്ഥന

*ആന്തരീകവും, കഠിനവുമായ പരീക്ഷണനിരീക്ഷണങ്ങളുടെ വ്യക്തവും, സംശയരഹിതവുമായ ഫലങ്ങളെ അനേകവർഷങ്ങളുടെ ആവർത്തനത്തിൽ സ്ഥിരീകരിച്ച് എഴുതപ്പെട്ട ഒരു പുസ്തകമാണിത്. യുക്തിയിൽനിന്ന് (from logic) യുക്തിയിലൂടെ (by logic) യുക്തിയില്ലായ്മയിലേ (beyond logic)യ്ക്കുള്ള യഥാർത്ഥബോധത്തിന്റെ (ആത്മാവ്) യാത്രയാണ് ഇതിലെ പ്രതിപാദ്യവിഷയം. അതുകൊണ്ടുതന്നെ വിമർശനങ്ങൾക്കും വ്യഖ്യാനങ്ങൾക്കും അപ്പുറമാണ് ഇതിലെ വിഷയം. ബോധത്തിന്റെ ഒരു പ്രത്യേകത തലത്തിനുതാഴെ നിൽക്കുന്നവർക്ക് ഇതിലെ വിഷയം മനസിലായില്ലെന്നുവന്നേക്കും. ദയവു ചെയ്ത് വിമർശിക്കുകയോ, വ്യാഖ്യാനിക്കുകയോ, ചെയ്യരുത്. ഇത് മനസിലാക്കാൻ കഴിയുന്നവരിലേയ്ക്ക് ഈ പുസ്തകം കൈമാറുന്നത് ഒരു വലിയ പുണ്യമായിരിക്കും.*

*Nansen school ന്റെ രേഖാമൂലമുള്ള അനുവാദമില്ലാതെ, പൂർണ്ണമായോ ഭാഗികമായ, പ്രസിദ്ധീകിരക്കുകയോ, തർജ്ജമ ചെയ്യുകയോ അരുത്. എന്നാൽ സമൂഹനന്മക്കായി നിലകൊള്ളുന്നവർ ആശ്രമത്തെ സമീപിച്ചാൽ ഇതിന്റെ പ്രസിദ്ധീകരണത്തിൽ പങ്കാളികളാകാം. സമൂഹത്തിന് നിങ്ങൾക്കു ചെയ്യാവുന്ന യഥാർത്ഥ നന്മയും ഇതായിരിക്കും.*

Sd/
The Master
Nansen school of awarology

## അവതാരിക

*ബോധശാസ്ത്രം അഥവാ (Awarology) എന്ന പരമോന്നതമായ ജ്ഞാനത്തിന്റെ തത്വങ്ങളെ ആധികാരികമായി അവതരിപ്പിക്കുന്ന ഒരു പുസ്തകമാണ് ഇത്. തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധം നിലനിൽക്കുന്ന മനുഷ്യന്റെ ജീവിതമാണ് ഇതിലെ വിഷയം. ഭൗതിക ശാസ്ത്രം പോലെ ഇതിന് അനേകം ശാഖകളില്ല. ആകെ ഒരേ ഒരുവിഷയം മാത്രമെ ഇതിൽ പ്രതിപാതിക്കുന്നുള്ളു അതാണ് awareness അഥവാ യാഥാർത്ഥ ബോധം (Real consciouness) ഈ ബോധത്തെ എങ്ങിനെ മനസിലാക്കാം, ഉയർത്താം അതിലൂടെ മരണാനന്തരം പരമാനന്ദമായ നിത്യജീവനിലേയ്ക്ക് എങ്ങിനെ കടക്കാം, കൂടാതെ ഭൗതീക ജീവിതത്തിലെ ദുഃഖങ്ങളേയും, ദുരിതങ്ങളേയും, രോഗങ്ങളേയും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും എങ്ങിനെ ഇല്ലാതാക്കി ജീവിതം ഒരു ഉത്സവമാക്കിതീർക്കാം എന്ന് മാർഗനിർദ്ദേശങ്ങൾ നൽകുന്നതാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. ശാസ്ത്രീയമായ യുക്തിയിലൂടെയും പ്രായോഗികമായ പരിശീലനത്തിലൂടെയും നിത്യജീവനിലേയ്ക്ക് യഥാർത്ഥ ബോധത്തെ എത്തിക്കുന്ന ഈ പഠനത്തെ awarology എന്ന് വിളിക്കാം. ഭാഷയിൽ awareness എന്ന പദം ഉപയോഗിക്കുന്ന അർത്ഥത്തിലല്ല ഇവിടെ ഈ പദം ഉപയോഗിച്ചിരിക്കുന്നത് എന്ന് തിരിച്ചറിയുക.*

*Awarology എന്നത് ഭാവനയിലോ, സങ്കൽപ്പത്തിലോ, ഒരു hypothesis- ലോ നിലനിൽക്കുന്ന ഒരു ശാസ്ത്രമല്ല. അത് തീർത്തും ഒരു mystic Science ആണ്. എങ്കിലും mystic എന്ന പദത്തിന്റെ അർത്ഥം കൽപ്പിക്കുന്ന mystery ഇതിലില്ല. Mysticism-ത്തെക്കുറിച്ചുള്ള പാശ്ചാത്ത്യരുടെ സങ്കൽപ്പവും തെറ്റിദ്ധാരണയും കൊണ്ടാണ് ഈ ശാസ്ത്രത്തിന് ഇത്തരമൊരു പേരുവന്നത്. Metaphysics എന്ന ശാസ്ത്രം രൂപംകൊണ്ടതും ഈ ലോജിക്കിന്റെ തന്നെ logic ഇല്ലായ്മയാണ്.*

*The Real consciousness അഥവാ യഥാർത്ഥ ബോധം ഒരു സങ്കൽപ്പമോ ഭാവനയോ അല്ല. അത് തീർത്തും ഒരു യാഥാർത്ഥ്യമാണ്. ഭൗതീകലോകത്തിനും യഥാർത്ഥ ബോധത്തിനും ഇടയിൽ ഒരു dimenssional difference നിലനിൽക്കുന്നതാണ് Mystic science നെ ഇത്രയധികം തെറ്റിദ്ധരിക്കാൻ കാരണം Logic ന് കടന്ന് ചെല്ലാൻ കഴിയാത്ത ഒരു മേഘലയായതുകൊണ്ടാണ് ഭൗതീകശാസ്ത്രം ഇതിനെ mysterious എന്നും, mythology എന്നും വിളിച്ച് പുച്ഛിച്ചു തള്ളിയത്. സ്നേഹം, വേദന, സൗന്ദര്യം ഇവ logic അല്ലെങ്കിലും ഇത് ശരിയല്ലെന്ന് ആർക്കെങ്കിലും വാദിക്കാൻ കഴിയുമോ? അതുപോലെ തന്നെയാണ് യഥാർത്ഥ ബോധത്തിന്റെ അവസ്ഥയും.*

*സാധാരണ ഒരു പുസ്തകം വായിക്കുന്നലാഘവത്തോടെ ഈ പുസ്തകം കൈകാര്യം ചെയ്യരുത്. Three dimensional Cinema കണ്ണട ഉപയോഗിക്കാതെ കാണുന്നതുപോലെ കാര്യങ്ങൾ അവ്യക്തവും അബദ്ധജഡിലവുമായി തോന്നും. അതിനാൽ NANSEN SCHOOL OF AWAROLOGY AND NEUTRAL LIFE -ന്റെ സഹായം നിങ്ങൾ തേടേണ്ട*

തായുണ്ട്. School of Awarology എന്ന ആശയം സാധാരണ അക്കാഡമിക് മേഖലകളിൽ അറിയപ്പെടാത്ത ഒന്നാണ്. സമൂഹത്തിലെ പല വിഷയങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്താറുണ്ട്. ആ അർത്ഥത്തിലല്ല School of awarology എന്ന ആശയം നടപ്പാക്കാൻ ശ്രമിക്കുന്നത്, യഥാർത്ഥ ബോധത്തെ ഉയർത്തുക അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമായി സമൂഹത്തെ ബോദ്ധ്യപ്പെടുത്തുക എന്ന ശ്രമകരമായ ജോലിയാണ് Nansen (നാൻസെൻ) ആശ്രമത്തിന്റെ കീഴിലുള്ള Nansen School of Awarology And Neutral life ഏറ്റെടുത്തിരിക്കുന്നത്. ചില പ്രത്യേക പ്രവർത്തന ശൈലി ഈ സ്കൂളിനുള്ളതിനാൽ ഒരു പരിമിതമായ പ്രവർത്തനമേ സാദ്ധ്യമാകുകയുള്ളു. അതിനാൽ School-ന്റെ സഹായം ലഭിക്കാതേയും ഈ പുസ്തകം ഗ്രഹിക്കാനുള്ള ചില അടിസ്ഥാന കാര്യങ്ങൾ താഴെകൊടുത്തിരിക്കുന്നു. ആത്മാർത്ഥതയോടെ സത്യമന്വേഷിക്കുന്ന ഒരു വ്യക്തിക്ക് തീർച്ചയായും അത് മനസിലാകും.

എന്റെ മനസും, എന്റെ സമ്മതമില്ലാതെ ജന്മമെടുത്ത എന്റെ ശരീരവും, എന്റേതാകാൻ വഴിയില്ല, കാരണം ഇവ എന്റേതായിരുന്നുവെങ്കിൽ ഞാൻ ഇച്ഛിക്കുന്നതുപോലെ അവ പ്രവർത്തിക്കുമായിരുന്നു. എന്റെ ശരീരത്തിന് രോഗങ്ങൾ വരികയോ, അത് നശിക്കുകയോ ചെയ്യുമായിരുന്നില്ല. അതിനാൽ നശിക്കാത്തതായ എന്തോ ഒന്ന് ഇതിന് കാരണമായി ഉണ്ടായിരിക്കണം എന്നത് തീർത്തും യുക്തയുക്തമായ ചിന്തയാണ്. ഈ അടിസ്ഥാന ചിന്തയെ ആധാരമാക്കിയെ ഈ പുസ്തകത്തെ അറിയാൻ ശ്രമിക്കുവാൻ പാടുള്ളു.

അസത്യമായതോ, അസ്വാഭാവികമായതോ ആയ ഒരു പ്രസ്താവനയല്ല മേൽ വിവരിച്ചത് എന്ന് മനസിലാക്കുക. ശക്തമായ യുക്തിയുടെ അടിത്തറ അതിനുണ്ട്. ദേശസ്നേഹം പോലെയോ, മതവിശ്വാസം പോലെയോ അന്ധമല്ല ഈ പ്രസ്താവന എന്നറിയുക.

എന്റെ അനുവാദമില്ലാതെ ദുഃഖിക്കുകയും പ്രതികരിക്കുകയും, പ്രതികാരം ചെയ്യുകയും ചെയ്യുന്ന മനസാണ് എന്റേത് എന്ന് ഞാൻ അറിയുന്നു. കാരണം അല്പസമയം കഴിയുമ്പോൾ ചെയ്തുപോയ തെറ്റിനെക്കുറിച്ചോർത്ത് ഞാൻ പശ്ചാത്തപിക്കുന്നു. ലോകത്തിലുള്ള ഒരു മൃഗവും താൻ ചെയ്തതിനെക്കുറിച്ചോർത്ത് പശ്ചാത്തപിക്കുന്നതായി ശാസ്ത്രം തെളിയിച്ചിട്ടില്ല. കാരണം അവയ്ക്ക് ബോധമുണ്ടെങ്കിലും മനസ് ഇല്ല; തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധമില്ല. അപ്പോൾ ഒരു കാര്യം വ്യക്തം എന്റെ മനസ് എന്റേതാകാൻ വഴിയില്ല അതിൽ യുക്തിയില്ല. കാരണം എന്റെ അനുവാദമില്ലാതെ അതുജനിച്ചിരിക്കുന്നു.

ഇനി ശരീരത്തിന്റെ കാര്യമെടുക്കുക. എന്റെ അനുവാദമില്ലാതെ മറ്റാരുടേയോ പ്രവർത്തനങ്ങൾ വഴി (മാതാപിതാക്കൾ), സിക്താണ്ഡം (zygote) എന്ന ഏകകോശത്തിൽ നിന്നാരംഭിച്ച്, കുട്ടിയായി തിരിച്ചറിവിനെ തിരിച്ചറിയുന്ന കൗമാരപ്രായത്തിലെത്തി ബുദ്ധിയും, ഓർമ്മയും ഉള്ള വ്യക്തിയായി, വാർദ്ധക്യം പ്രാപിച്ച് എന്റെ അനുവാദമില്ലാതെ തനിയെ നശിച്ചു പോകുകയും ചെയ്യുന്നു. എനിക്ക് ബോധമുണ്ട് എന്ന് ഞാൻ അറിയുന്ന നാൾ മുതൽ മരണംവരെ ബോധത്തിന് യാതൊരു കുഴപ്പവും വരാതെ ബുദ്ധിയും, ഓർമ്മയും തളർന്ന് മരിക്കുന്നു. വാർദ്ധക്യം തന്റെ ശരീരത്തെ മാത്രമാണു ബാധിച്ചിരിക്കുന്നത് എന്ന് ഓരോ വ്യക്തിയും തിരിച്ചറിയുന്നു. ഇതിൽനിന്ന് തന്റെ മനസും അതുൾകൊള്ളുന്ന ശരീരവും തന്റേതല്ല എന്ന് യുക്തിയുക്തമായി വാദിക്കാം അത് ശരിയുമാണ്.

ഈ തിരിച്ചറിവിൽ നിന്നാണ് ഈ പുസ്തകം വായിച്ചു തുടങ്ങേണ്ടത്. നിങ്ങളുടെ ബോധത്തിന് ഈ തിരിച്ചറിവ് വന്നില്ലെങ്കിൽ ഈ പുസ്തകം നിങ്ങളെ സംബന്ധിച്ച് ഒരസംബന്ധമാണ്, വായിച്ചത് കൊണ്ട് അതിന്റെ ലക്ഷ്യം കണ്ടെത്താനാവില്ല.

ഞാൻ മനസല്ല, ശരീരവുമല്ല എന്നാൽ ഇത് രണ്ടുമല്ലാത്ത മറ്റെന്തോ ആണ്. അതാണ് തെളിഞ്ഞ ബോധം അഥവാ യഥാർത്ഥ ബോധം. ഞാൻ സന്തോഷിക്കുന്നതും, ദുഃഖിക്കുന്നതും, കരയുന്നതും, ചിരിക്കുന്നതും ഒരു സാക്ഷിയെപോലെ മാറിനിന്ന് നോക്കാൻ എനിക്ക് കഴിയും. എന്നെ തന്നെ എനിക്ക് തിരിച്ചറിയാം. ഇതാണ് പശ്ചാത്താപത്തിന്റെ കാരണം. പശ്ചാത്താപം എന്നത് മനുഷ്യബോധത്തിന്റെ മാത്രം പ്രത്യേകതയാണ്. മൃഗങ്ങളിൽ ഇതിന്റെ അളവ് പൂജ്യത്തിനടുത്തായിരിക്കും. തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധം നിങ്ങളിൽ ഉണ്ടെന്നതിന്റെ പ്രത്യക്ഷമായ തെളിവാണിത്.

ലൈംഗികത ഉൾപ്പെടേയുള്ള എല്ലാ വികാരങ്ങളും അധഃമബോധത്തിന്റെ അറിവില്ലായ്മയും, പശ്ചാത്താപം എന്നത് അറിവില്ലായ്മയെ നിലനിർത്തുവാനുള്ള മനസിന്റെ സൂത്രവുമാണെന്ന് അറിയുക. കാരണം പശ്ചാത്താപത്തിലൂടെ (മനഃസാക്ഷിക്കുത്ത്) ഉയർന്നു വരുന്ന യഥാർത്ഥ ബോധത്തെ മനസ് അടിച്ചമർത്തുന്നു. പ്രായശ്ചിത്തവും, പാപപരിഹാരപശ്ചാത്താപ പ്രക്രിയയിലൂടെയും യഥാർത്ഥബോധത്തെ അടിച്ചമർത്തുന്ന സൂത്രങ്ങളാണ്. അങ്ങിനെ അല്ലായിരുന്നുവെങ്കിൽ ഒരേ ഒരു പശ്ചാത്താപംകൊണ്ട് ബോധത്തെ തിരിച്ചറിയുകയും വിശ്വാസം സംഭവിച്ച് ആത്മാവ് നിത്യജീവനെ അറിയുകയും ചെയ്യുമായിരുന്നു.

മനസിനെ ബോധത്തിൽ നിന്നും വേർതിരിച്ച് അവതരിപ്പിച്ചിരിക്കുന്നത് ഒരു technique ആയി കണക്കാക്കിയാൽ മതി. മനസൊരു സാങ്കൽപ്പികതയാണ്. ഒരു നിഴലിനു സമാനമാണത്. ബോധം തന്നെയാണത്. അജ്ഞത (Ignorance) എന്ന സൂത്രത്തിലൂടെയാണ് മനസ് യഥാർത്ഥ ബോധത്തെ മറച്ചു പിടിച്ചിരിക്കുന്നത്. അതേ സൂത്രം മനസിനോട് തന്നെ പ്രയോഗിക്കുന്ന രീതിയാണിത്. മുള്ളിനെ മുള്ളുകൊണ്ട് തന്നെ എടുത്ത് രണ്ട് മുള്ളും ഉപേക്ഷിച്ച് മുന്നിലേയ്ക്ക് പോവുക എന്ന മിസ്റ്റിക് വചനത്തിലെ സൂത്രം തന്നെയാണിത്. മനസ് യുക്തിയാണെങ്കിൽ അതേയുക്തി ഉപയോഗിച്ച് തന്നെ മനസിന്റെ അജ്ഞതയുടെ മറ നീക്കം ചെയ്യുന്നതിനു വേണ്ടിയാണ് ബോധത്തേയും മനസിനേയും രണ്ടായികാണാൻ ആവശ്യപ്പെട്ടിരിക്കുന്നത്. യഥാർത്ഥ ബോധം ഉയരുന്തോറും മനസ് എന്ന നിഴൽ ഇല്ലാതാകുന്നു. അത് നിത്യജീവനിലേയ്ക്ക് കടക്കുമ്പോൾ മനസൊരു നിഴൽ പോലെ യാഥാർത്ഥ്യമല്ലാതാകുന്നു. ചോദ്യവും ചോദ്യകർത്താവും ഒന്നാകുമ്പോൾ ബാക്കിയാകുന്നത് ശുദ്ധമായ ബോധം മാത്രമാണ്.

എന്താണ് നിത്യജീവൻ? എന്താണീ ആത്മാവിന്റെ സ്വാതന്ത്ര്യം? എന്താണ് നിർവ്വാണ? എന്താണ് സ്വർഗ്ഗരാജ്യം? എന്നെല്ലാം മനസ് നിങ്ങളോട് ചോദിക്കുന്നത് അത് നിങ്ങളിൽ നിലനിൽക്കുന്നതിനെ ന്യായീകരിക്കുന്നു. ഇവയെന്താണെന്നുപോലും അറിയാൻ കഴിയാത്ത വിധം യഥാർത്ഥ ബോധം അധഃമത്തിൽ പോയിരിക്കുന്നു. മനസിന്റെ അറിവില്ലായ്മയും, ശരീരത്തിന്റെ പാരമ്പര്യപ്രവണതകളും (Tendencies) കൂടിച്ചേർന്ന് മനുഷ്യനെ മൃഗത്തെക്കാൾ അധഃമനും, പൈശാചിക ഗുണം പേറുന്നവനുമാക്കി അധഃ

*പ്പതിപ്പിച്ചു കളഞ്ഞു. ഈ കാരണത്താൽ ഈ പുസ്തകത്തിൽ മനസിനെ ഒരു പൈശാചിക ശക്തിയായാണ് വിശേഷിപ്പിച്ചിരിക്കുന്നത്. സാധാരണ സമൂഹത്തിൽ പ്രചരിപ്പിച്ചിട്ടുള്ള പ്രേത, ഭൂതാതി പിശാചുക്കളുമായി ഇതിന് യാതൊരു ബന്ധവുമില്ല എന്ന് തിരിച്ചറിയുക.*

*യഥാർത്ഥ ബോധം ഒരു ഭൗതീക ഊർജ്ജമോ, വസ്തുവോ, ഊർജ്ജ രൂപമോ അല്ല. നാഢീകോശങ്ങളുടെ ആറ്റങ്ങൾ അവസാനിക്കുന്ന ശൂന്യതയിൽ നിലനിൽക്കുന്ന ഒരു dimenssional difference ഉള്ള entity യാണ് യഥാർത്ഥ ബോധം. ഭാഷയുടെ സൗകര്യത്തിനായി ചില ഗണിതശാസ്ത്ര അക്ഷരങ്ങൾ ഈ പുസ്തകത്തിൽ ഇടയ്ക്കിടെ ഉപയോഗിച്ചിരിക്കുന്നു. സങ്കീർണ്ണമായതിനെ ലളിതമാക്കാൻ ഗണിതശാസ്ത്രത്തിനു കഴിയും എന്നതുകൊണ്ടാണ് അങ്ങിനെ ചെയ്തിരിക്കുന്നത്.*

*ഭാഷയുടെ സ്വാധീനം കൊണ്ട് അർത്ഥം നഷ്ടപ്പെട്ടുപോയ ഒരു പദമാണ് ദൈവം (GOD) അതിനാൽ ഈ പുസ്തകത്തിൽ ദൈവത്തിന് സമാനമായി മഹാബോധം എന്ന പേരു നൽകിയിരിക്കുന്നു.*

*ഈ പുസ്തകത്തിൽ യഥാർത്ഥ ബോധത്തെ ഉയർത്തുന്നതിനുള്ള പ്രായോഗിക രീതികൾ (Practical techniques) ചേർത്തിട്ടില്ല. കാരണം യുക്തിയുടെ കാണാപ്പുറങ്ങളെന്നോ, യുക്തിയില്ലായ്മ എന്നോ തോന്നിപ്പിക്കുന്ന രീതികളായതിനാൽ അത് ഭാഷയിലൂടെ അവതരിപ്പിക്കുക എന്നത് വളരെ ക്ലേശകരവും അപ്രായോഗികവുമാണ്. രുചിച്ചറിയേണ്ടത് മണത്തറിയാൻ സാദ്ധ്യമല്ലാത്തതുപോലെയാണിത്. അതിനാൽ അത്തരം പ്രായോഗിക പരിശീലനം ജീവിതത്തിൽ ഒരിക്കലെങ്കിലും പഠിക്കാൻ ശ്രമിക്കുക. Nansen School of Awarology And Neutral Life നിങ്ങളെ സഹായിക്കും. അതിന്റെ വിശദ വിവരങ്ങൾ പുസ്തകത്തിന്റെ അവസാന ഭാഗത്ത് ചേർത്തിട്ടുണ്ട്.*

*സ്വീകാര്യമായ (Receptive) മനസുള്ളവർക്ക് ഒരു പ്രാവശ്യത്തെ ക്ലാസ് കൊണ്ടുതന്നെ യഥാർത്ഥ ബോധത്തെ തിരിച്ചറിയാനും അതിനെ ഉയർത്തുന്നതിന് പരിശീലിക്കാനും കഴിയുന്നു. നമ്മളിൽ ഉള്ളതിനെ അറിയാനാണ് നാം ശ്രമിക്കുന്നത്. അല്ലാതെ നമുക്ക് പുറത്തുള്ള ഒന്നിനേ കണ്ടെത്തുവാൻ ശ്രമിക്കലല്ല. അതിനാൽ വിദ്യാഭ്യാസയോഗ്യതയോ, ജാതിമതവർഗ്ഗഭേദ പരിഗണനയോ ഒരു പരിധിവരെ പ്രായവും ഇതിനു തടസമല്ല. ദൈവീക മായ ഒരു തിരിച്ചറിയലാണ് ഇത്. മനസിന്റെ അധഃമത്വം ശക്തമാണെങ്കിൽ കാര്യങ്ങൾ അത്ര എളുപ്പമാകില്ല. എങ്കിലും പരിശ്രമിക്കാം, തിരിച്ചറിവിനെ തിരിച്ചറിയാൻ ശ്രമിക്കാം. ആത്മാർത്ഥതയോടും എളിമയോടും സമീപിച്ചാൽ മതി ദൈവീകമായ പരമാനന്ദ (കാരണമില്ലാത്ത സന്തോഷം) മെന്തെന്ന് തിരിച്ചറിയുന്നതിനുള്ള കൃപയും വിശ്വാസവും നിങ്ങൾക്കുണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.*

The Master
Nansen School of Awarology & Neutral Life.

# ഉള്ളടക്കം


1. മഹാബോധവും പ്രപഞ്ചത്തിന്റെ ഉത്ഭവവും 09
2. യഥാർത്ഥ ബോധത്തെ എങ്ങിനെ തിരിച്ചറിയും? 17
3. ന്യൂട്രൽ ലൈഫ് or നിഷ്കാമജീവിതം 22
4. ബ്രഹ്മചര്യം 78
5. നിത്യജീവൻ 92

3. മദ്യം, മയക്കുമരുന്ന്, വേദന സംഹാരികൾ ഇവയുടെ ഉപയോഗം മൂലം യഥാർത്ഥബോധത്തിന് ഏൽക്കേണ്ടിവരുന്ന ശക്തമായ ക്ഷതവും അതുമൂലം ജന്മനാലഭിച്ചിട്ടുള്ള പരമാനന്ദവസ്ഥ നഷ്ടപ്പെട്ടുപോകുന്നതെങ്ങിനെയെന്നും, രാസവസ്തുക്കളിലൂടെയും, ഇന്ദ്രിയങ്ങളിലൂടെയും ലഭിക്കുന്ന സന്തോഷത്തേക്കാൾ എത്രയോ മടങ്ങുവലുതാണ് പരമാനന്ദഅവസ്ഥ എന്നും ശാസ്ത്രീയമായി ബോദ്ധ്യപ്പെടുത്തുന്നതിനും.
4. Academic വിഷയങ്ങളിൽ അസാധാരണമായ ശ്രദ്ധയും, അതുമൂലം ഭൗതിക ശാസ്ത്രങ്ങളുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിചെല്ലുവാനും, വിദ്യാഭ്യാസം ഉത്സാഹഭരിതമാക്കാനും, വിജയപ്രദമാക്കാനും Awarology എന്ന ശാസ്ത്രത്തിനുള്ള പങ്ക് എന്ത് എന്ന് വളർന്നുവരുന്ന തലമുറയ്ക്ക് ബോദ്ധ്യപ്പെടുത്തുന്നതിനും.

NB. പ്രായപൂർത്തിയായ പുരുഷന്മാർക്കും, സ്ത്രീകൾക്കും mystic science ലെ awarology എന്ന ശാസ്ത്രീയ രീതിഉപയോഗിച്ച് നശ്വരമായ ഭൗതികജീവിതത്തിന്റെ വേദനകളിൽനിന്നും, രോഗങ്ങളിൽനിന്നും ശരീരത്തെയും മനസിനേയും സംരക്ഷിക്കാനും യഥാർത്ഥബോധത്തെ കണ്ടെത്തുന്നതിനും ഉയർത്തുന്നതിനും അതുവഴി neutral life എന്ന പരമാനന്ദവസ്ഥയിലുള്ള ജീവിതരീതി സംഭവിക്കുന്നതിനും ആവശ്യമായ ജ്ഞാനവും പ്രായോഗികരീതിയും അഭ്യസിക്കുന്നതിന് ഒരാഴ്ചകാലം നീണ്ടുനിൽക്കുന്ന കോഴ്സിലേക്ക് അപേക്ഷിക്കാം. പ്രവേശനം ആശ്രമത്തിന്റെ പ്രത്യേകമായ നിയന്ത്രണത്തിലൂടെ മാത്രമായിരിക്കും.

കൂടുതൽ വിവരങ്ങൾക്കും, സംശയനിവാരണത്തിനും ആശ്രമവുമായി താഴെകാണുന്ന മേൽവിലാസത്തിൽ ബന്ധപ്പെടുക

The Master
Nansen School of Awarology and Neutral life
Nansen Asramam 4/414-A Vadakottathara
Kottathara P.O. Agali, Palakkad, Kerala
Mobile - 93884 80699, 93884 76389

### അദ്ധ്യായം 1

## മഹാബോധവും പ്രപഞ്ചത്തിന്റെ ഉത്ഭവവും

ഈ ദൃശ്യ പ്രപഞ്ചത്തിന് ഒരു ഉത്ഭവം ഉണ്ടായിരുന്നു. അതിന് മുമ്പ് ശ്യൂന്യത മാത്രമായിരുന്നു. ശ്യൂന്യത എന്നത് മനുഷ്യന്റെ (ബുദ്ധിയെ) സംബന്ധിച്ച് ഒരു dimensional difference മാത്രമാണ്. അതായത് സമയത്തിൽ സഞ്ചരിക്കുന്ന ത്രിമാന പ്രപഞ്ചത്തിൽ നിലനിൽക്കുന്ന മനുഷ്യ മനസിന് തിരിച്ചറിയാൻ കഴിയാത്ത ഒന്ന്, അതാണ് ശ്യൂന്യത, (Nothingness) ശ്യൂന്യതയെ ഒരു മഹാബോധമായി മാത്രമെ മനസിന് തിരിച്ചറിയാൻ കഴിയുകയുള്ളൂ.

മഹാബോധം എന്നത് ഊർജ്ജമോ, പദാർത്ഥരൂപങ്ങളോ അല്ല മനുഷ്യനിൽ അത് തിരിച്ചറിവിനെ തിരിച്ചറിയുന്ന ഒരു Static ഘടകമായി നിലനിൽക്കുന്നതായി അനുഭവപ്പെടുന്നു. അത് തീർത്തും സങ്കീർണ്ണമായ ഒരു entity ആണ്. മഹാബോധം ഗാഢനിദ്രപോലെ ഒരു പരമാനന്ദ അനുഭൂതിയാണ്. ഗാഢനിദ്രയിൽ ബോധം അബോധത്തിൽ ആകുന്നതിനാൽ അതിനെ തിരിച്ചറിയാൻ കഴിയാതെ പോകുന്നു.

മഹാബോധത്തെ ഈശ്വരൻ എന്നോ, പരമാത്മാവെന്നോ, ദൈവം എന്നോ ഒക്കെ സംബോധന ചെയ്യാം. എന്നാൽ ഈ പദങ്ങളൊന്നും മഹാബോധത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്നതായി തോന്നുന്നില്ല.

പൂർണ്ണമായി ഉണർന്നിരിക്കുന്നതും ഒരിക്കലും അബോധത്തിൽ പോകാത്തതുമായ ഒന്നാണ് അത്. ഉറക്കം മനസിന്റേതു മാത്രമാകുന്നു. മഹാബോധത്തിൽനിന്ന് അഹന്ത (a thought of desire) ബോധത്തിന്റെ ഒരു അംശം സ്വീകരിച്ച് അതിൽനിന്നും വേർപെടാൻ ആഗ്രഹിച്ചു. ആ ആഗ്രഹത്തിന് ഒരു ലക്ഷ്യമുണ്ടായിരുന്നു. പരമാനന്ദത്തിനും മീതെയുള്ള ഒരു ആനന്ദം, അത് ഒരു വലിയ അറിവില്ലായ്മ (Ignorance) യായിരുന്നുവെന്ന് ബോധം തിരിച്ചറിഞ്ഞത് മഹാബോധത്തിൽ നിന്ന് വേർപ്പട്ടപ്പോൾ മാത്രമായിരുന്നു. ലൈംഗിക ആസക്തിയിലൂടെ പരമാനന്ദത്തിൽ വീണ്ടും എത്താമെന്നുള്ള അറിവില്ലായ്മയായി പിന്നീടതു പരിണമിച്ചു. മഹാബോധത്തിൽനിന്ന് വേർപെട്ട ബോധത്തിന് തെറ്റുതിരിച്ചറിഞ്ഞ് മഹാബോധത്തിലേയ്ക്ക് വീണ്ടും ലയിക്കുവാൻ കഴിയില്ലായിരുന്നു. കാരണം വേർപെടാൻ ഉപയോഗിച്ച നിയമം കൊണ്ട് കൂടിചേരാൻ സാദ്ധ്യമല്ല.

അതിനാൽ ആ ബോധത്തിന് മറ്റു പോംവഴികൾ ഒന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട് അതിന് പരിണാമത്തിന് വിധേയമാകേണ്ടിവന്നു. ബോധത്തിന്റെ പരിണാമം പ്രപഞ്ചത്തിന്റെ ഉത്ഭവത്തിന് കാരണമായി. ശാസ്ത്ര നിഗമനങ്ങൾ പോലെ ശൂന്യതയിൽ നിന്ന് ഒരു ബിന്ദുവിൽ നിന്നെന്നപോലെ പദാർത്ഥം വാതകമായും, വാതകം കത്തി ജ്വലിക്കുന്ന നക്ഷത്രങ്ങളും, നക്ഷത്രങ്ങൾ ഗ്രഹങ്ങളായും പ്രപഞ്ചംസമയത്തിൽ മുന്നിലേയ്ക്കു സഞ്ചരിക്കാൻ തുടങ്ങി. Critical അവസ്ഥയിലായ ഗ്രഹങ്ങളിൽ ജലവും, വായുവും രൂപപ്പെട്ട് ഭൂമിയെപോലുള്ള ഗ്രഹങ്ങൾ രൂപപ്പെടുകയും സസ്യങ്ങളും, മനുഷ്യരും സമയത്തിൽ സൃഷ്ടിക്കപ്പെടുകയും ചെയ്തു. ബോധത്തിന്റെ ഈ പരിണാമത്തിന്റെ പരമോന്നതമായ ലക്ഷ്യം ലൈംഗികതയിലൂടെ പരമാനന്ദം കൈവരിക്കാമെന്ന അറിവില്ലായ്മയായിരുന്നു. ആ അറിവില്ലായ്മ ഇന്നും നിലനിൽക്കുകയും ചെയ്യുന്നു.

അതായത് മഹാബോധത്തിന്റെ നേരിട്ടുള്ള (ദൈവത്തിന്റെ) സൃഷ്ടിയല്ല ഈ പ്രപഞ്ചം എന്ന് ഇത് അർത്ഥമാക്കുന്നു. അതുകൊണ്ടാണ് മനുഷ്യനിൽ നന്മ, തിന്മകൾ എന്ന ദ്വന്ദത (duality) വന്നത്. നന്മ-തിന്മകൾ അറിവില്ലായ്മയുടെ (Ignorance-ന്റെ) സന്താനങ്ങളാണ്. അവർ തുല്യരുമാകുന്നു. മഹാബോധത്തിന്റെ സൃഷ്ടിയായിരുന്നു ഈ പ്രപഞ്ചവും അതിലെ ചരാചരങ്ങളും, മനുഷ്യനും എങ്കിൽ അത് സമ്പൂർണ്ണവും, പരമാനന്ദവും ആകുമായിരുന്നു. അതിൽ വേദനയും, വേർ വ്യത്യാസവും വരില്ലായിരുന്നു.

മഹാബോധത്തിൽ നിന്ന് വേർപെട്ട ബോധത്തിന്റെ പ്രവർത്തനത്താലാണ് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത്.

ശാസ്ത്രം നിർവ്വചിക്കുകയും തെളിയിച്ചതുമായ 4 അടിസ്ഥാന ബലങ്ങളാണ് (Force) ഇലക്ട്രോ മാഗ്നറ്റിക്ക് ബലം, ഗ്രാവിറ്റേഷണൽ ബലം, ശക്തിയേറിയ ന്യൂക്ലിയർ ബലം, ശക്തികുറഞ്ഞ ന്യൂക്ലിയർ ബലം. ഈ ബലങ്ങളാണ് പ്രപഞ്ചത്തെ നിലനിറുത്തുന്നത് എന്ന് ശാസ്ത്രം കരുതുന്നു. എന്നാൽ ഇവയുടെ ആഴങ്ങളിലേയ്ക്ക് ബുദ്ധിക്കു കടന്നു ചെല്ലാൻ കഴിയുന്നില്ല.

പ്രപഞ്ചവും, ഭൂമിയും സൃഷ്ടിച്ചത് മഹാബോധമാണെന്ന തെറ്റായ ധാരണയാണ് ഭൂമിയിലെ എല്ലാ കുഴപ്പങ്ങൾക്കും, മനുഷ്യന്റെ തീരാദുരിതങ്ങൾക്കും കാരണം. മാത്രമല്ല മിസ്റ്റിക്കുകൾ വാഗ്ദാനം ചെയ്ത നിത്യജീവൻ, സ്വർഗ്ഗരാജ്യം, പരമാത്മാവിലുള്ള ലയനം, ആത്മാവിന്റെ ശരീര ബന്ധനത്തിൽ നിന്നുള്ള മോചനം, നിർവ്വാണം, ഇവ പ്രാപിക്കാൻ മനുഷ്യനു കഴിയാതെ പോകുന്നതും ഈ ധാരണ മൂലമാണ്. മഹാബോധത്തിൽനിന്ന് അവകാശമായി വേർപെട്ട ബോധം അഹന്തയുമായി (Ignorance) കൂടി ചേർന്ന് രൂപപ്പെടുത്തിയ അടിസ്ഥാന മനസ്, (basic ego) ആണ് പ്രപഞ്ചം സൃഷ്ടിച്ചതും, പരിണാമത്തിലൂടെ സമയത്തിൽ അതിനെ മുന്നിലേയ്ക്ക് കൊണ്ടുപോകുന്നതും ബോധത്തിന്റെ ഈ ഘടകത്തെ FD എന്നുവിളിക്കപ്പെടുന്നു. Fundamental Desire നാൽ രൂപപ്പെട്ട അടിസ്ഥാന മനസ് എന്ന് ഇത് അർത്ഥമാക്കുന്നു. ഈ FD എന്ന തലതിരിഞ്ഞ ബോധമാണ് പ്രപഞ്ചസൃഷ്ടിക്ക് കാരണമായത്. ഇത് കുറച്ചു കാണാവുന്ന ഒരു ശക്തിയല്ല. FD എന്ന entity യിൽ നിന്നാണ് ഈ കാണുന്ന ദൃശ്യപ്രപഞ്ചവും കോടാനുകോടി ചരങ്ങളും, അചരങ്ങളുമായ വസ്തുക്കൾ, സൃഷ്ടിക്കപ്പെട്ടത്. FD സമയത്തിലൂടെ പരിണാമത്തിനു വിധേയമാകുന്നു. ചരാചരങ്ങളിൽ ഈ FD അബോധത്തിൽ നിൽക്കുകയും, മനുഷ്യനിൽ എത്തിയപ്പോൾ സ്വയം തന്നെ തന്നെ വെളിപ്പെടുത്തുകയും ചെയ്തു.



അതായത് സസ്യങ്ങൾക്കും, മൃഗങ്ങൾക്കും ബോധമുണ്ട്. അവ തങ്ങളുടെ നിലനിൽപ്പിന് ആവശ്യമായ കാര്യങ്ങളെ തിരിച്ചറിയുകയും അവയെ സ്വീകരിച്ച് വളരുകയും അടുത്ത തലമുറയ്ക്ക് ആവശ്യമായ ബീജത്തെ ഉത്പാദിപ്പിക്കുകയും, നശിക്കുകയും ചെയ്യുന്നു. എന്നാൽ മനുഷ്യനിൽ ഈ FD തന്നെ തന്നെ തിരിച്ചറിയുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേരുന്നു. അതായത് തിരിച്ചറിവിനെ തിരിച്ചറിയുന്ന അവസ്ഥയാണിത്. ഈ അവസ്ഥയാണ് FDയുടെ പരമമായ ലക്ഷ്യമെന്നും കാണാം. ഈ തിരിച്ചറിവ് ഒരു ദ്വന്ദാവസ്ഥ (duality) സൃഷ്ടിക്കുന്നു. ഇത് മനുഷ്യ മനസിനെ വിഭജിക്കുകയും (Divide) യുക്തിയിലുടെ (logic) ജീവിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ***ഈ യുക്തിയാണ് ദുരിതങ്ങൾക്കും, ദുഃഖങ്ങൾക്കും, യുദ്ധങ്ങൾക്കും, ആത്മഹത്യകൾക്കും അടിസ്ഥാന കാരണം. ഈ അടിസ്ഥാന കാരണത്തിന്റെ (യുക്തി) ഉത്ഭവം ലൈംഗിക സുഖത്തിലൂടെ പരമാനന്ദത്തെ*** (മഹാബോധത്തിൽ ബോധം ആയിരുന്നപ്പോഴുള്ള അവസ്ഥ) പ്രാപിക്കാമെന്ന അറിവില്ലായ്മയാണ് (Ignorance). മനസിൽ നിന്ന് ***ഈ അറിവില്ലായ്മ നീക്കം ചെയ്താൽ യഥാർത്ഥ ബ്രഹ്മചര്യവും അതിലൂടെ നിത്യജീവനും, പരമാനന്ദവും ലഭ്യമാകുകയും ചെയ്യുന്നു.*** വളരെ ലളിതമായ ഒരു പ്രക്രിയയാണ് ഇതെന്ന് തോന്നാമെങ്കിലും വളരെ സങ്കീർണ്ണമാണ് ആ തിരിച്ചറിവിലേയ്ക്ക് FD യിൽ നിലനിൽക്കുന്ന ആത്മാവിന്റെ യാത്ര. ബോധത്തിൽ നിന്ന് മഹാബോധത്തിലേയ്ക്ക് തിരിയെ സഞ്ചരിക്കാൻ അത്ര എളുപ്പമല്ല എന്ന് മിസ്റ്റിക്കുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനവും ഇതുതന്നെ.

ഭൂമിയുടെ ആകർഷണ ബലം (ഗ്രാവിറ്റിക്ക്) സമാനമാണിത്. എല്ലാ വസ്തുക്കളേയും തന്നിലേയ്ക്ക് ആകർഷിക്കുന്ന ഭൂമിയിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ ഒരു പ്രത്യേക വേഗതയിൽ മുകളിലേയ്ക്ക് കുതിക്കേണ്ടിയിരിക്കുന്നു. ആ കുതിപ്പ് ഒരു പ്രത്യേക ദൂരംവരെ തുടർന്നാൽ മാത്രമെ ഭൂമിയുടെ ആകർഷണ വലയത്തിൽ നിന്ന് ഒരു വസ്തുവിന് എന്നന്നേയ്ക്കുമായി രക്ഷപ്പെടാൻ സാധിക്കുകയുള്ളു. അതുപോലെ തന്നെയാണ് ആത്മാവിന്റെ അവസ്ഥയും.

ലൈംഗിക ആസക്തി പരമാനന്ദത്തെ കാംഷിക്കുകയും അങ്ങിനെ തൃഷ്ണയെ സൃഷ്ടിക്കുകയും തൃഷ്ണ ആഗ്രഹങ്ങളെ ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. ആഗ്രഹങ്ങളെ നിലനിർത്താൻ ബന്ധങ്ങളെ ആശ്രയിക്കുകയും ബന്ധങ്ങൾ, ബന്ധനങ്ങളായി ആത്മാവിനെ അടിമയാക്കുകയും ചെയ്യുന്നു. ഈ അടിമത്വത്തിൽ നിന്നുള്ള ആത്മാവിന്റെ (മഹാബോധത്തിൽനിന്ന് വേർപിരിഞ്ഞ ബോധം) മോചനം വളരെ സങ്കീർണ്ണമാക്കുകയും ചെയ്യുന്നു. ഇത് ബോധത്തിന്റെ ഒരു അറിവില്ലായ്മയാണ്. മഹാബോധ (ദൈവം) മാണ് മനുഷ്യമനസിൽ ദുഃഖവും, സന്തോഷവും, നശീകരണവും, നിർമ്മാണവും നടത്തുന്നത് എന്ന് FD മനസിനെ സദാസമയവും തെറ്റായി ധരിപ്പിച്ചു കൊണ്ടിരിക്കുന്നു.

സൃഷ്ടി - സ്ഥിതി - സംഹാരം ഇവ മഹാബോധത്തിന്റെ നേരിട്ടുള്ള പ്രക്രിയയല്ല എന്ന് തിരിച്ചറിയുക. വേർപെട്ട തലതിരിഞ്ഞ ബോധത്തിന്റെ (FDയുടെ) പ്രതിഭാസമാണ് ഇവയെല്ലാം അത് പൈശാചികവുമാണ്.

മഹാബോധം തീർത്തും ന്യൂട്രൽ ആണ്. അതിന് ഒരവസ്ഥയേയുള്ളു. അത് പരമാനന്ദമാണ് അതിൽ ആഗ്രഹം (Desire) അറിവില്ലായ്മയായി വന്ന് മഹാബോധത്തിൽനിന്ന് വേർപ്പെട്ടപ്പോഴാണ് FD എന്ന അടിസ്ഥാന മനസ് രുപപ്പെടുന്നത്. അതിന്റെ പരിണാമ പ്രക്രിയയാണ് ഈ പ്രപഞ്ചവും അതിന്റെ അവസാനത്തെ കണ്ണിയായ മനുഷ്യനും.

നന്മ, തിന്മ, സന്തോഷം, ദുഃഖം, പാപം, പുണ്യം ഇതെല്ലാം FD എന്ന മനസിന്റെ വിഭജന പ്രക്രിയയിലൂടെ ലഭിച്ച ഗുണങ്ങളാണ്, അതിനാൽ FD യുടെ ഒരു പൈശാചിക ശക്തിയായി വിശേഷിപ്പിക്കുന്നു. അതായത് മനുഷ്യ മനസ് ഒരു പൈശാചിക ശക്തിയിൽ (അധമശക്തി) ജനന മരണങ്ങളിലൂടെ സമയത്തിൽ സഞ്ചരിക്കുന്നു. ആവർത്തന സ്വഭാവമുള്ള മാംസം സ്വീകരിച്ച് ഒരിക്കലും നശിക്കാതെ നിലനിൽക്കുന്നു. അതുകൊണ്ടാണ് പ്രത്യുൽപാദനം, സമൂഹം, അതിന്റെ അടിസ്ഥാന പ്രമാണമായി കണക്കാക്കുന്നത്. ലൈംഗിക ആസക്തിയും, അതിന്റെ ഉത്പന്നമായ പ്രത്യുൽപ്പാദനവും, സമൂഹം വളരെ ഗൗരവ



ത്തോടെയാണ് കാണുന്നത്. സ്വാർത്ഥതയിൽ നിലനിൽക്കുന്ന സമൂഹത്തിൽ വാർദ്ധക്യം അനാഥത്വം സൃഷ്ടിക്കുമെന്ന ഭയമാണ് പ്രത്യുൽപ്പാദനത്തിന്റെ പിന്നിലുള്ളത്. സമൂഹം സൃഷ്ടിക്കുന്ന നിയമങ്ങളിലൂടെ നന്മ, തിന്മയെ സൃഷ്ടിച്ച് കൃത്രിമമായി നന്മബോധം ഉണ്ടാക്കി അതിലൂടെ പരമാനന്ദത്തെയും, നിത്യജീവനെയും പ്രാപിക്കാൻ കഴിയുമെന്ന തെറ്റായ പ്രത്യാശയിൽ ജീവിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുകയും അതിനുകഴിയാതെ വീണ്ടും വീണ്ടും ദുരന്തങ്ങളും, ദുഃഖങ്ങളും വർദ്ധിച്ചു വരുന്ന മനുഷ്യനായി ജനനമരണങ്ങളിലൂടെ നിലനിൽക്കുകയും ചെയ്യുന്നു.

ബോധം, അഹന്ത എന്ന അറിവില്ലായ്മയുമായി ചേർന്ന ചിന്താശക്തിയുള്ള അടിസ്ഥാനമനസ് എന്ന Subtle entity യായി FD രൂപപ്പെട്ടത് എന്തുകൊണ്ട്? അതിന്റെ ലക്ഷ്യം എന്തായിരുന്നു എന്ന് വിവരിക്കപ്പെട്ടുകഴിഞ്ഞു. എന്നാൽ അത് എങ്ങിനെ പ്രവർത്തിക്കുന്നു, അതിൽ അടങ്ങിയിരിക്കുന്ന ജീവന്റെ പ്രതിഭാസങ്ങളെന്തെല്ലാം എന്നു കണ്ടുപിടിക്കുക സാദ്ധ്യമല്ല. കാരണം, അത് മനസിന്റെ പരിധിക്കപ്പുറമാണ്. Dimenssional difference നെ മറികടക്കാൻ മനസിനു കഴിയില്ല എന്ന ലളിതമായ തത്വമാണ് അതിനുകാരണം. അത്ഭുതങ്ങൾക്ക് അപ്പുറമാണ് അതിന്റെ നിലനിൽപ്പ്. പരമാനന്ദത്തിന്റെ അല്പം രുചിയെങ്കിലും മനസിന് അറിയണമെങ്കിൽ, മനസിൽ തനിയെ ഉത്ഭവിക്കുന്ന ചിന്തകളെ നിർത്തികളയാൻ ബോധത്തെ പ്രേരിപ്പിക്കണം അത് അത്ര എളുപ്പമല്ല കാരണം, അത് മനസിനെ നശിപ്പിക്കുന്ന പ്രക്രിയയായതിനാൽ മനസ് (FD) അതിന് തടസം സൃഷ്ടിക്കും.

അടിസ്ഥാന മനസ് (FD) എങ്ങിനെ പ്രപഞ്ചവും അതിലെ ചരാചരങ്ങളെയും, മനുഷ്യനെയും സൃഷ്ടിച്ചു എന്നറിയണമെങ്കിൽ ശാസ്ത്രജ്ഞർ തങ്ങളുടെ മനസുകളിലേയ്ക്ക് തന്നെ ഇറങ്ങണം. അങ്ങിനെ ബോധതലങ്ങൾ ഓരോന്നായി പിന്നിട്ട് ego അഥവാ അഹന്തയെ പൂജ്യത്തിൽ എത്തിക്കണം അതിന് ബോധതലം ഉയർത്താനുള്ള പ്രത്യേക അറിവും, പരിശീലനവും ആവശ്യമാണ്. ***ആയിരക്കണക്കിനു വർഷങ്ങളിലായി യുക്തിയിലൂടെ പൈശാചികതയിലേയ്ക്ക് വളർന്ന മനസിനെ മറികടക്കാൻ യഥാർത്ഥ ബോധത്തിന് ($W_X$, (X എന്ന പേരുള്ള ഒരു വ്യക്തിയുടെ യഥാർത്ഥബോധം) ശരീരത്തിലെ പാരമ്പര്യ ഘടകങ്ങളായ ജീനുകളുടെ പ്രവർത്തനത്തെ അതിജീവിക്കേണ്ടിയിരിക്കുന്നു.*** യുക്തിയിൽ മാത്രം നിലനിൽക്കുകയും തന്നിൽനിന്ന് അന്യമായ ജഡത്തിലാണ് സത്യമെന്നും അന്വേഷിക്കുന്ന ശാസ്ത്രീയ തത്വ

ങ്ങൾക്ക് അത്തരം ഒരു കാര്യം ഭാവനയിൽപോലും കാണാൻ സാദ്ധ്യമല്ല. അതിന്റെ മറ്റൊരു തടസം relatedness ആണ്. ബന്ധങ്ങളുടെ ബന്ധനങ്ങളിലും, വികാരങ്ങളിലും ജീവിക്കുന്ന ശാസ്ത്രജ്ഞന് മിക്കവാറും ഇത് അസാദ്ധ്യമാണ്. തന്റെ മനസിന്റെ ആഴങ്ങളിലേയ്ക്കു ചെന്ന് ബോധത്തെ സാവധാനം മുകളിലേയ്ക്ക് ഉയർത്തി അജ്ഞത (Ignorance)യിൽ നിന്ന് രക്ഷപ്പെടാൻ ബുദ്ധിമുട്ടാണ്. പുറമേയ്ക്കു മാത്രം നോക്കുകയും, പുറമേയുള്ളതിനെ പരീക്ഷണ നിരീക്ഷണങ്ങൾക്കു വിധേയമാക്കുകയും ചെയ്യുന്ന സംവിധാനം തന്നെ, തന്നിലേയ്ക്ക് അവന് ഇറങ്ങാൻ തടസമായി നിലകൊള്ളുന്നു. അതുകൊണ്ടാണ് പലപ്പോഴും ശാസ്ത്രജ്ഞരുടെ യഥാർത്ഥ ബോധം ഒരു സാധാരണ ഭക്തന്റെ ബോധതലത്തിന്റെ അരികിൽ പോലും എത്താതെ പോകുന്നത്.

അടിസ്ഥാനമനസ് (FD) എന്ന entity നിലനിൽക്കുന്നത് തീർത്തും relatedness ൽ ആണ്. Relatedness സ്വാർത്ഥതയിലും അഹന്തയിലും വളരുന്നു. അവയ്ക്കു ***ശരീരത്തിലെ ജീനുകളുടെ ശക്തമായ പിൻബലം*** ലഭിക്കുകയും ചെയ്യുന്നു. അതിനാൽ ഇന്ദ്രിയാനുഭവങ്ങൾ യാഥാർത്ഥ്യമായി വളരെ എളുപ്പത്തിൽ തെറ്റിദ്ധരിക്കപ്പെടുകയും, FD പൂർവ്വാധികം ശക്തിയോടെ നിലനിൽക്കുകയും അതിന്റെ ശക്തി വർദ്ധിക്കുകയും ചെയ്യുന്നു. അതിനാൽ കോടികണക്കിന് ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടാലും മൃഗീയത ക്രമാതീതമായി വളർന്നുകൊണ്ടിരിക്കുക തന്നെ ചെയ്യുന്നു. അതായത് പുസ്തകവും, മനസും രണ്ടും രണ്ടായി നിലകൊള്ളുന്നു. എഴുതുന്നതും, ചിന്തിക്കുന്നതും മനസിന്റെ വെറും സങ്കൽപ്പങ്ങളായി മാറുകയും സത്യാനുഭവം ലഭിക്കാതിരിക്കുകയും ചെയ്യുന്നു. അതിനാൽ എല്ലാ മിസ്റ്റിക്കുകളും FDയുടെ മുമ്പിൽ പരാജയപ്പെടുന്നു. വിധിക്കലിൽ (Judging) ***("ആരേയും വിധിക്കരുത്"*** എന്ന മിസ്റ്റിക് വചനം ശ്രദ്ധിക്കുക.) മാത്രം നിലനിൽക്കാൻ കഴിയുന്ന അടിസ്ഥാന മനസിന് (FDയ്ക്ക്) യഥാർത്ഥ ബോധത്തിന്റെ പരമാനന്ദ അനുഭവം ലഭിക്കാതെ പോകുന്നു. അത്രയ്ക്കും ചിന്തികളുടെ വേലിയേറ്റം മനസിൽ തനിയെ നടന്നുകൊണ്ടിരിക്കുന്ന ചിന്തകളുടെ ആവർത്തനത്തെ (Frequency) Spontaneous Thought Rate എന്ന് പറയാം. അതിന്റെ ചുരുക്കപേരായി STR എന്ന് ഈ പുസ്തകത്തിൽ വിശേഷിപ്പിക്കുന്നു. ഈ STR നു നിലനിൽക്കാൻ ആഹാരവും, ജലവും, വായുവും മാത്രം മതി. ***Dynamic ആയ മനസിന്റെ ഒരു സ്വതസിദ്ധമായ പ്രവർത്തനമാണ് STR***. ഇതിനെ



മനസിന്റെ ഒരു തരം പ്രകമ്പനമായി വിശേഷിപ്പിക്കാം. ഈ Vibrationന്റെ frequency പാരമ്പര്യ സ്വഭാവമനുസരിച്ച് മനുഷ്യരിൽ വ്യത്യസ്ത അളവിൽ നിലനിൽക്കുന്നു. (ഒരു സെക്കന്റിൽ 12 ചിന്തകൾ അഥവാ ചിത്രങ്ങൾ മനസിലൂടെ ശരാശരിയായി (average) കടന്നു പോകുന്നു എന്നു കരുതപ്പെടുന്നു.) Static ആയ ബോധത്തിനു dynamic ആയ STRന്റെ പ്രവർത്തനത്തിൽ നേരിട്ട് സ്വാധീനം ഇല്ല. എന്നാൽ എവിടെ നിന്നാണ് ഇവ വരുന്നത് എന്ന് മനസുകൊണ്ട് നോക്കാൻ ശ്രമിക്കുമ്പോൾ ബോധം ഒരു സാക്ഷിയായി മാറുകയും, STR കുറയുന്നതായും, നിന്നു പോകുന്നതായും അനുഭവപ്പെടുകയും ചെയ്യുന്നു. **പക്ഷെ ദീർഘ സമയം ബോധത്തെ സാക്ഷിയായി നിറുത്താൻ കഴിയില്ല എന്നതാണ് ഇതിന്റെ പരാജയം.**

മനസിന്, ഈ പ്രകമ്പന (vibration)ങ്ങളില്ലാതെ നിലനിൽക്കുക അസാദ്ധ്യമാണ്. ബോധോദയം (Enlightenment) ലഭിച്ച മിസ്റ്റിക്കുകളിൽ (അതായത് ബോധം ഒരു പ്രത്യേക പരിധിയിൽ കൂടുതൽ ഉയർന്നവരിൽ) മാത്രമെ മനസിന്റെ Vibration പൂജ്യത്തിനോട് അടുക്കുകയും മഹാബോധത്തിന്റെ, പരമാനന്ദത്തിന്റെ ഒരംശം അനുഭവിക്കാൻ സാധിക്കുകയും ചെയ്യുകയുള്ളു. അത്തരം ഒരു മനസിന് പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയും നിലനിൽപ്പും എങ്ങിനെ എന്ന് തിരിച്ചറിയാൻ കഴിയുന്നു. ഇത് മനസിന്റെ അഭാവത്തിൽ (absence) സംഭവിക്കുന്ന ഒന്നാകയാൽ ഒരു വ്യക്തിയിലേയ്ക്ക് transfer ചെയ്യാൻ പറ്റാതെ പോകുന്നു. കാരണം ഒരു യുക്തിയിൽനിന്ന് മറ്റൊരു വ്യക്തിയിലേക്ക് അധിഷ്ഠിതമല്ലാത്തതും Convey ചെയ്യാൻ പറ്റാത്തതുമായ ഒന്നാണിത്.

ശാസ്ത്രം എത്ര കിണഞ്ഞു പരിശ്രമിച്ചാലും സനാതന സത്യം (absolute truth) എന്തെന്ന് കണ്ടെത്താൻ കഴിയില്ല എന്നു വ്യക്തം. അത് തീർത്തും അസാധ്യവുമാണ്. ബോധം, അഹന്തയുമായി ചേർന്ന് എങ്ങിനെ പ്രപഞ്ചം സൃഷ്ടിച്ചു എന്നും, അത് എങ്ങിനെ നിലനിർത്തിയിരിക്കുന്നുവെന്നും മനസിനു പിറകിലുള്ള ഒന്നാണ്. മനസിന്റെ പിറകിലേയ്ക്കു പോകണമെങ്കിൽ ശരീരത്തിലെ ജീനുകളുടെ പ്രവർത്തനത്തെ മറികടക്കേണ്ടിയിരിക്കുന്നു. അത് logic ൽ നിലനിൽക്കുന്ന തിരിച്ചറിവാണെന്നു മനസിലാക്കണം. ആ തിരിച്ചറിവിനെ തിരിച്ചറിയാൻ നമുക്കുകഴിയണം, കഴിയും, മനുഷ്യനു മാത്രം സാധിക്കുന്ന ഒന്ന്. അതിന് യഥാർത്ഥ ബോധം എന്തെന്ന് തിരിച്ചറിയണം, അതിനെ എങ്ങനെ ഉയർത്താമെന്ന് അറിയണം, എന്നാൽ മാത്രമെ ഇന്ന്

ശാസ്ത്രം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും, ഉൽപ്പത്തിയും അതിന്റെ കാരണങ്ങളും മനസിലാക്കാൻ കഴിയുകയുള്ളു. അത്തരത്തിലുള്ള ഒരു ശാസ്ത്രത്തെ super science അഥവാ, mystic science എന്നു വിളിക്കാം. അതിലെ തത്വങ്ങൾ എഴുതിവയ്ക്കപ്പെടുന്നവയായിരിക്കില്ല. എഴുതിവയ്ക്കപ്പെടുന്നതും ബാഹ്യമായി തെളിയിക്കപ്പെടുന്നതും മനസിന്റെ (FDയുടെ) സൂത്രങ്ങളാണ്. അതുകൊണ്ടാണ് ഇപ്പോഴുള്ള ശാസ്ത്ര നിഗമനങ്ങൾ പലപ്പോഴും Update ചെയ്യേണ്ടി വരുന്നത്. Update ചെയ്യപ്പെടുന്ന ഒന്നും സത്യമായിരിക്കില്ല. അത് തീർത്തും ആപേക്ഷിക സിദ്ധാന്ത പ്രകാരം നിലനിൽക്കുന്നവയായിരിക്കണം. ആപേക്ഷികമായതൊന്നും സത്യമല്ല എന്ന് ശാസ്ത്രം തെളിയിച്ചിരിക്കുന്നത് വ്യക്തമാണല്ലോ?

ശാസ്ത്രം ഓരോ തവണയും Update ചെയ്യുമ്പോൾ അതിന്റെ ഗുണങ്ങളിൽ (Properties) ചിലത് നമുക്ക് അനുഭവിക്കാൻ കഴിഞ്ഞേക്കാം. പക്ഷെ അത് നമ്മെ നിത്യജീവനിലേയ്ക്കോ, പരമാനന്ദത്തിലേയ്ക്കോ നയിക്കില്ല. ഉദാഹരണത്തിന് വൈദ്യുതിയുടെ സാന്നിദ്ധ്യം പല ഉപകരണങ്ങളും പ്രവർത്തിപ്പിക്കാൻ ഉപയോഗിക്കാം. പക്ഷെ വൈദ്യുതിയുടെ ഉത്ഭവം, പൊരുൾ, ഇതിനെക്കുറിച്ച് പറഞ്ഞുതരാൻ ശാസ്ത്രത്തിനു കഴിയില്ല. അതായത് സത്യം എന്നും മറഞ്ഞിരിക്കുന്നു. ***ബോധം അഹന്തയുമായി (ego) ചേർന്ന് സൃഷ്ടിക്കുന്ന പ്രതിഭാസമാണ് ഇത് എന്ന് അറിയണമെങ്കിൽ ബോധതലം ഉയർത്തണം,*** യഥാർത്ഥ ബോധം (Wx) അഹന്തയിൽ നിന്നു വേർപ്പെടുത്തണം. അപ്പോൾ അവിടെ ബോധം സ്വതന്ത്രമാകുകയും പരമമായ സത്യം എന്നുവിളിക്കുന്ന മഹാബോധത്തിൽ അതിന് ലയിക്കുവാൻ കഴിയുകയും ചെയ്യുന്നു. അത് മനസിന് മനസിലാക്കാനോ, ഗ്രഹിക്കാനോ, സംവേദനം ചെയ്യപ്പെടാനോ പറ്റാത്ത സനാതന (eternal) സത്യമായി നിലനിൽക്കുന്നു എന്ന് കാണാൻ കഴിയും.

കടലിൽ നിന്നു വേർപ്പെടുന്ന ഒരു തുള്ളിവെള്ളത്തിന് കടലിന്റെ വളരെ ചെറിയ ഗുണങ്ങളെ ഉണ്ടാകുകയുള്ളു എന്നാൽ അത് കടലിലേയ്ക്ക് ലയിക്കുമ്പോൾ ആ തുള്ളി, കടലായി മാറുന്നു എന്നതാണ് സത്യം. കടലിൽ ലയിക്കുന്നതുവരെ കടലിനെകുറിച്ച് തുള്ളി എന്തു തന്നെ ചിന്തിച്ചാലും, പറഞ്ഞാലും, അതെല്ലാം കടലെന്ന യാഥാർത്ഥ്യത്തിന്റെ അരുകിൽ പോലും എത്തുന്നതല്ല. അതുതന്നെയാണ് മഹാബോധത്തിൽനിന്ന് വേർപ്പെട്ട ബോധത്തിന്റെ അവസ്ഥയും

### അദ്ധ്യായം 2

## യഥാർത്ഥബോധത്തെ എങ്ങിനെ തിരിച്ചറിയും?

തിരിച്ചറിവ് എല്ലാ ജീവജാലങ്ങൾക്കുമുണ്ട്. പക്ഷെ അവയുടെ അളവ് വളരെ കുറവാണെന്നു മാത്രം. മുളയ്ക്കുന്നതും, ജനിക്കുന്നതും, വളരാനും, പ്രത്യുൽപ്പാദനം നടത്താനും, മരിക്കാനും എടുക്കുന്ന കാല പരിധിക്കുള്ളിൽ അവയ്ക്കു നിലനിൽക്കാൻ ആവശ്യമായവ സസ്യങ്ങളും, ജന്തുക്കളും തിരിച്ചറിയുന്നു. ഇതും ബോധം തന്നെയാണെങ്കിലും, ഈ ബോധം ഉറങ്ങുന്ന മനുഷ്യന്റെ ബോധം പോലുള്ളതാണ്. എന്നാൽ ബോധം ഉണ്ട് എന്ന് ബോധം തിരിച്ചറിയാത്ത അവസ്ഥ. മനുഷ്യൻ ഉണർന്നിരിക്കുമ്പോൾ മൃഗങ്ങളെ പോലെ അല്ല. താൻ ഉണർന്നിരിക്കുന്നു എന്നു താൻ അറിയുന്ന അവസ്ഥ കൂടി മനുഷ്യനുണ്ട്. അതായത് ബോധം തിരിച്ചറിവാണെങ്കിൽ യഥാർത്ഥ ബോധം എന്നത് തിരിച്ചറിവിനെ തിരിച്ചറിയുന്ന ഏതോ ഒന്നാണ്. ഈ ബോധത്തെ $W_X$ എന്ന് ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നു. x എന്ന വ്യക്തിയുടെ awareness എന്നതിന്റെ ചുരുക്കപേരാണിത്.

### (a) ബോധതലങ്ങൾ തമ്മിലുള്ള വ്യത്യാസം

ഉണർന്നിരിക്കുമ്പോൾ യഥാർത്ഥ ബോധത്തിൽ നിലനിൽക്കുക എന്നത് മനുഷ്യന് അസാദ്ധ്യമായ ഒരു കാര്യമാണ്. 18 മണിക്കൂർ ഉണർന്നിരുന്ന് പ്രവർത്തിക്കുന്ന മനുഷ്യമനസ് ഒരു ദിവസം യഥാർത്ഥ ബോധത്തിലേയ്ക്ക് വരുന്നത് ഏതാനും സെക്കന്റുകൾ മാത്രമായിരിക്കും. കേൾക്കുമ്പോൾ അത്ഭുതം തോന്നാമെങ്കിലും യാഥാർത്ഥ്യം മറിച്ചല്ല. ഒരു ഉദാഹരണം കൊണ്ട് വ്യക്തമാക്കാം. ഒരു പ്രകോപനം ഉണ്ടാകുമ്പോൾ ഏതു മനുഷ്യന്റേയും മനസ് കോപിക്കുന്നു, പ്രതികാരം ചെയ്യാനും, പ്രതികരിക്കാനും ആഗ്രഹിക്കുന്നു. അത് പരസ്യമായോ, രഹസ്യമായോ ആയിരിക്കാം. മനസ് കോപിക്കുന്നു എന്നതാണ് പ്രശ്നം. ഈ കോപത്തെ തടയാൻ ആർക്കും സാധിക്കില്ല. സാഹചര്യങ്ങളുടെ പ്രേരണമൂലം ഈ പ്രകോപനത്തിന്റെ (Vibrationനെ) ബാഹ്യ പ്രകടനം ഒഴിവാക്കിയേക്കാം. പക്ഷെ മനസിനെ നിയന്ത്രിക്കാൻ കഴിയില്ല. അതായത് കോപം മനസിന് അനുഭവിക്കാതിരിക്കാൻ കഴിയില്ല എന്നതാണ് സത്യം. എന്നാൽ അല്പ സമയം കഴിയുമ്പോൾ

പരസ്യമായോ, രഹസ്യമായോ തന്റെ മനസിന്റെ പ്രതികരണം ശരിയായില്ല എന്ന് തിരിച്ചറിഞ്ഞേക്കാം. പക്ഷെ അവിടെ ഒരു time delay വരുന്നു. ഈ *time delay* തിരിച്ചറിവിനെ തിരിച്ചറിയാൻ കഴിവുള്ള മനുഷ്യമനസിൽ സംഭവിക്കാൻ പാടില്ലാത്തതാകുന്നു. ഇത് മൃഗീയ വാസനയാണ് (tendency). അതായത് നന്മ ആഗ്രഹിക്കുകയും തിന്മചെയ്തു പോകുകയും ചെയ്യുന്ന ഒരവസ്ഥയാണിത്. ഈ "ചെയ്തുപോകൽ" നിസാരമായി തള്ളിക്കളയാവുന്ന ഒന്നല്ല. ഇതിന്റെ പിന്നിൽ യഥാർത്ഥ ബോധത്തെ തുടർച്ചയായി ***കബളിപ്പിച്ചുകൊണ്ടിരിക്കുകയും, അബോധത്തിൽ നിറുത്തുകയും*** ചെയ്തുകൊണ്ടിരിക്കുന്ന ഒരു സൂത്രം ഒളിഞ്ഞിരിപ്പുണ്ട്. അതായത് ഉണർന്നിരിക്കുമ്പോൾ നിങ്ങൾ യഥാർത്ഥ ബോധത്തിലായിരുന്നുവെങ്കിൽ പ്രകോപനംമൂലമുള്ള കോപവും, പ്രതികരണവും വരുന്നത് നിങ്ങൾ തിരിച്ചറിയുമായിരുന്നു. കോപം തന്റെ സ്വഭാവത്തിന്റെ ഭാഗമാണെന്ന് ചിന്തിക്കുന്നവർ യഥാർത്ഥ ബോധത്തെ തീരെ അറിയുന്നില്ല. അവർ മൃഗതുല്യരാകുന്നു. എന്നാൽ കോപിക്കരുത് എന്ന് കരുതിയെങ്കിലും കോപിച്ചുപോയി എന്നു ചിന്തിക്കുന്നവനിൽ യഥാർത്ഥ ബോധം ഒരു കുറ്റബോധം സൃഷ്ടിക്കുന്നു. അതായത് കുറ്റബോധമുള്ളവൻ കുറ്റബോധമില്ലാത്തവനേക്കാളും ബോധത്തിൽ ഒരുപടി മുന്നിൽ നിൽക്കുന്നു. ***ഇതാണ് ബോധതലങ്ങൾ തമ്മിലുള്ള വ്യത്യാസം.***

കുറ്റബോധമുള്ളവർ തന്റെ മനസിന്റെ പ്രവണതകളെ സൂക്ഷിച്ചു നോക്കിയാൽ ഒരു കാര്യം വളരെ വ്യക്തമാകും കോപം, വിദ്വേഷം, അസൂയ, പ്രതികാരം, ലൈംഗിക ആസക്തി പോലുള്ള അധമവികാരങ്ങൾക്കു താൻ അടിമയാകുന്നു എന്നും, ഇത് തെറ്റാണെന്ന് അറിയാമെങ്കിലും ***ആ അറിവ് തന്നിൽ പ്രവർത്തിക്കുന്നില്ല എന്നും അറിയുന്നു.*** ജീവിതം മുഴുവനും, കുറ്റബോധവും, പശ്ചാത്താപവും കൊണ്ട് നിറയുന്നു. ഇത് മറച്ചുപിടിക്കാൻ മനസ് ധാരാളം സൂത്രങ്ങൾ പ്രയോഗിക്കുന്നു. ഇത്തരം വ്യക്തികളെ human എന്നു വിളിക്കാം; അവർ being ആകുന്നില്ല. FD യെ തിരിച്ചറിയുമ്പോഴാണ് human-being ആയി മാറുന്നത്.

സാഹചര്യങ്ങളും, അതിനോട് ബന്ധപ്പെട്ട് കർമ്മങ്ങളും സൃഷ്ടിക്കാൻ മനസ് അതിന്റെ ഇന്ദ്രിയ കൂട്ടുകെട്ടുകളും ചേർന്ന് പ്രേരിപ്പിക്കുകയും, കർമ്മഫലം മറ്റുള്ളവർക്ക് ദോഷമായി ഭവിക്കുകയും ചെയ്യുമ്പോൾ, അതേ മനസുതന്നെ പറയും നീ ചെയ്തത് തെറ്റായിപോയി എന്ന്. ഇതിനെ മനഃസാക്ഷിക്കുത്ത് (conscious prick) എന്ന് സാമാന്യ



ഭാഷയിൽ പറയുന്നു. ഈ "കുത്ത്" വരുന്നത് തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധത്തിൽ നിന്നാണ്. ഇതിന് സമൂഹത്തിൽ നിലനിൽക്കുന്ന Moral നിയമങ്ങളുമായി അഭേദ്യമായ ബന്ധം ഉണ്ട്.

സ്വന്തം മനസിന്റെ ഈ ഗതികേടിനെയാണ് FD എന്ന notation കൊണ്ട് ഇവിടെ അർത്ഥമാക്കപ്പെട്ടത്. ഇത് പൈശാചികമായ "ഒരു ശക്തിയാണ്" നന്മചെയ്യണമെന്ന് ആഗ്രഹിക്കുകയും എന്നാൽ തിന്മ ചെയ്തുപോകുകയും ചെയ്യുന്ന ഒരവസ്ഥ, ഇത് തനിയെ നടക്കുന്ന ഒരു പ്രതിഭാസമാണ്. പ്രലോഭനങ്ങൾ കാണുകയും, കേൾക്കുകയും, തിരിച്ചറിയുകയും ചെയ്യുന്നുണ്ടെങ്കിലും പ്രകോപനം, പ്രതികാരചിന്ത, നുണ ഇവ തന്റ യഥാർത്ഥ ബോധത്തിന്റെ സമ്മതമില്ലാതെ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇത് FD എന്ന അടിസ്ഥാന മനസിന്റെ പ്രവർത്തനമെന്ന് തിരിച്ചറിയുക. ഇത് പ്രവർത്തിക്കുന്നത് മനുഷ്യശരീരത്തിൽ അടങ്ങിയിരിക്കുന്ന ***ജീനുകൾ എന്നറിയപ്പെടുന്ന കോടാനുകോടി പ്രോഗ്രാംഡ് തന്മാത്രകളിലൂടെയാണ്.*** ഇതിന് ആയിരകണക്കിന് വർഷങ്ങളുടെ പാരമ്പര്യമാകുന്ന പ്രവണതകളുടെ പിൻബലവും ഉണ്ട്. അതാണ് നേരത്തെ സൂചിപ്പിച്ചത് FD എന്ന അധമമനസിന്റെ ശക്തി കുറച്ചു കാണരുത് എന്ന്. അത് ശൂന്യതയുടെ ഇരുട്ടിൽ നിന്ന് മനുഷ്യമനസിലേയ്ക്ക് പ്രവഹിക്കുന്ന "ശക്തിയാണ്."

**(b) ബന്ധങ്ങളിലെ ബന്ധനങ്ങൾ (Relatedness)**

മനുഷ്യരിൽ ദുഃഖങ്ങളും, ദുരിതങ്ങളും നിലനിർത്തുക എന്നതാണ്. FD എന്ന അടിസ്ഥാനമനസിന്റെ പ്രത്യേകത. ഇത് ഒരു "പൈശാചിക ശക്തിയാണെന്ന്" വിശേഷിപ്പിക്കപ്പെടുമ്പോൾ, ഭൗതിക ശാസ്ത്രത്തിൽ define ചെയ്യുന്ന ഭൗതിക ശക്തിയാണെന്ന് തെറ്റിദ്ധരിക്കരുത്. ബന്ധങ്ങളിലേ ബന്ധനങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന ഒരു അധമ ശക്തിയാണത്. ബന്ധങ്ങളിലെ ബന്ധനങ്ങൾ ഇല്ലാതെ ഈ ശക്തിക്ക് ഭൗതികശക്തി കൈവരികയില്ല. രണ്ടോ അതിലധികമമോ വ്യക്തികളിലൂടെ മാത്രമെ ഈ ശക്തി പ്രവർത്തിക്കുകയുള്ളൂ. അല്ലെങ്കിൽ ഇത് മനുഷ്യമനസിൽ ഒരു Potential ആയി നിലകൊള്ളുന്നു. subtle ആയ ഈ ശക്തി ഭൗതികമായി മാറുമ്പോഴാണ് മഹായുദ്ധങ്ങളും, രോഗങ്ങളും, അപകടങ്ങളും, പ്രകൃതി ദുരന്തങ്ങളും, ക്ഷാമവും, പട്ടിണിയും സംഭവിക്കുന്നത്. ഇവയെ നിയന്ത്രിക്കാൻ കഴിയും എന്ന് തോന്നിപ്പിക്കുമെങ്കിലും അത് അസാദ്ധ്യമാണ്. Relatedness ലൂടെ രണ്ട് വ്യക്തികളിലോ ഒരു സമൂഹത്തിലോ ഈ FD ഒരു വലിയ ഭൗതിക ശക്തിയായി തന്നെ നിലനിൽക്കുന്നു.

**(c) മതങ്ങളുടെ കാതൽ**

FDയുടെ അടിസ്ഥാനം ലൈംഗികതയാണ്. അതിനാൽ പ്രത്യുൽപാദനം അനിഷേദ്ധ്യമായ ഒരു അറിവില്ലായ്മയായി ജീവ സമൂഹത്തിൽ അത് നിലനിർത്തുന്നു FD അജ്ഞതയിലെ ഒരു ബോധം തന്നെയാണെന്ന് ഓർക്കണം. അതിനാൽ സസ്യങ്ങളിലും ജന്തുക്കളിലും പ്രത്യുൽപാദനം അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്നു നിയന്ത്രണത്തിന്റെ പ്രശ്നം ഇവിടെ ഉദിക്കുന്നില്ല. ഭക്ഷണവും, വെള്ളവും ഇല്ലാതെ കൂട്ടത്തോടെ ചത്തൊടുങ്ങുമ്പോഴും, രോഗങ്ങൾ വരുമ്പോഴും അവയ്ക്ക് അതിന്റെ കാരണങ്ങൾ തിരിച്ചറിയാൻ കഴിയാതെ പോകുന്നു. എന്നാൽ പ്രതികൂല സാഹചര്യങ്ങളിൽ അതിജീവിക്കുന്ന ജീവികൾ അവ ഏതു ഗുണം കൊണ്ടാണ് അതിനെ അതിജീവിച്ചത്, ആ ഗുണം ***പ്രകടഗുണമായി പ്രത്യുൽപാദനം നടത്തുന്നു. ഇതിനെയാണ് പരിണാമം എന്ന് ജീവശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്.*** എന്നാൽ മനുഷ്യനിൽ എത്തുമ്പോൾ സംഗതി ആകെ മാറിമറിയുന്നു. വേദനയും, മരണവും അവർ നേരത്തെ തിരിച്ചറിയുന്നു. തനിക്ക് ഒരു മനസ് ഉണ്ടെന്നും ***അത് നിയന്ത്രണവിധേയമല്ല എന്നും തിരിച്ചറിയുന്നു.*** ഇതാണ് തിരിച്ചറിവിനെ തിരിച്ചറിയൽ അഥവാ യഥാർത്ഥ ബോധം ഈ ബോധം മഹാബോധത്തിന് സമാനമായതാണ്. അതിനാൽ ഈ ***ബോധം ഉപയോഗിച്ച് നിത്യജീവൻ പ്രാപിക്കാം എല്ലാ വേദനകളിൽനിന്നും, മരണത്തിൽനിന്നും എന്നന്നേയ്ക്കുമായി രക്ഷപ്പെടാം.*** ഇതാണ് എല്ലാ മതങ്ങളുടേയും കാതൽ.

Human Quality ലഭിച്ച ഒരു മനുഷ്യൻ ക്രോധം, സ്വാർത്ഥത, ദുരാഗ്രഹം, കാമം ഇവ തെറ്റാണെന്ന് അറിയുന്നു. ഈ അറിവ് ബോധത്തിൽ നിന്ന് തന്നെയുള്ളതാണ്. പക്ഷെ ഇത് FDയുടെ ഭാഗമായ ബോധമായതിനാൽ ***ഈ അറിവ് പ്രവർത്തിക്കില്ല.*** അതിന്റെ തെളിവാണ് തെറ്റാണെന്ന് നേരത്തെ അറിഞ്ഞിട്ടും അത് ചെയ്തു പോകുന്നതും പിന്നീട് പശ്ചാത്തപിക്കുകയും ചെയ്യുന്നത്. ഈ time delay human quality യുടെ ഒഴിവാക്കാനാവാത്ത ഘടകമാണ്. എന്നാൽ കോപിക്കാൻ പോകുന്നതിനുമുമ്പ്, താൻ കോപിക്കാൻ പോകുന്നു എന്ന് തിരിച്ചറിയുകയും നിർവികാരനായി കോപത്തിന് ഒരു സാക്ഷിയായി നിൽക്കുമ്പോൾ മാത്രമാണ് Human ഒരു being ആയി മാറുന്നത്. അപ്പോൾ Human being എന്നത് മഹാബോധത്തിന്റെ ഗുണം അഥവാ യഥാർത്ഥ ബോധം ഉൾകൊള്ളുന്നവൻ എന്ന് അർത്ഥമാക്കുന്നു. ഇത്തരത്തിലുള്ള



human being നു മാത്രമെ ബോധത്തെ ഉയർത്തുവാനും ഒന്നാമത്തെ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ബോധതലത്തിലേയ്ക്ക് ഉയരുവാനും കഴിയുകയുള്ളു. Being ആകുന്ന മനുഷ്യന്റെ ജീവിതം വളരെ ആനന്ദപ്രദമായിരിക്കും. കാരണം അയാളെ ഇന്നലകളുടെ വേദനകളും, നാളെയുടെ ആകാംക്ഷയും ബാധിക്കില്ല. വർത്തമാനകാലത്തിൽ (Present time) മാത്രം ജീവിതത്തെ നയിക്കുവാനുള്ള കൃപ അഥവ പ്രസാദം അയാൾക്കു ലഭിക്കുന്നു. എന്നാൽ FDയുടെ സമൂഹത്തിലുള്ള സ്വാധീനം അയാളെ പ്രാരാബ്ധങ്ങൾ കൊണ്ട് ചൂഷണം ചെയ്യുകയും തടസങ്ങൾ സൃഷ്ടിക്കുകയും ചെയ്തേക്കാം. എങ്കിലും അയാൾ പ്രകോപിതനാകില്ല. ഇതിനെ കർമ്മഫലം എന്ന് മതങ്ങൾ വ്യാഖ്യാനിക്കുന്നു. FDയുടെ പ്രവർത്തനം ഭൂമിയുടെ ഗുരുത്വാകർഷണത്തിനു സമാനമാണ് തന്നിൽനിന്ന് ഒന്നും അകന്ന് പോകാൻ അത് അനുവദിക്കില്ല. അതുകൊണ്ടാണ് FD ഒരു പൈശാചിക ശക്തിയായി മതഗ്രന്തങ്ങളിൽ പരാമർശം വന്നത്.

**(d) യഥാർത്ഥ പാപം**

ഈ ലോകത്തിലെ ഭൂരിഭാഗം പേരും human ഉം ഒരു ചെറിയ ശതമാനം human being ഉം ആണ്. Human ആയാലും, human being ആയാലും (താൻ മൃഗീയ വാസനയുള്ളവനാണെന്നു സ്വയം അറിയാതിരിക്കുകയും, സമ്മതിക്കാതിരിക്കുകയും ചെയ്യുന്നവൻ human ഉം, അത് അറിയുന്നവനും സമ്മതിക്കുന്നവനും human being ഉം ആണ്.) FDയുടെ പിടിയിൽ നിന്ന് രക്ഷപ്പെടുക അത്ര എളുപ്പമല്ല. അതിനുകാരണം relatedness ലെ ബന്ധനങ്ങളും, സാമൂഹ്യചിന്തയും (moral ethics) ഉം ആണ്. Human being നെ നിത്യജീവനിലേയ്ക്ക് അഥവാ ആത്മാവിന്റെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കാത്ത എല്ലാ ബന്ധങ്ങളും, സാമൂഹ്യ ചിന്തയും, moral ethics ഉം കടുത്ത പാപങ്ങളാണ്. നന്മതിന്മകളെ നിത്യജീവന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനും അതനുസരിച്ച് ജീവിക്കുവാനുള്ള ധൈര്യമില്ലായ്മയാണ് ആത്മാവിന്റെ അടിമത്വത്തിനും, ശരീരത്തിന്റെ വേദനകളുടേയും ദുരിതങ്ങളുടേയും രോഗങ്ങളുടേയും മൂല കാരണം. യഥാർത്ഥ ബോധം സ്വയം കണ്ടെത്തി അതിനെ പടിപടിയായി ഉയർത്തി സംസാര ബന്ധനങ്ങളിൽനിന്ന് ആത്മാവിനെ മോചിപ്പിക്കാം. മിസ്റ്റിക്കുകൾ പറയുന്നതുപോലെ ഇത് ഒരു രണ്ടാം ജനനമോ ഉയിർത്തെഴുന്നേൽപ്പോ ആകാം.

അദ്ധ്യായം 3

# യഥാർത്ഥ ബോധത്തെ എങ്ങിനെ ഉയർത്താം?

### (a) FDയുടെ പ്രവർത്തന രീതി

യഥാർത്ഥ ബോധത്തെ എങ്ങിനെ ഉയർത്താം എന്ന് അറിയുന്നതിന് മുമ്പ് FDയുടെ പ്രവർത്തന രീതി നാം അറിഞ്ഞിരിക്കണം.

FD എന്നത് അടിസ്ഥാനമനസ് (Fundamental Desire) ആണ്. മഹാബോധത്തിൽനിന്ന് സ്വാർത്ഥ താത്പര്യങ്ങളിൽ പിരിഞ്ഞുപോന്ന ബോധഘടകമാണിത്. അതിനാൽ ഇതിനെ അടിസ്ഥാനമനസ് എന്ന് വിളിക്കുന്നു. ഈ അടിസ്ഥാന മനസ് പരിണാമത്തിലൂടെ പ്രപഞ്ചവും, അതിലെ ചരാചരങ്ങളേയും സൃഷ്ടിച്ചു. ഈ സൃഷ്ടികർമ്മം തീർത്തും അബോധത്തിലാണ് സംഭവിച്ചത്. ഇതിന് എടുത്ത സമയം നമുക്കറിയില്ല. എങ്കിലും സമയം ഇതിന്റെ ഒരു അവിഭാജ്യ ഘടകം തന്നെയാണ്. ഈ സൃഷ്ടികർമ്മം മൊത്തം 3 dimensionൽ ഉള്ളതും നാലാമത്തെ dimension ആയ സമയത്തിൽ അത് തുടർച്ചയായി നിലനിൽക്കുന്നതുമാണ്. അതിനാൽ ഇതിനൊരു അന്ത്യമോ, ആവർത്തന സ്വഭാവമോ ഉണ്ടായിരിക്കും.

### (b) ബോധത്തിന്റെ പരിണാമം

പരിണാമ സിദ്ധാന്തങ്ങളുമായി ബോധത്തിന്റെ പരിണാമത്തെ ബന്ധിപ്പിക്കാൻ സാദ്ധ്യമല്ല. കാരണം ബോധത്തിന്റെ പരിണാമം അഥവാ ഉയർച്ച മനുഷ്യമനസിന്റെ ഒരു തോന്നൽ മാത്രമാണ്. ബോധം Static ആയതും, സ്ഥിരമായതും, പരിണാമ വിധേയമല്ലാത്തതുമായ ഏക സത്യമാണ്. യഥാർത്ഥ ബോധത്തിന്റെ സങ്കീർണ്ണമായ ഒരു ഗുണത്തിന്റെ (Property or phenomenal) പരിണാമമാണ് എല്ലാ ചരാചരങ്ങളുടെയും പ്രപഞ്ചത്തിന്റെയും അടിസ്ഥാന കാരണം എന്തുകൊണ്ട് പദാർത്ഥങ്ങളിലെ ആറ്റങ്ങൾ ചലനകണികകൾ കൊണ്ട് നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്ന് ഇത് വിശദീകരിക്കുന്നു. ***ബോധത്തിന്റെ ഒരു ത്രിമാനഗുണമാണ് ചലനം.*** ഈ പ്രപഞ്ചം മൊത്തം ചലനാന്മകമാണ്. അതിനാൽ ഭൗതിക മാറ്റം അനിവാര്യവും ആയിരിക്കും. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം ബോധം തന്നെ. പക്ഷെ ബോധം desire മായി ചേർന്നതിനാൽ അതിനെ മനസ് എന്ന് വിളിക്കേണ്ടിയിരിക്കുന്നു. ഇത് അബോ



ധത്തിൽ നിലനിൽക്കുന്നതിനാൽ ഭാഷയിൽ നമുക്കതിനെ മനസ് എന്ന് വിളിക്കാം. ഈ (അബോധ)മനസ് മനുഷ്യനിൽ എത്തിയപ്പോൾ അതിൽ മഹാബോധത്തിന്റെ യഥാർത്ഥ ഗുണം തുറയ്ക്കപ്പെട്ടു. ഇതാണ് മനസിനെ തിരിച്ചറിയുന്ന ബോധം അഥവാ യഥാർത്ഥ ബോധം ($w_x$) ഇത് എന്തുകൊണ്ട് മനുഷ്യനിൽ തുറക്കപ്പെട്ടു എന്ന് ഒന്നാം അദ്ധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ലൈംഗികതയിലൂടെ പരമാനന്ദത്തിൽ എത്താമെന്ന അറിവില്ലായ്മയാണ് ഇതിനുകാരണം. ഈ അറിവില്ലായ്മ ഒരു ചിന്തയാണ്. ഇത് എടുത്ത് മാറ്റിയാൽ ***യഥാർത്ഥ ബോധം മനസിൽ നിന്ന് വേർപ്പെടുകയും മഹാബോധത്തിൽ ലയിക്കുകയും ചെയ്യും.***

മനസുമായി ചേർന്നു നിൽക്കുന്ന യഥാർത്ഥ ബോധത്തിന് (wx) ഒരു പ്രത്യേകതയുണ്ട്. അത് ഗണിതശാസ്ത്രത്തെയോ, ഭൗതീക ഗുണങ്ങളേയോ പിൻതുടരുന്നില്ല. FD എന്നത് അടിസ്ഥാന മനസിനെ കുറിക്കുന്ന ഏകകമായും fd എന്നത് ഓരോ മനുഷ്യന്റെ ബോധമനസിനെ കുറിക്കുന്ന ഏകകവും ആണെങ്കിൽ

FD = å $f_1d_1 + f_2d_2 + f_3d_3$....... fndn $f_1d_1$, $f_2d_2$ എന്നത് ഓരോ മനുഷ്യന്റെയും ശരീരത്തിലെ ജീനുകളുടെ ക്രമീകരണമനുസരിച്ച് (genetic Pattern) വ്യത്യസ്തത പുലർത്തുന്ന വ്യക്തികളും അതിൽ നിലകൊള്ളുന്ന അബോധ മനസുമാണ്. അതായത് 600 കോടി ജനങ്ങളും ഒന്നിനൊന്ന് മനസുകൊണ്ട് വ്യത്യാസമുള്ളവരായിരിക്കും. FD എന്ന അടിസ്ഥാന മനസിൽ നിന്നുപുറപ്പെട്ടവരാണ് ഇവരെല്ലാം. ഒരു മെഴുകുതിരിയിൽ നിന്ന് കോടി കണക്കിന് മെഴുകുതിരി കത്തിക്കുന്നതിനു സമാനമായ പ്രതിഭാസമാണിത്. ആദ്യത്തെ തിരിയുടെ നാളത്തിൽനിന്ന് എത്രകോടി തിരികളിലേയ്ക്കു നാളം പകർന്നാലും ആദ്യത്തെ നാളം തനതായി തന്നെ സ്ഥിതി ചെയ്യുന്നു. അത് ഒന്നും കൊടുക്കുന്നുമില്ല, എടുക്കുന്നുമില്ല. ഇത് ഗണിത ശാസ്ത്രപരമായി സൂചിപ്പിക്കാൻ കഴിഞ്ഞേക്കാം. (arbitrary statement) എന്നാൽ യുക്തിയിൽ നിലനിൽക്കുന്ന മനസിന് ഇതിന്റെ അർത്ഥം കണ്ടെത്തുക എളുപ്പമല്ല. മനുഷ്യരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ആത്മാവിന്റെ എണ്ണവും, കർമ്മ ഫലങ്ങളിലൂടെ ആവർത്തിക്കപ്പെടുന്ന ജന്മങ്ങളും ഇതുപയോഗിച്ച് വിശദീകരിക്കാം. അങ്ങിനെ കോടികണക്കിനു മനുഷ്യർ പ്രത്യുൽപാദനത്തിലൂടെ കോടി കണക്കിന് genetic pattern സ്വീകരിച്ച് ഒന്നിനൊന്നു വ്യത്യസ്തമായ tentency കളോടുകൂടി ജനിക്കുന്നു. പക്ഷെ ഇവർ സ്വീകരിക്കുന്ന ബോധം,

അബോധത്തിൽ പരിണാമത്തിലൂടെ സഞ്ചരിച്ച് പദാർത്ഥങ്ങളിൽനിന്ന് സസ്യങ്ങളിലൂടെ, ജന്തുക്കളിലൂടെ കടന്നു വരുന്ന അബോധത്തിലെ ബോധമാണെന്നോർക്കണം. അതുകൊണ്ടാണ് മൃഗീയ വാസന മനുഷ്യരിൽ കാണുന്നത്. കുരങ്ങൻ പരിണമിച്ചു മനുഷ്യനായി എന്ന പരിണാമമല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്. മറിച്ച് ബോധം അജ്ഞതയിലൂടെ അബോധത്തിൽനിന്ന് അനുസ്യൂതമായി ഉയർന്നുവരുന്ന അവസ്ഥയാണിത്. ഇങ്ങനെ വിഘടിക്കപ്പെടുന്ന അടിസ്ഥാനമനസിന് **യഥാർത്ത ബോധം ലഭിക്കുമ്പോൾ മനുഷ്യനാകുകയും, തിരിച്ചറിവിനെ തിരിച്ചറിയുകയും ചെയ്യുന്നു.** പിന്നീട് ആ ബോധം തിരിച്ചറിവോടുകൂടി തന്നെ കർമ്മ ഫലങ്ങളിലൂടെ ആയിരകണക്കിന് മനുഷ്യജന്മങ്ങളിലായോ, അധമ ജന്മങ്ങളിലൂടെയോ കടന്നു പോകുന്നു. ഇങ്ങനെ പരിണാമത്തിലൂടെ മനുഷ്യജന്മം എടുക്കുന്ന ഓരോ മനുഷ്യന്റെ ബോധവും മഹാബോധത്തിൽ ചെല്ലുന്നതുവരെ വേദനകളുടേയും, ദുരിതങ്ങളുടേയും അനേക ജീവിത ചക്രങ്ങൾ പിന്നിടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മനുഷ്യജീവികളുടെ പ്രത്യുൽപാദനം പാപകരമാണെന്നു വരുന്നു. എന്നാൽ തങ്ങൾ ജന്മം കൊടുക്കുന്ന ശിശുവിനെ ബോധതലത്തിൽ വളർത്തുകയും ബോധതലത്തിൽ ഉയർത്തുകുയും ചെയ്യാൻ കഴിയുമെന്നു പൂർണ്ണ വിശ്വാസമുണ്ടെങ്കിൽ പ്രത്യുൽപാദനം ആകാം. ഒരു അധഃമമനസിനെ രക്ഷപ്പെടുത്തലിന്റെ വക്കിൽ കൊണ്ടുവരുന്ന പ്രക്രിയയാണിത്. എന്നാൽ വാർദ്ധക്യകാലത്ത് തന്നെ ശുശ്രൂഷിക്കുക എന്ന സ്വാർത്ഥ താത്പര്യത്തിൽ ശിശുക്കൾക്കു ജന്മം കൊടുക്കുന്നത് തിരിച്ചറിവിനെ തിരിച്ചറിയാൻ കഴിയുന്ന ***ആത്മാവിനോട് ചെയ്യുന്ന കടുത്ത ദ്രോഹവും, പാപവുമാണ്.*** ഇവിടെ ആത്മാവ് എന്ന് അർത്ഥമാക്കുന്നത് മനസിനെ തിരിച്ചറിയാൻ കഴിവുള്ള യഥാർത്ഥ ബോധം മനസിനോട് കൂടിച്ചേർന്നിരിക്കുന്ന അവസ്ഥയിലെ ബോധത്തെയാണ്. അത്തരം ഒരവസ്ഥ മനുഷ്യനിൽ മാത്രമെ കാണുന്നുള്ളൂ. അതായത് മൃഗങ്ങൾക്കും, ചെടികൾക്കും ആത്മാവുണ്ടെന്ന് പറയുക സാദ്ധ്യമല്ല. എന്നാൽ ബോധമുണ്ട് അവർക്ക് തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധം ലഭിച്ചിട്ടില്ല എന്നു മാത്രമേയുള്ളൂ.

ഇന്നു ലോകത്ത് ദാരിദ്ര്യവും, ദുരിതങ്ങളും രോഗങ്ങളും, അനുഭവിക്കുന്ന കോടാനുകോടി മനുഷ്യാത്മാക്കൾ ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും ചിന്തിച്ചു പോയിട്ടുണ്ടാകാം. എന്തിനു ഞങ്ങൾക്കു ജന്മം നൽകപ്പെട്ടു എന്ന് ഇത്തരം ഒരു ഗതികേട് മൃഗങ്ങൾക്കോ, സസ്യങ്ങൾക്കോ ഉണ്ടാകാനിടയില്ല. അതിനാൽ ഒരു ശിശുവിന് ജന്മം കൊടുക്കുക ഒരു വലിയ ബാധ്യതയാണെന്നോർക്കണം. അത് ഒരു വ്യക്തിയും (humanbeing) നിസാരമായി എടുക്കരുത്. കാരണം ജനനത്തിനു കാരണമാകുന്നവരും, ജനിക്കുന്നവനും യഥാർത്ഥ ബോധമുള്ള ജീവികളാണെന്നോർക്കണം. പ്രതിവിധിയില്ലാത്ത പാപമാണ്. വഞ്ചിക്കുന്നവർ പാപിയാണെന്ന് സമൂഹം വിധിക്കുന്നു, എന്നാൽ വഞ്ചന അവന് ഏത് നിമിഷവും നിർത്തി ബോധത്തിലേയ്ക്ക് ഉയർന്ന് എന്നന്നേയ്ക്കുമായി പാപത്തിൽനിന്ന് രക്ഷപ്പെട്ട് നിത്യജീവനിലേയ്ക്ക് കടക്കാം, എന്നാൽ അതല്ല ഒരു കുഞ്ഞിനെ ജനിപ്പിക്കുന്ന പിതാവിന്റെയും, മാതാവിന്റെയും അവസ്ഥ. അവരുടെ പ്രവൃത്തിക്ക് പരിഹാരം അത്ര എളുപ്പമല്ല മാതാപിതാക്കൾക്ക് കുട്ടികളെ ഉത്പാദിപ്പിക്കാം. പക്ഷെ അവരുടെ വേദനയെ തടയാനോ, ഏറ്റെടുക്കാനോ കഴിയില്ല എന്നോർക്കുക. FD ലൈംഗികതയും അതിലൂടെ മനുഷ്യരുടെ പ്രത്യുൽപാദനത്തെയും നിലനിർത്തുന്നതിൽ അസാധാരണമായ സൂത്രങ്ങളാണ് പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. ശരീരവും, മനസും തന്റെ സ്വന്തമാണെന്നും താൻ ഒരു പേരാണെന്നും (രാമൻ, മാത്യു, അബ്ദുള്ള) FD മനുഷ്യനെ പഠിപ്പിക്കുകയും അത് ഒരിക്കലും തെറ്റാണെന്ന് വിശ്വസിക്കാൻ പറ്റാത്തവണ്ണം അവനെ അജ്ഞതയിലൂടെ (Ignorance) മരണം വരെ തള്ളിക്കൊണ്ടുപോകാൻ സഹായിക്കുകയും ചെയ്യുന്നു. സമൂഹത്തിന്റെ അഹം (ego) നിയമങ്ങൾ ബന്ധങ്ങളിലെ ബന്ധനങ്ങൾ (relationship) possessiveness, മതങ്ങൾ ഇവയെ അതിനായി വളരെ സമർത്ഥമായി ഉപയോഗിക്കുകയും ചെയ്യുന്നു. ഇവയുടെ എല്ലാ അടിമത്വത്തിൽനിന്ന് യഥാർത്ഥ ബോധത്തെ ഉയർത്തികൊണ്ടുവരുവാനും അങ്ങിനെ നിത്യജീവനിലേയ്ക്ക് കടക്കാനും കഴിയാതെ ജന്മജന്മാന്തരങ്ങളിൽ മനുഷ്യാത്മാവ് യാതനകൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.



ശരീരം അല്ലെങ്കിൽ അതിൽ സ്ഥിതിചെയ്യുന്ന മനസ് ഇവരാണ് വേദനകളും യാതനകളും അനുഭവിക്കുന്നത് എന്ന് തോന്നിയേക്കാം. എന്നാൽ അങ്ങിനെ അല്ല, അവ കാരണങ്ങളേ ആകുന്നുള്ളൂ. ബോധമാണ് ഈ വേദനകളെല്ലാം അനുഭവിക്കുന്നത്. അതിനെ ആത്മാവെന്ന് വിളിക്കാം. 'ഞാൻ' എന്ന ego (അഹം) അഥവാ മനസ് (mind) വേദനയും, ദുരിതങ്ങളും അനുഭവിക്കാൻ കാരണമാകുന്ന ശരീരം മരണപ്പെടുന്നു. എന്നാൽ $f_1d_1$ അതിനോടൊപ്പം നശിക്കുന്നില്ല. $f_2d_2$ ആയി

അടുത്ത ശരീരത്തെ എടുക്കുന്നു. 1 എന്നത് 2 ആകുന്നു എന്നല്ലാതെ fd മാറുന്നില്ല. ബോധം മറ്റൊരു പേരു സ്വീകരിക്കുന്നെന്നേയുള്ളൂ. വേദന അനുഭവിക്കുന്ന ബോധം ഒന്നുതന്നെ. $f_1d_1$ന്റെ ഓർമ്മ (memory) ശരീരത്തോടൊപ്പം നശിച്ചു പോകുന്നതിനാൽ $f_2d_2$ ആയി ശരീരം എടുക്കുമ്പോൾ യഥാർത്ഥ ബോധത്തിന് ഈ മാറ്റം ഓർമ്മിക്കാൻ കഴിയില്ല എന്നേയുള്ളൂ.

ഒരു ഉദാഹരണം ശ്രദ്ധിക്കുക. ഒരു കംപ്യൂട്ടറിന്റെ Hard disc എങ്ങിനെ പ്രവർത്തിക്കണം എന്ന് സൂചന കൊടുക്കാൻ വേണ്ടി ഒരു floppy disc വഴി പ്രോഗ്രാം കൊടുക്കുന്നു. ഈ പ്രോഗ്രാം അനുസരിച്ച് ഒരു clerk ആയോ, Accountant ആയോ, architect ആയോ കംപ്യൂട്ടർ പ്രവർത്തിക്കുന്നു. എന്നാൽ clerical ജോലി ചെയ്യുമ്പോൾ ആവശ്യമായ പ്രോഗ്രാമിന്റെ disc മാറ്റി, architect ന്റെ പ്രോഗ്രാമിങ്ങ് disc ഇടുമ്പോൾ കംപ്യൂട്ടറിന്റെ ഹാർഡ് disc ൽ നിന്ന് ആദ്യത്തെ പ്രോഗ്രാം തീർത്തും തുടച്ചു മാറ്റപ്പെടുന്നു താൻ ഇന്നലെവരെ ഒരു clerk ആയി ജോലി ചെയ്തുവെന്ന് കംപ്യൂട്ടറിന് സ്വയം കണ്ടുപിടിക്കാൻ യാതൊരു മാർഗ്ഗവുമില്ലാതാകുന്ന ഇതു തന്നെയാണ് $f_1d_2$ എന്ന കർമ്മഫലത്തോടുകൂടിയ ശരീരം $f_2d_2$ എന്ന കർമ്മഫലത്തോടുകൂടിയ ശരീരമെടുക്കുമ്പോഴുള്ള യഥാർത്ഥബോധത്തിന്റെ (wx) അവസ്ഥ.

മേൽപറഞ്ഞത് മനസിലാക്കാൻ human being നുപോലും അസാദ്ധ്യമാണ്, എന്നാൽ യഥാർത്ഥ ബോധതലം ഉയർത്തിയാൽ ഇത് പകൽ വെളിച്ചംപോലെ വ്യക്തമാകും. തെളിവുകളുടെ ആവശ്യമില്ല. ആർക്കും ആരുടേയും വേദന മറ്റൊരാളിൽ തെളിയിക്കാൻ കഴിയില്ലല്ലോ? ഇത് സ്വയം അറിയുകയേ നിവർത്തിയുള്ളൂ. യഥാർത്ഥ ബോധതലം ഉയർത്താൻ കഴിയാത്ത മനസുകൾ ചോദ്യങ്ങൾ കൊണ്ട് തന്റെ വളർച്ചയെ തടയുന്നു. ചോദ്യങ്ങൾ FDയുടെ സൂത്രങ്ങളാണെന്ന് ഇവർ അറിയുന്നില്ല. താൻ ശരീരമാണ്, മനസാണ് എന്ന് ചിന്തിക്കുന്നവന് താൻ ഇത് രണ്ടുമല്ല, ***ദുരിതങ്ങൾ അനുഭവിക്കുന്ന ഒരു ബോധമാണെന്ന് തിരിച്ചറിയുന്നില്ല.***

ജീവിതം പരമാനന്ദമാണെന്ന് അറിയാതെ, ദുഃഖവും, രോഗങ്ങളും, ദാരിദ്ര്യവും ജീവിതത്തിന്റെ ഭാഗമാണെന്ന് കരുതുന്നത് സാധാരണ human quality ആണ്. എന്നാൽ human being ആകുമ്പോൾ അവന് പലപ്പോഴും തന്നെ തന്നെ ചോദ്യം ചെയ്യേണ്ടതായി വരുന്നു, അവൻ തന്നെ തന്നെ വീക്ഷിക്കുകയും ചെയ്യുന്നു. പക്ഷെ തന്നെ തന്നെ ശക്ത



മായി risk എടുത്ത് അറിയാൻ ശ്രമിക്കുന്നില്ല. കാരണം FDയുടെ പ്രവർത്തനം അത്രയ്ക്ക് ശക്തിയുള്ളതാണ്. അത്തരം ഒരു അന്വേഷണം തളർത്തിക്കളയാൻ തക്കവണ്ണമുള്ള ശക്തിയേറിയ ആയുധങ്ങൾ അതിന്റെ പക്കലുണ്ട്. അഞ്ച് ഇന്ദ്രിയങ്ങളാണ് ഈ ശക്തമായ ആയുധങ്ങൾ. ഇന്ദ്രിയാനുഭൂതി ഒരു മായ (തോന്നൽ) യാണെന്നു തിരിച്ചറിയാൻ താഴ്ന്ന ബോധമുള്ളവർക്കാവില്ല.

FD ഉണ്ടാക്കുന്ന തടസങ്ങൾ ആദ്യം മനസിലാക്കുന്നതിന് നാം, നമ്മുടെ മനസിലേയ്ക്ക് നോക്കുക. തന്റെ ബോധത്തിനു യാതൊരു വിധത്തിലും നിയന്ത്രണം ഏർപ്പെടുത്താൻ പറ്റാത്തവണ്ണം താൻ അറിയാതെ തന്നെ തന്റെ മനസിലേയ്ക്ക് ആയിരകണക്കിനു ചിന്തകൾ ഇടിച്ചുകയറിയുന്നതായി അനുഭവപ്പെടുന്നു. പ്രവൃത്തികൾ ചെയ്യുമ്പോഴും, വെറുതെയിരിക്കുമ്പോഴും ഈ ചിന്തകളുടെ പ്രവാഹം തുടർന്നുകൊണ്ടേയിരിക്കുന്നു. ഓർമ്മവയ്ക്കുന്ന കാലം മുതൽ മരണം വരെ കോടാനുകോടി ചിന്തകൾ മനസിലൂടെ തനിയെ കടന്നുപോകുന്നു. ഈ ചിന്തകളുടെ നിരക്ക് (rate) വർദ്ധിക്കുന്നതനുസരിച്ച് hyper tension മൂലമുണ്ടാകുന്ന രോഗങ്ങളും, വർദ്ധനവ് താങ്ങാവുന്നതിനേക്കാൾ കൂടുതലാണെങ്കിൽ mental disorder, nervous breakdown മുതലായവയും വിവിധതരം രോഗങ്ങളും സംഭവിക്കുന്നു. ആത്മഹത്യ, ഭ്രാന്ത്, ഇവ രണ്ടും STR ന്റെ തീവ്രമായ അവസ്ഥയെ സൂചിപ്പിക്കുന്നു. ഈ അവസ്ഥയെയാണ് awarology യിൽ ദുഃഖം, വേദന, ദുരിതങ്ങൾ എന്നു പറയുന്നത്. സാമ്പത്തിക ഉച്ചനീചത്വങ്ങളും രോഗങ്ങളുമാണ് ദുഃഖങ്ങൾ എന്ന് മനസ് എപ്പോഴും നമ്മെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്നു. FD എന്ന അടിസ്ഥാന മനസിന്റെ ഒരു വലിയ സൂത്രമാണിത് x എന്ന വ്യക്തിയുടെ മനസിനെ $f_xd_x$ എന്ന ഏകകം കൊണ്ട് സൂചിപ്പിക്കാം. $f_xd_x$ ലേയ്ക്ക് ശൂന്യതയിൽ കൂടി ഇത് വന്നെത്തുന്നു. ഭക്ഷണം, പ്രാണവായു ഇവയാണ് ഇതിന്റെ ഊർജ്ജസ്രോതസ്. ജീവിതം ഒരു ദുഃഖമാണെന്ന് മിസ്റ്റിക്കുകളെ കൊണ്ട് പറയാൻ പ്രേരിപ്പിച്ച ഘടകം ഇതാണ്. യഥാർത്ഥ ബോധത്തിന് STR ൽ നിയന്ത്രണമില്ലാതെ പോകുന്നതിനെയാണ് ജീവിതദുഃഖം, പ്രാരാബ്ദം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇത് കേൾക്കുമ്പോൾ നിസാരമെന്നു തോന്നാമെങ്കിലും ഇതിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിചെല്ലുമ്പോഴാണ് STRന്റെ ഭീകരതയും, അത് സൃഷ്ടിക്കുന്ന FDയുടെ സൂത്രവും എത്രവലുതാണെന്ന് നാം തിരിച്ചറിയുന്നത്.

ജീവിതത്തിലെ ചില സന്ദർഭങ്ങളിൽ ചിന്തകളുടെ വേലിയേറ്റം മൂലം തലവേദന എടുത്ത് തലപൊട്ടിതെറിച്ച് പോകുമെന്ന അവസ്ഥയും ആത്മഹത്യയ്ക്കുള്ള പ്രലോഭനവും നേരിടാത്ത ഒരു മനുഷ്യനും ലോകത്ത് ജിവിച്ചിരിപ്പുണ്ടാകാൻ ഇടയില്ല. ***തിരിച്ചറിവെന്ന ബോധം ($W_X$) $f_x d_x$ എന്ന മനസിൽ ഉള്ളതാണ് ഇതിനുകാരണം.*** എന്തിനേയും, ഏതിനേയും നാമറിയാതെ മനസ് വിധിച്ചു കൊണ്ടിരിക്കുകയെന്ന (Judging) പ്രക്രിയയിലൂടെയാണ് STR നിലനിൽക്കുന്നത്. അത് ശരി, ഇത് തെറ്റ് എന്ന് വിധിക്കുന്ന മനസിന്റെ പ്രവണതയാണ് ഇതിന് കാരണം. പഞ്ചേന്ദ്രിയങ്ങളിലൂടെ നാം അറിയുന്ന എല്ലാറ്റിനേയും മനസ് യഥാർത്ഥ ബോധത്തിന്റെ അനുവാദമില്ലാതെ വിധിച്ചുകൊണ്ടിരിക്കുന്നു. ഇത് ദ്വൈതത്തെ (duality) സൃഷ്ടിക്കുന്നു. ഈ വിധിക്കൽ പ്രക്രിയയെയോ, അതുമൂലമുള്ള വികാരവിചാര, വിക്ഷോഭങ്ങളിലോ നേരിട്ട് ഇടപെടാനോ, അവയെ നിയന്ത്രിക്കാനോ ഇല്ലാതാക്കാനോ യഥാർത്ഥ ബോധത്തിന് ($w_X$) കഴിവില്ല കാരണം യഥാർത്ഥ ബോധത്തിന് നാലിനേക്കാൾ കൂടുതൽ dimension ഉള്ളതിനാൽ three dimensionൽ നിലനിൽക്കുന്ന ഇന്ദ്രിയങ്ങളും സമയത്തിൽ മുന്നിലേയ്ക്കുവളരുന്ന ശരീരത്തിനും, മനസിനും ഇതിന്റെ ഒരു ഗുണങ്ങളേയും നേരിട്ട് മനസിലാക്കാൻ കഴിയാതെ പോകുന്നു. കൂടാതെ യഥാർത്ഥ ബോധം ഒരു static സ്വഭാവമുള്ളതും മനസിനെ സംബന്ധിച്ച് ശൂന്യവും ആയതുകൊണ്ട് സാക്ഷിയായി നിൽക്കാനുള്ള ഒരു പ്രകടഗുണം മാത്രമെ മനസിന് തിരിച്ചറിയാൻ കഴിയുകയുള്ളൂ. അതായത് യഥാർത്ഥ ബോധം ($W_X$) എന്നത് ഒരു witness അഥവാ സാക്ഷിയായി മാത്രമെ മനസിനു മനസിലാക്കാൻ കഴിയുകയുള്ളു. യഥാർത്ഥ ബോധം മഹാബോധത്തിന്റെ അംശമായതിനാൽ അതിനെ സൂചിപ്പിക്കാൻ ഭാഷയ്ക്ക് സാദ്ധ്യമല്ല ***കാരണം, ദ്വൈതത്തിൽ നിന്നാണ് ഭാഷ ഉടലെടുക്കുന്നത്.***

ഗണിത ശാസ്ത്രപരമായി പറഞ്ഞാൽ STRµ1/$w_x$ അതായത് STR ഉം, $W_X$ ഉം തമ്മിൽ എപ്പോഴും വിപരീത അനുപാതത്തിൽ ആയിരിക്കും. ഒരു വ്യക്തിയുടെ $W_X$ വർദ്ധിപ്പിച്ചാൽ (വാസ്തവത്തിൽ wxന് വർദ്ധിക്കുവാനോ, കുറയുവാനോ കഴിയില്ല. അത് സ്ഥിരമായ ഒരവസ്ഥയാണ്. ഭാഷയുടെ ദ്വന്ദസ്വഭാവം കൊണ്ടാണ് അങ്ങിനെ പ്രയോഗിക്കേണ്ടി വരുന്നത്) അതായത് ബോധതലം ഉയർന്നാൽ STR കുത്തനെ താഴ്ന്നുപോകുന്നു. അതുപോലെ തിരിച്ചും STR വളരെ കൂടുതലാണെങ്കിൽ അയാളുടെ $W_X$ വളരെ കുറവായിരിക്കും. അത്തരത്തിലുള്ള ഒരാളെ Human എന്നു മാത്രമെ വിളിക്കാൻ കഴിയുകയുള്ളൂ. അയാൾ പെരുമാറ്റത്തിലും, ചിന്തയിലും ഏറിയ പങ്കും പാരമ്പര്യശാസ്ത്രപ്രകാരം നിശ്ചയിക്കപ്പെടുന്ന മൃഗീയ സ്വഭാവത്തിലായിരിക്കും ജീവിക്കുക. Human ഒരു being ആകുമ്പോൾ STR ഉം, $W_X$ ഉം ഏതാണ്ട് സന്തുലിതാവസ്ഥയിൽ (balanced state) വരുന്നു. ഇത്തരക്കാരിൽ മന:സാക്ഷിക്കുത്ത് (conscious prick) വളരെ കൂടുതലായിരിക്കും. എന്തിനേയും, ഏതിനേയും അവർ സംശയിച്ചുകൊണ്ടിരിക്കും. ഒന്നിലും ഉറച്ചു നിൽക്കില്ല. പക്ഷെ മനുഷ്യത്വം പ്രകടിപ്പിക്കുന്നവരായിരിക്കും. ഒരു യഥാർത്ഥ ഗുരുവിന്റെ സാന്നിദ്ധ്യമുണ്ടെങ്കിൽ ഇവരുടെ ബോധതലം വളരെ വർഷങ്ങൾ കൊണ്ട് സാവധാനം ഉയർത്തികൊണ്ടുവരാൻ കഴിയും. അത്ഭുതങ്ങളിലും, അന്ധവിശ്വാസങ്ങളിലും ഇവരുടെ മനസ് തളയ്ക്കപ്പെടുവാൻ സാദ്ധ്യത ഏറെയാണ്.



മൂന്നാമത്തെ തരക്കാരിൽ $W_X$ വളരെ ഉയർന്നതായിരിക്കും. ഇവരെ മിസ്റ്റിക്കുകൾ എന്ന് പൊതുവെ വിളിക്കാം. അത്തരക്കാരിൽ STR-ന്റെ അളവ് വളരെ കുറവായിരിക്കും. അതിനാൽ പ്രലോഭനങ്ങളിൽ വീഴുകയോ, പ്രചോദനങ്ങളിൽ അഹങ്കരിക്കുകയോ ചെയ്യില്ല. ജീവിതത്തെ മൊത്തം ശാന്തമായി കടന്നുപോകാൻ അനുവദിക്കും, സംഭാഷണങ്ങൾ വളരെ കുറവായിരിക്കും. സദാസമയവും മനസിന്റെ വ്യതിയാനങ്ങൾക്കും STR- നും ഒരു സാക്ഷിയായി വർത്തിക്കും. പ്രകോപനങ്ങളെ പെട്ടെന്ന് തിരിച്ചറിയുകയും പ്രതികാരം ചെയ്യാതെയും, പെട്ടെന്ന് പ്രതികരിക്കാതിരിക്കുകയും ചെയ്യുന്നു. ഇതിനെ non-attachment, പ്രത്യാഹാര, പരിശുദ്ധാത്മാവിന്റെ നിറയൽ എന്നൊക്കെ വിശേഷിപ്പിക്കുന്നു. ഇത്തരക്കാരെ ആത്മീയതയുള്ളവർ എന്നു വിളിക്കാം. എന്നാൽ ഈ അവസ്ഥയ്ക്ക് വലിയ ഒരു ദോഷമുണ്ട്. അവർ മിക്കവാറും ആത്മീയ അഹങ്കാരത്തിലേയ്ക്ക് പെട്ടെന്നു വഴുതിവീഴുന്നു. ഇവരുടെ ആത്മീയത ഇവർക്കെതിരെ FD തിരിച്ച് വിട്ട് വീണ്ടും ലോകത്തിന്റെ അടിമയാക്കി മാറ്റുന്നു. ഗുരുവിന്റെ ഗുണം കാണിക്കുകയും മറ്റ് താഴ്ന്ന ബോധതലമുള്ളവരെ ആകർഷിക്കുകയും കുട്ടികളെ പോലെ നിഷ്കളങ്കരായിരിക്കുകയും ചെയ്യുന്നതിനാൽ ഇവർ വീണ്ടും FDയ്ക്ക് അടിമയാകാൻ ഇടയാകുന്നു. പത്തുപേർ ഇത്തരക്കാരുടെ കാലുകൾ തൊഴുകയും ഉദാരമായി പണം വാഗ്ദാനം ചെയ്യുകയും ചെയ്യുമ്പോൾ സമൂഹത്തെ ഉദ്ധരിക്കാനും, ആതുരാലയങ്ങൾ, ധർമ്മസ്ഥാപനങ്ങൾ ഇവ സംഘടിപ്പിക്കുവാനും ഇവർ ശ്രമിക്കുകയും, അതുവഴി Spiritual ego ഉയരുകയും നിത്യജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നു.

ഒരു കാലിലെ മന്ത് മറുകാലിൽ മാറ്റിവയ്ക്കുന്നതിനു തുല്യമാണിത്. രണ്ട് കാലിൽ നിന്നും മന്ത് ദൂരെകളയുകയാണ് വേണ്ടത്. ഇത്തരം ആളുകൾ വ്യാജഗുരുക്കന്മാരായി സ്വയം താഴ്ത്തപ്പെട്ടുപോകുന്നു. FD യിൽനിന്ന് യഥാർത്ഥ ബോധമായ ($W_X$) ആത്മാവിനെ രക്ഷപ്പെടുത്താൻ കഴിയാതെ ലോകത്തിന് ഒരു പ്രതിമനിൽകികൊണ്ട് കടന്നുപോകുന്നു. എന്നാൽ അല്പം ശ്രദ്ധിച്ചാൽ ഇത്തരം ഉൾവിളി ഉള്ളവർക്ക് യഥാർത്ഥ ഗുരുക്കന്മാരാകാനും തന്നോടൊപ്പമുള്ള കുറെ പേരെയെങ്കിലും നിത്യജീവനിലേയ്ക്ക് നയിക്കുവാനും കഴിയുന്നു.

ഭൗതീകമായാലും, ആത്മീയമായാലും, അഹം (ego) അതിന്റെ ഗുണം നഷ്ടപ്പെടുത്തുന്നില്ല. ആഹന്ത എന്ന ഒരേഒരു നികൃഷ്ട ഗുണമാണ് മനുഷ്യനെ ഭൂമിയിൽ ജനിക്കാൻ ഇടയാക്കുന്നത് അതുപേക്ഷിച്ചാൽ യഥാർത്ഥ ബോധം ($W_X$) ശരീരത്തിൽ നിന്ന് എന്നെന്നേയ്ക്കുമായി വേർപിരിഞ്ഞ് പിതാവായ (original source) മഹാബോധത്തിന്റെ പരമാനന്ദത്തിൽ ലയിക്കുന്നു.

ശരീരത്തിന്റെ ആകെ ഊർജ്ജത്തിന്റെ 80 ശതമാനത്തോളം STRന്റെ പ്രവർത്തനത്തിനായി ഉപയോഗിക്കുന്നു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ബാക്കി 20 ശതമാനത്തിൽ, ലൈംഗിക ആസക്തിക്കു വേണ്ടി പകുതിയിലേറെ നഷ്ടപ്പെടുത്തിക്കഴിഞ്ഞാൽ ജീവിതത്തിനു വേണ്ടി ലഭിക്കുന്നത് 5, 8 ശതമാനം ആയിരിക്കാം. ഇത്രയും ഊർജ്ജം ഉപയോഗിച്ച് STRന് എതിരെ യഥാർത്ഥ ബോധത്തെ ($W_X$) ഉയർത്താൻ ശ്രമിക്കുന്നത് മുടന്തൻ യുദ്ധത്തിനു പോകാൻ തന്നെ ഒന്ന് എഴുന്നേൽപ്പിച്ചു നിർത്തുഎന്നു പറയുന്നതിനു തുല്യമാണ്. അതിനാൽ awarology യുടെ രീതികളുപയോഗിച്ച് STR-നെ കുറച്ച് അതിൽനിന്ന് ഊർജ്ജം ശേഖരിച്ച് $W_X$-നെ മുകളിലേയ്ക്ക് ഉയർത്തുകയും അവസാനം സകല ശക്തിയും ഉപയോഗിച്ച് യഥാർത്ഥ ബോധത്തെ (ആത്മാവിനെ) $f_xd_x$-ൽ നിന്ന് മോചിപ്പിക്കുകയും ചെയ്യുന്നു.

ബോധത്തിന്റെ ഉയർച്ചയെ തടയുന്ന ഘടകം എന്തെന്നു മനസിലാക്കി കഴിഞ്ഞു. ഇനി STR-നെ എങ്ങിനെ കുറയ്ക്കാമെന്നു ചിന്തിക്കാം. ഒരു മനുഷ്യശരീരത്തിൽ ആയിരകണക്കിനു കോശങ്ങളിലായി പതിനായിരകണക്കിന് ക്രോമസോമുകളും അതിൽ പരിണാമത്തിന്റെ പാരമ്പര്യം പേറുന്ന കോടാനുകോടി ജീനുകളുണ്ടെന്ന് ജീവശാസ്ത്രം സമർത്ഥിക്കുന്നു. ഈ ജീനുകളാണ് മനുഷ്യന്റെ ഭൗതികവും മാനസികവുമായ പ്രവർത്തനങ്ങളെ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ജീനുകളുടെ പ്രവർത്തനം വഴിയായി അനേകായിരം വാസനകൾ (Tendencies) ഒരുവ്യക്തി പ്രകടിപ്പിക്കുന്നു. ഈ വാസനകളെ നിയന്ത്രിക്കാൻ യഥാർത്ഥ ബോധത്തിനു കഴിയാതെ പോകുന്നു കാരണം ഈ ***ഊർജ്ജ കുറവ് തന്നെ*** ഓരോ കോശങ്ങളിലും അടങ്ങിയിരിക്കുന്ന വാസനകൾ, ആഹാരത്തിൽനിന്നും, ശ്വാസത്തിൽനിന്നും ഉളവാകുന്ന ഊർജ്ജം ഉപയോഗിച്ച് തനിയെ പ്രവർത്തിക്കുന്നു. ഉദാഹരണത്തിന് പ്രകോപനമുണ്ടാകുമ്പോൾ ദേഷ്യപ്പെടുകയും സ്വാദിഷ്ടമായ ആഹാരം കാണുമ്പോൾ അറിയാതെ വായിൽ വെള്ളം വരുകയും ചെയ്യുന്നതെല്ലാം ഈ ജീനുകളുടെ പ്രവർത്തനം കൊണ്ടുതന്നെയാണ്. $f_xd_x$ എന്ന മനസ് STRൽ നിലനിൽക്കുകയും ആഹാരത്തിൽനിന്ന് ലഭിക്കുന്ന ഊർജ്ജം മുക്കാൽ ഭാഗവും ഇത് ചെലവഴിക്കുകയും ചെയ്യുന്നതിനാൽ യഥാർത്ഥ ബോധത്തിന് വാസനകളെ നിയന്ത്രിക്കാൻ കഴിയാതെ വരുന്നു. യഥാർത്ഥ ബോധം ($W_X$) മനസിനെ സംബന്ധിച്ച് ഒരു സാക്ഷിയായതിനാൽ $W_X$-നെ ഒരു സാക്ഷിയായി നിർത്തിയാൽ മാത്രമെ വാസനകളെ നിയന്ത്രിക്കാനും അതുവഴി ബോധത്തെ ഉയർത്തുവാനും കഴിയുകയുള്ളു. $W_X$ മനസിലൂടെ സാക്ഷിയായി നിൽക്കുന്നതിനെയാണ് awareness എന്ന പദംകൊണ്ടുദ്ദേശിക്കുന്നത്. പക്ഷെ അങ്ങനെ aware ആയിരിക്കാൻ അസാധാരണമാംവിധം ഊർജ്ജം ആവശ്യമാണ്. അത്രയും ഊർജ്ജം ശരീരത്തിനു നൽകാൻ കഴിയാതെ വരുമ്പോൾ മനസ് ഒരു സൂത്രം പ്രയോഗിക്കും. ഒന്നുകിൽ ശരീരത്തെ ഉറക്കികളയുകയോ അല്ലെങ്കിൽ പകൽ സ്വപ്നങ്ങളിൽ മുഴുകുവാൻ ഇടയാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് മനുഷ്യർ ഒന്നും ചെയ്യാനില്ലാത്തപ്പോഴും പ്രാർത്ഥിക്കുമ്പോഴും ധ്യാനിക്കുമ്പോഴും, അറിയാതെ ഉറങ്ങിപോകുന്നത്.

ഇതും FDയുടെ ഒരു സൂത്രമാണ്. ബോധം ഉയർത്താൻ ശ്രമിക്കുമ്പോൾ ഉറക്കികളയുക. ചുരുക്കത്തിൽ മനസ് ($f_xd_x$) ഉണർന്നിരിക്കുമ്പോൾ ആയിരക്കണക്കിന് ചിന്തകളും അവയുടെ ചിത്രങ്ങളും മനസിലേക്ക് ഇടിച്ചുകയറുകയും അത് താങ്ങാനാവാതെ വരുമ്പോൾ ഉറങ്ങിപ്പോകുകയും ചെയ്യുന്നു. അതുകൊണ്ടാണ് കായികമായി പ്രവൃത്തികൾ ചെയ്യാനില്ലാതാകുമ്പോഴും യാത്രവേളകളിലും മനുഷ്യർ ഉറങ്ങിപ്പോകുന്നത്. കായിക പ്രവൃത്തികൾ ചെയ്യുമ്പോൾ കൂടുതലായി ഊർജ്ജം സ്വതന്ത്രമാക്കപ്പെടുകയും ഉറങ്ങാതിരിക്കുകയും ചെയ്യുന്നു. അതായത് ഉണർന്നിരിക്കുമ്പോൾ ***ചിന്ത അല്ലങ്കിൽ ഉറക്കം ഇതിനിടയിൽ കുറെ കർമ്മങ്ങൾ,*** ഇതാണ് $f_xd_x$ എന്ന മനസിന്റെ പ്രവർത്തന രീതി ഇതിനിടയിൽ ഒരു അവസ്ഥയുണ്ടെന്ന് മനസിനറിയില്ല. അതാണ്

ഉണർന്നിരുന്ന് ഉറങ്ങൽ അഥവാ ധ്യാനം. ധ്യാനം (meditation) എന്നത് സാധാരണ ഭാഷയിലും, അർത്ഥത്തിലുമല്ല awarology യിൽ അർത്ഥമാക്കുന്നത്. യഥാർത്ഥ ബോധം ഒരു പൂർണ്ണ സാക്ഷിയായി മനസിനെയും അതിലെ വിചാരങ്ങളെയും ശ്രദ്ധയോടെ നോക്കികാണുന്ന അവസ്ഥയാണിത്. മന്ത്രങ്ങളോ, ജപങ്ങളോ കണ്ണുമടച്ച് ഉരുവിട്ട് മനസിനെ self hypnotism ത്തിലെത്തിക്കുന്ന FDയുടെ തന്ത്രമല്ല ഇത് എന്ന് മനസിലാക്കുക. മനസിന്റെ ശക്തിയെ വർദ്ധിപ്പിക്കുന്ന ഒരു തന്ത്രമാണ് ധ്യാനമെന്ന് സാധാരണക്കാരെ പണ്ഡിതന്മാർ തെറ്റിദ്ധരിപ്പിക്കുകയും, സ്വയം തെറ്റിദ്ധരിക്കുയും ചെയ്യുന്നു. യഥാർത്ഥ ധ്യാനമെന്നത് STR നെ കുറയ്ക്കുന്ന പരിശീലനമാണ്. അതിന്റെ പൂർണ്ണരൂപമാണ് സമാധി അല്ലെങ്കിൽ നിത്യജീവൻ ഈ അവസ്ഥയിൽ യഥാർത്ഥ ബോധം ഒരു പൂർണ്ണ സാക്ഷിയായി നിൽക്കുന്നു. യഥാർത്ഥബോധം, മഹാബോധത്തിന്റെ അംശം ആയതിനാലും മറ്റൊരു dimensionൽ നിലനിൽക്കുന്നതുമായതിനാൽ 3dimension നിൽ time factorൽ മുന്നിലേയ്ക്കു പോകുന്ന $f_xd_x$ൽ ഇതിന് ഒരു സാക്ഷിയായി (witness) നിൽക്കാനുള്ള കഴിവേ പ്രകടമായി കാണുന്നുള്ളു. യഥാർത്ഥ ബോധത്തിന്റെ ($W_X$) മറ്റ് ഗുണങ്ങളെന്നെല്ലാമെന്നതിനെക്കുറിച്ച് മനസ് തീർത്തും അജ്ഞമാണ് $f_xd_x$ന് അറിയാവുന്ന witnessing എന്ന ഗുണത്തിലൂടെ മാത്രമെ മനസിന് മഹാബോധത്തിലേയ്ക്ക് കടക്കുവാൻ കഴിയുകയുള്ളു. ഇതിനെക്കുറിച്ച് പിന്നീട് വിശദമായി പ്രതിപാതിക്കുന്നുണ്ട്.

ഗാഢനിദ്രയിൽ ചിന്തകളോ, സ്വപ്നങ്ങളോ ഉണ്ടാകാറില്ല. എന്നാൽ സാധാരണ നിദ്രയിലും മനസ് ചിന്തിച്ചുകൊണ്ടിരിക്കുന്നു. അതിനെയാണ് സ്വപ്നങ്ങൾ എന്നുനാം വിളിക്കുന്നത്. ചിന്തകൾ ഇല്ലാത്ത ഗാഢനിദ്രയിൽ ബോധം ഉണ്ടെന്ന് ഒന്നുസങ്കൽപ്പിച്ചുനോക്കുക. ***ആ അവസ്ഥയെയാണ് പരമാനന്ദമെന്ന് പറയുന്നത്. കാരണം അതിനുകാരണങ്ങളില്ല.*** ഉണർന്നിരിക്കുമ്പോൾ നാം സന്തോഷിക്കാറുണ്ട്, ദുഃഖിക്കാറുണ്ട് എന്നാൽ അവയ്ക്കെല്ലാം ഒളിഞ്ഞും, തെളിഞ്ഞുമുള്ള കാരണങ്ങൾ ഉണ്ടായിരിക്കും. എന്നാൽ **പരമാനന്ദത്തിനു കാരണങ്ങൾ ഇല്ലാത്തതിനാൽ അത് സ്ഥായിയായതും നിലനിൽക്കുന്നതുമായിരിക്കും.** ഇത്തരം ഒരവസ്ഥ മനുഷ്യന്റെ സ്വതസിദ്ധമായ ഒന്നാണെന്ന് ആയിരകണക്കിനു വർഷങ്ങളായി മിസ്റ്റിക്കുകൾ ഉദ്ബോധിപ്പിക്കുന്നു. പക്ഷെ ഇത് നേരിട്ട് പകർന്ന് കൊടുക്കാൻ കഴിയാത്തതിനാൽ മനുഷ്യർ ഇതിനെ തള്ളിക്കളയുന്നു. FD എന്ന പൈശാചിക മനസ് തന്റെ logic അഥവാ യുക്തി എന്ന ദ്വന്ദതകൊണ്ട് മനുഷ്യമനസിനെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു.



വാസനകൾ ബന്ധങ്ങളിലും, അതിലൂടെയുള്ള ബന്ധനങ്ങളിലും പ്രവർത്തിക്കു (interact) മ്പോഴാണ് STR-ന്റെ നിരക്ക് സാധാരണയിൽനിന്ന് കൂടുതലായി ഉയരുന്നത്. ഈ ഉയർച്ച ഒരു മനുഷ്യന്റെ സാമ്പത്തിക, സാമൂഹിക, കുടുംബ പശ്ചാത്തലങ്ങളെ ആശ്രയിച്ചിരിക്കുന്നു. സ്വതസിദ്ധമായി (ജന്മനാ) ഉള്ള STR-നു പുറമേ പ്രായപൂർത്തിയിലേയ്ക്ക് കടക്കുന്ന ഒരു വ്യക്തിയിൽ ഇത്തരം പശ്ചാത്തലങ്ങൾ STR-ൽ വർദ്ധന സൃഷ്ടിക്കുന്നു. ഇത് കൂനിൽമേൽ കുരു എന്ന അവസ്ഥയിലേയ്ക്ക് മനസിനെ തള്ളിവിടുന്നു. സ്വാർത്ഥത, possessiveness, relatedness ഇവ മൂന്നും കൂടിചേർന്ന് STR-ന്റെ അളവ് ക്രമാതീതമായി വർദ്ധിപ്പിക്കുന്നതിനാൽ hypertension, അതുമൂലമുള്ള രോഗങ്ങളും അസ്വസ്ഥത, ഭ്രാന്ത്, nervousbreak down ആത്മഹത്യ, യുദ്ധങ്ങൾ, ദുരന്തങ്ങൾ ഇവ സമൂഹത്തിന്റെ അവിഭാജ്യഘടകമായി വളർന്ന്കൊണ്ടിരിക്കുന്നു. ഇതിന്റെ വളർച്ചയെ ശ്രദ്ധിച്ചാൽ സമയഗ്രാഫിൽ ഇതിന്റെ തോത് എക്കാലവും കൂടിക്കൊണ്ടിരിക്കുന്നതായി വ്യക്തമാകും. ഇതിന് പരിഹാരമുണ്ടെന്ന് എല്ലാവരും പറയുകയും, തോന്നുകയും ചെയ്യുമെങ്കിലും ഫലത്തിൽ ഇതിന് പരിഹാരമില്ല. കാരണം ഇത് മനുഷ്യ ബോധത്തിന്റെ നിയന്ത്രണത്തിലുള്ള ഒന്നല്ല. FD എന്ന പൈശാചിക മനസിന്റെ സൃഷ്ടികളാണ് അതിനാൽ FD ചിന്തകളിലൂടെ മനുഷ്യനെ ബന്ധങ്ങളിലെ ബന്ധനങ്ങളെ മുറുകിപ്പിടിക്കുന്നതിനും possessiveness വളർത്തുന്നതിനും, relatedness സങ്കീർണ്ണമാക്കുന്നതിനും ആവശ്യമായ രീതിയിലുള്ള മാസ് മീഡിയ പ്രവർത്തനങ്ങൾ നടത്താൻ പ്രേരിപ്പിക്കുകയും അതിനായി FD തന്റെ സർവ്വശക്തിയും ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിന് ഏത് സംവിധാനം കൂട്ടുനിന്നാലും അവയും ഈ FDയുടെ രഹസ്യകിങ്കരന്മാരാണെന്ന് തിരിച്ചറിയണം.

സാഹിത്യരചനകൾ, സിനിമകൾ, മതങ്ങൾ, രാഷ്ട്രീയം ഇവയെല്ലാം ഇതിന് കൂട്ടുനിൽക്കുന്നു. കാരണം ഇവയിൽ ഭൂരിഭാഗവും ബോധത്തെ വീണ്ടും വീണ്ടും തളർത്തുന്നരീതിയിൽ STR വളരാൻ കൂട്ടുനിൽക്കുന്നു. ഭൂരിപക്ഷം വരുന്നതും, ബന്ധങ്ങളുടെ ബന്ധനങ്ങളിൽ നിലനിൽക്കുന്നതുമായ സാധാരണ മനുഷ്യനെ ചൂഷണം ചെയ്യാൻ ഇത്തരം മാസ്മീഡിയായ്ക്ക് വളരെ എളുപ്പവുമാണ്. അങ്ങിനെ പൈശാചിക ശക്തിവളരുന്നു. STR അതിന് ആനുപാതികമായി വർദ്ധിക്കുന്നു. അതിന്റെ വിപരീത അനുപാതത്തിൽ ബോധം താഴേയ്ക്ക് പോകുന്നു. അതായത് കഥയറിയാതെ എല്ലാവരും ആട്ടം കാണുന്ന അവസ്ഥ.

ഇത്തരം സ്ഥിതിവിശേഷം മനുഷ്യസമൂഹത്തിനുണ്ടാകാൻ കാരണം താൻ ഒരു പ്രത്യേക പേരുള്ള (രാമൻ, ജോസഫ്......) ഒരു ശരീരമാണെന്നും അത് 60-70 വർഷം കഴിയുമ്പോൾ നശിച്ചു പോകുമെന്നും അതോടൊപ്പം താനും ഇല്ലാതാകുമെന്നുള്ള അറിവില്ലായ്മ (Ignorance) കൊണ്ടുമാത്രമാണ്. വേദന അനുഭവിക്കുന്ന ബോധം-തോമസോ, രാമനോ, അബ്ദുള്ളയോ ആകാം പക്ഷെ അത് അനുഭവിക്കുന്നത്, അല്ലെങ്കിൽ അറിയുന്നത് $W_X$ എന്ന ബോധമാണെന്ന് അറിയുക. ഇതിനെ സാധാരണ രീതിയിലുള്ള പുനർജന്മ സിദ്ധാന്തവുമായി കൂട്ടികുഴയ്ക്കാതിരിക്കുക.

ജീവിതം മായയോ, തോന്നലോ അല്ല, അത്തരം സിദ്ധാന്തങ്ങൾ മനുഷ്യനെ കബളിപ്പിക്കുന്നു. ***നിങ്ങൾ എത്രത്തോളം യാഥാർത്ഥ്യമാണെന്ന് നിങ്ങൾ കരുതുന്നുവോ അത്രത്തോളം തന്നെ നിങ്ങളുടെ ജീവിതവും യാഥാർത്ഥ്യമാണെന്ന് മനസിലാക്കുക.*** നിങ്ങൾ ആവശ്യപ്പെടാതെതന്നെ ഈ ഭൂമിയിൽ ജനിച്ചെങ്കിൽ, നിങ്ങൾ ആവശ്യപ്പെടാതെതന്നെ ഇനിയും പ്രകൃതി അത് നിങ്ങൾക്ക് വീണ്ടും നൽകും. ഇല്ലന്നുതെളിയിക്കാനോ, വാദിക്കുവാനോ നിങ്ങൾക്കുകഴിയില്ല. അതായത് നിങ്ങളുടെ യഥാർത്ഥ ബോധം വീണ്ടും ശരീരമെടുക്കും. എന്നാൽ കർമ്മഫലസിദ്ധാന്തപ്രകാരമോ, പാപപുണ്യങ്ങളുടെയും, ഉച്ഛനീചത്വങ്ങളുടേയും അടിസ്ഥാനത്തിലോ ആണ് ഈ ജന്മം നല്കപ്പെടുന്നുവെന്ന് അധമബോധം നിങ്ങളെ തെറ്റായിപഠിപ്പിച്ച് മതങ്ങൾ നിങ്ങളെ വഞ്ചിച്ചു കൊണ്ടിരിക്കുന്നു. ഇത് ചൂഷണത്തിന്റെ ഒളിഞ്ഞും, തെളിഞ്ഞുമുള്ള സൂത്രങ്ങളാണ്.

***എന്നാൽ യഥാർത്ഥബോധം ($W_X$) അഥവ ആത്മാവ് ജഡീയബന്ധനങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള പുതിയ പുതിയ സാദ്ധ്യതകൾ തേടുന്നതാണ് പുനർജന്മം.*** അതിന്റെ നിയമങ്ങൾ സങ്കീർണ്ണവും, മനസിന് തിരിച്ചറിയാൻ കഴിയാത്തതുമാണ്.

ഞാൻ ഇനിയും ജനിക്കുമോ? രാമൻ, ജോസഫ് അഥവ സലിം എന്ന ഒരു വ്യക്തി ചോദിക്കുന്ന ന്യായമായ ഒരു ചോദ്യമാണ്.

ഉത്തരം വളരെ വ്യക്തമാണ് ഒരിക്കലും ഇല്ല. ജോസഫ് അഥവ രാമൻ എന്നത് ഒരു വ്യക്തിയുടെ genetic patternന്റെ പേരാണ്. ഈ pattern ഒരിക്കലും ആവർത്തിക്കപ്പെടുകയില്ല. പ്രകൃതിയിൽ അത്തരമൊരു പ്രതിഭാസം ഇല്ല. ജോസഫ്, ജോസഫ് ആയും, സലിം സലിം ആയും, രാമൻ രാമനായും ഒരിക്കലും ഇനി ജനിക്കുകയില്ല. എന്നാൽ



gentic patternനെ ജീവിതചക്രം പൂർത്തിയാക്കാൻ സഹായിച്ച $W_J$, $W_R$, $W_S$ എന്ന യഥാർത്ഥ ബോധതലങ്ങൾ ($W_J$, $W_R$, $W_S$ ജോസഫ്, സലിം, രാമൻ, എന്നിവരുടെ യഥാർത്ഥ ബോധങ്ങൾ) ഒരിക്കലും നശിക്കാത്ത entity ആണ്. അത് മഹാബോധത്തിന്റെ അംശമാണ്. (മഹാബോധത്തെ അംശീകരിക്കാൻ സാദ്ധ്യമല്ല. പക്ഷെ ഭാഷയുടെ പോരായ്മകൊണ്ട് മനസിനെ ബോധ്യപ്പെടുത്താൻ ഇങ്ങനെയേ കഴിയുകയുള്ളൂ) അതിനുനാശമില്ല. ഈ നാശമില്ലായ്മയാണ് അതിനെ വീണ്ടും പുതിയ gentic pattern നോടുകൂടിയ ശരീരമെടുക്കാൻ പ്രേരിപ്പിക്കുന്നത്. വേദനയും, ദുരിതങ്ങളും, രോഗങ്ങളും അനുഭവിക്കുന്നത് യഥാർത്ഥ ബോധമായതിനാൽ genetic pattern വ്യത്യാസമുള്ള ശരീരമെടുത്താലും ഈ രോഗം മാറാതെ നിലനിൽക്കുന്നു. അതിനാൽ വേദനയും, ദുരിതങ്ങളും ഒരു തുടർകഥയായി ഭൂമിയിൽ നിലനിൽക്കുന്നു. വാസ്തവത്തിൽ genetic pattern നെയാണ് നാം വ്യക്തി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അത് ശരിയുമാണ് പക്ഷെ ആ വ്യക്തി തീർത്തും മിഥ്യയാണെന്നു നമുക്കുകാണാം. കാരണം അയാൾ ഒരിക്കലേ ഭൂമിലേയ്ക്കുവരുന്നുള്ളു. എന്നാൽ യഥാർത്ഥ വ്യക്തി $W_X$ എന്ന യഥാർത്ഥ ബോധമാണെന്നു തിരിച്ചറിയുക.

ഇതിന്റെ യാഥാർത്ഥ്യം തിരിച്ചറിയണമെങ്കിൽ demensional difference ൽ നിൽക്കുന്ന യഥാർത്ഥ ബോധം ഏത് ബിന്ദുവിൽ വച്ച് എങ്ങിനെ three demensional twist നടത്തി പുതിയ genetic pattern ആയ മനുഷ്യശരീരം എടുക്കുന്നു എന്ന് കണ്ടുപിടിക്കണം. ഇത് യുക്തിയിൽ (logic) നിലനിൽക്കുന്ന മനസുകൊണ്ട് സാദ്ധ്യമല്ല. മനസുപയോഗിച്ച് യഥാർത്ഥ ബോധതലത്തിലേയ്ക്ക് സഞ്ചരിക്കുന്ന Awarologyലെ techniqueകൾ വികസിപ്പിക്കണം. അതിന് ശാസ്ത്രജ്ഞർ അവരവരുടെ മനസുകളിലേക്ക് ഇറങ്ങണം, ഭൗതിക ശാസ്ത്രജ്ഞർക്ക് അത് കഴിയും കാരണം ഭൗതികശാസ്ത്രത്തിൽ യുക്തിപരാജയപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന് ശാസ്ത്രജ്ഞൻമാർ സമ്മതിക്കാൻ തുടങ്ങിയിരിക്കുന്നു. Awarology വികസിപ്പിക്കുന്നതിലൂടെ mystic scienceലെ രഹസ്യങ്ങളിലേക്ക് ശാസ്ത്രജ്ഞർക്ക് ഇറങ്ങി ചെല്ലാൻ കഴിയും അതിലൂടെ പ്രപഞ്ചരഹസ്യങ്ങൾ ഓരോന്നായി മനുഷ്യർക്കായിതുറക്കപ്പെടും.

ആവർത്തനസ്വഭാവമുള്ള ശരീരമെടുക്കുക എന്നത് യഥാർത്ഥ ബോധത്തിന്റെ സ്വതസിദ്ധമായ ഗുണമാണ് അല്ലാതെ പ്രേരണയോ ശരീരത്തിന്റെ ഗുണമോ, പ്രത്യേകതയോ, ജീവിതരീതിയോ കർമ്മഫലങ്ങളോ അല്ല. ചിന്താപരമായ ഒരു അജ്ഞതയാണ് ഇതിനുകാരണം.

ആ അജ്ഞതയെ ജ്ഞാനംകൊണ്ടു നീക്കം ചെയ്താൽ ബാക്കി ശേഷിക്കുന്നത് ശുദ്ധമായ ബോധമാണ് അതിന് സ്വതന്ത്രമായ നിലനിൽപ്പില്ല. അത് അതിന്റെ ഉത്ഭവത്തിലേക്കു മടങ്ങിപോകും. പിന്നീട് ശരീരമെടിക്കില്ല. ഇതിനെയാണ് നിത്യജീവൻ, മോക്ഷം, നിർവ്വാണ എന്നെല്ലാം മതങ്ങൾ പറയുന്നത്.

മനസിലൂടെ യഥാർത്ഥബോധത്തിനെ തിരിച്ചറിയുന്നതിന് awarology യെ വികസിപ്പിക്കണം എന്നു പറയുമ്പോൾ; സൈക്കോളജി, അതീന്ദ്രിയശക്തി, psychic power, hypnotism എന്നീ മനസിന്റെ abstract ശക്തികളെ വികസിപ്പിക്കുക എന്നാണ് ശാസ്ത്രജ്ഞർ ധരിക്കുക. എന്നാൽ അത്തരം ശക്തികളുടെ വികസനത്തിന് അവസരം കൊടുക്കാതെ യഥാർത്ഥ ബോധത്തെ ലക്ഷ്യമാക്കിയുള്ള അന്വേഷണമാണ് awarology കൊണ്ട് ഉദ്ദേശിക്കുന്നത്. സ്വന്തം മനസിലേക്കു ഇറങ്ങാൻ പഠിക്കുന്ന ഏതു Mysticഉം മേൽപറഞ്ഞ മനസിന്റെ മിഥ്യ ശക്തികളിൽ കുടുങ്ങിപോകാൻ സാദ്ധ്യതയുണ്ട്. ഇത്തരത്തിലുള്ള ഒരു അന്വേഷണം academic വിഷയങ്ങളിൽപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതായത് awarology എന്നത് മനസിനെ കുറിച്ചുള്ള പഠനമല്ല. ***മനസുപയോഗിച്ച് മനസിന്റെ തന്നെ പ്രവർത്തനത്തിനു കാരണമായ യഥാർത്ഥബോധത്തെ "അറിയാൻ" ശ്രമിക്കലാണ്.*** ഈ പഠനത്തിന്റെ ഏറ്റവും വലിയ ഫലം നമുക്കാവശ്യമുള്ളപ്പോൾ പരമാനന്ദത്തിൽ (കാരണമില്ലാത്ത സന്തോഷം) നിൽക്കാനും രോഗങ്ങളിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും, മയക്കുമരുന്നുകളുടെയും വേദനസംഹാരികളുടെയും, ഉപയോഗങ്ങളിൽനിന്നും ശരീരത്തെ എന്നന്നേയ്ക്കുമായി രക്ഷപ്പെടുത്തി മരണാനന്തരം നിത്യജീവനിലേക്കു കടക്കുവാൻ യഥാർത്ഥ ബോധത്തെ പ്രാപ്തമാക്കുക എന്നതാണ്.

സമയജീവിത ഗ്രാഫ് സൂക്ഷ്മമായി വിശകലനം ചെയ്താൽ പുനർജന്മ സിദ്ധാന്തം ഓരോ വ്യക്തിക്കും സ്വയം തെളിയിക്കാം, തിരിച്ചറിയാം, ***$W_X$നെ ഉയർത്തണമെന്നേയുള്ളൂ.*** യഥാർത്ഥ ബോധം ($W_X$) നശിക്കാത്ത ഒന്നാണ്, തിരിച്ചറിവിനെ തിരിച്ചറിയുന്ന മഹാബോധത്തിന്റെ ഗുണമാണത്. അത് അനശ്വരമാണ്. മഹാബോധത്തിൽനിന്ന് "വിഭജിക്കപ്പെട്ട" $W_X$ , FDയുടെ (Part) അംശീയ ബോധത്തി ($f_xd_x$)നോടൊപ്പം $W_X$ ഒരു സാക്ഷിയായി നിലനിൽക്കുന്നു. അതായത് ചരാചരങ്ങളുടെ ബോധത്തിനെ fd എന്നുവിളിക്കാമെങ്കിൽ x എന്ന മനുഷ്യനിൽ എത്തുമ്പോൾ അത് $f_xd_xw_x$ എന്ന മനസായി മാറുന്നു. തിരിച്ചറിവിനെ തിരിച്ചറിയുന്ന ആത്മാവ് ($W_X$) എന്ന ഘടകം കൂടി $f_xd_x$ എന്ന



ബോധത്തോട് കൂട്ടിചേർക്കപ്പെടുന്നു. ഇത് ($W_X$) ശൂന്യതയിലെ dimensional differenceൽ ഉള്ള ഒരു ഏകകമാണ്. ഇതിന്റെ dimension നെ കുറിച്ചോ, മറ്റുഗുണങ്ങലെ കുറിച്ചോ $f_xd_xw_x$ ൽ നിലനിൽക്കുന്ന ശരീരത്തിലെ പഞ്ചേന്ദ്രിയങ്ങളിലൂടെ മനസിലാക്കാൻ കഴിയില്ല. കാരണം dimensional difference തന്നെ. അതുകൊണ്ടാണ് ശാസ്ത്രങ്ങൾ യുക്തിയിലൂടെ (logic) എത്ര ശ്രമിച്ചിട്ടും അടിസ്ഥാനകണികളുടേയോ, ബലങ്ങളുടേയോ absolute അവസ്ഥയെ കുറിച്ച് മനസിലാക്കാൻ പറ്റാതെ പോകുന്നത്.

അതിലേയ്ക്ക് ഒന്നുവെറുതെ എത്തിനോക്കണമെങ്കിൽ തന്നെ STR പൂജ്യത്തോട് അടുത്തിരിക്കണം (nearly zero). അതിനുപകരം STR അസാധാരണമാം വിധം ഉയർത്തുന്ന രീതിയിലുള്ള logic ക്കിലൂടെയാണ് അവർ സഞ്ചരിക്കുന്നത്. യഥാർത്ഥ ധ്യാനം അഥവാ സമാധി 'ഭാഗികമായി' സംഭവിക്കാൻ ഇടയായ ഒരു മിസ്റ്റിക്കിനുമാത്രമെ ഈ രഹസ്യങ്ങൾ കുറേയെങ്കിലും തുറന്നുകിട്ടുകയുള്ളു. അങ്ങിനെ കിട്ടുന്ന രഹസ്യങ്ങൾ ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേയ്ക്ക് പകർത്താൻ കഴിയുകയില്ല. കാരണം $f_xd_x$ എന്ന മനസ് അതിനു തടസമായി നിൽക്കുന്നു. STR കുറയുന്ന ഒരു വ്യക്തിയുടെ $W_X$ വർദ്ധിക്കുകയും $f_xd_x$ ൽ $w_x$ ഒരു സാക്ഷിയായി വർത്തിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള രണ്ടു വ്യക്തികൾ പരസ്പരം തിരിച്ചറിയുകയും, നിശബ്ധതയിൽ ഒന്നാകുകയും ചെയ്യുന്നു. ഈ പ്രതിഭാസം തീർത്തും നിശബ്തയിൽ നടക്കുന്നു. അതുകൊണ്ടാണ് ലോകത്തിൽ വന്നിട്ടുള്ള യഥാർത്ഥ മിസ്റ്റിക്കുകൾ ആയിരകണക്കിനു വർഷങ്ങൾ മുമ്പു പറഞ്ഞതും ഇപ്പോൾ പറയുന്നതും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമില്ലാത്തത് ഭാഷയുടെ ആഴമില്ലായ്മയും, തർജ്ജമയുടെ അവ്യക്തതയിലൂടെയും, ചരിത്രത്തിന്റെ നുണകളിലൂടെയും ഈ മിസ്റ്റിക്കുകൾ പറയാൻ ശ്രമിച്ച സത്യം, FD വീണ്ടും ആശയകുഴപ്പത്തിൽ നിന്നും ആശയകുഴപ്പത്തിലേയ്ക്ക് നയിക്കുന്നു. ***അതുകൊണ്ടാണ് വിഭിന്ന മതങ്ങൾ രൂപപ്പെട്ടത്.***

എന്നാൽ ശാസ്ത്രീയ നിഗമനങ്ങളെ ശ്രദ്ധിച്ചുനോക്കുക. ഊർജ്ജം തരംഗമാണെന്നും, കണികയാണെന്നും രണ്ടും കൂടികലർന്നതാണെന്നും ശാസ്ത്രം മാറ്റിമാറ്റി പറയുന്നു. Refraction, interference എന്ന പ്രകാശത്തിന്റെ ഗുണങ്ങളെ വിശദീകരിക്കാൻ തരംഗസിദ്ധാന്തവും, ഫോട്ടോ ഇലകട്രിക് ഗുണത്തെ വിശദീകരിക്കാൻ കണികസിദ്ധാന്തവും ആവിഷ്ക്കരിക്കേണ്ടതായി വന്നു. ഈ ഗതികേട് മിസ്റ്റിക്കുകൾക്ക് വരില്ല.

ആയിരക്കണക്കിനു വർഷങ്ങൾ പിന്നിട്ടിട്ടും യഥാർത്ഥമിസ്റ്റിക്കുകൾ പറയുന്നത് അന്നും ഇന്നും ഒന്നുതന്നെയായിരിക്കും. അത് മനസിലാക്കാൻ ഒരു മിസ്റ്റിക്കിനുമാത്രമെ കഴിയുകയുള്ളു. എന്നാൽ ശാസ്ത്രം ബുദ്ധിയുള്ള ആർക്കും മനസിലാക്കാം കാരണം മനസ് ($f_x d_x$) തുടർച്ചയാണ് (continuous). അതിന് ഇന്ദ്രിയങ്ങളാകുന്ന വാതായനങ്ങൾ (openings) ഉണ്ട്, അതിനെ സഹായിക്കാൻ ഭാഷയുണ്ട് എന്നാൽ $W_X$ മറ്റൊരു dimension-ൽ ആയതുകൊണ്ടും, $f_x d_x$-ൽ അതിന് സാക്ഷിത്വം (Witnessing) എന്ന ഒരേ ഒരു ഗുണം മാത്രം ഉള്ളതുകൊണ്ടും സാക്ഷിത്വം തീർത്തും ഒരു വ്യക്തിയിൽ മാത്രം localised ചെയ്യപ്പെടുന്നതു കൊണ്ടും, അത് മൗനം ആയതുകൊണ്ടും, അത് convey ചെയ്യാൻ തീർത്തും അസാദ്ധ്യമായി മാറുന്നു. മൗനം അഥവാ silence പകർത്താൻ വളരെ ബുദ്ധിമുട്ടാണ്. മൗനം എന്നത് സംസാരിക്കാത്ത അവസ്ഥയല്ല മറിച്ച് മനസിൽ STR-ന്റെ അളവ് കുറഞ്ഞ അവസ്ഥയാണ്.

### (c) $W_X$-നെ ഉയർത്താൻ ശ്രമിക്കുമ്പോൾ ജീവിതം തകരുമോ?

ഈ ചോദ്യത്തിന്റെ ഉത്തരം വളരെ ലളിതമാണ്. ജീവിതം തകരില്ലെന്നുമാത്രമല്ല, ജീവിതം ഒരു ആഘോഷമായി ഓരോ വ്യക്തിക്കും അനുഭവപ്പെടുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത.

$W_X$-നെ ഉയർത്തുന്നതിലൂടെ പ്രധാനമായും രണ്ടു ഗുണങ്ങളാണ് ജീവിതത്തിന് ലഭിക്കുക.

1. ഒരു വ്യക്തിക്ക് താൻ ഇപ്പോൾ ഏതവസ്ഥയിൽ നിൽക്കുന്നുവോ (വിവാഹിതനോ, അവിവാഹിതനോ, ഉള്ളവനോ, ഇല്ലാത്തവനോ, പണ്ഡിതനോ, പാമരനോ എന്ന വ്യത്യാസമില്ലാതെ) ആ അവസ്ഥയിൽ Neutral Life-ലേയ്ക്കു കടക്കാൻ കഴിയുമെന്നതാണ്. അതായത് ഭൗതിക ജീവിതത്തിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെട്ടു എന്നർത്ഥം.
2. ഒരു വ്യക്തി Neutral Life നയിക്കുന്നതിലൂടെ non-attachment അഥവാ പ്രത്യാഹാര അയാളുടെ മനസിൽ സംഭവിക്കുകയും കർമ്മം ഫലേച്ഛയില്ലാതാകുന്നതിനാൽ നന്മതിന്മകളിൽനിന്ന് രക്ഷപ്പെട്ട് ശരീരം ജീവിതചക്രം (lifecycle) പൂർത്തിയാക്കുമ്പോൾ $W_X$ പൂർണ്ണമായും ഉണർന്നിരിക്കുകയും ***അങ്ങിനെ ഉണർന്നിരുന്ന് ജീവൻ ഉപേക്ഷിക്കുവാൻ പ്രാപ്തനാകുകയും ചെയ്യുന്നു. ഇതിനെയാണ് നിത്യജീവൻ, സമാധി, സ്വർഗ്ഗരാജ്യം, ആത്മാവിന്റെ സ്വാതന്ത്ര്യം, നിർവ്വാണ എന്നെല്ലാം മിസ്റ്റിക്കുകൾ വിളിച്ചത്.*** മനുഷ്യജന്മത്തിന്റെ പുണ്യവും, അതിന്റെ ആയിരക്കണക്കിനു വർഷങ്ങളായുള്ള ലക്ഷ്യവും ഇതുതന്നെ.



എല്ലാ മനുഷ്യരും മരിക്കുന്നതിനു തൊട്ടുമുമ്പ് ബോധം നഷ്ടപ്പെട്ട് അബോധത്തിൽ പോയതിനുശേഷമാണ് മരിക്കുക. മെഡിക്കൽ സയൻസിലൂടെ അത് തെളിയിക്കാനും കഴിഞ്ഞേക്കാം. അതിനു കാരണം $f_x d_x$ അബോധത്തിൽ നിൽക്കുന്നതുകൊണ്ടാണ്. എന്നാൽ $W_X$ ഉയരുന്നതുമൂലം STR കുറയുകയും, non attachment സംഭവിക്കുകയും Neutral life നയിക്കുകയും ചെയ്യുന്ന മനുഷ്യന്റെ $f_x d_x$ എന്ന മനസ് നശിച്ചുകൊണ്ടിരിക്കുന്നു. Neutral life സംഭവിച്ചു കഴിഞ്ഞാൽ $f_x d_x$ന്റെ നാശം, സംഹാരം (annihilation) സാവധാനം നടക്കുന്നു. അങ്ങിനെ ജീവിതം മുന്നിലേക്കു പോകുന്തോറും (വയസാകുമ്പോൾ) ഈ നാശത്തിന്റെ വേഗത വർദ്ധിക്കുകയും ചെയ്യും. ജീവിതാന്ത്യത്തിൽ താൻ മരിക്കാൻ പോകുന്നുവെന്ന് അറിയാൻ കഴിയുകയും ലോകത്തിലുള്ള തന്റെ അവസാനത്തെ അഹത്തെയും (ego) ഉപേക്ഷിക്കാൻ അയാൾക്കു കഴിയുകയും $f_x d_x$ പൂർണ്ണമായി നശിച്ച് $f_x d_x w_x$ എന്ന കൂട്ടുകെട്ടിൽനിന്നും $W_X$ സ്വതന്ത്രമായി മഹാബോധം എന്ന പരമാനന്ദത്തിൽ ലയിക്കുകയും ചെയ്യുന്നു. അതായത് മറ്റൊരു രീതിയിൽ പറഞ്ഞാൽ ആത്മാവ് മോക്ഷം പ്രാപിക്കുന്നു. വീണ്ടും ശരീരമെടുക്കുന്ന അവസ്ഥ അത് ഉപേക്ഷിക്കുന്നു.

ഇത് തീർത്തും ഒരു മിസ്റ്റിക് സയൻസാണ്. ഇതിലെ ശാസ്ത്രവും, ശാസ്ത്രജ്ഞനും ഒന്നാണെന്നുമാത്രമേയുള്ളു. അതിനു തെളിവുകൾ ലഭ്യമാണ്. പക്ഷെ ***ഭൗതികശാസ്ത്രത്തിൽ തെളിവുകൾ, കണ്ടുപിടിച്ച് ഉണ്ടാക്കി എടുക്കുന്നതാണെങ്കിൽ ഇതിന്റെ തെളിവുകൾ ഒരു വ്യക്തിയിൽ സംഭവിക്കുന്നതായിരിക്കുമെന്ന വ്യത്യാസം മാത്രമെയുള്ളൂ.*** തെളിവുകൾ സംഭവിക്കുന്നതു കൊണ്ടും, അത് ഒരുവന്റെ $W_X$ മാത്രം അറിയുകയും ചെയ്യുന്നതിനാലാണ് ഒരാളിൽനിന്ന് മറ്റൊരാളിലേയ്ക്ക് ഭാഷയിലൂടെയും ഭൗതികതയിലൂടെയും transfer ചെയ്യാൻ പറ്റാതെപോകുന്നത് ഇതൊരു Inner science ആണെന്ന് മാത്രമെയുള്ളൂ. സിദ്ധാന്തങ്ങൾക്കു രൂപം കൊടുക്കാനാവില്ല കാരണം ഇതിന് ആകെ ഒരേ ഒരു മാർഗമേയുള്ളു-സാക്ഷിയാകുക. ***"ഞാൻ ദൈവത്തിന് സാക്ഷിയാകാൻ വന്നവനാണ്" എന്ന മിസ്റ്റിക് വചനം ശ്രദ്ധിക്കുക.*** $W_X$-$f_x d_x$-ൽ ഇങ്ങനെ മാത്രമെ അവതരിക്കുന്നുള്ള സാക്ഷിയാകൽ നിസാരമെന്ന് തോന്നുമെങ്കിലും ജീനുകളുടെ പ്രവർത്തനവും, അവ ഉണ്ടാക്കുന്ന പാരമ്പര്യവും അല്ലാത്തതുമായ പ്രവർത്തനങ്ങളും witnessing -ന് ശക്തരായ എതിരാളികളാണ്. അതുകൊണ്ട് വ്യത്യസ്ത മിസ്റ്റിക്കുകൾ ബോധത്തെ ഉയർത്തുന്നതിന് അവർക്ക് സംഭവിച്ച രീതി

കളിൽ വിഭിന്ന ഭൗതിക മാർഗങ്ങൾ ആവിഷ്ക്കരിച്ചത്. പക്ഷെ അതെല്ലാം ഭാഷയിലൂടെ ആയതുകൊണ്ടും ഭാഷ $f_x d_x$-ന്റെ ഉത്പന്നമായതുകൊണ്ടും FDയ്ക്ക് അതിനെ തകിടം മറിക്കാൻ വളരെ എളുപ്പമായിരുന്നു. ഭാഷ ദ്വന്ദതയിൽ (duality) നിലനിൽക്കുന്നതിനാൽ അമ്മയെ തല്ലിയാലും അതിനെതിരെ രണ്ട് പക്ഷക്കാരെ സൃഷ്ടിക്കുവാൻ അതിനു വളരെ എളുപ്പത്തിൽ കഴിയുമായിരുന്നു. അവിടെ പരാജയപ്പെടുന്നത് പാവം മനുഷ്യാത്മാവാണ്.

**1. Neutral Life :** ഇതിന്റെ മലയാള തർജ്ജമ നിഷ്കാമ ജീവിതം. ചേമ്പിലയിൽ വെള്ളം കിടക്കുന്ന ഒരവസ്ഥയുണ്ട്, Neutral life ഇതിനോട് ഏകദേശം സമാനമാണ്. ചേമ്പില വെള്ളത്തുള്ളിയെ താങ്ങി നിർത്തുന്നു, എന്നാൽ വെള്ളം ചേമ്പിലയെ നനയ്ക്കുന്നില്ല. രണ്ട് പേരും ഒരുമിച്ച് നിൽക്കുന്നുവെന്ന് തോന്നുമെങ്കിലും രണ്ടു പേരും തമ്മിൽ യാതൊരു ബന്ധവുമില്ല. എന്നാൽ അവരുടെ നിലനിൽപ്പ് വളരെ മനോഹരവുമാണ്. വെള്ളത്തുള്ളിക്ക് സൂര്യപ്രകാശത്തിൽ ഏറ്റവും കൂടുതൽ ഭംഗിതോന്നിക്കുന്നത് അത് ചേമ്പിലയിൽ കിടക്കുമ്പോഴാണെന്നു തോന്നുന്നു. വെള്ളത്തുള്ളി ഏതു പ്രതലത്തിൽ വീണാലും അത് അതിനെ നനയ്ക്കുന്നു. അതുകൊണ്ട് രണ്ട് ദോഷമാണ് തുള്ളിക്ക് ഉണ്ടാകുന്നത്.

1) തന്റെ ഒരംശം നനയ്ക്കാൻ ഉപയോഗിക്കണം.
2) അത് പ്രതലവുമായി ഒട്ടിയ അവസ്ഥയിലായിപ്പോകുന്നു. അതായത് സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു.

ലൈംഗിക ആസക്തി എന്ന പൈശാചിക ഗുണം ഒഴിച്ച് മറ്റേത് രീതിയിലും മനുഷ്യന് പരസ്പരം ബന്ധപ്പെട്ടു ജീവിക്കാം. എന്നാൽ ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനുവേണ്ടി ജീവിക്കുന്നു എന്നുപറയുന്നത് $W_X$ന്റെ ഉയർച്ചയെ സംബന്ധിച്ച് കടുത്ത പാപമാണ്. അങ്ങിനെ ഒരാൾ മറ്റൊരാൾക്കുവേണ്ടി ജീവിക്കുകയോ ജീവിക്കാൻ മറ്റൊരാളെ പ്രേരിപ്പിക്കുകയോ ചെയ്യുന്നതിലൂടെയാണ് ബന്ധങ്ങൾ ബന്ധനങ്ങളായി മാറുന്നത്. ഇതിന്റെ അടിസ്ഥാനം ലൈംഗികതയും, അതിലൂടെയുള്ള സ്വാർത്ഥതയുടെ പൈശാചിക ശക്തിയാണ് പരസ്പരം കടപ്പെട്ടുജീവിക്കുന്നതിലൂടെ മനുഷ്യരിൽ പ്രവേശിക്കുന്നത്. ഈ കടപ്പെടൽ പരസ്പരം അടിമകളെ സൃഷ്ടിക്കുന്നു. ബോധത്തിൽ ഉയർന്ന ഒരു വ്യക്തിക്കു മാത്രമെ ഇതിന്റെ ഭീകരത എന്തെന്ന് മനസിലാവുകയുള്ളൂ. ഭാര്യ-ഭർത്താവിനേയും, ഭർത്താവ് - ഭാര്യയേയും കുട്ടികൾ



മാതാപിതാക്കളേയും, സഹോദരൻ സഹോദരിയേയും സ്നേഹിതൻ-സ്നേഹിതയേയും ഇത്തരത്തിൽ അടിമയാക്കുന്നു. അതിന് സമൂഹം കൊടുക്കുന്ന ഓമനപ്പേരാണ് "സ്നേഹം."

FDയുടെ അസാധാരണമായ ഒരു ഗൂഢാലോചനയാണത് സാധാരണ സമൂഹത്തിൽ നിലനിൽക്കുന്ന ഈ "സ്നേഹം" പലപ്പോഴും ഒരു വികാരമായി മാറുന്നു. എന്നാൽ യഥാർത്ഥ സ്നേഹം ഒരു വികാരമല്ല, വികാരങ്ങൾ അടിമത്വം സൃഷ്ടിക്കുന്നു. ജീനുകളുടെ പ്രവർത്തനങ്ങളും, ഇന്ദ്രിയങ്ങൾ നൽകുന്ന തെറ്റായ വിവരങ്ങളുമാണ് സ്നേഹം ഒരു വികാരമായി മാറാനും അതിലൂടെ $f_x d_x$ എന്ന അധമ മനസിന് ആ $W_X$-നെ അടിമയാക്കാൻ കഴിയുന്നതും എന്നാൽ മതഗ്രന്ഥങ്ങൾ അർത്ഥമാക്കിയിട്ടുള്ള സ്നേഹം അതല്ല. Neutral അഥവാ നിഷ്കാമ സ്നേഹമാണ് മിസ്റ്റിക്കുകൾ ഉപദേശിക്കുന്നത്. സ്നേഹം വൈകാരികമാകുമ്പോൾ അതിന് ചൂഷണം, അടിമത്വം എന്ന രണ്ട് ഗോപ്യ (Secret) ലക്ഷ്യങ്ങളുണ്ടാകുന്നു. ഈ രണ്ട് ലക്ഷ്യങ്ങളും, വെറുപ്പിന്റേതും, വിദ്വേഷത്തിന്റേതുമായതുകൊണ്ട് വൈകാരിക സ്നേഹത്തിന്റെ മറുവശം വെറുപ്പായിരിക്കും. അതായത് വെറുപ്പിനെ മനോഹരമായ ആവരണത്തിൽ പൊതിഞ്ഞതാണ് സാധാരണ മാനുഷിക 'സ്നേഹം'

കാരണങ്ങളിലും, ഉപാധികളിലും നിലനിൽക്കുന്ന ഇത്തരം സ്നേഹം ഈ കാരണങ്ങളും ഉപാധികളും പിൻവലിക്കപ്പെടുമ്പോൾ വെറുപ്പായി മാറുന്നു. സുന്ദരിയായ സ്ത്രീ പെട്ടന്ന് യക്ഷിയായി മാറുന്നതുപോലെ.

യഥാർത്ഥ സ്നേഹം യഥാർത്ഥ ബോധം തന്നെയാണ്. കാരണങ്ങൾക്കും, ഉപാധികൾക്കും ബോധം എത്രമാത്രം അതീതമാണോ അത്രയ്ക്ക് തന്നെ അതീതമാണ് യഥാർത്ഥ സ്നേഹവും. "ശത്രുവിനെ സ്നേഹിക്കുക" എന്ന മിസ്റ്റിക് വചനം ശ്രദ്ധിക്കുക. ശത്രുവിനെ സ്നേഹിക്കാൻ ശ്രമിക്കുന്നത് അബദ്ധമാണ്. പ്രായോഗിക ജീവിതത്തിൽ അത് പരാജയപ്പെടും എന്നു മാത്രമല്ല, സ്നേഹിക്കുന്നവൻ ചൂഷണം ചെയ്യപ്പെടുകയും അയാൾ അതിൽ ദുഃഖിക്കുകയും ചെയ്യുന്നു. സ്നേഹം relate ചെയ്യപ്പെടുന്നത് കൊണ്ടാണിത്. എന്നാൽ ഒരുവൻ തന്റെ അദ്ധ്വാനത്തെ മാത്രം ആശ്രയിക്കുന്നെങ്കിൽ അയാളുടെ സ്നേഹം relate ചെയ്യപ്പെടുകയില്ല. അതിന് ഉപാധികളും, കാരണങ്ങളും ഉണ്ടാകില്ല. അപ്പോൾ ശത്രു, മിത്രം ഇത് രണ്ടും അയാളെ സംബന്ധിച്ച് ഒരേ അവസ്ഥ തന്നെയായിരിക്കും, ശത്രുവിന്റെ ചൂഷണവും,

മിത്രത്തിന്റെ ഔധാര്യവും അയാൾ തള്ളിക്കളയും കാരണം തന്റെ കർമ്മവും അത് നൽകുന്ന പ്രതിഫലവുമാണ് അയാളുടെ അടിസ്ഥാനം. അപ്പോൾ അയാൾ സ്വയം സ്നേഹമായി മാറുകയാണ് ചെയ്യുന്നത്. ശത്രുവും, മിത്രവും അയാളെ സംബന്ധിച്ച് നിലനിൽക്കുന്ന ഘടകങ്ങളല്ല. അയാളുടെ സ്നേഹം പങ്കുവെയ്ക്കലിൽ (sharing) മാത്രമെ പ്രകടമാകുന്നുള്ളു. പങ്കുവയ്ക്കൽ എന്നത് ജ്ഞാനത്തിൽ നിന്ന് ഉത്ഭവിക്കുന്നതാണ്. അത് പ്രതിഫലം ഇച്ഛിക്കുന്നില്ല. അതിനാൽ കർമ്മഫലം ശൂന്യതയിലേയ്ക്ക് പോകുന്നു. അയാളിലേയ്ക്ക് പോകുന്നില്ല. ഇതാണ് യഥാർത്ഥ സ്നേഹം (Natural Love) ഇത് ബോധത്തെ ഉയർത്തുന്നു, ആത്മാവ് കർമ്മഫലത്തിൽ നിന്ന് രക്ഷപ്പെടുന്നു. ശത്രുവിനെ സ്നേഹിക്കുക, അഥവാ ശത്രു ഇല്ലാത്ത അവസ്ഥ ഉണ്ടാകുക എന്നതാണ് ഇതിന്റെ അർത്ഥം. ഇതാണ് യഥാർത്ഥമായ സ്നേഹവും. അതായത് ശത്രുവും, മിത്രവും $f_x d_x$ എന്ന മനസിന്റെ അറിവില്ലായ്മയിൽ (Ignorance) നിന്ന് ഉത്ഭവിക്കുന്ന യാഥാർത്ഥ്യമെന്ന തോന്നൽ മാത്രമാണ്. അതുപൊലെതന്നെ നന്മയും, തിന്മയും യാഥാർത്ഥ്യമെന്നു തോന്നിപ്പിക്കുന്ന മിഥ്യകളാണ്.

അതിനാൽ യഥാർത്ഥ സ്നേഹം എന്ത് എന്ന് മിസ്റ്റിക്കുകൾ പറഞ്ഞുവെച്ചിട്ടുണ്ട്. നിങ്ങളുടെ സ്നേഹത്തിന് കാരണമോ ഉപാധിയോ ഉണ്ടാകാൻ പാടില്ല. ഏതെങ്കിലും ഭർത്താവിന് ഭാര്യയെ ഉപാദികളില്ലാതെ സ്നേഹിക്കാൻ ആവുമോ? ഏതെങ്കിലും അച്ഛന് മക്കളേയോ അല്ലെങ്കിൽ മറിച്ചോ ഉപാദികളില്ലാതെ സ്നേഹിക്കാൻ ആവുമോ? സ്നേഹിതർക്ക് പരസ്പരം ഉപാദികളില്ലാതെ സ്നേഹിക്കാൻ ആവുമോ? ഉത്തരം വ്യക്തവും പൂർണ്ണവുമാണ് - അസാദ്ധ്യമാണ്.

സ്വർഗ്ഗരാജ്യം ലഭിക്കാൻ വേണ്ടിപോലും സ്നേഹിക്കുന്ന മഹാന്മാരും, മഹതികളും സ്വർഗ്ഗരാജ്യം എന്ന കാരണത്തിന് അടിമയാകുന്നു. അപ്പോൾ ഉപാധികളും, കാരണങ്ങളുമാണ് മനുഷ്യസ്നേഹത്തിന്റെ അടിമത്വ വ്യവസ്ഥ സൃഷ്ടിക്കുന്ന ഘടകം കുടുംബങ്ങളും, അത് തീർക്കുന്ന സമൂഹങ്ങളും ഈ ഉപാദികളോടുകൂടിതന്നെ സ്നേഹത്തിൽനിലനിൽക്കുന്നതിനാൽ ഈ വ്യവസ്ഥിതി തന്നെ അടിമത്വമായി മാറുന്നു. അടിമത്വം അനുഭവിക്കുന്ന ഏതൊരാത്മാവിനും നിത്യജീവൻ അസാദ്ധ്യമാണ് എന്ന് മാത്രമല്ല അത് എന്ത് എന്ന് ഒരിക്കൾപോലും അറിയാൻ കഴിയുകയുമില്ല. മനുഷ്യജീവിതം ലക്ഷ്യമില്ലായ്മയിൽ ആയിപോകുന്നു. ഇതാണ് ഭ്രാന്തിനും, ആത്മഹത്യയ്ക്കും, മാറാരോഗങ്ങൾക്കും, യുദ്ധങ്ങൾക്കും ദുരന്തങ്ങൾക്കും കാരണം. ഈ അടിമത്വത്തിൽനിന്ന് രക്ഷപ്പെടാനുള്ള ഏകമാർഗമാണ് Neutral life സംഭവിക്കാൻ മനസിനെ അനുവദിക്കുക എന്നത്.



ഒരു ഭർത്താവിന് ഭാര്യയെ സ്നേഹിക്കാം, ബന്ധം സ്ഥാപിക്കാം. പക്ഷെ അത് ഭാര്യയുടെ ആത്മാവിന്റെ നിത്യജീവന് തടസമാണെങ്കിൽ ഭർത്താവ് വലിയ അപരാധം ചെയ്യുന്നു. അതിന് ആ ആത്മാവ് കണക്ക് പറയേണ്ടിവരും. അതുപോലെ തിരിച്ചും. മഹാബോധം നൽകിയ അറിവിൽനിന്ന് ലോകത്തിൽ ആകെ ഒരേ ഒരു പാപമേ നിലനിൽക്കുന്നുള്ളു. ***ഒരുവൻ ഏതുതരം ബന്ധങ്ങളിലുള്ളവനായാലും, സമൂഹത്തിന്റെ നിയമങ്ങളും അവന്റെ ശീലങ്ങളും ഉപയോഗിച്ച് അപരന്റെ നിത്യജീവനു തടസമായി നിന്നാൽ അയാൾ പാപിയാകുന്നു.*** അതല്ലാത്തതൊന്നും അയാളെ യഥാർത്ഥ പാപിയാക്കുന്നില്ല. സമൂഹനിയമങ്ങളിൽനിന്ന് ഉരുത്തിരിയുന്ന ഏതു പാപവും ആപേക്ഷികവും, നിലനിൽക്കാത്തതുമാകുന്നു. ഒരു സമൂഹത്തിലെ പുണ്യം മറ്റൊരു സമൂഹത്തിൽ പാപമായും, മറ്റൊരു സമൂഹത്തിലെ പാപം മറ്റൊരു സമൂഹത്തിൽ പുണ്യമായും മറുന്നുവെന്നത് ഈ കാരണം കൊണ്ടാണ്.

***ആത്മാവിന്റെ മോചനമാണ് എല്ലാ വേദനകളിൽനിന്നും, ദുഃഖങ്ങളിൽ നിന്നുമുള്ള ഒരേയൊരു മോചനം.*** അത് ഒരു വ്യക്തിയുടെ ജന്മാവകാശവും, മഹാബോധത്തിന്റെ വാഗ്ദാനവും ആണ് എന്ന് എല്ലാ മിസ്റ്റിക്കുകളും ഉത്ബോധിപ്പിക്കുന്നു. ഈ ഭൂമിയിലെ ജീവിതമാണ് പരമാനന്ദസുഖമെന്ന് ജീവിത ചക്രത്തിൽ ഏതെങ്കിലും നല്ല അവസ്ഥയിൽ ആയിരിക്കുന്നവൻ വിചാരിച്ചാൽ ഈ പുസ്തകത്തെ തള്ളിക്കളയാം. $W_X$ന് (ആത്മാവിന്) ***ശരീരമെടുക്കേണ്ടി വരുന്ന ഗതികേടിനെയാണ് ഈ ഭൂമിയിലെ ജീവിതം എന്നു വിളിക്കുന്നത്.*** ആ ശരീരത്തിന് ഭൗതിക ലക്ഷ്യമില്ല കാരണം അത് നശിക്കുന്നതാണ്. എന്നാൽ തിരിച്ചറിവിനെ തിരിച്ചറിയുന്ന ബോധം നശിക്കാത്തതാണ് ആ ബോധമാണ് ($W_X$) ശരീരത്തിലൂടെ ആയിരക്കണക്കിനു വർഷങ്ങളായി വേദന അനുഭവിച്ചു കൊണ്ടിരിക്കുന്നത്.

ഈ മനോഹരതീരത്ത് ഒരു ജന്മം കൂടി തരുമോ എന്ന് പാടുന്ന കവി FDയുടെ കിങ്കരനാണ്. അയാൾ ഒരു നിത്യരോഗിയായിരുന്നുവെങ്കിൽ ഇങ്ങനെ എഴുതുകയില്ലായിരുന്നു. വിഡ്ഢിത്വത്തിന് മനുഷ്യൻ ഡിഗ്രി എടുക്കുന്നു. കഷ്ടമാണ് ഈ അവസ്ഥ, ഇത് മാറണം മാറ്റിയില്ലെങ്കിൽ വേദനയുടെ ഒരു തുടർക്കഥയായി മനുഷ്യജീവിതം ഭൂമിയിൽ നിലനിൽക്കും.

ഒരു വ്യക്തിക്ക് കുടുംബമായും, സമൂഹമായും ബന്ധങ്ങളാകാം. അത് സ്വന്തം കർമ്മവും അതിന്റെ ഫലത്തിലും അടിയുറച്ചുള്ളതായിരിക്കണം. ഒരാൾമറ്റൊരാളെ ആശ്രയിക്കുന്നു എന്നും, ആശ്രയിക്കണം എന്നും ചിന്തിക്കാൻ പാടില്ല. കടയിൽനിന്ന് പണം കൊടുത്ത് സാധനങ്ങൾ വാങ്ങുമ്പോൾ നിങ്ങൾക്ക് കടക്കാരനോട് ബന്ധമുണ്ടോ? ഉണ്ട്. തീർച്ചയായും ഉണ്ട്, സാധനങ്ങളുമായി അയാൾ നിങ്ങളെ കാത്തിരിക്കുന്നു. നിങ്ങൾ പണം കൊടുത്ത് സാധനങ്ങൾ വാങ്ങുമ്പോൾ ആ ബന്ധം അവിടെ അവസാനിക്കുന്നു. അയാൾ അയാളുടെ കർമ്മഫലത്തിന്റെ ലാഭവും നിങ്ങൾ നിങ്ങളുടെ കർമ്മഫലമായ പണവും നൽകി കഴിയുന്നു. ഇതായിരിക്കണം എല്ലാ ബന്ധങ്ങളുടേയും അടിസ്ഥാനവും. ഈ തത്വം ഉപയോഗിച്ച് നിങ്ങൾക്ക് മിക്കവാറും സമൂഹജീവിതത്തിലെ എല്ലാ തത്വങ്ങളും വിശദീകരിക്കാൻ കഴിയും. ജനിച്ചത് നാം ആഗ്രഹിച്ചിട്ടല്ല. ജന്മം അടിച്ചേൽപ്പിച്ചതാണ്. അപ്പോൾ ജീവിക്കണം. ജീവൻ നിലനിറുത്തണം. അതിനു സമൂഹം വേണം. പക്ഷെ നിങ്ങളുടെ ലക്ഷ്യം ഭൗതികമായിരിക്കരുത്. കാരണം ഭൗതികമായതിനെ എല്ലാം മരണം വിഴുങ്ങിക്കളയുന്നു. സ്ഥായിയായതാണ് ബന്ധമെന്ന് കരുതി അതിന് ആത്മാവിന്റെ വിലകൊടുത്ത നിങ്ങൾക്ക് പ്രതിഫലമായി കിട്ടുന്നത് മാലയിട്ട ഒരു ഫോട്ടോയോ, ഒരു പ്രതിമയോ ആയിരിക്കും. അത് കാണാൻ നിങ്ങൾ ഇല്ലാത്ത അവസ്ഥയും. കഷ്ടമാണ് മനുഷ്യന്റെ വിഡ്ഢിത്തങ്ങൾ.

താൻ ആഗ്രഹിക്കാതെ ലഭിച്ച ശരീരവും, മനസും പൈശാചികമാണെന്ന് തിരിച്ചറിയുക. ഈ പൈശാചികത ആപേക്ഷികവുമാകുന്നു. (അത് പൈശാചികമല്ലായിരുന്നുവെങ്കിൽ ശരീരത്തിൽ വേദനകളും, രോഗങ്ങളും വരില്ലായിരുന്നു.) അതിന്റെ ജീവിത ചക്രം പൂർത്തിയാക്കുന്നതിനുമുമ്പ് $W_x$നെ (ആത്മാവിനെ) അതിൽ നിന്ന് മോചിപ്പിക്കാനാവശ്യമായ neutral life സംഭവിക്കേണ്ടിയിരിക്കുന്നു. അതിനാവശ്യമായ കാര്യങ്ങൾ ചിന്തിക്കുകയും ഈ ലോകത്തുവീണ്ടും ജനിക്കാതിരിക്കുവാനും യഥാർത്ഥ ബോധത്തെ മഹാബോധത്തിൽ ലയിപ്പിക്കുവാനും ശ്രമിക്കുക.

ഓരോരുത്തരും അവരവരുടെ കർമ്മത്തിൽ അടിയുറച്ചു നിൽക്കുക. അതിൽ മാത്രം ആശ്രയിച്ച് സ്വയം പര്യാപ്തതയോടെ ജീവിക്കാൻ ശ്രമിക്കുക. ബന്ധങ്ങളുടെ, ബന്ധനങ്ങളുടെ അടിമത്വത്തിൽനിന്ന് ബോധത്തെ ഉയർത്തുക വഴി സാവധാനം രക്ഷപ്പെടുക.



അനേക വർഷങ്ങളുടെ ശ്രമംകൊണ്ടേ ഇത് സാധിക്കുകയുള്ളു. ജീവിതത്തിന്റെ ഏതവസ്ഥയിൽ നിൽക്കുമ്പോഴും നിങ്ങൾക്ക് Neutral life പരിശീലിക്കാം. അതിനായി ഭാര്യയെയോ, അമ്മയേയോ, മക്കളേയോ ഉപേക്ഷിക്കേണ്ട ആവശ്യമില്ല ധ്യാനത്തിനായി കാട്ടിലോ ധ്യാനമന്ദിരങ്ങളിലോ പോകേണ്ട.

കുട്ടികളിൽ വളരെ ചെറുപ്പം മുതലേ Neutral lifeന് ആവശ്യമായ ബോധവൽക്കരണം കുറേശ്ശേയായി നടത്തുക. അതിനായി യഥാർത്ഥ ബോധത്തെ ഉയർത്താനുള്ള പാഠ്യക്രമങ്ങൾ ആവിഷ്കരിക്കുക. അതിലൂടെ പഠനത്തിൽ അസാധാരണമായ ശ്രദ്ധയും പഠിക്കുന്ന കാര്യങ്ങൾ മനസിൽ ഉറയ്ക്കാനും ഇത് സഹായകമകുന്നു. കാരണം, STRന്റെ കുറവുതന്നെ. അങ്ങിനെ വളർന്നു വലുതാകുന്ന ഒരു തലമുറയിൽ സ്നേഹം കച്ചവടമാകില്ല. ഓരോ വ്യക്തിയും സ്വയം സ്നേഹമായി മാറുകയും സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപകരം പ്രശ്നം ഉണ്ടാകാത്ത അവസ്ഥയിലേക്ക് സമൂഹത്തെയും കുടുംബത്തെയും വളർത്തുവാൻ സഹായിക്കുകയും അങ്ങിനെ സമൂഹം ഒരേയൊരു ലക്ഷ്യത്തെ കേന്ദ്രീകരിച്ച് വളരുകയും, നിത്യജീവൻ ലക്ഷ്യമാക്കി സഞ്ചരിക്കുകയും ചെയ്യുന്നു.

അത്തരം ഒരു സമൂഹത്തിൽ കരച്ചിലും, പല്ലുകടിയും, യുദ്ധങ്ങളും, ഭീകരപ്രവർത്തനങ്ങളും നിലനിൽക്കില്ല. കാരണം എല്ലാവരുടേയും ലക്ഷ്യം ഭൗതികമല്ലാത്ത നിത്യജീവനായതിനാൽ, ഭൗതികവസ്തുക്കളെ possess ചെയ്യുന്നവൻ മണ്ടനായി മാറുന്ന ഒരവസ്ഥ സംജാതമാകുകയും എല്ലാവരും എല്ലാം പങ്കുവെച്ച് (Sharing) ജീവിക്കാൻ തുടങ്ങുകയും ചെയ്യുന്നു. പരസ്പരം പങ്കുവെയ്ക്കുന്ന സമൂഹത്തിൽ കടവും, പലിശയും, ബാങ്കുകളും നിലനിൽക്കില്ല. മതസ്ഥാപനങ്ങൾ നിലനിൽക്കില്ല. ആർക്കും ആരേയും ചൂഷണം ചെയ്യേണ്ടതായി വരികയുമില്ല. അപ്പോൾ ഉള്ളവനും ഇല്ലാത്തവനും അപ്രത്യക്ഷമാകും. എല്ലാം എല്ലാവരുടേതാകുകയും ഒന്നും ആരുടേയും അല്ലാതാവുകയും ചെയ്യുന്നു.

### മതങ്ങളും സമ്പാദ്വ്യവസ്ഥയും

Awarology യെ ആധാരമാക്കി ലോകത്തുള്ള ഏതു മതഗ്രന്ഥങ്ങൾ പരിശോധിച്ചാലും അവയുടെ അടിസ്ഥാനം നിത്യജീവനാണെന്നും, അല്ലെങ്കിൽ ശരീരത്തിന്റെ അടിമത്വത്തിൽനിന്നുള്ള ആത്മാവിന്റെ സ്വാതന്ത്ര്യം ആണെന്നും കാണാൻ കഴിയും എന്നാൽ യുക്തി എന്ന

മനസിന്റെ സ്വതസിദ്ധമായ പൈശാചിക ശക്തി എല്ലാമിസ്റ്റിക് വചനങ്ങളെയും നൂറുകണക്കിന് രീതിയിൽ വ്യാഖ്യാനിക്കുന്നു. ചൂഷണമാണ് ആ വ്യാഖ്യാനങ്ങളുടെ ഉദ്ദേശം. ചില രീതികൾ പ്രകടമായും ചിലവ ഗോപ്യമായിരിക്കുകയും ചെയ്യുമെന്നേയുള്ളു. എല്ലാ മിസ്റ്റിക് വചനങ്ങൾക്കും, ഉപമകൾക്കും, കഥകൾക്കും ആകെ ഒരേ ഒരു വ്യാഖ്യാനമേ മിസ്റ്റിക്കുകൾ കൽപ്പിക്കുന്നുള്ളു. തന്റെ വചനം, അഥവാ ഉപമകൾ നിത്യജീവനിലേയ്ക്ക് ആത്മാവിനെ നയിക്കുന്ന രീതിയിലായിരിക്കണം ഓരോരുത്തരും വ്യാഖ്യാനിക്കേണ്ടത്. അല്ലാത്ത എല്ലാ വ്യാഖ്യാനങ്ങളും പൈശാചിക മനസിന്റെ നിലനിൽപ്പിനാവശ്യമായ യുക്തിയുടെ ദുർവ്യാഖ്യാനങ്ങളുമാണ്. അത്തരം വ്യാഖ്യാനങ്ങൾ നടത്തുന്നവരും അവ വിശ്വസിക്കുന്നവരും നുണയന്മാരും, സ്വാർത്ഥതയുള്ളവരും, സ്വാർത്ഥതനിലനിർത്താൻ ആഗ്രഹിക്കുന്നവരുമാണ്. അതിന്റെ ലക്ഷ്യം ചൂഷണമാണ്. ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. മതങ്ങൾക്കുകാരണക്കാരായ മിസ്റ്റിക്കുകളുടെ വചനങ്ങൾക്ക് ഒരേഒരു വ്യാഖ്യാനമേ നൽകപ്പെടാൻ കഴിയുകയുള്ളു. ബുദ്ധിയുടെ ഏറ്റകുറച്ചിലനുസരിച്ച് വ്യാഖ്യാനം ഏതുവിധേനയുമാകാം. പക്ഷെ അർത്ഥം ഒന്നുമാത്രം. ആത്മാവിന്റെ യഥാർത്ഥമായ മോചനം അഥവാ നിത്യജീവൻ.

ഒരു വസ്തുവിനെ നിങ്ങൾക്ക് വലുതാക്കാനും, ചെറുതാക്കാനും കഴിയും, ആ വസ്തുവിനരികിൽ അതുപോലുള്ള ഒരു വലിയ വസ്തു വച്ചാൽ ആദ്യത്തേത് ചെറുതായി തോന്നും. അതുപോല തന്നെ ഒരു ചെറിയ വസ്തുവച്ചാൽ ആദ്യത്തേത് വലുതാകുകയും ചെയ്യും. അതായത് ഒരേ സമയം ഒരു വസ്തുവിനെ ചെറുതാക്കാനും, വലുതാക്കാനും യുക്തികൊണ്ട് കഴിയും. ആ വസ്തുവിൽ ഒരു മാറ്റവും വരുത്താതെ. അതായത് യുക്തി അഥവാ logic ഒരു argument ആണ്. അതിനാൽ അത് ആപേക്ഷികവുമായിരിക്കും. ആപേക്ഷിക മാകുന്നതൊന്നും സത്യമായിരിക്കില്ല എന്ന് ശാസ്ത്രം തെളിയിച്ചിരിക്കുന്നു. അതായത് argumentകളും യുക്തിയും സത്യമല്ല എന്നർത്ഥം. ഇത് നിഷേധിക്കുവാൻ ബുദ്ധിയുള്ള ഒരു തലമുറയ്ക്കും സാദ്ധ്യമല്ല എന്നോർക്കണം.

അപ്പോൾ മതം ഒരു ആചാരമല്ല, പ്രാർത്ഥനയല്ല മറിച്ച് നിത്യജീവനിലേയ്ക്കോ, സ്വർഗ്ഗരാജ്യത്തിലേയ്ക്കോ, ആത്മാവിന്റെ സ്വാതന്ത്യത്തിലേയ്ക്കായുള്ള മാർഗ്ഗരേഖയാണ്. ആചാരങ്ങളും അതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനയും മനസിന്റെ ഭയത്തിൽനിന്ന് ഉടലെടുക്കുന്നതാണ്. ഭയമില്ലാത്തവൻ ആചാരങ്ങൾക്കും അതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനയ്ക്കും അതീതനായിരിക്കും. കാരണം അവൻ തന്റെ അദ്ധ്വാനഫലത്തെ മാത്രം ആശ്രയിക്കാൻ ധൈര്യമുള്ളവനാണ്. മറ്റുള്ളവരുടെ അദ്ധ്വാനഫലത്തിൽ കണ്ണുള്ളവനും, അദ്ധ്വാനിക്കാൻ മടിയുള്ളവരുമാണ് ആചാരങ്ങളെയും, അതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനകളേയും സമൂഹത്തിൽ പരിപോഷിപ്പിക്കുന്നത്. ഈ പറഞ്ഞതിനർത്ഥം ആചാരങ്ങളും, പ്രാർത്ഥനയും തെറ്റാണെന്നല്ല. മറിച്ച് അവ മനുഷ്യനെ നിത്യജീവനിലേയ്ക്ക് നയിക്കുന്നില്ലെങ്കിൽ അതിന്റെ അവസ്ഥ എന്തായിരിക്കും എന്നുള്ള സൂചനമാത്രമാണ്.



ഭൗതികമല്ലാത്തതൊന്നും പ്രാർത്ഥനയിൽ ആധുനിക മനുഷ്യൻ ആവശ്യപ്പെടാറില്ല. കാരണം നിത്യജീവൻ എന്തെന്ന് അവനറിയില്ല. നിത്യജീവൻ അല്ലെങ്കിൽ നിർവ്വാണ അല്ലെങ്കിൽ ആത്മാവിന്റെ സ്വാതന്ത്ര്യം മനുഷ്യർക്ക് മിസ്റ്റിക്കുകൾ നൽകിയ സത്യമെന്തെന്ന യാഥാർത്ഥ്യത്തിന്റെ വാഗ്ദാനങ്ങളാണ്, അതിലേക്കാവശ്യമായ മാർഗ്ഗങ്ങളും അവർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അവയെല്ലാം ഭൗതികനേട്ടങ്ങൾക്കുവേണ്ടിയാണെന്ന് യുക്തി, വാദിക്കുകയും, മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യുന്നു. സ്വാർത്ഥതയുള്ള മനുഷ്യൻ അതിൽ സന്തുഷ്ടരാകുകയും, പ്രാർത്ഥനാലയങ്ങൾ നിറയുകയും ചെയ്യുന്നു.

ശൂന്യതയിൽനിന്ന് വരുകയും ശൂന്യതയിലേയ്ക്ക് പോകുകയും ചെയ്യുന്ന മനുഷ്യൻ ഭൗതികാവശ്യങ്ങൾക്ക് പ്രാർത്ഥിച്ചാൽ അതിനേക്കാൾ മഠയത്തരം വേറെ ഉണ്ടോ? എന്നാൽ ജഡത്തിൽ നിലനിൽക്കുന്ന യഥാർത്ഥ ബോധം അഥവാ ആത്മാവിനെ നിത്യജീവനിലേയ്ക്ക് കടക്കാനുള്ള അനുഗ്രഹത്തിന് ആരും തന്നെ പ്രാർത്ഥിക്കാറില്ല. കാരണം നേരത്തെ പറഞ്ഞതുതന്നെ. നിത്യജീവൻ എന്തെന്ന് നമുക്കറിയില്ല. അപ്പോൾ മതങ്ങൾ ഭൗതിമായേ പരാജയപ്പെട്ടിട്ടുള്ള, ആത്മീയ അർത്ഥം കൊടുത്താൽ എല്ലാമതങ്ങളും ഒരേ ഒരു സത്യം മാത്രമേ നൽകുന്നുള്ളു എന്നുതിരിച്ചറിയാം. അതായത് മതഭേദവും, ജാതിഭേദവും നിലനിൽക്കുന്ന സത്യങ്ങളല്ല, പൈശാചിക മനസിന്റെ ഉല്പന്നങ്ങൾ മാത്രമാണവ.

Awarology യിലൂടെ സമ്പദ് വ്യവസ്ഥയെ വിലയിരുത്തിയാൽ ഇന്ന് നിലവിലുള്ള സമ്പദ് വ്യവസ്ഥയേക്കാൾ വളരെ വ്യത്യസ്ഥമായിരിക്കും അത്. ഭൗതിക ജീവിതത്തിന്റെ അഥവാ സ്വാർത്ഥതയുടെ മാനദണ്ഡത്തിൽ വച്ചു നോക്കിയാൽ ആയിരക്കണക്കിന് വ്യവസ്ഥകളുടെ ആയിരകണക്കിനു പുസ്തകങ്ങൾ എഴുതപ്പെട്ടിരിക്കുന്നതായി കാണാം.

എന്നാൽ ആ വ്യവസ്ഥിതികളും സിദ്ധാന്തങ്ങളും വമ്പിച്ച പരാജയങ്ങളാണെന്ന് ലോകത്തിന്റെ ഇന്നത്തെ അവസ്ഥ പരിശോധിച്ചാൽ മനസിലാക്കാം. ലോകത്തിലെ സമ്പത്തിന്റെ മുക്കാൽ ഭാഗവും ഏതാനും വ്യക്തികളും, കുടുംബങ്ങളും സംഘടനകളും കൈക്കലാക്കിയിരിക്കുന്നു. ഗവൺമെന്റുകളും ചെറുകിട വ്യവസായങ്ങളും, കൃഷിയും കടക്കെണിയിൽ പെട്ടു നട്ടംതിരിയുന്നു. അതിന്റ ഫലമാണ് സാമ്പത്തിക അടിമത്വവും, ഉച്ചനീചത്വവും, ദാരിദ്ര്യവും. ലോകത്തിലെ 600 കോടിയിലധികം വരുന്ന ജനങ്ങളിൽ ഏറിയപങ്കും ദാരിദ്ര്യരേഖയ്ക്കുതാഴെയാണെന്നും, ജീവന്റെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, ജലം, പാർപ്പിടം ഇവ ദയനീയമാം വണ്ണം നിഷേധിക്കപ്പെടുന്നു എന്നും ഇവ മാറാരോഗങ്ങൾക്കും, പകർച്ചവ്യാധികൾക്കും കാരണമാകുന്നുവെന്നും ലോകാരോഗ്യ സംഘടനകളുടെ കണക്കുകൾ സൂചിപ്പിക്കുമ്പോൾ ലോകസമ്പദ് ഘടനയും രാജ്യാന്തരസമ്പദ്ഘടനയും പരാജയമാണെന്നല്ലേ ഇത് തെളിയിക്കുന്നത്. ***"വൃക്ഷം അതിന്റെ ഫലം കൊണ്ടാണ് തിരിച്ചറിയപ്പെടുന്നത്."*** FD എന്ന അധമ മനസ് യഥാർത്ഥ ബോധത്തിന് ഏൽപ്പിക്കുന്ന ആഘാതമാണിത്. ജനസംഖ്യയുടെ 80-90% വരുന്ന ഉത്പാദകരായ സാധാരണ ജനങ്ങൾ (workingclass) ഉപഭോക്താക്കളായി പ്രത്യക്ഷപ്പെടുമ്പോൾ, വെറും 10% മാനത്തിൽ താഴെ വരുന്ന കച്ചവടക്കാരും, മൾട്ടിനാഷണൽ കമ്പനികളെന്നറിയപ്പെടുന്ന ധനകാര്യ ഏജന്റുമാരും അവരെ ദയനീയമാംവണ്ണം ചൂഷണം ചെയ്യുന്നു. ഇതിന്റെ ഫലമായി പട്ടിണിയും, രോഗങ്ങളും, അടിമത്വവും സമൂഹത്തിന്റെ അവിഭാജ്യഘടകമായിമാറുന്നു. നിത്യവൃത്തിക്കുവകയില്ലാത്തവന് നിത്യജീവൻ സങ്കൽപ്പിക്കാൻ പോലും കഴിയില്ലല്ലോ?

സാമ്പത്തിക വ്യവസ്ഥിതിയുടെ ഈ പരാജയത്തിനുകാരണം സാമ്പത്തിക സിദ്ധാന്തങ്ങൾ ലൈംഗിക ആസക്തിയിൽ നിലനിൽക്കുന്ന സ്വാർത്ഥതയുടെയും, possessiveness ന്റെയും അടിസ്ഥാനത്തിൽ നിലകൊള്ളുന്ന കുടുംബബന്ധങ്ങളിൽനിന്നുള്ള അധമ മനുഷ്യർ രൂപപ്പെടുത്തിയതുകൊണ്ടാണ്. ലോകസമ്പത്തിന്റെ കൈവശലബ്ധി പരിശോധിച്ചാൽ പകൽവെളിച്ചം പോലെ ഇതു വ്യക്തമാകും. ലോകസമ്പത്ത് ഏതാനും കുടുംബങ്ങളുടെയും വ്യക്തികളുടെയും കൈവശം എത്തിയിരിക്കുന്നു. ഇതിന് ഒരേ ഒരു പരിഹാരമേയുള്ളു. Awarology ലൂടെ കുടുംബസമ്പദ്വ്യവസ്ഥയെ വ്യാഖ്യാനിക്കണം. ബോധതലം ഉയർന്ന ഒരു സമൂഹത്തിന്റെ സമ്പദ് വ്യവസ്ഥ തീർച്ചയായും ഇങ്ങിനെ ആയിരിക്കില്ല.



സാമ്പത്തിക അടിത്തറയുടെ ആദ്യത്തെ കണ്ണി കുടുംബമാണ്. എന്നാൽ കുടുംബത്തിന്റെ അവസ്ഥ ഒന്നു പരിശോധിച്ചു നോക്കുക.

ഭർത്താവ് ജോലി ചെയ്തു സമ്പാദിക്കുന്നു. ഭാര്യയും, കുട്ടികളും ആകർമ്മഫലം പങ്കുവെയ്ക്കുന്നു. ഭർത്താവിനും കുട്ടികൾക്കും വേണ്ടി ആത്മാർത്ഥമായി വീട്ടുജോലി ചെയ്യുന്ന ഭാര്യ വാസ്തവത്തിൽ കർമ്മം ചെയ്യുകയും ഭർത്താവിന്റെ കർമ്മഫലത്തിന്റെ ഒരംശത്തിന് യഥാർത്ഥത്തിൽ അർഹയാകുകയും ചെയ്യുകയാണ്. എന്നാൽ ഭർത്താവ് ഭാര്യയെ താൻ ചിലവിന് കൊടുത്തു വളർത്തുന്ന ഒരു ജീവിയായി കണക്കാക്കുന്നു. ഇനി ഭാര്യയാണ് കുടുംബത്തിലേയ്ക്ക് അദ്ധ്വാനമൂല്യം കൊണ്ടുവരുന്നതെങ്കിൽ ഭർത്താവിന്റെ അവസ്ഥയും ഇതുതന്നെ. അതുപോലെ കുട്ടികളും അവരുടെ കർമ്മമായ വിധേയത്വം, പഠിക്കൽ എന്ന ക്രിയകൾ നന്നായി നിർവ്വഹിക്കുന്നുവെങ്കിൽ അവരും അച്ഛന്റെ അല്ലെങ്കിൽ അമ്മയുടെ കർമ്മഫലത്തിന്റെ ഒരംശത്തിന് അർഹരാണ്. അതാണ് അവർക്ക് ലഭിക്കേണ്ട നല്ല ആഹാരവും, വസ്ത്രവും, പഠിപ്പിനാവശ്യമായ പണവും. എന്നാൽ മാതാപിതാക്കൾ മക്കളെ വെറും ഒരു commodity ആയികാണുന്നു. ഭർത്താവ്, ഭാര്യയുടെ കർമ്മഫലത്തെയും തിരിച്ചും അംഗീകരിക്കാത്തതുപോലെ അച്ഛനമ്മമാർ കുട്ടികളുടെ കർമ്മത്തെയും അംശീകരിക്കുന്നില്ല. അവർക്ക് ബോധമുണ്ടെന്നും ആ ബോധം വളരേണ്ടതാണെന്നും അങ്ങിനെ നിത്യജീവനിലേയ്ക്ക് കടക്കേണ്ടവരാണെന്നും അറിയാതെ തങ്ങളുടെ വാർദ്ധ്യക്യകാലത്ത് സംരക്ഷിക്കേണ്ട വെറും മാംസകഷ്ണങ്ങൾ ആണെന്ന് തെറ്റിദ്ധരിക്കുന്നു. അതു പോലെതന്നെ ഭാര്യ-ഭർത്താവിന്റെയും മറിച്ചും ആത്മാവിന്റെ ഉയർച്ചയെ പരിപോഷിപ്പിക്കുന്നില്ല എന്നു മാത്രമല്ല അംഗീകരിക്കുക കൂടി ചെയ്യുന്നില്ല. സമ്പത്തിന്റെ കൈവശലബ്ധി അനുസരിച്ച് പരസ്പരം അടിമകളായി കാണുന്നു.

ഈ അടിമത്വം യഥാർത്ഥ ബോധമില്ലായ്മയിൽനിന്ന് ഉടലെടുക്കുന്നതാണ്. മൃഗങ്ങളിൽ ഇത്തരം അടിമത്വം സാധാരണയായി കാണാറില്ല. കാരണം തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധം അവരിൽ ഇല്ല എന്നതുതന്നെ അതായത് ആത്മാവിന്റെ അഭാവം.

ആത്മീയ ലക്ഷ്യം ഇല്ലാതെ പോകുകയും, നിലനിൽക്കാത്ത ഭൗതികലക്ഷ്യങ്ങളുടെ എണ്ണമറ്റ ആവശ്യങ്ങളും, ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ഭൗതിക ആഗ്രഹങ്ങൾ പൂർത്തീകരിക്കാനും, തലമുറകൾക്കുവേണ്ടി സമ്പാധിക്കുവാനും കുടുംബതലവൻ സ്വയം പ്രേരിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിന് ആരും കുറ്റക്കാരല്ല. മനസിന്റെ സ്വതസിദ്ധമായ സ്വാർത്ഥതയും ($f_x d_x$) അതിലൂടെ ഉയർന്നുവരുന്ന അറിവില്ലായ്മയും (Ignorance), യുക്തിയും, നിത്യജീവനെകുറിച്ചുള്ള അനുഭവത്തിന്റെ അഭാവവുമാണ് അവനെ നയിക്കുന്നത്. എന്നാൽ മരണം എല്ലാ ഭൗതിക നേട്ടങ്ങളെയും ശൂന്യതയിലേയ്ക്ക് ലയിപ്പിച്ചുകളയും എന്നവന് അറിയാമെങ്കിലും മറ്റു ലക്ഷ്യങ്ങൾ ഇല്ലാത്തതിനാൽ മനസിന്റെ പ്രവർത്തനങ്ങൾക്ക് അടിമയാകുന്നു. കുടുംബവ്യവസ്ഥിതിയിൽ നിന്ന് ഈ സമ്പദ്‌വ്യവസ്ഥ ആരംഭിച്ചതുകൊണ്ട് തന്നെയാണ് ഈ ലോകത്തിന്റെ സമ്പത്ത് ഏതാനും കുടുംബങ്ങളുടെ കൈകളിലേക്കകപ്പെട്ടതും. ആഗോളനിയമവും, പട്ടാളവും, ഭരണതന്ത്രങ്ങളും ഉണ്ടായിട്ടുപോലും ഈ ഗതികേട് ലോകത്തിനു വന്നത് കുടുംബസമ്പദ്‌വ്യവസ്ഥയുടെ അറിവില്ലായ്മ കൊണ്ടാണ്.

എന്നാൽ യഥാർത്ഥ ബോധതലം ഉയർന്ന ഒരു കുടുംബത്തിന്റെ സമ്പദ്‌വ്യവസ്ഥ രൂപപ്പെടുന്നത് യുക്തിയിലോ, നിയമങ്ങളിലോ ആയിരിക്കുകയില്ല, മറിച്ച് നിത്യജീവൻ എന്ന ജീവിതലക്ഷ്യം കുടുംബത്തിന്റെ സമ്പദ് വ്യവസ്ഥ തനിയെ രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഭൗതിക നേട്ടങ്ങളും, മോഹങ്ങളും ബാലിശങ്ങളാണെന്നും അവ നിലനിൽക്കുന്നവയല്ലെന്നും അത്തരം കുടുംബം തിരിച്ചറിയുന്നു. ഭൂസ്വത്ത്, സ്വർണ്ണം, വിലപിടിപ്പുള്ള വസ്ത്രങ്ങൾ, അമിതമായ ആഹാരം, ഇഷ്ടവസ്തുക്കളുടെ വാരികൂട്ടൽ അവർ അപ്പാടെ തള്ളികളയുന്നു. അതിലെ ഓരോ വ്യക്തിയും തന്റെ കർമ്മഫലത്തെക്കുറിച്ച് ബോധമുള്ളവരും അതീവ ശ്രദ്ധയുള്ളവരും ആയിരിക്കും. അവരുടെ ലക്ഷ്യം നിത്യജീവനുവേണ്ടി യഥാർത്ഥ ബോധത്തെ ഉയർത്തേണ്ട ആവശ്യകതയെക്കുറിച്ച് മാത്രമായിരിക്കും. അവർ വളരെ ബോധവാന്മാരും, സൂഷ്മ ദൃക്കുകളും ആയിരിക്കും. കാരണം ഒരു ജീവിത കാലയളവിനുള്ളിൽ (60-70 വയസിനുള്ളിൽ) യഥാർത്ഥ ബോധത്തെ നിത്യജീവൻ വരെ ഉയർത്തുന്നതിന് വളരെ പരിമിതമാണെന്നു അവർ അറിയുന്നു. അതിനാൽ അച്ഛന്റെ അദ്ധ്വാനഫലം പ്രായപൂർത്തിയാകുന്നതുവരെ മാത്രമെ കുട്ടികൾ സ്വീകരിക്കാൻ തയ്യാറാകുകയുള്ളു. അങ്ങിനെയാണ് അവർ വളർത്തപ്പെടുകയും, പഠിപ്പിക്കപ്പെടുകയും ചെയ്യുന്നത്. അതിനുശേഷം അച്ഛന്റെ കർമ്മഫലം പറ്റുന്നത് പാപമാണെന്നും അത് തന്റെ ബോധത്തെ തളർത്തികളയുമെന്നും അവർ തിരിച്ചറിയുന്നു. അതിനാൽ അവരുടെ ഓരോ നീക്കവും വളരെ സൂക്ഷ്മത യോടെയായിരിക്കും. ഭൗതികമായ ഒരു വസ്തുവിനോടും അമിതമായി അവർ ബന്ധപ്പെടില്ല. കാരണം അത് നെഗറ്റീവ് ചിന്തയാണെന്ന് അവർ അറിയുന്നു. അതിനാൽ ആധുനിക ലോകത്തിലെ ഒരച്ഛൻ സമ്പാദിക്കേണ്ടതുകയുടെ ഒരു ചെറിയ അംശംമതി ബോധം ഉയർന്ന ഒരു സമൂഹത്തിലെ അച്ഛന്. അതുപോലെ തന്നെ ഭാര്യയും തന്റെ കർമ്മത്തിന് അനുസൃതമായ പങ്ക് മാത്രമെ ഭർത്താവിൽനിന്ന് പറ്റുകയുള്ളു. കാരണം ഭാര്യ, അമ്മ എന്നത് തന്റെ താത്കാലികമായ അവസ്ഥയാണെന്നും മറ്റ് ആഢംബരങ്ങൾ ഉപേക്ഷിക്കേണ്ടതുണ്ടെന്നും അതിനായ പരിശ്രമമാണ് തന്റെ കർമ്മങ്ങൾ (നിഷ്കാമം അഥവാ neutral life) എന്നും അവർ തിരിച്ചറിയുന്നു. അതിനാൽ ഒരു കുടുംബത്തിന് നിലനിൽക്കാനാവശ്യമായ മിനിമം വസ്തുക്കളെ സമാഹരിക്കുവാൻ അവർ ഭർത്താവിനെ പ്രേരിപ്പിക്കുകയുള്ളു. അതായത് ജീവിക്കുവാൻ ഒരു മിനിമം വീടും, മിനിമം സ്ഥലവും, ഉടുക്കുവാൻ ആവശ്യമായ വസ്ത്രവും, ജീവനും, ആരോഗ്യവും നിലനിൽക്കാൻ ആവശ്യമായ ആഹാരവും മാത്രമേ അവർ ഉപയോഗിക്കുകയുള്ളു. ***ആഡംബരവും, ആമിതാഹാരവും തങ്ങളുടെ ബോധത്തെ തളർത്തുകയും, താഴ്ത്തുകയും ചെയ്യുമെന്ന് അവർ തിരിച്ചറിയുന്നു.***

ഈ അവസ്ഥയിലേക്ക് ബോധം ഉയർന്നാൽ സമൂഹത്തിൽനിന്ന് തന്റെ കർമ്മംകൊണ്ട് ലഭിക്കുന്ന ഏതു വരുമാനവും അധികമാകുന്നു. സാധാരണഗതിയിൽ പ്രായപൂർത്തിയാകുന്ന മക്കൾ നിയമങ്ങൾ കൊണ്ടാണ് അച്ഛന്റെ കർമ്മഫലമായ സ്വത്തിന് അവകാശികളാകുന്നത്. അല്ലാതെ കർമ്മം കൊണ്ടല്ലല്ലോ? എന്നാൽ ബോധം ഉയർന്ന ഒരു സമൂഹത്തിൽ മക്കൾ അച്ഛന്റെ കർമ്മഫലത്തിന്റെ സമ്പാദ്യം കൈപറ്റാൻ കൂട്ടാക്കില്ല. അത് പാപമാണെന്ന് അവർ അറിയുന്നു. കാരണം പ്രായപൂർത്തിയായ ഉടനെ മക്കൾ കർമ്മനിരതരാകുകയും സ്വന്തം കർമ്മഫലത്തിൽ ജീവിതത്തെ നീതിയോടെ മുന്നിലേയ്ക്കു നയിക്കാനും തുടങ്ങുന്നു. കാരണം പ്രായപൂർത്തിയാകുമ്പോൾ ബോധതലം വീണ്ടും ഉയരണമെങ്കിൽ സ്വന്തം കർമ്മഫലത്തെ അതിനായി ക്രമീകരിച്ചേ മതിയാകൂ എന്ന് അവർ തിരിച്ചറിയുന്നു. തന്റെ നിത്യജീവൻ തന്റെ ജീവിതരീതിയെയാണ് ആശ്രയിക്കുന്നതെന്ന് അവർക്ക

റിയാം. കാരണം കർമ്മം ചെയ്യുകയും ആ കർമ്മങ്ങൾ തന്റെ മനസിനെ ബാധിക്കാതിരിക്കാൻ നിഷ്കാമമായി (Neutral life) മനസിനെ നിലനിർത്താൻ പരിശീലിക്കുന്നതിന് സ്വയം കർമ്മത്തിലേർപ്പട്ടേ പറ്റൂ, എന്നും അവർ തിരിച്ചറിയുന്നു. മടിയനും, സ്വാർത്ഥനും നിത്യജീവൻ നിഷേധിക്കപ്പെടും എന്നും അവരറിയുന്നു. മടിയനും സ്വാർത്ഥനും, നിത്യജീവൻ ലഭിക്കാതെ പോകുന്നത് അവർ പാപം ചെയ്യുന്നതു കൊണ്ടല്ല. മറിച്ച് നിത്യജീവൻ ലഭിക്കുന്നതിന്റെ പ്രവർത്തന തത്വം അറിവില്ലാത്തതുകൊണ്ടാണ്.

അപ്പോൾ അച്ഛൻ സമൂഹത്തിൽനിന്ന് തന്റെ കർമ്മംകൊണ്ട് നേടി യെടുക്കുന്ന ഫലം, അധികമായാൽ അതിന് അവകാശികൾ ഇല്ലാതെ പോകുന്നു.

(അധുനിക ലോകത്ത് നിയമം കൊണ്ട് സ്വത്തുക്കൾ തലമുറകളി ലേയ്ക്ക് കൈമാറുകയും, അത് ഉപയോഗിക്കുന്നവന്റെ കർമ്മഫലമ ല്ലാത്തതിനാൽ അവന്റെ ആത്മാവിനെ അത് നശിപ്പിക്കുകയും ചെയ്യു കയാണെന്ന് മനസിലാക്കുക) നിയമം മനുഷ്യനെ പാപം ചെയ്യിക്കുന്നു എന്ന മിസ്റ്റിക് വചനം ഇവിടെ അർത്ഥവത്താകുന്നു.

അവകാശികൾ ഇല്ലാതെ പോയാൽ അച്ഛനു സമ്പാധിക്കാനുള്ള പ്രവണത കുറയുകയും തന്റെ ആത്മാവിനെ നിത്യജീവനിലേയ്ക്ക് കടത്താൻ അച്ഛൻ തന്റെ കുടുംബത്തിന് ആവശ്യമായവ സംമ്പാധി ക്കാൻ ശ്രമിക്കുകയും അവ നിഷ്കാമമായി (Neutral) ഭാര്യയ്ക്കും പ്രായ പൂർത്തിയാകാത്ത കുട്ടികൾക്കുമായി പങ്കുവെക്കുകയും ചെയ്യുന്നു. അതായത് ധനം ഒരു ജീവിത ഉപാധിയായി മാത്രം തരംതാഴ്ത്തപ്പെ ടുകയും ആത്മാവിന്റെ സ്വാതന്ത്ര്യം അഥവാ നിത്യജീവൻ ഒരു കുടും ബത്തിന്റെ ലക്ഷ്യമായി കണക്കാക്കപ്പെടുകയും ചെയ്യുന്നു.

ഇത്തരം കുടുംബങ്ങൾ ഒരു സമൂഹമായി വളർന്നാൻ അത്തരം ലോകത്തിന്റെ സാമ്പത്തിക നിയമങ്ങൾ എത്ര വ്യത്യസ്ഥമായിരിക്കു മെന്ന് ഇന്നത്തെ മനുഷ്യന് ഊഹിക്കുവാൻ പോലും കഴിയില്ല.

ഇവിടെ സ്വാഭാവികമായും രണ്ടു ചോദ്യങ്ങൾ വരാം.

1) ഇതൊരു സാങ്കൽപ്പികതയല്ലേ?
2) വാർദ്ധക്യത്തെയും, രോഗത്തെയും എങ്ങിനെ തരണം ചെയ്യും?

ഒന്നാമത്തെ ചോദ്യത്തിനുത്തരം വളരെ ലളിതമാണ്. സാങ്കൽപ്പി കമല്ല, കാരണം സാങ്കല്പികം ഇന്നുള്ള മനുഷ്യന്റെ ഭൗതിക ജീവിത മാണ്, അതിന് ലക്ഷ്യവുമില്ല. മരണം ഭൗതികനേട്ടങ്ങളെ വിഴുങ്ങികള



യുകയും, നേട്ടങ്ങൾക്കു കാരണമായ ആൾ ശൂന്യതയായി മാറുകയും ചെയ്യുന്നു. എന്നാൽ നിത്യജീവനെ ലക്ഷ്യമാക്കിയുള്ള സമൂഹത്തിലെ ഒരാൾക്ക് തന്റെ ഓരോ നിമിഷത്തെ പ്രവൃത്തികൾക്കും വ്യക്തിമായ ലക്ഷ്യമുണ്ടായിരിക്കും. യഥാർത്ഥ ബോധത്തെ ശരീരത്തിന്റെ മരണ ത്തോടെ അബോധത്തിലേയ്ക്ക് പോകാതെ ഉണർന്നിരിക്കുന്ന ബോധ മായി നിലനിർത്തി നിത്യ ജീവനിലേയ്ക്ക് കടത്തുക എന്നത് അയാ ളുടെ ജീവിത ലക്ഷ്യമാകുന്നു. അല്ലെങ്കിൽ അടുത്ത സാധ്യതയ്ക്കു വേണ്ടി മരണത്തോടെ അബോധത്തിലേയ്ക്ക് പോയമനസ് വീണ്ടും ശരീരമെടുക്കുമെന്ന് അയാൾ അറിയുന്നു. ബോധം ഉയർന്ന ഒരു സമൂ ഹത്തിലെ ഒരു വ്യക്തിക്ക് ഇതിൽ സംശയമുണ്ടാകില്ല.

രണ്ടാമത്തെ ചോദ്യത്തിന് ഉത്തരം ഇതിനേക്കാൾ ലളിതമാണ്. യഥാർത്ഥ ബോധം ഉയർന്ന ഒരു ശരീരത്തെ സാധാരണ രീതിയിൽ രോഗങ്ങൾ ബാധിക്കില്ല. എന്നാൽ പാരമ്പര്യ രോഗങ്ങൾ ഉണ്ടാകാം പക്ഷെ അതിനു പരിഹാരവും ഇല്ല ബോധതലം ഉയർന്ന ഒരു വ്യക്തിക്ക് രോഗങ്ങളുടെ വേദന നിരാശനൽകുന്നില്ല കാരണം വേദ നയിലും ബോധത്തെ സാക്ഷിയാക്കി നിർത്താൻ അയാൾ ആ അവ സരം ഉപയോഗിക്കുന്നു. ഇത് ബോധതലത്തെ വളരെ പെട്ടെന്നും, ശക്തിയായും ഉയർത്താനുമുള്ള കൃപ നൽകപ്പെടുവാൻ കാരണമാ കുന്നു. കൂടാതെ മരണഭയത്തെ ഈ അവസ്ഥ വല്ലാതെ കുറയ്ക്കു കയും ചെയ്യുന്നത് നിത്യ ജീവനെസംബന്ധിച്ച് വലിയ അനുഗ്രഹമാ യിരമാറുകയും ചെയ്യുന്നു. ബോധതലം ഉയർന്ന സമൂഹത്തിൽ വാർദ്ധക്യം ഒരിക്കലും അനാഥത്വം സൃഷ്ടിക്കില്ല. നിത്യജീവനിലേക്കു കടക്കാൻ അവസരം കൊടുക്കുന്ന വാർദ്ധ്യക്യം ആ വ്യക്തിയെ സംബ ന്ധിച്ച് ആനന്ദപ്രദവും, സമൂഹത്തെസംബന്ധിച്ച് വലിയ ഒരു ബാദ്ധ്യ തയുമായിമാറുന്നു. സമൂഹം അത്തരത്തിലുള്ള ഒരു വ്യക്തിയെ ബഹു മാനിക്കുകയും വേണ്ട എല്ലാ സഹായസഹകരണങ്ങൾ നൽകുകയും ചെയ്യുന്നു. മകളുടെ വിവാഹസമയത്ത് അച്ഛനും അമ്മയ്ക്കും ഉണ്ടാ കുന്ന ചാരിതാർത്ഥ്യം പോലെയായിരിക്കും അത്.

യഥാർത്ഥബോധതലം ഉയർന്ന ഒരു ശരീരത്തെ രോഗങ്ങൾ ബാധിക്കില്ല എന്നത് ഒരു ഊഹമോ, നിഗമനമോ, സാദ്ധ്യതയോ അല്ല. അത് തീർത്തും യുക്തിയുക്തമാണ് (logic) മനുഷ്യശരീരം പൂർണ്ണവും, സ്വയം കേടുപാടുകൾ തീർക്കുവാൻ കഴിവുള്ളതുമായ ഒരു ബോധ സംവിധാനമാണ്. ബോധം നൽകുന്ന കല്പനകളെ നാഡീകോശ ങ്ങൾക്ക് 100% വും സ്വീകരിക്കാൻ കഴിഞ്ഞാൽ രോഗങ്ങൾ വരാൻ

പാടില്ല. എന്നാൽ അമിതാഹാരം, കൃതൃമ ആഹാരം പണത്തിനുവേണ്ടിയുള്ള കഠിനാദ്ധ്വാനം, മദ്യം, ലഹരിമരുന്നുകൾ, വേദന സംഹാരികൾ, അശ്രദ്ധകൊ ണ്ടും, ബുദ്ധിയില്ലായ്മ കൊണ്ടും ശരീരത്തിനു ഏൽക്കേണ്ടിവരുന്ന അഘാതങ്ങൾ മുറിവുകൾ ഇവ നാഢീ പ്രവർത്തനത്തെ തളർത്തുകയും ക്ഷയിപ്പിക്കുകയും ചെയ്യുന്നു. ഇതാണ് രോഗ കാരണം യഥാർത്ഥബോധതലം ഉയർത്തി നിങ്ങൾക്കുതന്നെ ഇത് പരിശോധിക്കുവാനും മനസിലാക്കുവാനും കഴിയും. താൻ എന്ന യാഥാർത്ഥ്യം ഒരിക്കലും അസത്യമാവില്ലല്ലോ.

രോഗമില്ലാത്ത ശരീരത്തിന് വാർദ്ധക്യം ഒരു പ്രശ്നമല്ല കാരണം ബോധതലം ഉയർന്ന ഒരു ശരീരത്തിന് മരണത്തിനു തൊട്ടുമുമ്പുവരെ അദ്ധ്വാനിക്കാൻ കഴിയുന്നു. ബോധതലത്തെ ഉയർത്തുന്നതിന് സ്വന്തം കർമ്മം അത്യന്താപേക്ഷിതമാണ് മാത്രവുമല്ല മനസിന്റെ പരിണാമത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ enlightenment അഥവാ Neutral life സംഭവിക്കുന്നു. ആ സമയം ബോധം മരണഭയത്തെ അതിജീവിക്കുകയും തന്റെ ശരീരത്തിന്റെ അന്ത്യം കൃത്യമായി മരണത്തിനുമുമ്പ് തിരിച്ചറിയാൻ കാരണമാകുകയും ചെയ്യുന്നു. പ്രസവസമയമടുക്കുമ്പോൾ സ്ത്രീ തിരിച്ചറിയുന്നതുപോലെ . മരണം തന്റെ ശരീരത്തെ എടുത്തുകൊണ്ടുപോകാൻ ഉണർന്നിരിക്കുന്ന ബോധം ഉണർന്നിരുന്നുതന്നെ കാത്തിരിക്കുകയും, ശരീരം തന്റെ ജീവിതചക്രം പൂർത്തീകരിക്കുമ്പോൾ യഥാർത്ഥ ബോധം ($W_X$) അഥവാ ആത്മാവ് ശരീരത്തിൽ നിന്നും, കർമ്മഫലത്തിൽനിന്നും ($f_x d_x$) സ്വാതന്ത്ര്യം പ്രാപിക്കുകയും സമാധി ആകുകയും ചെയ്യുന്നു. വാർദ്ധക്യം വളരെ ആനന്ദപ്രദമാകുന്നു കാരണം ശരീരത്തിന്റേയും മനസിന്റേയും വേദനയെന്ന ഒരേയൊരു യാഥാർത്ഥ്യത്തെ എന്നന്നേയ്ക്കുമായി വിട്ടുപിരിയാൻ ആകാംക്ഷയോടെയും, പരമാനന്ദമാകുന്ന നിത്യജീവനിലേക്കു കടക്കാൻ കാത്തിരിക്കുകയും ചെയ്യുന്ന അവസ്ഥയാണല്ലോ അത്. ശരീരത്തെ എന്നന്നേയ്ക്കുമായി ഉപേക്ഷിക്കുവാൻ തനിക്കുലഭിച്ച മനുഷ്യജന്മം നിഷ്കാമമായി (Neutral life) വിനിയോഗിക്കാൻ കഴിഞ്ഞെന്ന ചാരിതാർത്ഥ്യവും, അത് ഇനി തുടരില്ലല്ലോ എന്ന സമാധാനവും, ശാന്തമായി മരിക്കാൻ ഒരു വ്യക്തിയെ സഹായിക്കുന്നു.

***നാൻസെൻ*** (Nansen) എന്ന ***ZEN*** സന്യാസി തന്റെ ജീവിതം കൊണ്ട് ഇത് വളരെ വ്യക്തമായി തെളിയിച്ചിരിക്കുന്നു. അദ്ദേഹത്തിനുമുമ്പും പിമ്പും ജീവിച്ചു കടന്നുപോയ അനേകം മിസ്റ്റിക്കുകളും ഇത് സാദ്ധ്യമാണെന്ന് ലോകത്തിന് ആവർത്തിച്ചാവർത്തിച്ച് കാണിച്ചു കൊടുത്തിരിക്കുന്നു.



എന്നാൽ മനസെന്ന പൈശാചിക ശക്തി തന്റെ യുക്തികൊണ്ട് മനുഷ്യനെ തെറ്റിദ്ധരിപ്പിച്ച് ഇന്നും മുന്നിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. അത്തരത്തിലുള്ള മനസിന്റെ വളർച്ച അഥവാ പരിണാമം തടഞ്ഞേപറ്റു. അല്ലെങ്കിൽ ലോകവും അതിലെ ജനങ്ങളും നിലനിൽക്കില്ല അത് പുതിയ പുതിയ സാദ്ധ്യതകൾ തേടിക്കൊണ്ട് കൂട്ട ആത്മഹത്യകൾക്കും, യുദ്ധങ്ങൾക്കും, പ്രകൃതി ദുരന്തങ്ങൾക്കും അവസരം വച്ചു കൊണ്ടിരിക്കും.

ഓരോ വ്യക്തിയും കുടുംബമായും, സമൂഹമായും നിലനിൽക്കുമ്പോഴും തന്റെ മാത്രം കർമ്മത്തെ അടിസ്ഥാനമാക്കി നിലനിന്നാൽ ഇന്നത്തെ സമ്പദ് വ്യവസ്ഥ തകിടം മറിഞ്ഞുപോകും. ബോധത്തിൽ ഉയർന്ന ഒരു സമൂഹത്തിൽ ഇത് നൂറ് ശതമാനവും യാഥാർത്ഥ്യമായി മാറും. ***അത്തരം സമൂഹം പങ്കുവയ്ക്കലിൽ (Sharing) മാത്രം നിലകൊള്ളുകയുള്ളു.*** അവിടെ charity എന്ന സൂത്രം ഉണ്ടാകില്ല. കാരണം ഉച്ഛനീചത്വങ്ങളും, കടബാദ്ധ്യതകളും, നിലനിൽക്കാത്തതിനാൽ ആഹാരവും പാർപ്പിടവും എല്ലാവർക്കും പങ്കുവയ്ക്കപ്പെടുന്നു. അപ്പോൾ മഹാത്മാരും, ഭീകര പ്രവർത്തകരും, മയക്കുമരുന്നു വില്പനക്കാരും അത് ഉപയോഗിക്കുന്നവരും ഉണ്ടാകില്ല. കാരണം ബോധം ഉയർന്ന ഒരു സമൂഹത്തിൽ അവയ്ക്കു പ്രസക്തിയില്ലല്ലോ? പലിശയും, ചൂഷണവും നിലനിൽക്കില്ല. ബാങ്കിംഗ് സമ്പ്രദായം പലിശയിൽ നിലനിൽക്കാതെ മറ്റൊരു മാനദണ്ഡം കൈകൊള്ളും. അവകാശങ്ങളും, സമരങ്ങളും പാടെനിന്നുപോകും. കാരണം ആരും രണ്ടാമതൊരാൾക്കുവേണ്ടി പണി എടുക്കില്ലല്ലോ. താൻ എന്ത് ചെയ്യുമ്പോഴും അത് തന്റെ ബോധത്തെ ഉയർത്തുന്ന രീതിയിലുള്ള നിഷ്കാമകർമ്മമാണോ (Neutral life) എന്ന് ഓരോ നിമിഷവും മനസിനെ ബോധ്യപ്പെടുത്തേണ്ടത് ജീവിതലക്ഷ്യമായി മാറുകയും ചെയ്യുന്നു. കർമ്മത്തിന്റെ പ്രതിഫലം ജീവിതത്തെ നിലനിർത്തണമെന്നമിനിമം ആവശ്യത്തിൽ നിലകൊള്ളുന്നു. അല്ലാതെ സമ്പാദ്യം എന്ന പ്രശ്നമേ സമൂഹത്തിൽ നിലനിൽക്കുകയില്ല. കാരണം അതിന്റെ അർത്ഥ ശൂന്യത സമൂഹം തിരിച്ചറിയുന്നു.

***അതായത് ശക്തമായതിനെ (ആത്മാവിനെ) ദുർബ്ബലമായത് (മനസ്, ശരീരം) എങ്ങിനെ മറച്ചുപിടിച്ചിരുക്കുന്നു*** എന്നത് ബോധം ഉയർന്ന സമൂഹം തിരിച്ചറിയുന്നു. ആ തിരിച്ചറിവ് തീർത്തും സാദ്ധ്യമാണ്. യഥാർത്ഥബോധത്തെ ഉയർത്തുന്നതിനുള്ള പരിശീലനം നമ്മുടെ യുവജനങ്ങളെ വളരെ പ്രാധാന്യത്തോടെ പഠിപ്പിച്ചു തുടങ്ങണം. അതിന്റെ തുടക്കമാണ് Nansen school തുടങ്ങിവയ്ക്കുന്നത്.

തുടരുക, ലോകം മുഴുവനും വ്യാപിപ്പിക്കുക. വരും, തലമുറ തങ്ങളുടെ ലക്ഷ്യം ഭൗതികതലത്തിൽ നിന്ന് ആത്മീയ തലത്തിലേയ്ക്ക് ഉയർത്തും അതിലൂടെ മനുഷ്യ ജീവിതത്തിന് വ്യക്തമായ ഒരു ലക്ഷ്യബോധം കൈവരും. യുക്തി അവിടെ നിഷേധിക്കപ്പെടും. കാരണമില്ലാത്ത സന്തോഷം (പരമാനന്ദം) മനുഷ്യൻ തിരച്ചറിയും അപ്പോൾ ലഹരി മരുന്നുകളും മദ്യവും, ലൈംഗിക അരാജകത്വങ്ങളും പാടെ നിന്നുപോകും. കാരണം ബോധത്തെ ഏറ്റവും അധികം തളർത്തുന്ന ഘടകങ്ങളാണ് ഇത് എന്ന് ആ സമൂഹം മനസിലാക്കും. മാത്രമല്ല പരാമനാന്ദത്തിനുമുന്നിൽ മേൽപറഞ്ഞവ നൽകുന്ന സുഖം അനുപാതക്രമത്തിൽ വളരെ ചെറുതായി തിരിച്ചറിയപ്പെടുന്നു. ഓരോ വ്യക്തിയും സ്വയം നിയമങ്ങളായി മാറുന്നു. അടിച്ചേൽപ്പിക്കപ്പെടുന്ന നിയമങ്ങൾ അസാദ്ധ്യമാകുന്നു. കാരണം ആഹാരവും, പാർപ്പിടവും, ധനവും പങ്കുവയ്ക്കപ്പെടുന്ന ഒരു സമൂഹത്തിൽ സ്വാർത്ഥതയ്ക്ക് എങ്ങിനെ പിടിച്ചുനിൽക്കാനാവും? ***ഇത്തരം സമൂഹത്തിൽ ആരും, ആരേയും സ്നേഹിക്കുകയോ നന്മചെയ്യുകയോ ചെയ്യുന്നില്ല.*** എല്ലാവരും സ്വയം സ്നേഹമായും, നന്മയായുംമാറുകയാണ്. നന്മയും സ്നേഹവും ഇവിടെ ആരും പഠിപ്പിക്കുന്നില്ല. ***സ്നേഹിക്കാത്തതു കൊണ്ട് സ്വാർത്ഥതയും നന്മയചെയ്യാത്തത് കൊണ്ട് തിന്മയും ഇത്തരം സമൂഹത്തിൽ നിലനിൽക്കില്ല.*** ആതുരാലയങ്ങളും ആശുപത്രികളും ഇല്ലാതായിപ്പോകും. കാരണം Neutral life സംഭവിക്കുന്ന സമൂഹത്തിന് മരണഭയം ഉണ്ടാകില്ല. മരണഭയം ഇല്ലാത്തവർക്കും, പരസ്പരം ആശ്രയിക്കാത്തവർക്കും, ആസ്പത്രികളുടേയും, ധർമ്മസ്ഥാപനങ്ങളുടേയും ആവശ്യമില്ലല്ലോ.

ജീവിതത്തിൽ വ്യക്തമായ ലക്ഷ്യവും, ലക്ഷ്യം നേടാൻ Neutral life സംഭവിക്കാനും യഥാർത്ഥ ബോധത്തെ ഉയർത്തുന്ന വ്യക്തമായ കർമ്മ പരിപാടികളും മാത്രമുള്ള സമൂഹത്തിന് ഭൗതിക ജീവിതം ഒരു പ്രാർത്ഥനയായി മാറുന്നു ശാസ്ത്ര പുരോഗതി മനുഷ്യനന്മയ്ക്കായി വളരെ ശ്രദ്ധാപൂർവ്വം ഉപയോഗിക്കാൻ ഇത്തരം സമൂഹത്തിനു വളരെ എളുപ്പം കഴിയുന്നു.

പങ്കുവയ്ക്കൽ (Sharing) എന്ന അടിത്തറയോടുകൂടി സമ്പദ്‌വ്യവസ്ഥയിൽ നന്മ-തിന്മകളുടെ അർത്ഥം നഷ്ടപ്പെടുന്നു. ബന്ധങ്ങളുടെ ബന്ധനങ്ങൾ അഥവാ Relatedness ഇത്തരം സമൂഹത്തിൽ ഇല്ലാത്തതിനാൽ ഓരോവ്യക്തിയും ജീവിത സൗകര്യത്തിനുവേണ്ടി പരസ്പരം



ബന്ധപ്പെട്ടു ജീവിക്കുമെങ്കിലും അവരുടെ ശ്രമം മുഴുവനും അവരവരുടെ ആത്മാവിനെ ഉയർത്തുക അഥവാ സ്വതന്ത്ര്യമാക്കുക എന്ന ലക്ഷ്യത്തിലായിരിക്കും.

ഒരുവൻ തന്നിലേയ്ക്കിറങ്ങിയാൽ സ്വാർത്ഥതയും, ദുരാഗ്രഹവും നിലനിൽക്കില്ല കാരണം ഇതു രണ്ടും ഭൗതികലക്ഷ്യങ്ങളുള്ളതും അഹങ്കാരത്തിന്റെ (ego) അറിവില്ലായ്മയുമാണ്. ബോധം ഉയർന്ന സമൂഹത്തിൽ ഇതിനു പ്രസക്തി ഉണ്ടാകില്ല.

ഈ ലോകത്തു നിലവിലുള്ള ഭരണ സംവിധാനങ്ങളോ, കാഴ്ചപാടുകളോ, തത്വശാസ്ത്രങ്ങളോ അല്ല തിരുത്തേണ്ടത് തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധത്തെ ഉയർത്തുവാൻ സമൂഹത്തെ പ്രേരിപ്പിക്കുക Academic വിദ്യാഭ്യാസത്തോടൊപ്പം awarology എന്ന ശാസ്ത്രവും awareness പരിശീലനവും വളരെ പ്രാധാന്യത്തോടെ അംഗീകരിക്കുക. ലക്ഷ്യം തിരുത്തപ്പെട്ടാൽ മാർഗ്ഗം ലക്ഷ്യത്തെ അനുസരിച്ച് തനിയെ ക്രമീകരിക്കപ്പെടുകയും സ്വയം തിരുത്തപ്പടുകയും ചെയ്തുകൊള്ളും. ലക്ഷ്യം മരണമെന്ന ശൂന്യതയായിരിക്കെ മാർഗ്ഗങ്ങൾ എത്രയധികം തിരുത്തപ്പെട്ടാലും ഫലം മറ്റൊരു ശൂന്യതതന്നെയായിരിക്കുമെന്നേയുള്ളൂ.

അതായത് മിഥ്യയായത് സത്യമായും, സത്യമായത് മിഥ്യയായതുമായ അവസ്ഥയാണ് ഇന്നത്തെ മനുഷ്യസമൂഹത്തെ നയിക്കുന്നത്. അത് മനസ് എന്ന വ്യാധിയും അതിലെ അജ്ഞതയുമാണ് അതിനെ നീക്കം ചെയ്താൽ ബാക്കി ശേഷിക്കുന്നത് യഥാർത്ഥ ബോധമാണ് ($W_X$) അതിന് വ്യക്തമായ ലക്ഷ്യമുണ്ട്, എന്ന് തിരിച്ചറിയുക. അതാണ് നിത്യജീവൻ. ഉണർന്നിരുന്ന് ശരീരത്തെ വെടിയുന്ന അവസ്ഥ. ഭൂമിയെ പങ്കുവയ്ക്കാൻ ആർക്കും കഴിയില്ല. ഓരോരുത്തരും അവരവരുടെ self-ൽ ആണ് കേന്ദ്രീകരികപ്പെടേണ്ടത്. അല്ലാതെ ഭൂമിയിലോ അതിലെ വസ്തുക്കളിലോ അല്ല. ഭൗതിക തലത്തിൽ നിന്നും നോക്കുമ്പോൾ മേൽപറഞ്ഞതെല്ലാം തീർത്തും അപ്രായോഗികം എന്നു തോന്നിയേക്കാം. എന്നാൽ $W_X$ ഉയർന്ന ഒരു സമൂഹത്തിൽ ഇത് തീർത്തും പ്രായോഗികമായിരിക്കും.

അതിനാൽ $W_X$-നെ ഉയർത്തുക എന്നത് അത്യന്താപേക്ഷിതമാണ്. അല്ലെങ്കിൽ സംസ്കാരം ഉണ്ടെന്നു നടിക്കുന്ന കിരാതമായ ഒരു സാമൂഹ്യ വ്യവസ്ഥിതി സ്വയം സംജാതമാകുകയും മനുഷ്യർ പരസ്പരം നശ്വരമായ ഭൗതികവസ്തുക്കൾക്കുവേണ്ടിയും, തത്വസംഹിതകൾക്കു

വേണ്ടിയും പരമാനന്ദ പ്രതീകമായ ആത്മാവ് കൂടിയിരിക്കുന്ന ശരീരമെന്ന ദേവാലയം കുത്തിക്കീറി നശിപ്പിക്കുന്ന കളിയിൽ ജന്മജന്മാന്തരങ്ങളായി ഏർപ്പെട്ട് കൊണ്ടിരിക്കുകയും ചെയ്യും.

ചൂഷണം ചെയ്തും ചെയ്യപ്പെട്ടും നിലനിൽക്കുന്ന ഒരു സമൂഹത്തെ സംബന്ധിച്ച് $W_X$-ന്റെ ഉയർച്ച നാശം തന്നെയാണ്. കാരണം ചൂഷണത്തിലാണ് FDഎന്ന അടിസ്ഥാന മനസ് നിലനിൽക്കുന്നതും വളരുന്നതും, അതിനാൽ അതിനെതിരെ വിരൽചൂണ്ടുന്ന ഏത് സംവിധാനത്തെയും പല്ലും നഖവും ഉപയോഗിച്ച് അത് എതിർക്കും, നശിപ്പിക്കാൻ ശ്രമിക്കും. പക്ഷെ എന്ത് എതിർപ്പ് സഹിക്കേണ്ടിവന്നാലും ഒരു ചെറിയ ശതമാനം മനസുകളിൽ യഥാർത്ഥ ബോധം ($W_X$) വളരും എന്നത് ഉറപ്പാണ്. വളർച്ച സാവധാനമാകുമെങ്കിലും വളരും എന്നത് തീർച്ചയാണ്. അത്തരം മനസുകളുടെ വാതുക്കൽ ഈ പുസ്തകം തീർച്ചയായും മുട്ടുകയും അത് തുറക്കപ്പെടുകയും ചെയ്യും. അത്തരം മനുഷ്യരെ നിലനിറുത്താനെങ്കിലും ഈ ഭൂമിക്കുകഴിയും. $W_X$ ഉയരാൻ തുടങ്ങിയാൽ അത് പടിപടിയായി ഉയരുകയും കാട്ടുതീ പോലെ പെട്ടെന്ന് പടരുകയും ചെയ്യും. നന്മയ്ക്കും തിന്മമയ്ക്കും സമൂഹത്തിൽ വളരാൻ കഴിയുമെങ്കിൽ അതിനുകാരണമായ യഥാർത്ഥ ബോധത്തിനു അതുപോലെ വളരാൻ കഴിയുമെന്നുള്ളത് തീർത്തും യുക്തിയുക്തമാണ്. ഇത്തരമൊരു സാദ്ധ്യതയെങ്കിലും ഇല്ലെങ്കിൽ ഈ ഭൂമിക്ക് മുകളിലെ മനുഷ്യ ജീവന് ആയുസ്സ് വളരെ കുറവായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. ലോകരാഷ്ട്രങ്ങളുടെ ഗതി വീക്ഷിച്ചാൽ അതിൽ ആർക്കും സംശയമുണ്ടാകില്ല.

ഇവിടെ സ്വാഭാവികമായും ഒരു സംശയം വരാം. ബന്ധങ്ങിലെ ബന്ധനങ്ങളെ നിലനിറുത്തുന്ന സാമൂഹ്യ നിയമങ്ങളോ, വ്യക്തിനിയമങ്ങളോ ഇല്ലാതായാൽ അരാജകത്വം സംഭവിക്കില്ലേ? ചൂഷണം വർദ്ധിക്കില്ലേ? സംസ്ക്കാരങ്ങൾ തകർന്നുപോകില്ലേ? ഉത്തരം ഇവയൊന്നും സംഭവിക്കില്ല എന്നു മാത്രമല്ല മനുഷ്യർ പൂർവ്വാധികം കെട്ടുറപ്പോടെ പരസ്പരം സഹകരിച്ച് ശക്തമായിതീരുകയും ചെയ്യുന്നു. $W_X$ ആണ് ഉയർത്തപ്പെടുന്നതും ഉയരുന്നതും. അതിന്റെ ഏറ്റവും വലിയ പ്രത്യേകത അത് അടിമത്വത്തിനും പരാശ്രയത്തിനും ചൂഷണത്തിനും എതിരുമാണെന്നുള്ളതുമാണ്. എല്ലാവരും അവരവരുടെ കർമ്മത്തെ പൂർണ്ണമായി ആശ്രയിക്കുകയും ലക്ഷ്യം ഭൗതികമല്ലാതിരിക്കുകയും ചെയ്യുമ്പോൾ ഉത്പന്നം സർപ്ലസ് ആകും. അത് പങ്ക് വയ്ക്കുന്നതിലൂടെ ബലവാനും, ബലഹീനനും തുല്യരാക്കപ്പെടുന്നു. കാരണം ലക്ഷ്യം



നിത്യജീവനാണെന്നോർക്കണം. മടിയന്മാർ ഉണ്ടങ്കില്ലേ? എന്ന സംശയം വരാം. തീർച്ചയായും ഉണ്ടാകും. അവരെ തീറ്റിപോറ്റാനും Wx ഉയർന്ന വ്യക്തികൾക്ക് ബുദ്ധിമുട്ടില്ല. കാരണം അവരുടെ ബുദ്ധിശക്തി അസാധാരണമായി വളരുകയും ഭൗതികശാസ്ത്രത്തിന്റെ സഹായത്തോടെ മടിയന്മാർക്ക് ആഹാരവും, വസ്ത്രവും, പാർപ്പിടവും, കണ്ടെത്താനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയും. ഇപ്രകാരം ചെയ്യുന്നതിൽ $W_X$ ഉയർന്ന വ്യക്തികൾക്ക് ആനന്ദമേ ഉണ്ടാകൂ കരാണം കർമ്മഫലം അവർ ഇച്ഛിക്കുന്നില്ലല്ലോ. അതാണ് Neutral lifeന്റെ പ്രത്യേകത. അമിതാഹാരവും, അമിതാഗ്രഹവും ഇല്ലാത്ത ഇത്തരം മനുഷ്യർ സമൂഹത്തിൽ ന്യൂനപക്ഷമാണെങ്കിൽ പോലും ആ സമൂഹം ഇപ്പോൾ നിലനിൽക്കുന്ന സമൂഹത്തേക്കാൾ എത്രയോ മടങ്ങ് പ്രശ്നരഹിതമായിരക്കും എന്ന് അല്പം ചിന്തിച്ചാൽ മനസിലാകും. തന്റെ തന്നെയും കുടുംബത്തിന്റെയും ജീവൻ നിലനിർത്താൻ ആവശ്യമായത് കഴിഞ്ഞ് ബാക്കി പങ്കുവയ്ക്കാൻ അത്തരം ഒരാളിന് നിയമത്തിന്റെ ആവശ്യമില്ല. ഇത്തരം ജീവിതത്തെയാണ് സ്വയം സ്നേഹമായി മാറുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ***"നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക"*** എന്നതിന്റെ അർത്ഥവും മറ്റൊന്നല്ല. ഇത്തരം സമൂഹത്തിൽ മഹാന്മാർ പ്രത്യക്ഷപ്പെടില്ല കാരണം, അടിമത്വവും, ദാരിദ്ര്യവും അനാഥത്വവും ഉണ്ടാകില്ലല്ലോ ആരും, ആർക്കുവേണ്ടിയും ഒന്നും ചെയ്യുന്നില്ല. മറിച്ച് എല്ലാവരും എല്ലാവർക്കും വേണ്ടി എല്ലാം ചെയ്യുന്ന അവസ്ഥ അനുഭവപ്പെടുന്നു. ഇതാണ് നിഷ്കാമ കർമ്മ ജീവിതം അഥവാ ന്യൂട്രൽ ലൈഫ്.

### Neutral life- (നിഷ്കാമ ജീവിതം)

Neutral life-ന്റെ ഏറ്റവും വലിയ പോരായ്മ അത് പുസ്തകത്തിലൂടെയും, അഭ്യാസങ്ങളിലൂടെയും നേടിയെടുക്കാൻ കഴിയില്ല എന്നതാണ് അത് ഒരുവന്റെ മനസിൽ സംഭവിക്കുന്നതാണ്. ജീവിതത്തിന്റെ ബന്ധനമാകുന്ന അടിമത്വത്തിൽനിന്ന് $W_X$ സ്വതന്ത്രമാകുന്ന അവസ്ഥയാണ്, ഒരു തരം സംഭവിക്കലാണ്. ഈ അടിമത്വം, ജനിച്ച് വളരുമ്പോൾ വന്നു ചേരുന്നതല്ല നമ്മുടെ ഓരോ കോശങ്ങളിലും അതിനാവശ്യമായ പ്രോഗ്രാം ജീനുകളുടെ രൂപത്തിൽ വച്ചിരിക്കുന്നു. അതിനെ ഒരു വിധത്തിലും നശിപ്പിക്കാനാവില്ല എന്നാൽ $W_X$ ഉയരുന്നതോടെ നിങ്ങൾ നിങ്ങളെതന്നെ നോക്കികാണുന്ന ഒരു സാക്ഷിയായി മാറാൻ തുടങ്ങുന്നു. ഇത് ഒരു മാറ്റമല്ല, അവസ്ഥാഭേദമാണ്, സംഭവിക്കലാണ് മെറ്റമോർഫോസിസ് എന്ന് വേണമെങ്കിൽ പറയാം ഇത് മഹാബോധത്തിൽ

നിന്നൊഴുകിവരുന്ന ഒരു കൃപയാണ്. അല്ലെങ്കിൽ പ്രസാദമാണ്. ഈ പ്രസാദം എപ്പോൾ എങ്ങിനെ ലഭിക്കുമെന്ന് അത് ലഭിക്കുന്ന വ്യക്തിക്കുമാത്രമെ അറിയാൻ കഴിയുകയുള്ളൂ. ഈ അവസ്ഥയെ യോഗസൂത്രയിൽ പ്രത്യാഹാര എന്നും മറ്റു മതഗ്രന്ഥങ്ങളിൽ പരിശുദ്ധാത്മാവിന്റെ എഴുന്നള്ളൻ എന്നും, സമാധി അവസ്ഥ എന്നുംപറയുന്നു. അത് ലഭിക്കാനുള്ള ഒരേ ഒരുമാർഗ്ഗം അഹങ്കാരം അഥവാ അഹം (ego) എന്ന നിഴലിനെ തിരിച്ചറിയുകയും അത് ചിന്തകളുടെ ഒരു സമാഹാരമാണെന്നും $W_X$ എന്ന തന്റെ ബോധമുപയോഗിച്ച് ആ അജ്ഞതയെ (Ignorance) തിരിച്ചറിയാനും ജ്ഞാനംകൊണ്ട് (ego-യെ) സാവധാനം കുറച്ചു കൊണ്ടുവരാൻ കഴിയുകയും ജീവിതലക്ഷ്യം നിത്യജീവനാണെന്ന് തിരിച്ചറിയുകയും ചെയ്യുക എന്നതാണ്. ഇത് വായിക്കുമ്പോൾ നിസാരമെന്ന് തോന്നാമെങ്കിലും, ഇതിലേയ്ക്ക് ഇറങ്ങുമ്പോഴാണ് FD തന്റെ ശക്തി എന്തെന്ന് നിങ്ങൾക്ക് കാണിച്ചുതരുന്നത്. സമ്പന്നതിയിലും, ദാരിദ്ര്യത്തിലും നിങ്ങൾക്കു ജീവിക്കാം, വേദനയെയും, രോഗങ്ങളെയും ഒഴിവാക്കാനാവില്ലന്നേയുള്ളു. മരണംവരെ ജീവിതത്തെ, നിലനിൽക്കാത്ത ലക്ഷ്യങ്ങൾക്കുവേണ്ടി വണ്ടികാളയെപ്പോലെ വലിച്ചുകൊണ്ടുപോകാം അതിൽ കുറേനിരാശകളും, വേദനകളും, ദുരിതങ്ങളും അല്പം സന്തോഷവും ഉണ്ടാകുമെന്നേയുള്ളു. അതിനെ ജീവിതമെന്ന് വിളിക്കുവാനുമാണ് നമ്മെ പഠിപ്പിക്കുന്നതും. ഇത് FD എന്ന അടിസ്ഥാനമാനസിന്റെ അജ്ഞതയാണ്. ഈ അജ്ഞാതയെ മാറ്റുന്നതിന് യഥാർത്ഥ ബോധതലം ($W_X$) ഉയർത്താൻ നിങ്ങൾ തയ്യാറാക്കുമ്പോൾ ആദ്യത്തെ വെടി കടുംബബന്ധങ്ങളിൽനിന്നുതന്നെ പൊട്ടും. ***“സ്വന്തം ഭാര്യയും, സഹോദരങ്ങളും, മാതാപിതാക്കളുമാണ് നിന്റെ നിത്യജീവന്റെ ശത്രുക്കൾ”*** എന്ന മിസ്റ്റിക്ക് വചനം എത്രസത്യമാണെന്ന് ആലോചിക്കുക. ആ മിസ്റ്റിക്ക് വചനം വീണ്ടും തുടരുന്നു. ***‘‘വരാനിരിക്കുന്ന യുഗത്തെ പ്രാപിക്കുന്ന മക്കൾ വിവാഹം, കഴിക്കുകയോ, കഴിപ്പിക്കുകയോ ചെയ്യുന്നില്ല.”*** 6 തവണ കളോളം ആവർത്തിക്കപ്പെടുന്ന ഇതുപോലുള്ള മിസ്റ്റിക്ക് വചനങ്ങൾ ഈ സത്യത്തെയല്ലേ ശക്തിമായി പ്രതിനിധികരിക്കുന്നത്? കണ്ണുകളും, കാതുകളും തുറന്ന് അറിയാൻ ശ്രമിക്കുക. സത്യത്തെ മറച്ചുപിടിക്കാനും ഇതിനെതിരെ വാദപ്രതിവാദങ്ങൾ ഉയർത്തിവിടാനും ബുദ്ധിമുട്ടില്ല. പക്ഷെ എന്തിനുവേണ്ടി? ഭൗതികജീവിതം യാഥാർത്ഥ്യമെന്ന് തെളിയിക്കാനോ? അല്ലെങ്കിൽ കൂട്ടത്തോടെ സമാധിയിലേയ്ക്കോ, സ്വർഗ്ഗരാജ്യത്തിലേയ്ക്കോ, കടക്കാമെന്ന പമ്പര വിഢിത്വത്തെ നിലനിർത്താനോ?



ഇത് നിങ്ങളുടെ ജീവിതവും FDയും തമ്മിലുള്ള ഒരു യുദ്ധമാണെന്ന് നിങ്ങൾ തിരിച്ചറിയും. ഇതിന്റെ അന്ത്യത്തെ അഹത്തിന്റെ (egoയുടെ) “മരണം” എന്നു വിളിക്കാം. ***‘‘ജീവിച്ചിരിക്കേ നിങ്ങൾ രണ്ടാമതു ജനിക്കണം.”*** എന്നാൽ മാത്രമെ നിത്യജീവന് അർഹരാകുകയുള്ളു എന്ന മിസ്റ്റിക് വചനം ഓർക്കുക. ഈ മരണം കഴിഞ്ഞാലേ ഈ കൃപ നിങ്ങളിലേയ്ക്ക് ഒഴുകുകയുള്ളു. അതോടെ നിങ്ങളുടെ $W_X$ “വളരാൻ” ആരംഭിക്കുന്നു. വിവാഹിതരുടെ കാര്യത്തിൽ ഈ ‘മരണത്തിനു’ മുമ്പുള്ള മാനസികവേദനയുടെ ശക്തി പതിന്മടങ്ങായിരിക്കും. അവിവാഹിതർക്ക് വളരെ എളുപ്പത്തിൽ ഈ കൃപ ലഭിക്കുന്നു. ഈ കൃപ ലഭിക്കുന്നവർ വിവാഹജീവിതം ഇഷ്ടപ്പെടില്ല, കാരണം അവരുടെ ഉള്ളിൽ നിറഞ്ഞു തുളുമ്പുന്ന പരമാനന്ദസുഖത്തിന്റെ രുചി നഷ്ടപ്പെട്ടുപോകും എന്ന് അവർ ബോധത്തിൽ തിരിച്ചറിയുന്നു. മറ്റുള്ളവരുടെ ജീവിത ദുരിതങ്ങളുടെ കാരണം അവർകണ്ടെത്തുന്നു. കൂടാതെ അജ്ഞത കുറേ നീങ്ങുന്നതിനാൽ പഞ്ചേന്ദ്രിയങ്ങൾ സൃഷ്ടിക്കുന്ന മായാ പ്രപഞ്ചം അവരെ വികാരാധീനരാക്കുകയില്ല എന്നു മാത്രമല്ല ഇന്ദ്രിയസുഖങ്ങളും, ലൈംഗിക ആസക്തിയും സൂര്യ പ്രകാശത്തിനു മുന്നിൽ മെഴുകുതിരിവെളിച്ചം പോലെ ചെറുതാണെന്ന് അവർ തിരിച്ചറിയുകയും ചെയ്യുന്നു.

ഈ കൃപ ലഭിക്കുന്നയാളാണ് യഥാർത്ഥ ഭക്തൻ. പ്രാർത്ഥന എന്തെന്ന് ആയാൾ തിരിച്ചറിയുന്നു. കാരണം ജീവിതലക്ഷ്യം നിത്യജീവൻ ആയതിനാൽ അതിലേയ്ക്ക് കടക്കുവാനുള്ള ബുദ്ധിമുട്ടും അയാൾ അറിയുന്നു. ശേഷിക്കുന്ന അഹത്തെയും, ബാക്കിയുള്ള ജീവിതം കൊണ്ട് ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. അത്തരക്കാരുടെ പ്രാർത്ഥന തീർത്തും ആത്മീയമായിരിക്കും. ആ പ്രാർത്ഥനയിൽ ഭൗതിക ആവശ്യം ഒന്നും തന്നെ ഉന്നയിക്കപ്പെടുകയില്ല. ഇത്തരക്കാരുടെ ഭൗതിക കർമ്മങ്ങൾ ഒന്നിനു പത്തുമേനി ഉത്പാദിപ്പിക്കുകയും അത് പൂർണ്ണമനസോടെ പങ്കുവയ്ക്കാൻ തയ്യാറാകുകയും അസാധാരണമാം വിധം അനുകമ്പ നിറഞ്ഞവരാകുകയും ചെയ്യുന്നു.

**വിശ്വാസം :**

യഥാർത്ഥ ബോധം ($W_X$) ഒരുവന്റെ മനസിൽനിന്നും, ശരീരത്തിൽനിന്നും എത്രമാത്രം വ്യത്യാസ്തമാണെന്നു മനസിലാക്കുകയും ആ ബോധത്തെ ഉയർത്തുന്നതിന്റെ ആവശ്യകതയും അതിന്റെ ലക്ഷ്യവും നാം അറിഞ്ഞുകഴിഞ്ഞു. Wx-നെ ഉയർത്താൻ ശ്രമിക്കുമ്പോഴും അതിനായി ആഗ്രഹിക്കുമ്പോഴും മഹാബോധത്തിൽനിന്ന്

ഒരു കൃപ നിങ്ങളിലേയ്ക്ക് ഒഴുകിവരുമെന്നും ആ കൃപ ലഭിച്ചുകഴിഞ്ഞാൽ Neutural life സംഭവിക്കുകയും മനുഷ്യനു വാഗ്ദാനം ചെയ്യപ്പെട്ട യഥാർത്ഥ ജീവിതം ആരംഭിക്കുവാൻ കഴിയുകയും അങ്ങിനെ ആ ജീവിതത്തിന്റെ അന്ത്യത്തിൽ ബോധത്തോടെ മരിക്കാനും അതുവഴി നിത്യജീവൻ പ്രാപിക്കുക എന്ന മനുഷ്യജന്മത്തിന്റെ (Human beingന്റെ) ലക്ഷ്യം പ്രാപ്തമാക്കുവാൻ കഴിയുകയും ചെയ്യുമെന്ന് നിങ്ങൾ അറിഞ്ഞിരിക്കുന്നു.

എന്നാൽ Neutral life സംഭവിക്കാത്തിടത്തോളം കാലം നിങ്ങൾക്ക് ഒരു ഭൗതിക ജീവിയായി ജീവിക്കുവാനേ കഴിയുകയുള്ളു. ഇത് സംഭവിക്കാനുള്ള ഒരു കൃത്യമായ രീതി ഭൗതിക തലത്തിൽ കൊണ്ടുവരാൻ കഴിയുകയില്ല. ഈ കൃപ എല്ലാവരുടേയും ജന്മാവകാശമാണെങ്കിലും എണ്ണിയാലൊടുങ്ങാത്ത കർമ്മഫലങ്ങളിലൂടെ കടന്നുപോകുന്ന ആത്മാവിന് ($W_X$-ന്) തനിക്കുലഭിക്കുന്ന ***ശരീരത്തിന്റെ പാരമ്പര്യത്തെ മറികടക്കേണ്ടിയിരിക്കുന്നു.*** അത് അത്ര എളുപ്പമല്ല എന്ന് നിങ്ങൾക്കറിയാമല്ലോ. അതിനാൽ ഈ എഴുതപ്പെട്ടിരിക്കുന്ന കാര്യങ്ങൾ തന്നെ ബോധതലത്തിന്റെ ഒരു പ്രത്യേക അവസ്ഥയിലും, അതിനുമുകളിലും നിൽക്കുന്നവർക്കേ മനസിലാക്കാൻ കഴിയുകയുള്ളു. ബോധതലത്തെ വളരെ താഴ്ത്തുന്ന പാരമ്പര്യജീനുകൾ അടങ്ങിയ ശരീരവും, മനസുമുള്ളവരെ, സംബന്ധിച്ച് ഇതെല്ലാം യുക്തിഹീനങ്ങളും, വിഡ്ഢിത്തങ്ങളുമായി അനുഭവപ്പെടും. അത്തരക്കാർ ഭൗതിക സ്വത്തുകൾക്കും, നേട്ടങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നവരായിരിക്കും. അവരിൽ പ്രവർത്തിക്കുവാൻ ഈ പുസ്തകത്തിന് അത്ര എളുപ്പമല്ല. വിദ്യാഭ്യാസയോഗ്യത കൊണ്ടോ, സമൂഹത്തിലെ ഉയർന്ന പദവിയിൽ ഇരിക്കുന്നു എന്നതുകൊണ്ടോ, ബോധതലം ഉയർന്നവരാകണമെന്നില്ല. STRന്റെ സ്വഭാവം എന്തെന്ന് മനസിലാക്കിയാൽ യുക്തിയിൽ (logic) അധിഷ്ഠിതമായ ഭൗതിക വിദ്യാഭ്യാസം ഇതിന് തടസമാണെന്നു കാണാം. എന്നാൽ അത് ഒരു പോരായ്മ അല്ല. വിദ്യാഭ്യാസം ഇല്ലാത്തവർക്ക് STR കുറവായിരിക്കുന്നതിനാൽ അവർക്ക് കാര്യങ്ങൾ കുറച്ച് എളുപ്പമായിരിക്കും. എന്നാൽ വിദ്യാഭ്യാസം ഉള്ളവരുടെ STR-ന്റെ വർദ്ധനയെ നശിപ്പിക്കാൻ ആ വിദ്യാഭ്യാസത്തിലെ യുക്തിതന്നെ ഉപയോഗിക്കേണ്ടിവരും എന്ന് മാത്രം. പക്ഷെ യുക്തിയെ യുക്തികൊണ്ട് നശിപ്പിക്കുക എന്നത് അത്ര എളുപ്പമല്ല. യുക്തി ഇല്ലാത്ത ഒന്നിനെ യുക്തികൊണ്ട് മനസിലാക്കാൻ വിഷമമായിരിക്കുമെന്നു നിങ്ങൾക്ക് ബോദ്ധ്യമാകുമല്ലോ.



Neutral life-ലേക്ക് ജീവിതത്തെ നയിക്കുവാനുള്ള ഏറ്റവും എളുപ്പമുള്ളതും, പണ്ഡിതൻ, പാമരൻ, ഉള്ളവൻ, ഇല്ലാത്തവൻ എന്ന വ്യത്യാസമില്ലാതെ ജീവിതത്തിന്റെ ഏത് കാലഘട്ടത്തിലും എടുത്തു പ്രയോഗിക്കാവുന്നതുമായ ഒരു മാർഗ്ഗമാണ് ***വിശ്വാസം.***

സാധാരണ ജീവിതത്തിൽ നമ്മൾ പ്രയോഗിക്കുന്നതോ, പുസ്തകങ്ങളിൽ എഴുതിവച്ചിട്ടുള്ളതുമായ വിശ്വാസമല്ല ഇവിടെ വിശ്വാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഭാഷയിൽ മറ്റൊരു പദം ഇതിനില്ലാത്തതുകൊണ്ടാണ് ഈ പദം തന്നെ തിരഞ്ഞെടുത്തത്. എന്താണീ വിശ്വാസം? ഒരുവനെ നാം ഒരു ജോലി ഏൽപ്പിക്കുമ്പോഴോ, അല്ലെങ്കിൽ പണമിടപാടുകൾ നടത്തുമ്പോഴോ ആണ് ഈ വിശ്വാസം നമ്മുടെ മുന്നിലെത്തുന്നത്. എന്നാൽ ആ വിശ്വാസം കൊടുക്കൽ വാങ്ങലിൽ ഒതുങ്ങിനിൽക്കുന്നു. അതു ego-യുടെ നിലനിൽപ്പിന്റെ ഒരു അവിഭാജ്യഘടകവുമാണ്. വിശ്വാസമുണ്ടെങ്കിലേ വിശ്വാസവഞ്ചന ഉണ്ടാകുകയുള്ളു. വിശ്വാസവഞ്ചന അനുഭവിക്കുന്നവനും അത് ചെയ്യുന്നവനും STR-ന്റെ വർദ്ധനവിന്റെ കാര്യത്തിൽ തുല്യരായിരിക്കും എന്നാണ് ഇതിന്റെ പ്രത്യേകത. വഞ്ചന അറിയുന്നവൻ താൻ വഞ്ചിക്കപ്പെട്ടു എന്നറിഞ്ഞ് പ്രതികാരചിന്തയിലേക്ക് മനസിനെ തള്ളിയിടുന്നു. STR-ന്റെ നിരക്ക് റോക്കറ്റ് ഉയരുന്നതുപോലെ ഉയരുകയും അയാൾ ദുരിതത്തിലാകുകയും ചെയ്യും. വിശ്വാസവഞ്ചന നടത്തുവാൻ $W_X$ ന്റെ സാന്നിദ്ധ്യം കൊണ്ട് മനഃസാക്ഷികുത്ത് ഉള്ളവനായി താനറിയാതെ തന്നെ മാനസികമായി പീഡിപ്പിക്കപ്പെടുന്നതും STR-ന്റെ നിരക്ക് നന്നായി ഉയർത്തുന്നു.

ഇത്തരത്തിലുള്ള വിശ്വാസം സമൂഹത്തിൽ സൃഷ്ടിക്കുന്നതും നിലനിർത്തുന്നതും FD എന്ന അടിസ്ഥാനമനസിന്റെ മറ്റൊരു സൂത്രമാണ് ഈ വിശ്വാസത്തെകുറിച്ചും, വഞ്ചനയെകുറിച്ചും, കോടാനുകോടി പുസ്തകങ്ങൾ സമൂഹത്തിൽ എഴുതി വയ്ക്കപ്പെട്ടിട്ടുണ്ട്. അത്തരം പുസ്തകങ്ങളുടെ ഉദ്ദേശം പോസിറ്റീവായാലും, നെഗറ്റീവായാലും ഫലം വഞ്ചിക്കപ്പെടുന്നവനോ, വഞ്ചിക്കുന്നവനോ എതിരായിരിക്കുകയും അവന്റെ STR വർദ്ധിപ്പിക്കുവാൻ ഇടയാക്കുകയും ചെയ്യും.

യുക്തിയിലൂടെ വിശ്വാസത്തെ മനസിലാക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് ഈ പ്രശ്നം സംഭവിച്ചത്. യുക്തി എന്നത് അവസാനമില്ലാത്തതും, സത്യത്തിൽനിന്നും ബോധത്തെ വളരെ അകറ്റിനിർത്തുന്നതും FDയുടെ അസാധാരണമായ ഗുണമാണെന്നും അറിയുക. യുക്തി മന

സാണ്, ഭാഷയാണ് എന്നാൽ വിശ്വാസം ഇവ രണ്ടും അല്ല. യഥാർത്ഥ വിശ്വാസം എന്നത് മനസിലെ STR-നെ പെട്ടെന്ന് നിർത്തി കളയുന്ന ഒരു ശക്തമായ ആഘാതം (Shock) ആണ്. മനസും യുക്തിയും ഒരു നിമിഷം blund ആയി പോകുന്ന അവസ്ഥയാണത് യഥാർത്ഥ വിശ്വസം സൃഷ്ടിക്കുന്നത്. താനെന്താണ് ചെയ്യുന്നത് തനിക്കുതന്നെ തിരിച്ചറിയാൻ പറ്റാത്ത ഒന്നാണത്. ജീവിതത്തിൽ യഥാർത്ഥ വിശ്വാസം ഏതു ഘട്ടത്തിലും എടുത്തു പ്രയോഗിക്കാം. ആ നിമിഷം STRപൂജ്യത്തിനടുത്തേയ്ക്കു പെട്ടെന്നു നീങ്ങും. ***ആ സമയം ശൂന്യതയിലൂടെ മഹാബോധത്തിൽനിന്ന് കൃപ നിങ്ങളുടെ മനസിലേക്ക് ഒഴുകും.*** $W_X$ പെട്ടെന്ന് ഉയരുകയും ചെയ്യുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ നിങ്ങളുടെ $W_X$ (ആത്മാവ്) കേന്ദ്രത്തിലേക്ക് പോയി (പിതാവ്, ദൈവം, എന്ന് മിസ്റ്റിക്കുകൾ വിവരിക്കുന്ന മഹാബോധം) പെട്ടെന്ന് തിരിച്ച് മനസിലെത്തുന്ന ഒരു പ്രതിഭാസിമാണത്. വളരെ വേഗതയോടെ നടക്കുന്ന (fast) ഈ പ്രതിഭാസത്തിൽ നിങ്ങൾ നിങ്ങളല്ലാതായി മാറുന്നു. ഇതിനെ ബോധോധയം സമാധിഅവസ്ഥാ (enlightenment) പരിശുദ്ധാത്മാവിന്റെ എഴുന്നള്ളത്ത് എന്നൊക്കെ വിളിക്കാം. എന്നാൽ ഇതിന് മനസിന്റെ split personality എന്ന പ്രതിഭാസവുമായി യാതൊരു ബന്ധവുമില്ല. മന:ശാസ്ത്രജ്ഞർ ഇതിനെ ഇങ്ങനെയേ വ്യാഖ്യാനിക്കൂ കാരണം കൃപ എന്തെന്ന് അവർക്കറിയില്ലല്ലോ?

ഇതിന്റെ ഫലമായി നിങ്ങളുടെ മനസിനു ലഭിക്കുന്ന ഏറ്റവും വലിയ ഗുണമാണ് (quality). ***സാക്ഷിയാകൽ*** (Witnessing). $W_X$ എങ്ങിനെ സാക്ഷിയാകുന്നുവെന്ന് നിങ്ങൾ അന്നുമനസിലാക്കും. അന്നുമുതൽ നിങ്ങളുടെ മനസിൽ STR വല്ലാതെ കുറഞ്ഞുപോകുകയും ചെയ്യും. ഇതിനെ സ്വർഗ്ഗീയ സമാധാനം എന്നോ സ്വർഗ്ഗീയ ആനന്ദമെന്നോ വിളിക്കാം. എന്നാൽ മറ്റൊരാൾക്ക് നിങ്ങളിലെ പ്രകടമായ മാറ്റം തിരിച്ചറിയാൻ പറ്റില്ല. പിന്നീടുള്ള നിങ്ങളുടെ ചില പ്രവൃത്തികൾ മറ്റുള്ളവരെ അത്ഭുതപ്പെടുത്തിയേക്കാം. പക്ഷെ നിങ്ങൾക്ക് എന്താണ് സംഭവിച്ചത് എന്ന് അവർക്ക് ഊഹിക്കാൻ പോലും കഴിയില്ല. എന്നാൽ ചില സന്ദർഭങ്ങളിൽ നിങ്ങൾക്ക് ഭ്രാന്തായോ എന്നു പോലും അവരെകൊണ്ട് ചിന്തിപ്പിച്ചേക്കാം.

ഒരിക്കൽ അത് സംഭവിച്ചുകഴിഞ്ഞാൽ നിങ്ങൾക്ക് കൃപ ലഭിച്ചു, നിങ്ങളുടെ ജീവിതം യഥാർത്ഥ ആത്മീയതയിലേക്ക് കടന്നു എന്നു വിചാരിക്കാം. അപ്പോൾ മുതൽ പ്രാർത്ഥന നിങ്ങളിൽ സംഭവിക്കുന്നു.



അന്നുവരെ നിങ്ങളുടെ കൂടപിറവിയായിരുന്ന ഭയം സാവധാനം കുറയുന്നതായും, പ്രലോഭനങ്ങൾക്കും, വികാരങ്ങൾക്കും മുന്നിൽ ഒരു സാക്ഷിയായി നിൽക്കാനും പ്രതികരണത്തിൽ സ്നേഹവും അനുകമ്പയും പ്രകടമാകുകയും ചെയ്യുന്നു. ലൈംഗികാസക്തിയോടും, ഭൗതികവസ്തുക്കളോടും ആഹാരത്തോടുമുള്ള അമിതമായ ആസക്തി കുറയാൻ തുടങ്ങുന്നു. നിങ്ങൽ human being ആയി മാറിയിരിക്കുന്നു. യഥാർത്ഥ ജീവിതം ഇവിടെ നിന്നാണ് ആരംഭിക്കുന്നത്. എത്രാമത്തെ വയസിൽ, എപ്പോൾ, എങ്ങിനെ എന്നൊക്കെയുള്ള ചോദ്യങ്ങൾ എല്ലാം തന്നെ ഇവിടെ ഉത്തരമില്ലാതെ അവസാനിക്കുന്നു.

യഥാർത്ഥ വിശ്വാസം എന്തെന്ന് പരിശോദിക്കാം. ഒരു ഉദാഹരണത്തിലൂടെ അത് വ്യക്തമാക്കാം. ഒരു ധനവാൻ തനിക്ക് ആവശ്യമുള്ളതിനേക്കാൾ വലിപ്പമുള്ള ഒരു വീട്ടിൽ താമസിക്കുന്നു. അയാൾ സാധാരണ രീതിയിലുള്ള ദൈവവിശ്വാസിയുമാണ്. നീതിയെ അന്വേഷിക്കുന്നവനും, അനുകമ്പയുള്ളവനും ആകുന്നു. ദാനധർമ്മങ്ങളിലും അയാൾ ഒട്ടും പിറകിലല്ല. എന്നാൽ ഒരു ദിവസം അയാളുടെ മുന്നിലേക്ക് ഒരു സാധുമനുഷ്യൻ കയറിവരുന്നു. താൻ അടുത്തുള്ള ഗ്രാമത്തിൽനിന്നും വരുന്നവനാണെന്നും തന്റെ വീട് കുറെ മതഭ്രാന്മാർ നശിപ്പിച്ചുകളഞ്ഞുവെന്നും അതിനാൽ രണ്ടാമതൊരു പുരകെട്ടുന്നതു വരെ താമസിക്കാൻ ഒരിടം തരണമെന്നും യാചിക്കുന്നു.

ധനികൻ ആകെ ചിന്താകുഴപ്പത്തിലാകുന്നു. അനുകമ്പയും നന്മ ചെയ്യാനുള്ള പ്രവണതയും ഒരുവശത്ത്, മറുവശത്ത് തനിക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളും അതിലെ അപകടങ്ങളും ആയിരകണക്കിനു ചിന്തകളായി അയാളുടെ മനസിലേക്ക് പാഞ്ഞുകയറുന്നു. തന്റെ മുമ്പിൽ നിൽക്കുന്ന ഈ മനുഷ്യൻ ആരെന്നോ, ഇയാളുടെ ഉദ്ദേശം തീർത്തും ന്യായമുള്ളതാണോ എന്നും യാതൊരു വിധത്തിലും അറിയാനാവാത്ത അവസ്ഥ. സമയമാണെങ്കിൽ രാത്രിയും ആയിരിക്കുന്നു. ഇയാൾ ഒരു കൊലപാതകിയോ, കള്ളനോ, ഭീകരനോ ആയിരിക്കാം. നാളെ താൻ നിയമത്തിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടി വരുകയോ, നിയമത്തിന്റെ പിടിയിൽ അകപ്പെടുകയോ ചെയ്യാം. മനഃസാക്ഷിയുള്ള ധനികൻ വല്ലാതെ വിഷമിച്ച് ഒരു തീരുമാനത്തിലെത്തുന്നു. ഇയാൾക്ക് തന്റെ വീടിന്റെ ഒരു മുറി പങ്കുവയ്ക്കുന്നത് ആപത്താണ്. അതിനാൽ അയാളുടെ ആവശ്യം ധനികൻ നിഷേധിക്കുന്നു. അതിന് തക്കതായ ഒരു കാരണവും പറയുന്നു. എന്നാൽ

അയാൾ ദുഃഖിതനും സംശയത്തിന്റെ വല്ലാത്ത ഒരു മാനസികാവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യുന്നു. കാരണം ഇത്രയും നാൾ നയിച്ച ജീവിതത്തിന് വിലയില്ലാതായി പോകുന്ന ഒരു അവസ്ഥയിൽ അയാൾ എത്തുന്നു. എന്തുകൊണ്ടെന്നാൽ ദാനധർമ്മങ്ങളിൽ അയാൾ മുന്നിലായിരുന്നു. വസ്ത്രം, ആഹാരം ഇവ ദാനം ചെയ്യുമ്പോൾ അതിൽ Riskfactor ഇല്ല. കൂടാതെ തന്റെ നിലനിൽപ്പിനെ അത് ചോദ്യം ചെയ്യുന്ന സാഹചര്യവും ഇല്ല. ഇത് മനസിന്റെ Charity എന്ന സൂത്രമാണെന്ന് അയാൾക്കറിയില്ലായിരുന്നു. നിനക്കുള്ളതെല്ലാം വിറ്റ് എന്നെ അനുഗമിച്ചാൽ നിനക്ക് സ്വർഗ്ഗരാജ്യം ലഭിക്കും. എന്ന മിസ്റ്റിക് വചനത്തിന്റെ അർത്ഥം ഇതാണ്. എല്ലാം വിൽക്കുന്നത് ജീവിതത്തെ സംബന്ധിച്ച് വലിയ risk തന്നെയല്ലേ? മനസിന് മനസിലാകാത്ത യുക്തിയാണിത്. ഇവിടെയാണ് മതങ്ങൾ പരാജയപ്പെടുന്നതായി നമുക്കനുഭവപ്പെടുന്നത്. സമൂഹം നന്മയുള്ളവൻ എന്നുവിളിക്കുകയും താൻ നന്മയുള്ളവനാണെന്ന് അറിയുകയും ചെയ്യുന്ന ആ ധനികന്റെ STR വല്ലാതെ വർദ്ധിക്കുന്നു. അയാൾ ദുഃഖത്തിലാകുന്നു. ഒരു വസ്ത്രമോ, ആഹരമോ, പുരകെട്ടാൻ പണമോ ആവശ്യപ്പെട്ടവർക്കെല്ലാം അയാൾ കൈനിറയെ കൊടുത്തിരുന്നു. എന്നാൽ ഇവിടെ പരാജയപ്പെട്ടു പോകുന്നു. ഈ സംഭവത്തിൽ യഥാർത്ഥ വിശ്വാസവും ആ വിശ്വാസത്തിന്റെ പങ്കും ശ്രദ്ധിച്ചു നോക്കുക.

അപരനും അപരിചിതനുമായ ഒരാൾക്ക് തന്റെ വീട് പങ്ക് വയ്ക്കുന്നതിൽ നിന്ന് അയാളെ തടഞ്ഞത് യുക്തി യുക്തമായ അയാളുടെ ചിന്തയും അതിൽനിന്നുള്ള ഭയവുമാണ്. അതായത് അയാളുടെ മുൻകാല അനുഭവങ്ങളിൽനിന്ന് അയാളുടെ മനസ് കണ്ടെടുത്ത യുക്തികളാണ് അതെല്ലാം. ആയുക്തിയാണ് അയാളുടെ വീട് പങ്ക് വയ്ക്കുന്നതിൽ നിന്നും അയാളെ തടഞ്ഞത്. എന്നാൽ ഇതിന് മുമ്പ് സ്വത്ത് അയാൾ പങ്കുവച്ചിരുന്നു എന്ന് ഓർക്കണം. പക്ഷെ ആ പങ്കുവെയ്ക്കൽ യുക്തിയുക്തമായിരുന്നു. ആഹാരമോ, വസ്ത്രമോ, പണമോ, പങ്കുവയ്ക്കുമ്പോൾ അത് വാങ്ങുന്ന വ്യക്തികൾ അയാൾക്ക് ഒരു risk factor ചിന്തയായി കൊടുക്കുന്നില്ല. എന്നാൽ ഇവിടെ അതല്ല പ്രശ്നം, charity മനസിന്റെ സൂത്രമാണെന്ന് പറയാൻ കാരണമിതാണ്. ഒരു വലിയ risk factor ഇവിടെയുണ്ട്. ആ risk എടുക്കാനുള്ള ധൈര്യം അയാൾക്കില്ല. അയാളുടെ കുടുംബവും, സമൂഹവും അയാളിൽ അടിച്ചേൽപ്പിക്കുന്ന ബന്ധനങ്ങളുമാണ് ഇതിനുകാരണം. അതായത് അയാളുടെ ഭൗതിക ജീവിതം എന്നർത്ഥം. ***"എന്നേക്കാളധികം മാതാവിനേയോ, പിതാവിനേയോ, പുത്രനേയോ, പുത്രിയേയോ സ്നേഹിക്കുന്നവൻ എനിക്കുയോഗ്യനല്ല അവന് നിത്യജീവൻ നഷ്ടമാകും."*** എന്ന മിസ്റ്റിക് വചനം ശ്രദ്ധിക്കുക അപ്പോൾ മനുഷ്യനിൽ ഭയം എവിടെ നിന്നു



വരുന്നു എന്ന് ഇതിൽനിന്ന് കണ്ടെത്താം. STRന്റെ നിലനിൽപ്പിന്റെ ഏറ്റവും പ്രധാന അടിസ്ഥാനം ഈ ഭയം തന്നെയാണ്. അതായത് ഭയത്തെ (Fear) F എന്നു സൂചിപ്പിച്ചാൽ $STR\mu F^2$ അതായത് ഭയത്തിന്റെ ഒരു ചെറിയ വർദ്ധനവ് STRനെ വല്ലാതെ വളർത്തും.

എന്നാൽ ആ ധനികൻ ഭയംകുറവുള്ളയാളും risk എടുക്കാൻ തയ്യാറുള്ളവനുമായിരുന്നെങ്കിൽ മനസിൽ ഒരു ലവലേശം സംശയമില്ലാതെ ഇങ്ങനെ പറയേണ്ടതായിരുന്നു. "സഹോദരാ നിങ്ങൾ ആരെന്ന് ഞാൻ അറിയുന്നില്ല. എന്നാലും ഞാൻ പൂർണ്ണമനസ്സോടെ എന്റെ വീടിന്റെ ഒരു മുറി നിങ്ങൾക്കായി നൽകിയിരിക്കുന്നു. നിങ്ങൾ സമാധാനത്തോടും, സന്തോഷത്തോടും അത് ഉപയോഗിക്കുക നിങ്ങൾ മൂലം എനിക്ക് എന്ത് കഷ്ടം വന്നാലും അത് ഞാൻ സന്തോഷത്തോടെ സ്വീകരിക്കുന്നു." ഇങ്ങനെ പറയുമ്പോൾ തന്റെ മനസ് പ്രകമ്പിതമാണോ? എന്നും ഏതെങ്കിലും വികാരങ്ങളുടെ ഹോർമോണുകൾ ശരീരത്തിൽ ഉൽപാദിപ്പിക്കുന്നുണ്ടോ എന്നും അയാൾ ശ്രദ്ധിക്കണം. കൂടാതെ കഷ്ടവും നഷ്ടവും താങ്ങാൻ തനിക്കു കരുത്തുണ്ടോ എന്നുകൂടി അയാൾ അറിഞ്ഞിരിക്കണം.

ഇത്തരമൊരു അവസ്ഥ ഈ രീതിയിൽ ആത്മാർത്ഥമായി കൈകാര്യം ചെയ്യാൻ കഴിഞ്ഞാൽ ഒരു നിമിഷം നിങ്ങളുടെ മനസ് നിശ്ചലമായി പോകും. കാരണം ഇത്രയും നാൾ യുക്തിയിൽ നിലനിന്നിരുന്ന നിങ്ങളുടെ മനസിന് ഇത്തരം ഒരു പ്രവൃത്തി താൻചെയ്തത് എന്ത് കൊണ്ട്? എന്ന് വിശദീകരിക്കാൻ പറ്റാതെ പോകും. അതായത് മനസ് blund ആയി പോകുമെന്നർത്ഥം. ഇതൊരു risk factor ഉള്ള പ്രവൃത്തിയാണ്. സിദ്ധാന്തമോ, moral actഓ അല്ല എന്നോർക്കണം. ആഴം കാണാതെ മലമുകളിൽ നിന്നുള്ള ഒരു ചാട്ടമാണിത്. വിഡ്ഢിത്തമെന്നു തോന്നാം ***എന്നാൽ യഥാർത്ഥ വിശ്വാസമാണ് ഇവിടെ സംഭവിച്ചത്.*** ഒന്നുകിൽ പരുക്ക്, അല്ലെങ്കിൽ ധനനഷ്ടം, അതുമല്ലെങ്കിൽ പ്രശ്നരഹിതമായ അവസ്ഥ. എന്തുതന്നെയായാലും ഒരു കാര്യം തീർച്ച, ജീവിതത്തിൽ ആദ്യമായി നിങ്ങൾ, നിങ്ങൾ അല്ലാതാകുന്നു. പക്ഷെ ഇത്തരത്തിലുള്ള ഒരേ ഒരു ചാട്ടം മതി നിങ്ങളിൽ വിശ്വാസം സംഭവിച്ചിരിക്കും. അതിലൂടെ കൃപയും. ഇടതുകൈ ചെയ്യുന്നത് വലതു കൈ അറിയാത്ത അവസ്ഥയാണിത്. നിങ്ങൾ മറ്റൊരു വ്യക്തിയായി മാറികഴിഞ്ഞിരിക്കും. ഇത് ജീവിതത്തിന്റെ ഏതവസ്ഥയിലും സാദ്ധ്യമായ ഒരു technique ആണ്, എന്നാൽ അപകടം പിടിച്ചതുമാണ്. ഇതിനെയാണ് ജീവിതത്തിലെ മരണം എന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചത്.

ഇതാണ് യഥാർത്ഥ വിശ്വാസം. സാധിക്കുമോ നിങ്ങൾക്ക്? നന്മയും, തിന്മയും ego യുടെ തട്ടിപ്പുകളാണ്. നിങ്ങളുടെ ജീവിതത്തെ നീട്ടികൊണ്ടുപോകാനും ദുഃഖത്തെ നിലനിറുത്തുവാനുള്ള FDയുടെ

അസാധാരണ സൂത്രം. പഞ്ചസാര കുപ്പിയുടെ മേൽ ഉപ്പ് എന്ന് എഴുതിവെച്ച് മനുഷ്യരെ പറ്റിക്കാം.. എന്നാൽ ഉറുമ്പിനെ പറ്റിക്കാൻ ആവില്ല. അതുപോലെ വിശ്വാസം എന്ന ലേബൽ ഒട്ടിച്ച് അനേകായിരം തത്വശാസ്ത്രങ്ങൾ എഴുതിവയ്ക്കാം, പ്രസംഗിക്കാം, പഠിപ്പിക്കാം പക്ഷെ മഹാബോധത്തെ പറ്റിക്കാനും നിത്യജീവൻ കരസ്ഥമാക്കാനും സാദ്ധ്യമല്ല. ഭൗതിക ജീവിതത്തിൽ നാം ഓരോരുത്തരും തന്നോടു തന്നേയും മറ്റുള്ളവരോടും moral ethics എന്ന രീയിൽ കാണിച്ചുകൊണ്ടിരിക്കുന്ന എല്ലാ ബന്ധങ്ങളും തട്ടിപ്പാണ് ആത്മവഞ്ചനയാണ് അത് തിരിച്ചറിയാൻ പുസ്തകങ്ങളുടേയും പ്രസംഗങ്ങളുടേയും ആവശ്യമില്ല. സ്വന്തം ജീവിതത്തെ സൂക്ഷിച്ചു നോക്കിയാൽ മതി അമിതമായി ഭാര്യയെയോ, ഭർത്താവിനെയോ, മക്കളേയോ, സ്നേഹിതനേയോ, സ്നേഹിക്കുന്നവർ ജിവിതാന്ത്യത്തിന് മുമ്പ് ഏതെങ്കിലുമൊരു ഘട്ടത്തിൽ തന്റെ സ്നേഹം തെറ്റിപ്പോയി എന്ന് മനസിലാക്കാതിരിക്കില്ല.

***"ദൈവരാജ്യത്തിനുവേണ്ടി വീടിനേയോ, ഭാര്യയേയോ, സഹോദരങ്ങളെയോ, മാതാപിതാക്കളെയോ, സന്താനങ്ങളെയോ ഉപേക്ഷിച്ചവരിലാർക്കും ഇക്കാലത്തുതന്നെ അവനനേകം മടങ്ങ് ലഭിക്കാതിരിക്കുകയില്ല. വരാനിരിക്കുന്ന കാലത്തു നിത്യജീവനും"*** എന്ന മിസ്റ്റിക് വചനം, ശ്രദ്ധിക്കുക. അതാണ് $f_xd_x$ എന്ന മനസ് നിങ്ങളുടേതല്ല എന്ന് awarology വാദിക്കുന്നത്.

തെറ്റിപ്പോയി എന്ന് അറിയുന്നവനെ മറ്റുള്ളവരല്ല വഞ്ചിച്ചത് മറിച്ച് തന്റെ തന്നെ മനസ് മറ്റുള്ളവരിൽ പ്രതിഫലിച്ചപ്പോൾ ഉണ്ടായ തോന്നൽ മാത്രമാണത്, ആരും കരുതികൂട്ടി തെറ്റ് ചെയ്യുന്നതോ, വഞ്ചിക്കുകയോ, വഞ്ചിക്കപ്പെടുകയോ അല്ല. FD എന്ന ഭീകരമനസിന്റെ അടിസ്ഥാന പ്രവർത്തന രീതിയാണിതെന്ന് അറിയുക.

അച്ഛനും, അമ്മയും തമ്മിൽ കലഹിക്കുമ്പോൾ മക്കൾ ചിന്തിക്കും തങ്ങളുടെ ജീവിതത്തിൽ ഇങ്ങനെ സംഭവിക്കില്ല എന്ന്. സംഭവിക്കാൻ തങ്ങൾ അനുവദിക്കില്ല എന്നും എന്നാൽ ജീവിതത്തിൽ ഏർപ്പെടുമ്പോൾ മനസിലാകും അത് ഒഴിവാക്കാൻ അസാദ്ധ്യമാണെന്ന്. മറ്റുള്ളവരുടെ ദുഃഖങ്ങളും, ദുരിതങ്ങളും, കാണുമ്പോൾ സൂക്ഷ്മതയോടെ ശ്രദ്ധിച്ച് അതിൽനിന്ന് എങ്ങിനെ ഒഴിവാകാമെന്ന് ചിന്തിക്കുന്നവാനാണ് ബുദ്ധിമാൻ അവൻ ബോധമുള്ളവനുമാകുന്നു. നാം ചിന്തിക്കും ഞാൻ ബുദ്ധിമാനും അദ്ധ്വാനിയുമാണ് എനിക്കിത് സംഭവിക്കില്ല. മറ്റെന്തിന്റേയോ പ്രവർത്തനഫലമായി ആത്മാവിനെ ഉയർത്താൻ താൻ ഒരു



പ്രത്യേക സാദ്ധ്യതയിൽ നിലനിൽക്കുകയാണെന്ന് അറിയുന്നില്ല. അനുഭവിച്ചുപഠിക്കുന്നവൻ വിഡ്ഢിയാണ്. ബോധത്തെ ഉയർത്തുന്നത് നീട്ടികൊണ്ടു പോകുന്നവൻ പമ്പരവിഡ്ഢിയാണ്.

യുക്തിയിൽ നിങ്ങൾക്ക് എങ്ങിനെ വേണമെങ്കിലും ജീവിക്കാം. 25% യുക്തി ആകാം. 50% യുക്തി ആകാം, 75% യുക്തി ആകാം. 100% യുക്തിയിലും ജീവിക്കാം പക്ഷെ കൃപ സംഭവിക്കില്ല, വിശ്വാസം സംഭവിക്കില്ല ജീവിതത്തിന്റെ എല്ലാ പൈശാചികതകളിലും നന്മയുടെയും, വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും ലേബൽ ഒട്ടിച്ചു വയ്ക്കും എന്നിട്ട് സ്വയം ബോധംകെട്ട് $f_xd_x$ എന്ന മനസിൽ നിലനിൽക്കും. എന്നാൽ അതിന്റെ കൂടെ നിൽക്കുന്ന $W_X$ എന്ന യഥാർത്ഥ ബോധത്തിന്റെ രോദനവും, വേദനയും ജീവിതത്തിന്റെ ഭാഗമായി സ്വീകരിക്കും. അങ്ങിനെ സ്വീകരിക്കാനാണല്ലോ സിനിമയും, സാഹിത്യകൃതികളും, തത്വശാസ്ത്രങ്ങളും നമ്മെ പഠിപ്പിക്കുന്നത് പക്ഷെ മഹാബോധത്തിന്റെ പരമാനന്ദത്തിൽ ലയിക്കുവാനുള്ള $W_X$ എന്ന ആത്മാവിന്റെ വെമ്പൽ, പരാക്രമം ആരും കാണുന്നില്ല. ജന്മ ജന്മാന്തരങ്ങളായി അനേകം ശരീരങ്ങളിൽ മാറിമാറി $W_X$ തന്റെ വേദന അനുഭവിക്കുന്നു. ശരീരത്തിനാണ് വേദന എന്നു നാം ധരിക്കുന്നു. എന്നാൽ ശരീരം വേദനയുടെ കാരണമാണെന്നു നാം അറിയുന്നില്ല. അതുകൊണ്ടാണ് അത് നശിച്ചു പോകുന്നത്. കാരണങ്ങൾ മാത്രമേ നശിക്കുന്നുള്ളു. എന്നാൽ കാരണം ഇല്ലാത്തതായി ഒന്നുണ്ട്, ഒരിക്കലും നശിക്കാത്തതും, അതാണ് "ആത്മാവ്" അഥവാ യഥാർത്ഥ ബോധം ($W_X$) തിരിച്ചറിയാൻ ശ്രമിക്കുക.

100% യുക്തിയിൽ ജീവിക്കുന്നവനാണ് നിരീശ്വരവാദി. 50% യുക്തിയിൽ ജീവിക്കുന്നവനാണ് സാധാരണക്കാരൻ, മനഃസാക്ഷിക്കുത്തുള്ളവൻ, നന്മയിലും, തിന്മയിലും മാറിമാറി ജീവിക്കുന്നവൻ എന്നാൽ യുക്തിയില്ലാതെ ജീവിക്കുന്നവൻ മൃഗത്തിനു തുല്യനായ human.

യുക്തിയെ മറികടക്കുകയും പിന്തള്ളുകയും ചെയ്യുന്നവനാണ് യഥാർത്ഥ വിശ്വാസി. കൃപ അവനു മാത്രമെ ലഭിക്കുകയുള്ളു. ആത്മീയ ജീവിതം എന്ന യഥാർത്ഥ humanbeingന്റെ ജീവിതത്തിന് അർഹതയുള്ളവൻ അവനാണ്.

യഥാർത്ഥ വിശ്വാസത്തിൽ മായം ചേർക്കുവാൻ കഴിയില്ല. പൂജ്യം അല്ലെങ്കിൽ നൂറുശതമാനം (0 or 100%) ഇങ്ങനെ രണ്ടവസ്ഥയെ യഥാർത്ഥ വിശ്വാസത്തിനുള്ളു. അതിനിടയിൽ 25% 50% എന്നിങ്ങനെ

യുക്തിക്കുള്ളതുപോലെ വിശ്വാസത്തിൽ പ്രായോഗികമല്ല. ഒന്നെങ്കിൽ പൂർണ്ണവിശ്വാസം അല്ലെങ്കിൽ വിശ്വാസമില്ലായ്മ ഇതിൽ വെള്ളം ചേർക്കാൻ പറ്റില്ല. യുക്തിയിൽ നിങ്ങൾക്ക് എങ്ങിനെയും ജീവിക്കാം. അത് നിങ്ങളുടെ, ഇഷ്ടത്തിന് വളച്ചൊടിക്കാം. എന്നാൽ യഥാർത്ഥ വിശ്വാസത്തിൽ അത് സാദ്ധ്യമല്ല. അത് ജീവനും മരണവും തമ്മിലുള്ള പോരാട്ട മാണ്. Risk ആണ് അതിന്റെ അടിസ്ഥാനം അതിൽ FDയുടെ ഒരു സൂത്രവും വിലപ്പോകില്ല. $W_X$ ൽ നിന്നാണ് വിശ്വാസത്തിലേയ്ക്കുള്ള ധൈര്യം ലഭിക്കുന്നത്. അത് യഥാർത്ഥ അറിവാണ്. പൂർണ്ണ ജ്ഞാനം, അതിൽ വാദപ്രതിവാദങ്ങളില്ല, യുക്തിയില്ല; adjustments ഇല്ല ഒന്നെങ്കിൽ പൂർണ്ണവിശ്വാസം അല്ലെങ്കിൽ വിശ്വാസമില്ലായ്മ. പൂർണ്ണ വിശ്വാസത്തിൽ യഥാർത്ഥ ബോധവും ($W_X$ or ആത്മാവ്) മഹാബോധവും മാത്രമെയുള്ളു. "രണ്ട് വ്യക്തികളെ ഉള്ളൂ." മൂന്നാമതൊരു "വ്യക്തിക്ക്" സ്ഥാനമില്ല. പിതാവും പുത്രനും തമ്മിലുള്ള ഇടപാടാണിത്. ധൂർത്തനായ പുത്രൻ ബോധമായ തന്റെ അവകാശം വാങ്ങി പിരിഞ്ഞു പോന്നതാണ്. പിതാവിന്റെ ഭവനത്തിലെ പരമാനന്ദത്തിനേക്കാൾ വലിയൊരാനന്ദം പുറത്ത് ഉണ്ട് എന്ന ഒരു അറിവില്ലായ്മ (Ignorance)യാണ് ഇതിനുകാരണം. അതിനെ പൂർണ്ണ വിശ്വാസം കൊണ്ട് നീക്കം ചെയ്ത് പിതാവിലേക്ക് മടങ്ങിപോകുന്ന യാത്രയുടെ പേരാണ് Nuetral life അഥവാ നിഷ്കാമ ജീവിതം. അതിനുകൃപ ലഭിക്കണം, അതിനുള്ള ഏറ്റവും ശക്തമായ മാർഗ്ഗമാണ് യഥാർത്ഥ വിശ്വാസം. യോഗ, ധ്യാനം, സൽസംഗ്, ആശ്രമ ജീവിതം, തപസ്സ്, എന്നിങ്ങനെ പല രീതികളുണ്ടെങ്കിലും FDയുടെ സ്വാധീനം വളരെ വലുതായതിനാൽ രക്ഷപ്പെടാൻ ബുദ്ധിമുട്ടാണ്. ***യുക്തിയിലൂടെ യഥാർത്ഥ ജ്ഞാനത്തിലേയ്ക്കും ജ്ഞാനത്തിൽനിന്ന് വിശ്വാസത്തിലേയ്ക്കും അവിടെനിന്ന് കൃപ വഴി നിത്യജീവനിലേയ്ക്കും ആത്മാവ് സഞ്ചരിച്ച് പിതാവിൽ എത്തിച്ചേരുന്നു.***

മരണഭയം :- STRµF² എന്ന ബന്ധം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. STR കൂടുതലുള്ള വ്യക്തിയുടെ ഭയം വളരെ കൂടുതലായിരിക്കുമെന്നും അതുപോലെ തന്നെ STR അല്പമൊന്നു കുറഞ്ഞാൽ ഭയം വളരെ കുറഞ്ഞുപോകുന്നുവെന്നും കാണാം.

ഭയം എന്നാൽ എന്ത്? എന്തുകൊണ്ട്? എങ്ങിനെ ഉണ്ടാകുന്നു? അതിനെ എങ്ങിനെ നേരിട്ട് ധീരമായി ജീവിതത്തെ മുന്നിലേയ്ക്ക് കൊണ്ടുപോകാം എന്ന് വിശദീകരിക്കുന്ന കോടാനുകോടി പുസ്തകങ്ങൾ ലോകത്ത് ലഭ്യമാണ്. ഭയത്തിന്റെ വിപരീതമാണ് ധീരത, ധൈര്യം എന്നുള്ള വിശേഷണങ്ങൾ.



ഭയവും, ധീരതയും ഒരു മനുഷ്യന്റെ അഹത്തിലെ (ego) രണ്ട് അവസ്ഥകളാണെന്ന് തിരിച്ചറിയുക. $f_x d_x$ എന്ന മനസിന് നില നിൽക്കാനും STR വർദ്ധിപ്പിക്കാനുമുള്ള രണ്ട് ചിന്തകളാണ് ഇവ. (ഭയവും, ധീരതയും) ഇത് രണ്ട് ഗുണങ്ങളാണ് (Qualities) ഭയം ചിന്തകളിലാണ് നിലനിൽക്കുന്നത്. അതിനെ മറിക്കടക്കാൻ മറ്റൊരു ചിന്ത കൊണ്ടുവരുന്നു. അതാണ് ധീരത.

ചെറിയ കുട്ടികളിൽ സാധാരണഗതിയിൽ ഭയം വളരെ കുറവായിരിക്കും. അതിന്റെ കാരണം STR അവരിൽ കുറവായിരിക്കും. എന്നതുതന്നെ അത് വർദ്ധിപ്പിക്കാൻ ചില നുണക്കഥകൾ മുതിർന്നവർ അവർക്ക് പറഞ്ഞുകൊടുക്കുന്നു. അങ്ങിനെ ഭയം അവരിൽ വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് മുതിർന്നവർ ഉദ്ദേശിക്കുന്നത്, സാഹസകൃത്യങ്ങളിൽ നിന്നും അനുസരണക്കേടിൽനിന്നും അവരെ പിന്തിരിപ്പിക്കുക എന്നതാണ്. എന്നാൽ തങ്ങൾ ഒരു ആത്മാവിന്റെ ഉയർച്ചയെ തകർത്ത് കളയുകയാണെന്ന് ഈ മാതാപിതാക്കൾ അറിയുന്നില്ല. വളരെ ചെറിയ മനസുകളിൽ ലഭിക്കുന്ന ഭയം മരണംവരെ അവരെ വല്ലാതെ സ്വാധീനിക്കുമെന്നും അവരുടെ ബോധത്തെ ($W_X$-നെ) ഉയർത്തുവാൻ അവർക്ക് പിന്നീട് വളരെ ബുദ്ധിമുട്ടാകുമെന്നും അവർ അറിയുന്നില്ല. ഇത് ഒരു തരം ചൂഷണമാണ്. പ്രായമാകുമ്പോൾ തങ്ങൾ സമ്പാദിച്ച സ്വത്തുക്കൾ സൂക്ഷിക്കാനും, തങ്ങളെ സംരക്ഷിക്കാനും ഉപയോഗിക്കത്തക്കമവണ്ണമുള്ള ഒരു വസ്തുവായി കുട്ടികളെ തരംതാഴ്ത്തി കാണുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് സ്വാർത്ഥതയാണ്. ഇതും മാതാപിതാക്കളുടെ ഭയം കൊണ്ടുതന്നെയാണ്.

***ഭയത്തെ ആർക്കും ഉണ്ടാക്കാനും നശിപ്പിക്കാനും കഴിയില്ല. അത് വർദ്ധിപ്പിക്കാനെ കഴിയുകയുള്ളുവെന്ന് മനസിലാക്കുക.*** ഈ വർദ്ധിപ്പിക്കലാണ് ഞാൻ മുകളിൽ സൂചിപ്പിച്ചത്. ഭയം മനുഷ്യന്റെ ജന്മവാസനയാണ് (Tendency) അത് ജീനുകളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

ഈ ലോകത്തിൽ ജീവൻ ഉണ്ട് എന്ന് തെളിയിക്കപ്പെട്ടിട്ടുള്ള എല്ലാ ജീവവസ്തുക്കൾക്കും ഭയം ഉണ്ടെന്നുകൂടി ശാസ്ത്രം തെളിയിച്ചിരിക്കുന്നു. ചെടികൾക്കും, മൃഗങ്ങൾക്കും, മനുഷ്യർക്കും ഭയമുണ്ട്. എന്നാൽ ഭയം ഏറ്റവും കൂടുതൽ പ്രകടമാകുന്നത് മനുഷ്യനിലാണ്. കാരണം $f_x d_x w_x$ എന്ന അവന്റെ മനസിന്റെ ഘടന തന്നെ. മൃഗങ്ങളിലും, ചെടികളിലും ഭയം instinct ആയി നിലനിൽക്കുന്നു. എന്നാൽ മനുഷ്യനിൽ അത് ചിന്തയായി നിലനിൽക്കുകയും 24 മണിക്കൂറും ബോധം ($W_X$) അതിനെ തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നു. (ഗാഢ നിദ്രയിൽ ഒഴിച്ച്)

ചെടികളും, മൃഗങ്ങളും പ്രകോപനങ്ങളിൽ മാത്രമെ ഭയപ്പെടാറുള്ളു. എന്നാൽ മനുഷ്യൻ സദാസമയവും ഭയം എന്ന ചിന്തയും പേറി ജീവിക്കുന്നു. മൃഗങ്ങളും, ചെടികളും ഇരുട്ടിനെ ഭയപ്പെടുന്നില്ല. എന്നാൽ മനുഷ്യൻ ഇരുട്ടിനെ ഭയപ്പെടുന്നു. അതായത് ***മനുഷ്യനിൽ ഭയം ചിന്തയാണെന്ന് ഇത് തെളിയിക്കുന്നു.*** ഈ ഭയത്തിന് പ്രപഞ്ചത്തിന്റെ ഉത്ഭവം തുടങ്ങിയുള്ള ജീവ പരിണാമ പ്രക്രിയകൾക്ക് ബന്ധമുണ്ട്.

പരമാനന്ദമായിരുന്ന മഹാബോധത്തിൽനിന്ന് ബോധം അഹന്തയുടെ അറിവില്ലായ്മയിൽ വേർപിരിഞ്ഞപ്പോൾ ആദ്യത്തെ ഭയം സംഭവിച്ചു. കാരണം തനിക്കെന്ത് സംഭവിച്ചു എന്നറിയാൻ പറ്റാത്തവണ്ണം അന്ധകാരത്തിലേയ്ക്ക് ആ ബോധം അമർന്നുപോയി. അതായത് താൻ ആയിരുന്ന പരമാനന്ദത്തിൽ നിന്ന് വേദനയുടെയും ദുഃഖത്തിന്റേയും താഴ്വരയിലേക്കാണല്ലോ പോന്നത് എന്ന് ആ ബോധം തിരിച്ചറിയുന്നു. പക്ഷെ വേർപെടാൻ ഉപയോഗിച്ച അജ്ഞത മാറ്റാൻ അടിസ്ഥാന മനസായ FDയ്ക്കു കഴിഞ്ഞില്ല. കാരണം വേർപെടാൻ ആഗ്രഹിച്ച അഹന്തയെ പൂർണ്ണമായും ഇല്ലാതാക്കണം അതാണതിന്റെ നിയമം. ***അത് എങ്ങിനെ എന്ന് അറിയാനാണ് FD എന്ന മനസ് പരിണാമത്തിലൂടെ സമയത്തിൽ സഞ്ചരിക്കാൻ തുടങ്ങിയത്.*** അങ്ങിനെ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടു, ജീവൻ മുളച്ചു അവസാനം മനുഷ്യനിൽ FDയുടെ പരിണാമം എത്തിയപ്പോഴാണ് അവന് ബോധത്തെ തിരിച്ചറിയുന്ന മഹാബോധത്തിന്റെ അംശമായ ***തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധം*** ($W_X$) തിരിച്ചുകാട്ടിയത്. ഈ ബോധം വേദനയേയും, പരമാനന്ദത്തെയും തിരിച്ചറിഞ്ഞു. പരമാനന്ദത്തെ തിരിച്ചറിഞ്ഞബോധം അതിൽ എന്നും നിലനിൽക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ FD എന്ന അറിവില്ലായ്മ അതിനെതിരെ ഇന്ദ്രിയങ്ങൾ (perception) എന്ന ആയുധം ഉപയോഗിച്ച് തടഞ്ഞു തുടങ്ങി. അതിന്റെ ഫലമോ മിസ്റ്റിക്കുകൾ എല്ലാവരും തന്നെ മനുഷ്യാത്മാവിനെ സ്വതന്ത്രമാക്കുന്നതിൽ പരാജയപ്പെട്ടുപോയി. ഈ പരമാനന്ദ അവസ്ഥ ഉള്ളതിനാലാണ് വീണ്ടും മഹാബോധത്തിലേയ്ക്ക് മടങ്ങാൻ മനുഷ്യർ പ്രേരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

എന്നാൽ അജ്ഞത (Ignorance)യുടെ ഇരുട്ടിലായ FD പരിണാമത്തിലൂടെ മനുഷ്യനിൽ എത്തുകയും എണ്ണിയാൽ ഒടുങ്ങാത്ത അത്രയും വിഘടിക്കപ്പെടുകയും $f_1d_1$,$f_2d_2$, $f_3d_3$....600 കോടിയോളം ആയിരിക്കുന്നു. അങ്ങിനെ മനുഷ്യനിലെത്തുന്ന ബോധത്തിന്റെ അംശം $f_xd_x$ന് $W_X$ എന്ന തിരിച്ചറിവ് ലഭിക്കുകയും വീണ്ടും വീണ്ടും അനേകം ശരീരങ്ങളെടുത്ത് ആത്മാവിനെ മോചിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പക്ഷെ ഇവിടെ



ഒരപകടം പതിയിരിപ്പുണ്ടായിരുന്നു. തിരിച്ചറിവിനെ തിരിച്ചറിയുന്ന കഴിവ് $F_xd_xw_x$ന് കിട്ടിയപ്പോൾ ലൈംഗിക സുഖമെന്ന സുഖം എന്തെന്ന് അവൻ അറിയാൻ ഇടയായി. ഈ സുഖം FDയുടെ ലക്ഷ്യവും യഥാർത്ഥബോധത്തിന് കെണിയുമായി. എളുപ്പത്തിൽ പ്രാപ്യമാകുന്നതും എന്നാൽ ആത്മാവിന് രക്ഷപ്പെടാൻ പഴുതുകൾ ഇല്ലാത്തതുമായതിനാലും $f_xd_xw_x$ എന്ന ആത്മാവിന്റെ കൂട്ടുകെട്ട് മനസ് ഭൂമിയിൽ തളയ്ക്കപ്പെട്ടു. മുളയ്ക്കുന്നതെല്ലാം, വളരുകയും, വളരുന്നതെല്ലാം നശിക്കുകയും ചെയ്യുന്നതിനാൽ ജീവിതമെന്ന ചെറിയ കാലയളവിനുള്ളിൽ സത്യംതിരിച്ചറിഞ്ഞ് wx എന്ന യഥാർത്ഥബോധത്തിന് മഹാബോധത്തിലേയക്ക് തിരിച്ചുചെല്ലാനുള്ള സമയം തികയാതെ വീണ്ടും ജന്മമെടുക്കേണ്ടിവരുന്നു. തടസം ആദിയിലെ അജ്ഞത (Ignorance) തന്നെ. ഇന്ദ്രിയ പ്രേരണകളും, ഇന്ദ്രിയ സുഖങ്ങളും, സത്യമാണെന്ന് തെറ്റായി ധരിപ്പിക്കപ്പെടുകയും, സ്വാതന്ത്ര്യത്തിലേയ്ക്ക് വളരേണ്ട ആത്മാവ് $W_X$ ശരീരത്തിന്റെയും, മനസിന്റേയും പ്രവണതകൾക്ക് കൂട്ടുനിന്ന് അടിമത്വം അനുഭവിക്കുകയും ചെയ്യുന്നതിനാൽ ഓരോ ശരീരവും ആത്മാവിനെ ബലികൊടുക്കാൻ കൂട്ടുനിൽക്കേണ്ടതായും വരുന്നു.

അതായത് നന്മചെയ്യാൻ ആഗ്രഹിക്കുന്നെങ്കിലും തിന്മയാണല്ലോ മൊത്തം ചെയ്തു പോകുന്നത് എന്ന അവസ്ഥയിലായി ആത്മാവ് ($W_X$) നന്മചെയ്യാനുള്ള ആഗ്രഹങ്ങളിൽ ചിലത് wx-നെ ഉയർത്തുന്നതിൽ സഹായിച്ചു. അങ്ങിനെ കൃപലഭിച്ച മിസ്റ്റിക്കുകൾ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടു. അവരിലൂടെ മറ്റ് ആത്മാക്കളും അത് തിരിച്ചറിയാൻ തുടങ്ങി. അങ്ങിനെ $W_X$ന്റെ വളർച്ച തുടരാൻ മനുഷ്യ സമൂഹത്തിൽ വിരലിൽ എണ്ണാവുന്ന $W_X$ മനസുകൾക്കു കഴിഞ്ഞു. അത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

അജ്ഞത ഭയം തന്നെയാണ് അഥവാ ഭയം അജ്ഞതതന്നെയാണ് ഇവരണ്ടായി തോന്നുന്നത് മനസ് വിധിക്കുകയും എന്തിനെയും Divide ചെയ്യുന്നതിനാലുമാണ്. ഇങ്ങനെ തോന്നാൻ കാരണം ഭാഷയുടെ ദ്വന്ദത കൊണ്ടാണ്. ഇതിൽനിന്നും ഭയത്തിന്റെ ഉത്ഭവവും അത് ശരീരത്തിൽ എങ്ങിനെ ജീനുകളായും അവ പിന്നീട് പ്രവണതകളായും (Tendencies) മാറുന്നു. എന്ന് നിങ്ങൾക്കു മനസിലാക്കാൻ കഴിയുമല്ലോ?

അതായത് ഈ ഭൂമിയിൽ ഒരു മനുഷ്യൻ എനിക്ക് ഭയം, അഥവാ മരണഭയം ഇല്ലാ എന്നുപറഞ്ഞാൽ അത് ശുദ്ധകളവാണ്. ആ വ്യക്തിക്കുപോലും തിരിച്ചറിയാനാവാത്ത നുണ എന്നാണ് നാം മനസിലാക്കേണ്ടത് ഭയത്തിനു സാക്ഷിയായി നിൽക്കാൻ മിസ്റ്റിക്കുകൾക്ക്

കഴിയും മരണ ഭയം അവർക്ക് അനുഭവിക്കില്ല. കാരണം മരണം, ജീവിതം ഇവ എന്താണെന്ന് മിസ്റ്റിക്കുകൾ (കൃപലഭിച്ചവൻ) അറിയുന്നു. കാരണമറിയുന്നവന് സംശയമുണ്ടാകില്ലല്ലോ. സംശയമില്ലെങ്കിൽ (അതോ, ഇതോ എന്ന ചിന്ത) STR വല്ലാതെ കുറഞ്ഞുപോകും. അപ്പോൾ താൻ ഒരു ബോധം ($W_X$ൽ ആത്മാവ്) മാത്രമാണെന്ന് അയാൾ തിരിച്ചറിയും. ശരീരവും, മനസും തനിക്കൊരു ഭാരാമാണെന്നും, അതിനെ ത്യജിക്കാൻ അവർ ആഗ്രഹിക്കുകയും ചെയ്യും. എന്നാൽ തന്റെ സഹജീവികളോടുള്ള അനുകമ്പ തന്റെ ജീവിതമാകുന്ന ദുരിതം നീട്ടുകൊണ്ടുപോകുവാൻ അത്തരം മിസ്റ്റിക്കുകളെ പ്രേരിപ്പിക്കുന്നു.

രത്നക്കല്ല് നീട്ടുമ്പോൾ തത്ക്കാലം കരിക്കട്ടമതി രത്നം ഞാൻ പിന്നീട് എനിക്കിഷ്ടമുള്ളപ്പോൾ വാങ്ങിക്കോളാം എന്നു പറയുന്ന അവസ്ഥയാണിത്.

അപ്പോൾ, ഭയത്തിന് ഈ പ്രപഞ്ചത്തിനോളം ആയുസുണ്ട്. അത് മനുഷ്യനിൽ എത്തുമ്പോൾ അഹം (ego) അതിനെ ധൈര്യം എന്ന ചിന്തകൊണ്ട് മറച്ച് പിടിക്കാൻ ശ്രമിക്കുന്നു. മരണഭയമാണ് മനുഷ്യനെ സംബന്ധിച്ച് അടിസ്ഥാന ഭയം. താൻ മരിച്ചുപോകും, തനിക്ക് മരണമുണ്ട് എന്ന തിരിച്ചറിവിനെ തിരിച്ചറിയാൻ തുടങ്ങലാണ് ഭയം. ഭയത്തിന്റെ അടിസ്ഥാനം ഇതാണ്. ജീനുകളിൽ കോഡ് ചെയ്തു വച്ചിരിക്കുന്നു ഒരു പ്രോഗ്രാം തന്നെയാണ് ഇത്. ഈ ഭയപ്പെടുത്തലിന്റെ ഉദ്ദേശവും ആത്മാവിന്റെ അടിമത്വം തന്നെ.

വീരസാഹസിക ചിത്രങ്ങൾ കാണാനും, മരണത്തെപോലും തൃണവൽഗണിച്ചുകൊണ്ട് സാഹസകൃത്യങ്ങൾ കാണിക്കുന്നതും, യുദ്ധങ്ങളും, ഭീകരപ്രവർത്തനങ്ങളും എന്നുവേണ്ട ജീവിതത്തിന്റെ അടിസ്ഥാന കാര്യങ്ങളിൽ പോലും ഭയത്തെ മറച്ച് പിടിക്കാൻ (ego) ധാരാളം സൂത്രങ്ങൾ കണ്ടുപിടിക്കുന്നുണ്ട് എന്ന് ഓർക്കുക. അതുകൊണ്ടാണ് മരിക്കാൻ നിങ്ങൾക്കു ഭയമുണ്ടോ എന്ന് നിങ്ങൾ ആരോടെങ്കിലും ചോദിച്ചാൽ ഭൂരിഭാഗം പേരും മരണത്തെ ഭയമില്ല എന്നു ആലോചിക്കാതെ പറയുന്നത്. എന്നാൽ കത്തിയുമായി നിങ്ങളെ കൊല്ലാൻ ഓടി വരുന്ന ഒരാളെകണ്ടാൽ നിങ്ങൾ ഭയപ്പെടില്ലേ? എന്നു ചോദിച്ചാൽ ആരാണ് അത്തരം സാഹചര്യത്തിൽ ഭയപ്പെടാത്തത്? എന്ന മറുചോദ്യം കൊണ്ട് സ്വയം വിഡ്ഢിയാകുകയും ചെയ്യുന്നു. ഭയപ്പെടുന്നത് ആത്മാവല്ലാ നിങ്ങളുടെ ചിന്തകളുടെ ആകെ തുകയായ egoയാണ്. ധൈര്യം കാണിക്കുന്നതും, കാണിക്കാൻ ശ്രമിക്കുന്നതും അതേ ego തന്നെയാണ്, തന്നിലുള്ള ഭയം മറച്ചു പിടിക്കാൻ വീരസാഹസിക ചിത്രങ്ങൾ കാണുകയും അതിലെ നായകന്മാരായി സ്വയം ഭാവനയിൽ ego-യെ ഉയർത്തുകയും ചെയ്യുന്നു. ലോകവ്യാപാരങ്ങൾ മുതൽ വ്യക്തിഗത വ്യാപാരങ്ങൾ വരെ മനുഷ്യരുടെ ഈ ഭയത്തെയാണ് ചൂഷണം ചെയ്യുന്നത് ഭയത്തിന്റെ ഏറ്റവും വലിയ ഉത്പന്നമാണ് പ്രാർത്ഥന. പ്രാർത്ഥനാലയങ്ങളിൽ പോകുന്നവർ ഭയത്തെയാണ് പ്രാർത്ഥനയിലൂടെ മറികടക്കാൻ ശ്രമിക്കുന്നത്.



തനിക്ക് നിത്യജീവൻ നൽകാനുള്ള കൃപയും, വിശ്വാസവും നൽകണേ എന്ന് ലോകത്തിലുള്ള എത്രപേർ പ്രാർത്ഥിക്കുന്നുണ്ടാകും? അസാദ്ധ്യമാണ് അത്തരം ആളുകളെ കണ്ടുപിടിക്കാൻ. ഇന്നു നിലവിലുള്ള എല്ലാ പ്രാർത്ഥനകളും പരിശോധിച്ചു നോക്കിയാൽ ഭൗതിക ജീവിതത്തിലെ നശ്വര വസ്തുക്കളിലുള്ള ആശങ്കയും, ഭയവുമാണ് അതിന്റെ ഉള്ളടക്കം എന്ന് അല്പം ചിന്തിക്കുന്ന ഏതു മനുഷ്യനും മനസിലാക്കാൻ കഴിയും. ഓരോരുത്തരും അവരവരുടെ പ്രാർത്ഥനയെക്കുറിച്ച് ഒന്ന് ചിന്തിക്കാൻ ശ്രമിച്ചു നോക്കുക. അരുതാത്തത് വീണ്ടും ചെയ്യാനും, ആഹാരം മുടങ്ങാതെ ലഭിക്കാനും മറ്റ് ഭൗതിക പരാതികളും, ശാരീരിക വേദനകളും പരിഹരിക്കാനുമാണ് ലോകത്തിലെ ജനങ്ങൾ മൊത്തം പ്രാർത്ഥിക്കുന്നത്. ഇത്തരം ഒരു സ്ഥിതിവിശേഷം ഉണ്ടാക്കിവെച്ചത് മറ്റാരുമല്ല, FDതന്നെ. അതിന്റെ ഭയവും, അറിവില്ലായ്മയുമാണ് ഇതിനുകാരണം.

Human ഒരു being ആകുമ്പോൾ അവന് പ്രാർത്ഥിക്കാൻ കഴിയുന്ന ഒരേ ഒരു പ്രാർത്ഥന ഇപ്രകാരം മാത്രമാണ്. ***"മഹാബോധമായ എന്റെ പിതാവേ, അഹന്തയുടെ അറിവില്ലായ്മയാൽ എനിക്ക് അങ്ങയുടെ പരമാനന്ദത്തിൽ നിന്ന് പിരിഞ്ഞ് പോരേണ്ടതായിവന്നു. നിത്യജീവനാകുന്ന ആ പരമാനന്ദത്തിൽ വീണ്ടും ചേരുവാൻ ആവശ്യമായ വിശ്വാസവും കൃപയും (പ്രസാദം) എന്നിൽ സംഭവിക്കേണമേ. എന്നിരുന്നാലും എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ."***

മനുഷ്യാത്മാവിന്റെ നിസഹായാവസ്ഥ ഈ പ്രാർത്ഥനയിൽ വ്യക്തമാണ്. ഇതിൽ ഭൗതികമായ ഒരാവശ്യവും ഇല്ല. ജീവിതലക്ഷ്യമായ നിത്യജീവൻപോലും ചോദിക്കുവാനുള്ള അർഹത നഷ്ടപ്പെട്ട ഒരാത്മാവിന്റെ നിലവിളിയാണീ പ്രാർത്ഥന. അഹന്തയുടെയോ, സ്വാർത്ഥതയുടേയോ ഒരംശംപോലും ഈ പ്രാർത്ഥനയിൽ ഇല്ല. ഈ പ്രാർത്ഥന നിങ്ങളുടെ STR കുറയ്ക്കാൻ സഹായിക്കും. അതുവഴി അനേക വർഷങ്ങളുടെ പ്രാർത്ഥനകൊണ്ട് കൃപ തീർച്ചയായും നിങ്ങളുടെ ജീവിതത്തിലേയ്ക്ക് വരും. അപ്പോൾ Neutral life സാധ്യമാകുകയും മരണസമയത്ത് നിത്യജീവൻ ലഭിക്കുകയും ചെയ്യും.

ഭയം ഒരു തരം മാനസികരോഗമാണ്. അത് നാം തിരിച്ചറിയണം. ***ആത്മാവിന്റെ ബന്ധനത്തിനും, ഭൗതിക ജീവിതത്തിന്റെ പരാജയത്തിനും ഇതാണ് പ്രധാനകാരണം.*** ഭയത്തെ അതിജീവിക്കാൻ പ്രാഥമികമായി ചെയ്യേണ്ട ഒരേ ഒരു കാര്യം മരണത്തെകുറിച്ചുള്ള ചിന്ത ബോധ മനസിൽനിന്ന് പോകാതെ സൂക്ഷിക്കലാണ്. അതായത് മരണം ഓർമ്മയിൽ സദാസമയവും സൂക്ഷിക്കാൻ കരുതികൂട്ടി ശ്രമിക്കുക. ഒരാൾ തന്റെ ജീവിതത്തെ സമൂഹവുമായി ഏത് തരത്തിൽ ബന്ധപ്പെടുത്തിയാലും മരണം മുന്നിൽ കാണുക. തന്റെ ശരീരം മരണത്തിലേയ്ക്കാണ് വളരുന്നത് എന്ന് മനസിനെ പറഞ്ഞ് പഠിപ്പിക്കുക. അപ്പോൾ സംഭാഷണം, വാദപ്രതിവാദങ്ങൾ, തർക്കം, വിലപേശൽ, ഭോഗാസക്തി, ദുരാഗ്രഹം ഇവ പെട്ടെന്നു കുറയുന്നതായി അനുഭവപ്പെടും. അങ്ങിനെ ബന്ധങ്ങളിലും, സമൂഹത്തിലും ശരീരം ജീവിക്കുമെങ്കിലും മനസിൽ ഒരു ഏകാന്തത അനുഭവപ്പെടാൻ തുടങ്ങും. ആ ഏകാന്തതയെ പരിപോഷിപ്പിക്കുക അപ്പോൾ മനസിന്റെ vibration കുറയാൻ തുടങ്ങും. എന്തിനും, ഏതിനും കാത്തിരിക്കാൻ തയ്യാറുകുക. ആ കാത്തിരിപ്പ് ഒരു maturity മനസിൽ സൃഷ്ടിക്കും. ഇത് മനസിനെ ഒരു തരം പ്രശാന്തതയിലേക്ക് നയിക്കും. ഈ പ്രശാന്തതയിൽ ഭയം കുറേശ്ശേ കുറയുന്നതായി അനുഭവപ്പെടും. ഭയത്തിനു സാക്ഷിയാകാൻ മനസ് പഠിക്കുന്നതാണിത്. ഉള്ളിൽനിന്ന് ആരോ സംസാരിക്കുന്നതായും മനസിൽ പൊന്തുന്ന സംശയങ്ങൾക്ക് ഉത്തരം ലഭിക്കുന്നതായും അനുഭവപ്പെടും. ഇത് വിശ്വാസം സംഭവിക്കാൻ ഇടയാകും. യഥാർത്ഥ വിശ്വാസത്തിൽ മനസിനെ നിറുത്തുവാൻ ഇത് പ്രേരിപ്പിക്കും. അങ്ങിനെ ഒരിക്കൽ ആ പ്രേരണ സഫലമാക്കുയും, അതായത് വിശ്വാസം സംഭവിക്കാനുള്ള സാഹചര്യങ്ങൾ വരുകയും, ആ സാഹചര്യങ്ങളിൽ മനസിനെ ഒരു സാക്ഷിയാക്കി നിർത്തി വിശ്വാസത്തിലേയ്ക്ക് കടക്കുകയും ചെയ്യുക. വിശ്വാസം എന്ന ഭാഗത്ത് സമാനമായ സാഹചര്യം എന്തെന്ന് കൊടുത്തിരിക്കുന്നതോർക്കുക. അങ്ങിനെ മനസ് നിന്നുപോകുമ്പോൾ കൃപ ലഭിക്കുന്നു. അതോടെ ഭയത്തിന്റെ നാലിൽ മൂന്നുഭാഗവും ഇല്ലാതാകുന്നു. ഇരുട്ടിനേയും, ഏകാന്തതയേയും ഭയപ്പെടുന്നതിനുപകരം അവയെഇഷ്ടപ്പെടാൻ തുടങ്ങുന്നു. ഉള്ളിന്റെ ഉള്ളിൽ അസാധാരണമായ ഒരു ആനന്ദം ഉയരുന്നതായി അനുഭവപ്പെടാൻ തുടങ്ങും. അതിന് കാരണങ്ങൾ ഒന്നും കണ്ടുപിടിക്കാൻ നിങ്ങൾക്കു കഴിയാതെ വരുമ്പോൾ ഓർക്കുക കൃപ പൂർണ്ണമായും ലഭിച്ചിരിക്കുന്നു എന്ന്. പിന്നീടുള്ള ജീവിതം വളരെ മനോഹരമായിരിക്കും. എല്ലാം ഉണ്ട് എന്നാൽ ഒന്നും



ഇല്ല, എന്ന അവസ്ഥ. ***ഭൗതികവസ്തുക്കളും, ബന്ധങ്ങളും, ആഘോഷങ്ങളും എല്ലാം ആസ്വദിക്കുമ്പോഴും, മനസ് ഒരു സാക്ഷിയായി നിൽക്കുന്ന അസാധാരണമായ ഒരു അനുഭവം ഉണ്ടാകുന്നു.*** ചേമ്പിലയിൽ വെള്ളം കണക്കേ ഒന്നുമായി ബന്ധമില്ലാതാകുകയും മനസ് മറ്റെന്തിനേയോ ലക്ഷ്യമാക്കി സഞ്ചരിക്കുന്നതു കാണാൻ കഴിയുകയും മനസിൽ 24 മണിക്കൂറും തികഞ്ഞ കൃതജ്ഞതയും മഹാബോധത്തെക്കുറിച്ചുള്ള ചിന്തയും, പ്രാർത്ഥനയും മാത്രം അവശേഷിക്കുകയും ചെയ്യുന്നു. മറ്റാരേയും ആശ്രയിക്കാൻ കൂട്ടാക്കാതെ സ്വന്തം അദ്ധ്വാനത്തിൽ നിലനിൽക്കാൻ യഥാർത്ഥബോധം നിങ്ങളെ പ്രേരിപ്പിക്കുന്നു. ***ഇതാണ് യഥാർത്ഥ ധീരത.*** നിത്യജീവനിലേയ്ക്ക് ആത്മാവിനെ നയിക്കുന്ന ധീരത ഇതൊരു ചിന്തയല്ല, (കൃപ) പ്രസാദമാണെന്നോർക്കുക.

“ധീരന്മാരായ” മഹാന്മാർ ലോകത്ത് ഒരു പാട് ജനിച്ചിട്ടുണ്ട് ലോകം അവരുടെ പ്രതിമകൾ വച്ച് ആരാധിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ സ്വന്തം മകൻ അന്യജാതിയിലെ സ്ത്രീയെ വിവാഹം കഴിക്കുമ്പോൾ അവനെ വീട്ടിൽ നിന്ന് ആട്ടിയോടിക്കുകയും, തന്റെ ആശയങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരുടെ ധൈര്യത്തിന് ഭയത്തിന്റെ ഏതു മുഖമാണ് യോജിക്കുക എന്നു കണ്ടുപിടിക്കാൻ പ്രയാസമാണ്. ഭയത്തെ മറച്ചു പിടിക്കാൻ കൈയ്യിൽ തോക്കുമായി നീങ്ങുന്ന “ധീരന്മാരായ” തീവ്രവാദികളെക്കാൾ കഷ്ടമാണ് ഈ മഹാന്മാരുടെ അവസ്ഥ. പ്രകോപനങ്ങളിൽ രഹസ്യമായും, പരസ്യമായും പ്രതികരിക്കാതെ ഒരു സാക്ഷി എന്നപോലെ പ്രകോപനത്തെ നോക്കികാണുകയും, പ്രകോപനമുണ്ടാക്കിയവന്റെ ബോധം ഉയർത്താൻ മഹാബോധത്തോടു പ്രാർത്ഥിക്കുവാനും കഴിയുന്നവനാണ് യഥാർത്ഥ ധീരൻ, ധീരത ജന്മനായുള്ള സ്വഭാവമല്ല എന്ന് അറിയുക. എല്ലാധീരതയും egoയുടെ സന്താനമായ ആത്മാഭിമാനം എന്ന അറിവില്ലായ്മയാണെന്ന് തിരിച്ചറിയുക. അതിന്റെ ഉദ്ദേശം ഭീരുക്കളുടെ പാരിതോഷികങ്ങളും കൈയ്യടികളും മാത്രമായിരിക്കും. ആത്മാവ് വീണ്ടും ശരീരം തേടി ഭൂമിയിൽ അലയും. എന്നാൽ യഥാർത്ഥ ധീരന് ഇതൊന്നും ആവശ്യമില്ല. അവന്റെ പ്രതിഫലം നിത്യജീവനാണ് നശിക്കാത്ത ബോധം, യഥാർത്ഥ ബോധം (wx) അഥവാ ആത്മാവിന്റെ സ്വാതന്ത്ര്യം.

## അദ്ധ്യായം 4

# ബ്രഹ്മചര്യം

ഈ അദ്ധ്യായത്തിനുവേണ്ടിയാണ് ഈ പുസ്തകം എഴുതപ്പെട്ടത്.

മഹാബോധം,യഥാർത്ഥ ബോധം ($W_X$) മനുഷ്യമനസ് ($f_x d_x$) ഇതിനെ നിയന്ത്രിക്കുന്ന FD (Fundamental desire) എന്ന അടിസ്ഥാന മനസ്, ഇവയെക്കുറിച്ചും, യഥാർത്ഥ ബോധം എങ്ങിനെ ഉയർത്താം, അത് ഉയർത്താനാവശ്യമായ ഘടകങ്ങൾ എന്തെല്ലാം, ഈ വിഷയങ്ങളെക്കുറിച്ച് വളരെ കുറച്ച് കാര്യങ്ങൾ കഴിഞ്ഞ അദ്ധ്യായങ്ങളിൽ വിവരിച്ചു കഴിഞ്ഞു. അതെല്ലാം theoretical രീതികളാണ്. എന്നാൽ നമുക്കറിയാം, തിയറികൾ പ്രവർത്തനത്തിന്റെ ആധാരമാണെങ്കിലും അവ സ്വയം പ്രവർത്തിക്കുകയില്ല. അവയെ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ രണ്ട് മാർഗങ്ങൾ മാത്രമേ ഉള്ളൂ. യഥാർത്ഥ ബോധം അഥവാ awareness ഇത് ഉയർത്തികൊണ്ടുവരുവാൻ ഉപയോഗിക്കുന്ന ഒന്നാമത്തെ രീതി പ്രായോഗിക പരിശീലനമാണ്. അത് ഈ പുസ്തകത്തിന്റെ പരിധിക്കപ്പുറമായതിനാലും practical ആയി പരിശീലിക്കേണ്ടതിനാലും അത് വിവരണത്തിൽ ഒതുങ്ങുകയില്ല. അവ വിവരിക്കുന്നതിൽ അർത്ഥവും ഇല്ല. ഭാഷ അതിന് അപര്യാപ്തമാണ്.

രണ്ടാമത്തെ രീതിയാണ് ബ്രഹ്മചര്യം. വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പദമാണ് ഇത്. വിവാഹം കഴിക്കാതെ, അല്ലെങ്കിൽ സ്ത്രീ പുരുഷനേയോ, പുരുഷൻ-സ്ത്രീയേയോ, അറിയാതിരക്കുന്നതാണ് ബ്രഹ്മചര്യം എന്നു നാം ധരിച്ചിരിക്കുന്നു; അല്ലെങ്കിൽ നമ്മെ ധരിപ്പിച്ചിരിക്കുന്നു. ബ്രഹ്മത്തെ ജീവിതചര്യയായി സ്വീകരിക്കുന്ന ഒരവസ്ഥയാണത്. പൗരാണിക ഗ്രന്ഥങ്ങളിൽ ചിലത് ഇത് വ്യക്തമാക്കുന്നുണ്ട്. അതായത് Neutral life എന്നു വിശേഷിപ്പിച്ച ജീവിത രീതിയാണിത്. വിവാഹം കഴിക്കാത്ത അവസ്ഥയെ ബ്രഹ്മചര്യം എന്ന് തെറ്റിദ്ധരിപ്പിക്കാൻ FDയ്ക്കു കഴിഞ്ഞു. അതിനാൽ ആയിരകണക്കിന് സന്യാസി-സന്യാസിനികളെ സൃഷ്ടിക്കുവാനും, ആത്മീയതയുടെ പേരിൽ അവരെ ഇരുട്ടിൽ തപ്പിതടയാനും FD എന്ന അടിസ്ഥാന മനസിനുകഴിഞ്ഞു. ബ്രഹ്മചര്യം എന്നത് മനസിൽ സംഭവിക്കുന്ന ഒരു അവസ്ഥാഭേദമാണ് അല്ലാതെ ഒരു ജീവിത രീതിയല്ല.





വിവാഹം കഴിച്ചവനും, കഴിക്കാത്തവനും ബ്രഹ്മചാരിയാകാം. വിവാഹം കഴിക്കാത്തവർക്ക് ബ്രഹ്മചര്യം വളരെ എളുപ്പത്തിൽ സംഭവിക്കാൻ സാദ്ധ്യത ഉണ്ടെന്നുള്ളതാണ് അതിന്റെ പ്രത്യേകത. വിവാഹം കഴിച്ചവരെ സംബന്ധിച്ച് ബ്രഹ്മചര്യം അസാദ്ധ്യമായി തോന്നിപ്പിക്കുന്നു. അതിനാൽ ബ്രഹ്മചര്യം സംഭവിക്കുന്നതിനെ മരണം വരെ അവർ നീട്ടികൊണ്ടുപോകുന്നു. രണ്ടു വ്യക്തികൾ തമ്മിൽ നിയമബന്ധിതമായ ഏർപ്പാടായതുകൊണ്ട് വിവാഹിതരുടെ ബ്രഹ്മചര്യം രണ്ട് വ്യക്തികളുടെ അഭിപ്രായ ഐക്യത്തെ ആശ്രയിച്ചിരിക്കുന്നു. ഈ അഭിപ്രായ ഐക്യങ്ങൾ സംഭവിക്കാതിരിക്കാൻ FDയ്ക്ക് ഒരുപാട് സൂത്രങ്ങൾ അവരുടെ ജീവിതത്തിലേയ്ക്ക് കടത്തി വിടാൻ കഴിയുന്നു. എന്നാൽ അവിവാഹിതരെ സംബന്ധിച്ച്, താൻ തന്നെ എടുക്കുന്ന തീരുമാനത്തിൽ ബ്രഹ്മചര്യം സംഭവിക്കുന്നു.

ബ്രഹ്മചര്യം ഒരു ജീവിതരീതിയോ, ശീലമോ, സാധനയോ അല്ല. ബ്രഹ്മചര്യം സംഭവിക്കുന്നതാണ്. ലൈംഗിക ആസക്തിയിൽ നിന്നും ശരീരം സ്വയം പിൻവലിയുന്ന ഒരവസ്ഥയാണിത്. എന്നിരുന്നാലും ലൈംഗികത മനുഷ്യനിൽ നഷ്ടപ്പെടുന്നില്ല. കാരണം ലൈംഗിക ഹോർമോണുകളുടെ പ്രവർത്തനം ശരീരകോശങ്ങളിലെ ജീനുകളുടെ പ്രോഗ്രാമിൽപ്പെട്ടതാണ്. അതിനാൽ ആരെങ്കിലും താൻ ബ്രഹ്മചാരിയാണെന്നും തനിക്ക് ലൈംഗിക ആസക്തി ഇല്ലെന്നും പറയുന്നുവെങ്കിൽ ഒന്നെങ്കിൽ ആയാൾ ഷണ്ഡൻ അല്ലെങ്കിൽ അയാൾ പച്ചകള്ളം പറയുന്നു. ലൈംഗിക ആസക്തി ജന്മനാ ഉള്ളതാണ്. അത് മരണം വരെ നിലനിൽക്കുകയും ചെയ്യും എന്നാൽ പ്രായമാകുമ്പോൾ ലൈംഗിക അവയവങ്ങൾക്ക് ക്ഷീണം സംഭവിച്ച് അത് പ്രവർത്തനരഹിതമായേക്കാം. പക്ഷെ ലൈംഗിക ആസക്തിയിൽ നിന്ന് മനസിന് മോചനമില്ല. ലൈംഗികതയിൽ നിന്നാണ് നിങ്ങൾ ജനിക്കുന്നത് എന്ന് ഓർക്കുക. നിങ്ങളുടെ അടിസ്ഥാന കോശം ലൈംഗിക കോശങ്ങളാണെന്നോർക്കണം.

***"നിങ്ങൾ മാനസാന്തരപ്പെട്ട ശിശുക്കളെ പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല"*** എന്ന മിസ്റ്റിക് വചനം വളരെ ശ്രദ്ധേയമാണ്. ഇത് യുക്തിയിലൂടെ വ്യാഖ്യാനിച്ചാൽ പരസ്പര വിരുദ്ധമാകുന്നതുകാണാം. മുതിർന്നവർക്ക്, അതായത് തിരിച്ചറിവിനെ തിരിച്ചറിയുന്നവർക്ക് ഒരിക്കലും ശിശുക്കളെപോലെ നിഷ്കളങ്കരായിരിക്കാൻ സാദ്ധ്യമല്ല. കാരണം കളങ്കമില്ലാത്ത മനസ് എന്നത് ഒരു

തരത്തിലുള്ള (ഭാവിയോ, ഭൂതമോ) ചിന്തകളില്ലാത്ത മനസ് എന്നാണ് അർത്ഥമാക്കുന്നത്. എല്ലാ പാപങ്ങളും ദുഷ്ടതകളും ചിന്തകളായാണ് ഉത്ഭവിക്കുന്നത്, എന്തിന് ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ പോലും ചിന്തയായാണ് ഉത്ഭവിക്കുന്നത്. മൃഗങ്ങളുടെ അവസ്ഥതന്നെയാണ് കുട്ടികളുടേതും. Spontaniety യിലാണ് രണ്ട് കൂട്ടരും പ്രവർത്തിക്കുന്നത്. അപ്പോൾ തോന്നുന്നത് അപ്പോൾ തന്നെ ചെയ്യുക. ചിന്തയുടെ ഇട പെടൽ കുട്ടികൾക്കില്ല. കാരണം ചിന്തിക്കാനുള്ള പ്രായം അവർക്കാ യിട്ടില്ല.

***ചുരുക്കിപറഞ്ഞാൽ innocence with Ignorance ആണ് കുട്ടികളുടെ അവസ്ഥ, എങ്കിൽ innocence with intelligence ആണ് മേൽ പറഞ്ഞ മിസ്റ്റിക് വചനം സൂചിപ്പിക്കുന്നത്.*** എന്നാൽ ഇത് പരസ്പര വിരു ദ്ധവും അസാദ്ധ്യവുമാണെന്നു കാണാം. STR-ൽ ബോധത്തിന് നിയ ന്ത്രണമില്ലാത്തിടത്തോളം ചിന്തയെ നിയന്ത്രിക്കാൻ മനുഷ്യനുകഴി യില്ല, intelligence എന്നാൽ ചിന്തയുടെ ഉത്പന്നവുമാണ്. യുക്തിയി ലൂടെ (logic) പരമാവധി നമുക്ക് ഇത്തരമൊരു നിഗമനത്തിലെത്താൻ കഴിയും അതിനപ്പുറം പോകാൻ ആവില്ല.

അപ്പോൾ ഈ മിസ്റ്റിക് വചനം വ്യാഖ്യാനിക്കാൻ യുക്തിക്കു കഴി യില്ല. എന്നു സാരം അല്ലെങ്കിൽ അസാദ്ധ്യമായ ഒരു വചനമായി ഇത് മാറുന്നു. എന്നാൽ ഓർക്കുക മിസ്റ്റിക് വചനങ്ങൾക്ക് യുക്തിയിൽ വ്യാഖ്യാനം സാദ്ധ്യമല്ല അതു തന്നെയാണ് മതഗ്രന്ഥങ്ങളുടെ പരാജ യവും. ഈ വചനങ്ങൾ ഒരിക്കലും തെറ്റാവില്ല ബുദ്ധിയുടെ പരിണാ മങ്ങൾക്ക് അവയുടെ അർത്ഥത്തെ മാറ്റുവാനും കഴിയില്ല. യുക്തിക്ക് അതീതമായ ഒരു വ്യാഖ്യാനം എല്ലാ മിസ്റ്റിക് വചനങ്ങൾക്കും ഉണ്ടാകും അത് അറിയുന്നതിന് കൃപലഭിക്കണം Neutral life സംഭവിക്കണം.

കുട്ടികളും, മുതിർന്നവരും തമ്മിൽ ഒരേയൊരു വ്യത്യാസം മാത്ര മേയുള്ളു. കുട്ടികൾക്ക് ലൈംഗിക ആസക്തി ഇല്ല. എന്നാൽ മുതിർന്ന വർക്ക് അത് വലിയ തോതിലുണ്ട്. ഈ ആസക്തി അവരെ ഓർഗാസ ത്തിൽ എത്തിക്കുകയും ചെയ്യുന്നു. അതിനാൽ യഥാർത്ഥ ബ്രഹ്മചര്യം പിൻതുടരുന്നവർക്ക് എളുപ്പത്തിൽ കുട്ടികളെപ്പോലെ ആകാനും, അതി ലൂടെ ബോധത്തെ ഉയർത്തി കൃപയും, വിശ്വാസവും സംഭവിച്ച് നിത്യ ജീവനിലേയ്ക്ക് കടക്കുവാനും കഴിയുന്നു.

ജീവിതത്തിന്റെ അടിസ്ഥാനമാണ് ലൈംഗികത. ജീവൻ ഉത്ഭവി ക്കുന്നത് ലൈംഗികതയിൽ നിന്നാണ് മനുഷ്യൻ ജനനം മുതൽ മരണം



വരെ ചെയ്യുന്ന എല്ലാ പ്രവൃത്തികളുടേയും ഉത്തേജക ബലം(Stimulating force) ലൈംഗികതയാകുന്നു. അതുകൊണ്ടാണ് മാനസിക വ്യാപാര ങ്ങളുടെ ഏതു പ്രവണതകളെയും ലൈംഗികതയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാമെന്ന് മനഃശാസ്ത്രം പറയുന്നത്. കാരണം ജീവിത ത്തിന്റെ അടിസ്ഥാന സ്വഭാവമുള്ള ഒന്നാണ് ലൈംഗികത.

മനസിലെ STR-ന്റെ നിലനിൽപ്പ്, ലൈംഗികത, possessiveness, ബന്ധങ്ങൾ, ആഗ്രഹങ്ങൾ, ലക്ഷ്യങ്ങൾ, സാഹിത്യരചനകൾ, സിനിമ കൾ എന്നു വേണ്ട നന്മ-തിന്മ, സന്തോഷം, ദുഃഖം ഇവയുടെ എല്ലാ ത്തിന്റേയും ഉത്ഭവം ലൈംഗികതയാണെന്ന് ആരും പറയാതെ തന്നെ നിങ്ങൾക്ക് മനസിലാക്കാവുന്നതാണ്.

പ്രായപൂർത്തിയായ ഒരു സ്ത്രീയോ, പുരുഷനോ, പരസ്പരം കാണുകയോ, സംസാരിക്കുകയോ, ഇടപെടുകയോ ചെയ്യുമ്പോൾ അല്ലെങ്കിൽ നിശ്ചല ചിത്രങ്ങൾ, സിനിമ, മുതലായവ കാണുകയോ, അതുമല്ലെങ്കിൽ ഇക്കിളിപ്പെടുത്തുന്ന കഥകൾ വായിക്കുമ്പോഴോ അവ രുടെ ഉള്ളിൽ അറിയാതെ തന്നെ ഇന്ദ്രിയങ്ങൾ വഴി ഹോർമോൺ പ്രവർത്തനം സജീവമാക്കുകയും ലൈംഗിക വികാരം അഥവാ ആസക്തി സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഇത് ആരുടേയും കുറ്റമോ- പോരായ്മയോ കൊണ്ടു സംഭവിക്കുന്നതല്ല. ഇത് ഒരു spontaneous പ്രതിഭാസമാണ്. ഇതിൽ $W_X$ എന്ന ബോധത്തിന് നേരിട്ട് യാതൊരു പങ്കുമില്ല. താനറിയാതെ തന്നിൽ തനിയെ നടക്കുന്ന ഒന്നാണിത്. ഇത് ശരീരത്തിൽ വച്ചിരിക്കുന്ന പ്രോഗ്രാമാണ് അതുകൊണ്ടാണ് നേരത്തെ പറഞ്ഞതുപോലെ ആസക്തി ഇല്ല എന്നു പറയുന്നയാൾ ഒന്നുകിൽ രോഗി അല്ലെങ്കിൽ പച്ചകള്ളം പറയുന്നവൻ എന്ന് അർത്ഥ മാക്കിയത്.

***ഈ ആസക്തിയെ, യഥാർത്ഥ ബോധം ഉയർത്തുന്നതിലൂടെ നശിപ്പിക്കുന്നവനെയാണ് ബ്രഹ്മചാരി എന്ന് വിളിക്കുന്നത്.*** ഇത് നശി ക്കണമെങ്കിൽ നാം അറിയാതെ നമ്മുടെ അനുവദമില്ലാതെ ശരീരത്തിൽ തനിയെ നടക്കുന്ന ഹോർമോൺ പ്രവർത്തനത്തെ നിറുത്തണം. ഇവി ടെയാണ് ബ്രഹ്മചര്യത്തിന്റെ യഥാർത്ഥ താക്കോൽ ഇരിക്കുന്നത്. ഈ താക്കോൽ കണ്ടുപിടിക്കുന്നതിന് ഓരോരുത്തരും അവരവരുടെ മന സിലേക്ക് സ്വയം ഇറങ്ങിചെല്ലണം. എവിടെനിന്നാണ് ഈ ആസക്തി തന്നിൽ ഉയർന്നുവന്നത് എന്ന് അന്വേഷിക്കണം. അതായത് സ്വയം ബോധവാനാകണം അപ്പോൾ നിങ്ങൾക്കറിയാൻ കഴിയും. ആസ

ക്തിക്ക് ഒരു ഉത്ഭവസ്ഥാനമില്ലെന്ന്, നിങ്ങൾ ഉള്ളിൽ അതിനെ അന്വേഷിക്കുന്നതിനാൽ നിങ്ങൾ ബോധത്തിൽ നിലനിൽക്കാൻ ശ്രമിക്കുന്നു. ബോധത്തിലുള്ള ആ നിലനിൽപ്പ് തന്നെ ആസക്തിയെ കുറയ്ക്കുന്നതായി നിങ്ങൾ അനുഭവിക്കുന്നു. ഇത് തുടർന്നുകൊണ്ടുപോയാൽ ഹോർമോണുകളുടെ പ്രവർത്തനം തനിയെ കുറയുന്നതായി കാണാം. ഇതിൽനിന്ന് ഒരു കാര്യം വളരെ വ്യക്തമാണ് ലൈംഗികത ഒരു ***കൃത്രിമമായ പ്രതിഭാസമാണെന്ന്.*** മൂത്ര ശങ്കവരുമ്പോൾ മൂത്രമൊഴിക്കുന്നതുപോലെയുള്ള ഒരു പ്രതിഭാസമല്ല ഇത് കാരണം മൂത്രമൊഴിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് മരണകാരണമാകും എന്നാൽ ലൈംഗികത ഒരിക്കലും മരണകാരണമാകില്ല. എന്നു മാത്രമല്ല ഒരുവന്റെ ആത്മാവിനെ അത് നിത്യജീവനിലേയ്ക്ക് കൊണ്ടുപോകുന്നതിനെ തടയും എന്നു കൂടി അറിയേണ്ടിയിരിക്കുന്നു.

ലൈംഗിക ആസക്തിയിൽ ജീവിതത്തെ നിലനിർത്തുന്നതും മരണം വരെ അത് തുടർന്നുപോകുന്നതും ആത്മാവിനോട് ചെയ്യുന്ന കടുത്ത അപരാധമാണ്. അബോധത്തിൽ നിൽക്കുന്ന മനുഷ്യനുമാത്രമെ ലൈംഗിക ആസക്തി ഉണ്ടാകുകയുള്ളു. 100% ബോധത്തിൽ (wx) awareness-ൽ നിൽക്കുന്നവന് ലൈംഗിക ആസക്തി ഉണ്ടാകില്ലെന്നു മാത്രമല്ല, അത് ഒരു ഭാരമായി അനുഭവപ്പെടുകയും ചെയ്യുന്നു. ലൈംഗികത ഒരു തെറ്റല്ല കാരണം അത് ശരീരത്തിന്റെ അബോധാവസ്ഥയിലുള്ള പ്രവണതയാണ്. അതിന് രണ്ട് ലക്ഷ്യങ്ങളാണുള്ളത്.

1. പരമാനന്ദമായ സത്യത്തെ (മഹാബോധത്തെ) ശക്തമായി മറച്ചു പിടിക്കുന്ന ഘടകമായി പ്രവർത്തിക്കുക.
2. പ്രത്യുൽപ്പാദനം എന്ന നിന്ദ്യവും, നികൃഷ്ടവുമായ പ്രവർത്തനം നടത്തുക. ഒരു ശിശുവിന് ജന്മം നൽകി അതിനെ വളർത്തി 24 മണിക്കൂറും പരമാനന്ദത്തിൽ നിലനിറുത്താൻ സൃഷ്ടിക്കുന്നവർക്കു കഴിയുമോ?ഇല്ല. അതു മാത്രമല്ല അബോധത്തിൽ ഉറങ്ങിക്കിടന്ന ആത്മാവിനെ വിളിച്ചുണർത്തി നിത്യനരകമാകുന്ന ദുഃഖത്തിന്റെ താഴ്വരയിലേക്ക് വലിച്ചിഴയ്ക്കുന്ന ക്രൂരമായ പ്രവൃത്തിയല്ലേ പ്രത്യുൽപാദനം? 600 കോടി ജനങ്ങളിൽ എത്രപേർ മൂന്നുനേരം ആഹാരം കഴിക്കുന്നുണ്ട്? എത്ര പേർ പൂർണ്ണ ആരോഗ്യത്തോടിരിക്കുന്നുണ്ട്? എത്രപേർ മഹാരോഗങ്ങളും, മാറാവ്യാധികളും പിടിപെട്ട് കിടന്ന് നരകിക്കുന്നുണ്ട്? നാം ഓരോരുത്തരും അന്വേഷിക്കണം. ലോകം ഒരു കുടുംബമാണെന്നും നിങ്ങൾ 600 കോടി ജനങ്ങളുടേയും മാതാപിതാക്കന്മാരാണെന്നും സങ്കൽപ്പിക്കുക. അപ്പോൾ ഈ എഴുതപ്പെട്ടതിന്റെ അർത്ഥവും അതിൽ അടങ്ങിയിരിക്കുന്ന വേദനയും തിരിച്ചറിയും. നമ്മുടെ കുടുംബം നമ്മുടെ മക്കൾ അവർ സുരക്ഷിതരാണെങ്കിൽ മറ്റുള്ളതെല്ലാം കാണാതിരിക്കാനും, അറിയാതിരിക്കാനുമുള്ള അസാധാരണകഴിവ് നമ്മുടെ മനസിന് FDയിൽ നിന്ന് ലഭിക്കുന്നു.



അബോധത്തിലാണ് ഈ അവസ്ഥ നിലനിൽക്കുന്നത് കണ്ണുകൾ തുറന്ന് കാര്യങ്ങളെ നോക്കുക. താൻ ജന്മം കൊടുത്ത മകളോ, മകനോ വേദന അനുഭവിക്കുന്നതുപോലെ തന്നെയാണ് ലോകത്തിലെ ഓരോ മകന്റെയും മകളുടേയും വേദന എന്നറിയുക.

ഇവിടെ സ്വാഭാവികമായും ചില ചോദ്യങ്ങൾ വരും. കാരണം ജീവന്റെ അടിസ്ഥാനത്തെ ആണല്ലോ ഇവിടെ ചോദ്യം ചെയ്യപ്പെട്ടത്.

1. ജീവന്റെ അടിസ്ഥാനപരമായ ലൈംഗികത, ലൈംഗിക ആസക്തി പാപമാകുന്നതെങ്ങിനെ?
2. പ്രത്യുൽപ്പാദനം തെറ്റാണെങ്കിൽ ലോകവും അതിലെ ജനതയും എങ്ങിനെ നിലനിൽക്കും.?

യഥാർത്ഥ ബോധത്തിൽ (Wx) നിന്നുകൊണ്ട് ആഴത്തിൽ ചിന്തിച്ചാൽ ഈ ചോദ്യങ്ങൾ ബലിശമാണെന്നു തിരിച്ചറിയും.

Awarology എന്ന സയൻസിൽ ലൈംഗികത കടുത്ത പാപമാകുന്നത് (a) ജീവിതാന്ത്യം വരെ അല്ലെങ്കിൽ ലൈംഗിക അവയവങ്ങൾ തളരുന്നതുവരെ ലൈംഗിക ആസക്തി തുടരുമ്പോഴാണ്. കാരണം ബ്രഹ്മചര്യം സംഭവിക്കാൻ ആസക്തിയെ തിരിച്ചറിഞ്ഞ് അത് ബോധത്തെ എത്രമാത്രം താഴ്ത്തി കളയുന്നു എന്നു സ്വയം കണ്ടുപിടിക്കണം. ബോധമെന്നത് ഓർമ്മയാണെന്ന് തെറ്റിദ്ധരിക്കരുത്. ഓർമ്മ പോകുന്നതിനെ ബോധം പോകുന്നു എന്ന് നാം തെറ്റായി പറയുന്നു യഥാർത്ഥ ബോധം പോകുക എന്നത് ഒരു ശരീരം മരിക്കുന്നതിനെയാണ് അർത്ഥമാക്കുന്നത്. 24 മണിക്കൂറും ഉണർന്നിരുന്ന് പ്രവർത്തിക്കുന്ന ഒരു ഘടകം നമ്മിൽ എല്ലാവരിലും നിലനിൽക്കുന്നുണ്ട്. നമ്മൾ ഉറങ്ങുമ്പോഴും അത് ഉണർന്നിരിക്കുന്നതുകൊണ്ടാണ് രാവിലെ നമുക്കു തുടർന്നു ജീവിക്കാൻ കഴിയുന്നത്.

നിത്യജീവനെ ലക്ഷ്യമാക്കുന്ന ഒരു സമൂഹത്തിൽ പ്രത്യുൽപാദനം വലിയ ഒരു ഉത്തരവാദിത്തമാണ്. കാരണം മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികളെ ആവശ്യമായ ആഹാരം, പാർപ്പിടം, വസ്ത്രം

ഇവ നൽകി വളർത്താനും അവരുടെ ആത്മാവിനെ നിത്യജീവനിലേയ്ക്ക് നയിക്കാനാവശ്യമായ ബോധതലത്തിലേക്ക് ഉയർത്താനും കഴിയുമെന്നുറപ്പുണ്ടാകണം. അല്ലാതെ തങ്ങളുടെ സ്വാർത്ഥ ലാഭങ്ങൾക്കുവേണ്ടി വളർത്തുന്ന മൃഗങ്ങളപോലെ കണക്കാക്കുന്നത് കടുത്തപാപമാണ്. അബോധത്തിൽ ജീവിക്കുന്ന ജീവികളിൽ പ്രത്യുൽപാദനം അബോധത്തിലാണ് നടക്കുന്നതെന്ന് ഓർമ്മിക്കുക. മിക്കവാറും മനുഷ്യരിലും, പ്രത്യുൽപാദനം അബോധത്തിൽ തന്നെയാണു നടക്കുന്നത്. ലൈംഗിക ആസക്തി അവരെ താത്കാലികമായ അബോധത്തിൽ നിറുത്തുന്നു.

b) ഭൗതിക ജീവിതത്തിൽ ലൈംഗികത പാപമാകുന്നത് സ്വാർത്ഥ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടാതെ പോകുമ്പോഴാണ്. സ്വകാര്യ സ്വത്തുക്കൾ കാത്തുസൂക്ഷിക്കുന്നതിനും വാർദ്ധക്യത്തെ അതിജീവിക്കുന്നതിനും രോഗിയാകുമെന്ന ഭയത്തെ അതിജീവിക്കുന്നതിനും possessiveness, അഭിമാനം എന്ന സ്വാർത്ഥതകൾ നിലനിർത്തുന്നതിനും, അപകടം സംഭവിക്കുമെന്ന ഭയവുമാണ് ഈ പാപത്തിന്റെ പിന്നിലുള്ള യുക്തി, എന്നാൽ മരണം ഇവയെ വ്യർത്ഥമാക്കികളയുന്നതിനാൽ ഈ പാപം യഥാർത്ഥമല്ല വെറും ആപേക്ഷികമാണ് അവ യഥാർത്ഥ പാപത്തിന് കടകവിരുദ്ധവുമാണിത്. അതായത് FD യഥാർത്ഥ പാപത്തെ തന്ത്രപൂർവ്വം മറച്ചു പിടിക്കുന്നു.

$W_X$ എന്ന ആത്മാവിന്റെ സ്വാതന്ത്ര്യത്തിന് അഥവാ നിത്യജീവന് ലൈംഗികതയാണ് ഏറ്റവും വലിയ തടസം. അതുകൊണ്ടാണ് അതിൽ ഏറ്റവും അധികം സുഖം നിറച്ചു വച്ചിരിക്കുന്നത് ആ സുഖം തെറ്റെന്ന് കാണാനോ അനുഭവം കൊണ്ടറിയാനോ മനുഷ്യന് വളരെ ആസാദ്ധ്യവും ആകുന്നത്. പരമാനന്ദത്തിന്റെ ഒരു നേരിയ രുചിപോലും മനസിന് അറിയണമെങ്കിൽ, നിത്യജീവൻ എന്ന അവസ്ഥ എന്താണെന്ന് അല്പമെങ്കിലും മനസിലാകണമെങ്കിൽ ലൈംഗിക ആസക്തി വളരെ അധികം കുറഞ്ഞേപറ്റൂ. എന്നാൽ ശരീരഹോർമോണുകളുടെ പ്രവർത്തനം അതിനെ എതിർക്കുന്ന രീതിയിൽ വച്ചിരിക്കുന്നു. ലൈംഗികത ശരീരത്തിൽ അടിച്ചേൽപ്പിക്കപ്പെട്ടതാണ്. അതിന്റെ തെളിവാണ് അതിനുമാത്രമായി ഒരവയവം സൃഷ്ടിക്കപ്പെടാതിരുന്നത്. ലൈംഗികത ഇല്ലെങ്കിലും മനുഷ്യനു തന്റെ ജീവിതത്തെ മരണംവരെ യാതൊരു ബുദ്ധിമുട്ടുമില്ലാതെ കൊണ്ടുപോകാൻ കഴിയും. എന്നാൽ മറ്റു ശരീര അവയവങ്ങളുടെ പ്രവർത്തനങ്ങളിൽ ചിലത് മുടങ്ങിയാൽ



അത് മരണകാരണമായി ഭവിച്ചേക്കാം. യഥാർത്ഥ ബ്രഹ്മചാരികളായ മിസ്റ്റിക്കുകളുടെ മുഖത്തേയ്ക്കു നോക്കുക ആ തേജസ് സാധാരണ മനുഷ്യരുടെ മുഖത്ത് കാണുകയില്ല. ഇതുതന്നെ ലൈംഗികത മനുഷ്യന് യോജിച്ചതല്ലെന്ന് തെളിയിക്കുന്നു.

2) ലോകത്തിന്റെ നിലനിൽപ്പിനെക്കുറിച്ച് വേവലാതിപ്പെടുന്നവർ ലോകത്തിലെ ദുഃഖങ്ങളും, പട്ടിണിയും, രോഗങ്ങളും മാറ്റാൻ എന്തു ചെയ്യുന്നു എന്ന് ചിന്തിക്കുക. സ്വന്തം കുടുംബത്തിലെ പ്രശ്നങ്ങൾപോലും പരിഹരിക്കാൻ പറ്റാത്ത നമ്മൾ ലോകത്തെ കുറിച്ച് ചിന്തിച്ച് വേവലാതിപ്പെടുന്നത് മനസിന്റെ സൂത്രമല്ലാതെ മറ്റെന്താണ്? ജനങ്ങളെ ചൂഷണം ചെയ്തു ജീവിക്കുന്നവർക്ക് ലോകവും ജനങ്ങളും നിലനിന്നേ പറ്റൂ. അത്തരക്കാർക്ക് ഈ പുസ്തകം കൊണ്ട് യാതൊരു പ്രയോജനവും ഇല്ല. $W_X$ എന്ന തിരിച്ചറിവിനെ തിരിച്ചറിയുന്ന ബോധം ഉള്ളവനാണ് താനെന്ന് അറിയുന്നവന് തന്റെ മരണശേഷം ഈ ലോകം നിലനിൽക്കണമെന്ന് ആഗ്രഹിക്കേണ്ട കാര്യമില്ലല്ലോ. കാരണം അയാളുടെ ലക്ഷ്യം നിത്യജീവനായിരിക്കുമല്ലോ. സ്വന്തം ആത്മാവിനെ നിത്യജീവനിലേയ്ക്കു നയിക്കുന്നവൻ ഈ ലോകത്ത് ഒറ്റയ്ക്കാണെങ്കിലും, കൂട്ടായിട്ടാണെങ്കിലും ആ അവസ്ഥ അവനെ ബാധിക്കുന്നില്ല. കാരണം, മനസ്-ശരീരം ഇത് രണ്ടും തന്റേതല്ല എന്ന് അവൻ അറിയുന്നു. ഇതിൽ കുടുങ്ങി കിടക്കുന്ന ആത്മാവിനെ സ്വതന്ത്രമാക്കിവീണ്ടും ഭൂമിയിലേക്കുവരാൻ ആഗ്രഹിക്കാത്തവന് ഈ ലോകത്തിന്റെ നിലനിൽപ്പ് പ്രസക്തമേ അല്ലാതാകുന്നു.

വിവാഹവും, കുടുംബവും, സമൂഹവും തെറ്റെന്ന് ഇതിനർത്ഥമില്ല. വിവാഹബന്ധത്തിൽ ഏർപ്പെടുന്നവനും ബ്രഹ്മചാരിയാകാം, ഒരു ബുദ്ധിമുട്ടുമില്ല. ലൈംഗിക ആസക്തി ജ്ഞാനം കൊണ്ട് ഉപേക്ഷിച്ചാൽ മതി $W_X$ എന്ന ബോധത്തെ ഉയർത്തി മനസൊരു സാക്ഷിയായി മാറുമ്പോൾ ലൈംഗിക ആസക്തിക്ക് ശരീരത്തിൽ ഹോർമോണുകളെ ഉൽപാദിപ്പിക്കുവാൻ കഴിയാതെ വരുന്നു. ***ഒരു ലൈംഗിക ചിന്തയോ, ചിത്രമോ, ഭാവനയോ മനസിലേയ്ക്കുവരുമ്പോൾ നാമറിയാതെ അടിവയറ്റിൽനിന്ന് ഒരു ആന്തൽ, ഒരു കത്തൽ അനുഭവപ്പെടുന്നു. ഇത് ഹോർമോണുകളുടെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു. നാമറിയാതെ നമ്മിൽ ജീനുകുടെ പ്രവർത്തനം വഴി നടക്കുന്ന ഒരു പ്രതിഭാസമാണിത്. ഇത് സംഭവിക്കാത്തവനാണ് യഥാർത്ഥ ബ്രഹ്മചാരി.***

ഇത്തരത്തിലുള്ള ബ്രഹ്മചാര്യം ഓർഗാസത്തെ തടയുന്നു. നിത്യ ജീവനിലേയ്ക്കുയരാൻ, വെമ്പുന്ന ആത്മാവിനെ ($W_X$) തടയുന്ന ഏറ്റവും ശക്തമായ തടസമാണ് ഓർഗാസം. ഭൂരിഭാഗം മനുഷ്യർക്കും ഈ ഓർഗാസം എന്നത് എന്ത് എന്ന് പോലും അറിയില്ല എന്നതാണ് സത്യം. കാരണം അത്തരം പഠനങ്ങൾ പാപത്തിന്റെയും, സദാചാരത്തിന്റെയും പേരുപറഞ്ഞ് സമൂഹം നിഷേധിച്ചിരിക്കുന്നു. ഓർഗാസം നശിപ്പി ക്കുന്നതു പരമാനന്ദമായി നിലനിൽക്കുന്ന യഥാർത്ഥ ബോധത്തിന്റെ ($W_X$) 'ഉയർച്ചയെയാണ്.' ഈ ബോധം 'ഉയരാതെ' ഒരു കാലത്തും, ഒരു ജീവിതത്തിലും മനുഷ്യാത്മാവ് സ്വാതന്ത്ര്യം പ്രാപിക്കില്ല. Wx എന്ന ഈ ബോധം എന്തെന്ന് ആധുനിക മനുഷ്യന് തീരെ അറിവില്ലാ ത്തതിനാൽ ഓർഗാസത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് മനസിലാക്കാൻ കഴിയില്ല. അത് പ്രത്യുൽപാദനത്തിന്റെ ഒരു മെക്കാനിസമായേ ജീവ ശാസ്ത്രം കാണുന്നുള്ളു എന്നാൽ അത് ബോധതലത്തിന് ഏൽപ്പി ക്കുന്ന ആഘാതം വളരെ വലുതാണ്. യഥാർത്ഥ ബോധത്തെ തിരിച്ച റിയാതെ തന്നെ ബാഹ്യമായ ചില ലക്ഷണങ്ങളെ തിരിച്ചറിഞ്ഞ് നിങ്ങൾക്ക് സ്വയം ഇത് കണ്ടുപിടിക്കാം. ലൈംഗിക ആസക്തി പുരു ഷനേയും സ്ത്രീയേയും ഓർഗാസത്തിൽ നിർബന്ധമായും എത്തിച്ചി രിക്കും. പ്രായപൂർത്തിയായ അവിവാഹിതർ സ്വയം ഭോഗം മൂലവും ഓർഗാസത്തിനു വിധേയരായി കൊണ്ടിരിക്കുന്നു. ഇന്ദ്രിയങ്ങളിലൂടെ നടക്കുന്ന ഹോർമോൺ പ്രവർത്തനത്തെ തടയാതെ ഓർഗാസത്തെ തടയാൻ ഒരു മനുഷ്യനും സാദ്ധ്യമല്ല. ഉത്പാദിപ്പിക്കപ്പെടുന്ന ഹോർമോ ണുകൾ ബോധത്തെ ($W_X$) അബോധത്തിലേക്ക് തള്ളിവിടുന്നു. ബാക്കി ലൈംഗിക പ്രവൃത്തികൾ തനിയെ അബോധത്തിൽ നടക്കുന്നു. ഇതിന്റെ ശക്തി പലപ്പോഴും സാമൂഹിക നീതികളെപോലും വെല്ലുവി ളിക്കുന്നു. വ്യഭിചാരത്തിലേക്കും, rape- ലേക്കും ലൈംഗിക പീഢനങ്ങ ളിലേക്കും മനുഷ്യനെ നയിക്കുന്നു. അത്രയ്ക്ക് അന്ധമായിരിക്കും ബോധത്തിന്റെ അപ്പോഴുള്ള അവസ്ഥ. ഇവിടെ വിദ്യാഭ്യാസത്തിനോ പദവികൾക്കോ യാതൊരു പങ്കുമില്ല. കാരണം, ഉത്പാദിപ്പിക്കപ്പെട്ട ഹോർമോണുകളുടെ ശക്തിതാങ്ങുക എളുപ്പമല്ല. "ലൈംഗിക ആസ ക്തിയോടെ നോക്കാൻ ഉപയോഗിച്ച കണ്ണ് കുത്തിപൊട്ടിച്ചു കളയണം." എന്ന മിസ്റ്റിക് വചനം ഇവിടെ ശ്രദ്ധേയമാണ് നിത്യജീവനിലേക്ക് കട ക്കാൻ ലൈംഗിക ആസക്തി എത്രമാത്രം ദോഷമാണെന്ന് ഈ വചനം വ്യക്തമാകുന്നു.



പ്രായപൂർത്തിയായ ഒരു വ്യക്തി ഏകദേശം 90 ദിവസത്തോളം യഥാർത്ഥ ബ്രഹ്മചര്യം കാത്തു സൂക്ഷിച്ചാൽ അയാളുടെ സ്വഭാവത്തി ലുണ്ടാകുന്ന വ്യതിയാനം അത്ഭുതകരമായിരിക്കും. കോപം, നിരാശ, സംഘർഷം, രോഗങ്ങൾ ഇവ എത്രമാത്രം ഇല്ലാതാകുന്നുവെന്ന് അതി നുമുമ്പുള്ള ജീവിത അവസ്ഥയെ ഡയറിയിൽ കുറിച്ച് വെച്ച് നിങ്ങൾക്ക് തന്നെ സ്വയം ബോദ്ധ്യപ്പെടാം. വേദന ഒരു മനുഷ്യനെ സംബന്ധിച്ച് എത്രത്തോളം യാഥാർത്ഥ്യമായി അനുഭവപ്പെടുന്നോ അത്രയ്ക്കുതന്നെ ലൈംഗിക സുഖവും യാഥാർത്ഥ്യമെന്ന് അവൻ തെറ്റിദ്ധരിക്കുന്നു. ശക്തമായ യുക്തിക്കുപോലും ലൈംഗികത ഒരു മിഥ്യയാണെന്ന് നിങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയില്ല. അതുകൊണ്ടാണ് മതഗ്രന്ഥ ങ്ങളും, തത്വശാസ്ത്രങ്ങളും പരാജയപ്പെടുന്നത്. എന്നാൽ ഇവിടെ നിർദ്ദേശിക്കപ്പെടുന്ന അനുഭവ പരീക്ഷണം നിങ്ങളെ യാഥാർത്ഥ്യത്തി ലേക്കുനയിക്കും. പക്ഷെ നിത്യജീവനുവേണ്ടിയുള്ള നിങ്ങളുടെ ആഗ്രഹം അത്രയ്ക്ക് ശക്തമായിരിക്കണമെന്നേയുള്ളൂ.

ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ ലൈംഗികസുഖം എന്തെന്ന് അറിയണമെന്ന് നിർബന്ധമില്ല. ആത്മാവ് ശക്തമാണെങ്കിൽ സ്ത്രീയെ അറിയാതെ പുരുഷനും, പുരുഷനെ അറിയാതെ സ്ത്രീക്കും ബ്രഹ്മ ചാരിയാകാൻ കഴിയും. കൃപലഭിക്കണമെന്നു മാത്രം ***കൃപ ലഭിച്ചവർക്ക ല്ലാതെ മറ്റാർക്കും വിവാഹം ചെയ്യാതിരിക്കുവാൻ കഴിയില്ല എന്തെ ന്നാൽ ഷണ്ഡന്മാരായി ജനിക്കുന്നവരുണ്ട്, മനുഷ്യരാൽ ഷണ്ഡ ന്മാരാക്കപ്പെടുന്നവരുണ്ട്, സ്വർഗ്ഗരാജ്യത്തെ പ്രതി തങ്ങളെ തന്നെ ഷണ്ഡരാക്കുന്നവരുണ്ട്"*** എന്ന മിസ്റ്റിക് വചനം വളരെ ശ്രദ്ധേയ മാണ് എന്നാൽ അതിനു കഴിയാത്തവർക്ക് വിവാഹമാകാം. പക്ഷെ മരണംവരെ ആസക്തിയിൽ ജീവിതത്തെ കൊണ്ടുപോകുന്നത് മഹാ പാപമാണ്. കാരണം നാം മനസും ശരീരവും മാത്രമായിരുന്നെങ്കിൽ അപ്രകാരം ജീവിക്കാമായിരുന്നു. എന്നാൽ നിത്യജീവനിലേക്ക് കട ക്കാൻ ആയിരകണക്കിന് ജന്മങ്ങളിൽ വെമ്പൽ കൊള്ളുന്ന ഒരാത്മാവ് നമ്മളിൽ ഉണ്ട്. അതാണ് തിരിച്ചറിവിനെ തിരിച്ചറിയുന്ന wx എന്ന യഥാർത്ഥ ബോധം. അതിനെ സ്വതന്ത്രമാക്കാൻ മനസിന്റേയും ശരീര ത്തിന്റേയും ആവശ്യമുണ്ട്. കാരണം കർമ്മബന്ധങ്ങൾ (ജന്മപാപങ്ങൾ) അഴിച്ചുകളയണം. ശരീരവും മനസുമായി വന്ന കർമ്മബന്ധങ്ങൾ ശരീ രവും മനസുമായി തന്നെ അഴിച്ചുകളയേണ്ടിയിരിക്കുന്നു. "മുള്ളിനെ മുള്ളുകൊണ്ട് എടുത്ത് രണ്ട് മുള്ളും ഉപേക്ഷിച്ചു മുന്നിലേയ്ക്ക്

പോകുക.” എന്ന മിസ്റ്റിക് വചനം ഓർക്കുക. അതിന് Neutral life ലേക്ക് കടക്കേണ്ടിയിരിക്കുന്നു. അതിന് ശരീരമില്ലാതെ പറ്റില്ലല്ലോ ഇവിടെയാണ് ശരീരം ദേവാലയമാണെന്ന് പറയുന്നത്. അതിന് ലഹരി വസ്തുക്കൾകൊണ്ടും, വേദനസംഹാരികൾ കൊണ്ടും നശിപ്പിക്കരുത്.

രുചിയേറിയ ഒരു ഭക്ഷണ പദാർത്ഥം നിങ്ങൾ സങ്കൽപ്പിച്ചുനോക്കുക. നിങ്ങൾക്കത് വളരെ ഇഷ്ടമാണ്. അതിന്റെ രുചി അറിയാനും, ആസ്വദിക്കാനും വീണ്ടും വീണ്ടും അത് കഴിക്കുന്നു. പക്ഷെ എന്നെങ്കിലും അതിനോടുള്ള കൊതി വിട്ടുപോകണം, അല്ലെങ്കിൽ ആ ആഹാരം തന്നെ നിങ്ങളുടെ മരണകാരണമാകും. അതുപോലെ തന്നെയാണ് ലൈംഗിക ആസക്തിയുടെ കാര്യവും. വിവാഹബന്ധത്തിൽപെട്ടവർ അത് ആസ്വദിക്കുക, ആവോളം ആസ്വദിക്കുക എന്നാൽ രണ്ടുപേരും പരസ്പരം സമ്മതിച്ച് അത് എപ്പോഴെങ്കിലും നിറുത്തണം. അധികം വൈകരുത്. ശരീരത്തിനു വാർദ്ധക്യം ബാധിക്കുമ്പോൾ ലൈംഗിക അവയവങ്ങൾ തളരുകയും, ഹോർമോണുകൾ പ്രവർത്തനരഹിതമായി, ആസക്തി അബോധത്തിലേക്ക് പോകുന്നു. അതിനാൽ ബ്രഹ്മചര്യത്തിലേക്ക് എത്താൻ മനസിനു കഴിയാതെ വരുന്നു. പിന്നീട് അവർ ഈ ആസക്തി മറ്റു വിചാരവികാരങ്ങളിലേക്ക് Shift ചെയ്യുന്നു. വൃദ്ധർ അകാരണമായി വഴക്കുണ്ടാക്കുന്നതും കുട്ടികളെപോലെ പെരുമാറുന്നതും അതുകൊണ്ടാണ്. ലൈംഗിക ആസക്തിക്കു ചെലവഴിക്കപ്പെടുന്ന ഊർജ്ജമുണ്ടെങ്കിലേ $W_X$-നെ ഉയർത്താനും ഒരു സാക്ഷിയായി മാറാനും അതുവഴി ലൈംഗികത കുറയ്ക്കുവാനും വിശ്വാസം സംഭവിച്ച് കൃപലഭിക്കുവാനും സാദ്ധ്യമാകുകയുള്ളു. എത്രനാൾ ലൈംഗിക ആസക്തി നീട്ടികൊണ്ടുപോകുന്നുവോ അത്രയും നാൾ നിങ്ങൾ ആത്മാവിനോട് കടുത്ത അപരാധം ചെയ്യുന്നു. ജീവിത്തിൽ അധികം വൈകാതെ അത് നിറുത്തിയേ പറ്റൂ. കാരണം ജീവിത ലക്ഷ്യം അതല്ല എന്ന് തിരിച്ചറിയുക. അതായിരുന്നുവെങ്കിൽ പ്രാരാബ്ദങ്ങളും, ദാരിദ്ര്യവും, വേദനയും, രോഗങ്ങളും ഒന്നും ശരീരത്തിനു സംഭവിക്കില്ലായിരുന്നു. ഈ ഭൂമിയും, ശരീരവും, മനസും നമ്മുടെ സ്വന്തം അല്ല എന്ന് മനസിലാക്കുക. ശരീരം നശ്വരവും, മനസ് ($f_x d_x$) അജ്ഞത (group of ignorant thoughts) ആണെന്നും $W_X$-ന്റെ സഹായത്തോടെ അറിയുക. അപ്പോൾ ബ്രഹ്മചര്യം എന്തെന്ന് പകൽപോലെ വ്യക്തമാകും. അതിന്റെ പിന്നിൽ മറയ്ക്കപ്പെട്ടിരിക്കുന്ന പരമാനന്ദത്തിന്റെ രുചി ജീവിച്ചിരിക്കേ തന്നെ മനസിലേക്ക് ഒഴുകി വരും; കാരണമില്ലാത്ത ഒരു



സന്തോഷമായി. അപ്പോൾ ജീവിതം Neutral ആകുകയും ആത്മീയ ജീവിതമാകുന്ന ആഘോഷം തുടങ്ങുകയും മരണസമയത്ത് മരണമില്ലാത്ത ആത്മാവ് മരണമുള്ള ശരീരത്തെ എന്നന്നേയ്ക്കുമായി ഉപേക്ഷിച്ച് മഹാബോധത്തിൽ ലയിക്കുകയും ചെയ്യുന്നു.

മനഷ്യജീവിതത്തിന്റെ അടിസ്ഥാന ഊർജ്ജമാണ് ലൈംഗിക ഊർജ്ജം. അത് വിഭജിക്കപ്പെട്ടാണ് എല്ലാ വികാരവിചാരങ്ങളും നില നിൽക്കുന്നത് എന്ന് അറിയുക. അതിനാൽ ലൈംഗിക ഊർജ്ജനിയന്ത്രണത്തിലൂടെ അല്ലാതെ ഒരു വികാരത്തെയും, അതുമായി ബന്ധപ്പെട്ട വാസനകളേയും, ചിന്തകളേയും നിയന്ത്രിക്കാനാവില്ല. ഇത് നിങ്ങൾക്ക് സ്വയം കണ്ടുപിടിക്കാവുന്നതേയുള്ളു ഇതിന് ബാഹ്യമായ ഒരു പരീക്ഷണം ആവശ്യമില്ല. അത് സാദ്ധ്യവുമല്ല കാരണം വികാര വിചാരങ്ങൾ മനസിൽ നിലനിൽക്കുന്നതിനാൽ ഇതിനെക്കുറിച്ചുള്ള പൂർണ്ണഅറിവ് അവനവനിൽതന്നെ നിലനിൽക്കുന്നു. അതിനെയാണ് ആത്മജ്ഞാനം എന്നു വിളിക്കുന്നത്.

ലൈംഗിക ആസക്തിയിൽ ജിവിച്ചുകൊണ്ട് ഒരു മാസം നിങ്ങളുടെ കോപം, വാശി, വൈരാഗ്യം, ദുഃഖങ്ങൾ, മാനസിക പിരിമുറുക്കങ്ങൾ, രോഗങ്ങൾ, പ്രശ്നങ്ങൾ ഇവയെ നിയന്ത്രിക്കുന്നതിൽ നിങ്ങൾക്ക് എത്രമാത്രം കഴിയുന്നുണ്ട് എന്ന് ഒരു ഡയറിയിൽ കുറച്ചുവയ്ക്കുക. അതിനുശേഷം ലൈംഗിക ആസക്തി ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന അർത്ഥത്തിൽ തീർത്തും ഉപേക്ഷിച്ച് വളരെ കരുതലോടെ, ശ്രദ്ധയോടെ ഹോർമോണുകൾ ശരീരത്തിൽ ഉത്പാദിപ്പിക്കുവാൻ അനുവദിക്കാതെ സദാസമയവും ശ്രദ്ധയോടെ (aware) ജീവിക്കുക. അപ്പോഴുണ്ടാകുന്ന മാനസിക നിയന്ത്രണത്തെക്കുറിചും ഡയറിയിൽ കുറിച്ചുവയ്ക്കുക. അത്ഭുതകരമായ ഒരു വ്യത്യാസവും, അസാധാരണമായ ഒരു ശാന്തിയും നിങ്ങൾക്കനുഭവപ്പെടും. രോഗങ്ങളുടെ അളവ് വല്ലാതെ കുറയുന്നതായും കാണാൻ കഴിയും. ഈ പരീക്ഷണത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത് പ്രകോപനങ്ങൾക്ക് നേരെ നിങ്ങളുടെ പ്രതികരണത്തിന് എത്രമാത്രം time delay വരുന്നുണ്ട് എന്നതാണ്. പ്രകോപനങ്ങളെ നിർവ്വികാരമായി ഒരു സാക്ഷിയെപോലെ നോക്കി കാണാൻ നിങ്ങൾക്കു കഴിയുമെങ്കിൽ ഓർക്കുക-നിങ്ങളുടെ ലൈംഗിക ഊർജ്ജത്തെ നിങ്ങൾക്ക് വളരെ എളുപ്പത്തിൽ നിയന്ത്രിക്കാൻ കഴിയുമെന്നും ബ്രഹ്മചര്യം നിങ്ങൾക്കു സംഭവിക്കുവാൻ സാദ്ധ്യത ഉണ്ടെന്നും.

ഈ പരീക്ഷണം ചെയ്യുമ്പോൾ ക്രമമായ ഉറക്കം മിതമായ ആഹാരവും ഇവ പാലിക്കാൻ വളരെ ശ്രദ്ധിക്കണം. സിനിമ, T.V, അനാവശ്യമായ പുസ്തകവായന ഇവ പാടെ ഉപേക്ഷിക്കുക. മനസിനെ ഇക്കിളിപ്പെടുത്തുന്ന എല്ലാ ജോലികളും ഒഴിവാക്കുക, അവരവർ വിശ്വസിക്കുന്ന മതഗ്രന്ഥങ്ങൾ മാത്രം വായിക്കുക. ഉറക്കമില്ലായ്മയും, ആവശ്യത്തിലേറെയുള്ള ഉറക്കവും, അമിതാഹാരവും ഈ പരീക്ഷണത്തെ പരാജയപ്പെടുത്തും.

$W_X$ എന്ന ആത്മാവിനെ ഉയർത്താൻ ബ്രഹ്മചര്യത്തിനുള്ള പ്രാധാന്യം ഈ പരീക്ഷണത്തിൽനിന്ന് ആർക്കും വ്യക്തമാകും. ഇത് ശരിയാണെന്ന് പൂർണ്ണബോധം മനസിനുണ്ടെങ്കിൽ മാത്രം ബ്രഹ്മചര്യം ആഗ്രഹിക്കുകയും അതിൽ നിലനിൽക്കാൻ പരിശ്രമിക്കുകയും ചെയ്യുക. അപ്പോൾ അത്രയും നാളത്തെ ജീവിതത്തിന്റെ മുഖച്ഛായ തീർത്തും മാറുന്നതായി നിങ്ങൾക്ക് അനുഭവപ്പെടും. ജീവിതം വളരെ ഭാരം കുറഞ്ഞതായും, രോഗങ്ങൾ കുറയുന്നതായും, ആരോഗ്യം വളരുന്നതായും ജീവിതത്തിന് ഒരു ആത്മീയ ലക്ഷ്യം ഉള്ളിന്റെ ഉള്ളിൽ തെളിയുന്നതായും അനുഭവപ്പെടും.

***യഥാർത്ഥ ബ്രഹ്മചര്യം കൂടാതെ ആത്മാവിനെ സ്വതന്ത്രമാക്കാമെന്നോ, നിത്യജീവൻ പ്രാപിക്കാമെന്നോ ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അത് തീർത്തും അസാദ്ധ്യമായ കാര്യമാണെന്നറിയുക.*** ഈ സമൂഹത്തിന്റെ ഘടനയും, അതിൽ നിലനിൽക്കുന്ന നിയമങ്ങളും, സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങളും വളരെ ശ്രദ്ധയോടെ വീക്ഷിച്ചാൽ ഒരു കാര്യം വ്യക്തമാകും. ലൈംഗികതയ്ക്ക് എത്രമാത്രം പ്രാധാന്യമാണ് അത് നിൽകിയിരിക്കുന്നതെന്നും, ആ പ്രാധാന്യം എന്തെന്ത് ദുരന്തങ്ങളാണ് സമൂഹത്തിൽ ഉണ്ടാക്കികൊണ്ടിരിക്കുന്നതെന്നും അല്പം ചിന്തിക്കുന്ന ഏതൊരാൾക്കും മനസിലാകും. എത്ര ബുദ്ധിപൂർവ്വവും, മനോഹരവുമായിട്ടാണ് FD ആത്മാവിന്റെ സ്വാതന്ത്ര്യത്തിനെതിരെ വല വീശിയിരിക്കുന്നത് എന്ന് കണ്ടുപിടിക്കാൻ ബുദ്ധിയുള്ള ഏതൊരാൾക്കും കഴിയും. ഇത് ഒരു പുതിയ അറിവാണെന്നോ, കണ്ടുപിടിത്താമാണെന്നോ തെറ്റിദ്ധരിക്കരുത്. എല്ലാമതങ്ങളിലും ഈ തത്വം വളരെ വ്യക്തമായി മിസ്റ്റിക്കുകൾ എഴുതിവച്ചിരിക്കുന്നു. അതിനെ ദുർവ്യാഖ്യാനം ചെയ്യാൻ FD എന്ന അടിസ്ഥാന മനസിന് ഒരു ബുദ്ധിമുട്ടുമില്ല. കാരണം ഭാഷദ്വന്ദമാണ്. അതിലെ യുക്തി ഉപയോഗിച്ച് കാര്യങ്ങൾ എങ്ങിനെയും മാറ്റിമറിക്കാം. എന്നാൽ സത്യം ഒന്നേയുള്ളു.



അത് മാറാത്തതും ഭാഷയ്ക്ക് അപ്പുറവുമാണ്. അത് നിലനിൽക്കുന്നത് മനുഷ്യന്റെ അന്തരാത്മാവിലുമാണ്. അതിൽ യുക്തിക്ക് എന്ത് പ്രസ്ക്തി?

ആഴത്തിൽ ചിന്തിച്ചാൽ ലൈംഗിക ആസക്തി ഒരു ചിന്തയാണ്. ദുഃഖം ഒരു ചിന്തയാണ്, സന്തോഷം ഒരു ചിന്തയാണ്, STRന്റെ സാന്നിദ്ധ്യംകൊണ്ട് $W_X$-ന് നിയന്ത്രിക്കാനാവാത്ത വിധം ഇവ മൂന്നും ഇന്ദ്രിയങ്ങളിലൂടെ മനസിലേക്ക് കടക്കുകയും അജ്ഞതയിൽ നിലനില്ക്കുകയും ചെയ്യുന്നു. സമൂഹ നിയമങ്ങൾ ഇവയെ നിയന്ത്രിക്കാൻ ഒരുമ്പെടുമ്പോൾ perversion സൃഷ്ടിക്കുന്നു നിയന്ത്രിച്ചില്ലെങ്കിൽ indulgenceലേയ്ക്ക് പോകുന്നു. ഇതെല്ലാം മനസിന്റെ അസാധാരണ സൂത്രങ്ങളാണ്. അതിനാൽ ദുഃഖം എന്ന ചിന്തയെ സന്തോഷം എന്ന ഒരു ചിന്തകൊണ്ട് മാറ്റാൻ സമൂഹം പഠിപ്പിക്കുന്നു. അതുപോലെതന്നെ തിരിച്ചും ലൈംഗിക ആസക്തിയെ ബ്രഹ്മചര്യം എന്ന ചിന്തകൊണ്ട് മാറ്റാൻ ശ്രമിക്കുന്നു. കള്ളൻ പോലീസിന്റെ വേഷമിട്ട് അതേ കള്ളനെ പിടിക്കാൻ ഒരുമ്പെടുന്നതു പോലെയാണിത്. ഒരിക്കലും മനസെന്ന കള്ളൻ പിടികൊടുക്കില്ല. അതായത് ബ്രഹ്മചര്യം ഒരു ആചാരമായി മാറുന്നു. സ്ത്രീയും, പുരുഷനും തമ്മിലറിയാതെയും, അകന്നും ജീവിക്കുന്നതിനെ ബ്രഹ്മചര്യം എന്ന് വിളിച്ച് സ്വയം അപഹാസ്യനാകുന്നു. അല്ലെങ്കിൽ അഹന്തയാൽ (ego) വഞ്ചിക്കപ്പെടുന്നു. ഇത് അറിവില്ലായ്മയാണ്. ***സ്വകാര്യതയിലുള്ള സ്വയം ഭോഗം ഒരു വ്യക്തിയിൽ രഹസ്യമായി മരണം വരെ നിലനിൽക്കുന്നതിനാൽ ബ്രഹ്മചാരിഎന്നു വിളിക്കപ്പെടുന്നവരും, വിവാഹിതരും ബോധത്തിൽ ഒരേ തട്ടിൽ തന്നെ നിൽക്കുന്നു.*** ഇവിടെയാണ് സന്യാസവും, മതപരമായ ആചാരങ്ങളും ലക്ഷ്യം കാണാതെ പരാജയപ്പെടുന്നത്. എന്നാൽ $W_X$ നെ ഉയർത്തുമ്പോൾ STR കുറയുകയും കൃപയും, വിശ്വാസവും അതിലൂടെ neutral lifeഉം സംഭവിക്കുകയും ചെയ്യുന്നു. അപ്പോൾ മനസിലേക്ക് വളരുന്നത്. കാരണമില്ലാത്ത പരമാനന്ദമാണ്. അത് ഒരു ചിന്തയല്ല. ചിന്തയായിരുന്നുവെങ്കിൽ അത് നിലനിൽക്കുമായിരുന്നില്ല. അപ്പോൾ ജീവിതം ഒരു ആഘോഷമായി മാറുന്നു. ഒന്നിനോടും ബന്ധമില്ലാതെ, എന്നാൽ എല്ലാത്തിനോടും ബന്ധപ്പെട്ടു ജീവിക്കുന്ന അവസ്ഥ. അതിന്റെ അന്ത്യം കർമ്മഫലങ്ങളില്ലാത്തതാകുന്നു. അതിനാൽ ***ലോകത്തിന്റെ അധികാരിക്ക് ആത്മാവിനെ ബന്ധിക്കാനാകാതെ വരുന്നു.*** അത് സ്വതന്ത്രമായി നിത്യജീവനിലേക്ക് കടക്കുന്നു.

# നിത്യജീവൻ

മനുഷ്യജീവിതത്തിന്റെ അർത്ഥവും പരമോന്നതവുമായ ലക്ഷ്യമാണ് നിത്യജീവൻ അഥവാ ആത്മാവിന്റെ സ്വാതന്ത്ര്യം പ്രാപിക്കൽ. പിതനായിരകണക്കിന് വർഷങ്ങളിലൂടെ ഭൂമിയിൽ വന്നുപോയ പല മിസ്റ്റിക്കുകളും ഇതിനെകുറിച്ച് വ്യക്തമായിതന്നെ പറയാൻ ശ്രമിച്ചു എങ്കിലും $f_x d_x$ എന്ന മനസിന്റെ (ബുദ്ധി, ഓർമ്മ, ഇന്ദ്രിയങ്ങൾക്കധിഷ്ഠിതമായ ബാഹ്യലോകം) യുക്തിക്ക് (logic) അത് ഉൾകൊള്ളാൻ കഴിഞ്ഞില്ല. കാര്യകാരണങ്ങളെ (ഉപാധികളോടുകൂടിയ) ആധാരമാക്കിയുള്ള സന്തോഷമാണ് യഥാർത്ഥ സന്തോഷമെന്ന് മനസ് ബോധത്തെ എല്ലായ്പ്പോഴും തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരിക്കുന്ന മായയിൽ മനുഷ്യൻ തന്റെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്താൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇത് മനസിന്റെ കുറവ് കൊണ്ടല്ല സംഭവിക്കുന്നത്. മനുഷ്യകോശങ്ങളുടെ നിലനിൽപ്പിന് ആധാരമായ ജീനുകളുടെ പ്രോഗ്രാം അനുസരിച്ച് മനസ് തനിയെ പ്രവർത്തിക്കുന്നു എന്നേയുള്ളു. കാര്യകാരണങ്ങളില്ലാതെ മനസിന് നിലിനിൽക്കാനാവില്ല. അതുകൊണ്ടാണ് മനുഷ്യർ എന്തിനും ഏതിനും കാരണം അന്വേഷിക്കുന്നത്. അതു മനുഷ്യന്റെ പോരായ്മയല്ല മറിച്ച് മനസിന്റെ നൈസർഗികമായ പ്രവർത്തന രീതിയാണ്.

നിത്യജീവൻ എന്നത് പരമാനന്ദാവസ്ഥയാണ്. പരമാനന്ദമെന്നാൽ കാരണമില്ലാത്ത സന്തോഷമെന്നാണ് അർത്ഥം. കാരണമില്ലാത്തതായി ഒന്നുണ്ട്. എന്നത് മനസിന്റെ അറിവിന് (potency) അപ്പുറമാണ്. അത്തരം ഒരവസ്ഥ എന്തെന്ന് മനസിനറിയില്ല. യഥാർത്ഥ ബോധത്തെ $W_X$ ഉയർത്തുന്നതിലൂടെ മാത്രമെ കാരണമില്ലാത്ത ആനന്ദം എന്തെന്ന് മനസിന് തിരിച്ചറിയാൻ കഴിയുകയുള്ളു. മനസ് മനസല്ലാതാകുന്ന അവസ്ഥയാണിത്. ഈ അവസ്ഥയിൽ തിരിച്ചറിയാൻ ഒരാളില്ലാതായിപോകുന്നു. അതായത് തിരിച്ചറിയുന്ന മനസും, തിരിചറിവും ഒന്നായിപോകുന്ന അവസ്ഥ. ഈ അവസ്ഥയിൽ ബോധം എത്താത്ത ഏതൊരു മനുഷ്യനും, ആത്മാവിനേയും, നിത്യജീവനേയും നിഷേധിച്ചു കൊണ്ടേയിരിക്കും. ഇത് ആ വ്യക്തിയുടെ തകരാറല്ല മറിച്ച് യഥാർത്ഥ ബോധത്തെ അജ്ഞത മറച്ചുപിടിച്ചിരിക്കുന്ന അവസ്ഥയാണിത്. അത് ശരീരപ്രവർത്തനങ്ങളുടെ സ്വതസിദ്ധമായ അവസ്ഥയും ആണ്.





***നിത്യജീവൻ*** ഈ പദം കൊണ്ടുതന്നെ അതിന്റെ അർത്ഥം വ്യക്തമാകുന്നു. നിത്യമായി നിലനിൽക്കുന്ന ജീവൻ. എന്നാൽ ജീവൻ എന്നത് ശരീരമെന്ന ജഡത്തിനോട് ബന്ധപ്പെട്ടു മനസിലാക്കിയിരിക്കുന്നതിനാൽ ഈ പദം മനസിലാക്കുവാൻ വിഷമമുള്ളതായിമാറുന്നു. നിത്യം എന്നത് മരിക്കാത്തത്, നശിക്കാത്തത്, എന്നും നിലനിൽക്കുന്നത് എന്നെല്ലാം നാം മനസിലാക്കുന്നു. ജീവൻ എന്ന വാക്കുകൊണ്ട് ജീവിതം അല്ല അർത്ഥമാക്കുന്നത്. ശരീരത്തിന് കാരണമാകുന്നതും ഒരു പ്രത്യേക കാലപരിധിക്കുള്ളിൽ അത് വളർന്ന് ശരീരത്തെ മരണത്തിൽ എത്തിക്കുകയും ചെയ്യുന്നു. നശിക്കാത്ത ഒരു പ്രേരക "ഊർജ്ജം" ഉണ്ട് (Subtle energy) ഇതിനെയാണ് യതാർത്ഥ ബോധം അഥവാ ജീവൻ അഥവാ ആത്മാവ് ($W_X$) എന്ന് നാം വിളിക്കുന്നത്. എല്ലാ ജീവജാലങ്ങൾക്കും ബോധ ($f_x d_x$) മുണ്ടെങ്കിലും അത് തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധത്തിൽ ($W_X$) എത്തുന്നില്ല.

സമയമാകുന്ന നാലാമത്തെ dimensionൽ മുന്നിലേക്കു നീങ്ങുന്ന മൂന്നു dimension ഉള്ള ജീവിയാണ് മനുഷ്യരുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളും എന്നോർക്കുക. യഥാർത്ഥ ബോധം മനുഷ്യമനസിനു നൽകുന്ന ഒരേ ഒരു ഗുണം സാക്ഷിയായി (witness) നിൽക്കുക എന്നതാണ്. വികാര, വിചാര, വിക്ഷോഭങ്ങളിൽ ശരീരത്തെ ന്യൂട്രൽ ആക്കി നിറുത്താൻ മനുഷ്യമനസിനു മാത്രമെ കഴിയുകയുള്ളു. അതായത് ശരീരത്തിൽ ഒരു തരത്തിലുമുള്ള അധമവികാരങ്ങളുടെ ഹോർമോണുകളും പുറപ്പെടുവിക്കാതെ (ദേഷ്യം, വൈരാഗ്യം, പ്രതികാരം, കാമം, അസൂയ ഇവ മനസിൽ താനെ സംഭവിക്കുകയും അതിന് അനുപാതികമായ കർമ്മങ്ങളിൽ ഏർപ്പെടാൻ ഹോർമോണുകൾ പുറപ്പെടുവിക്കുകയും ചെയ്യുക.) Neutral ആയി ഒരു സാക്ഷിയെപോലെ നിൽക്കാൻ കഴിയുമ്പോഴാണ് യഥാർത്ഥ ബോധം എന്തെന്ന് മനസ് തിരിച്ചറിയുന്നത്. വാസ്തവത്തിൽ അത് ഒരു മനസിന്റെ തിരിച്ചറിവല്ല. മനസ് ഇല്ലാതെ പോകുന്ന അവസ്ഥയാണ്. അതായത് മനസ് ഒരു തരം static അവസ്ഥപ്രാപിക്കുന്നു. ഈ അവസ്ഥയിൽ പരമാനന്ദം സംഭവിക്കുന്നു. നിത്യജീവനെ തിരിച്ചറിയുന്നു. ഇത് മനസിന്റെ ഒരു കണ്ടുപിടുത്തമോ ഒരു പരീക്ഷണത്തിന്റെ ഫലമോ അല്ല. മറിച്ച് ഒരു തിരിചചറിവ് നമ്മളിൽ സംഭവിക്കുകയാണ്. നഷ്ടപ്പെട്ടത് കണ്ടെത്തുന്ന അവസ്ഥ. വേർപിരിഞ്ഞത് കൂടിച്ചേരുന്ന അവസ്ഥ. (യോഗ re-union)

ഈ തിരിച്ചറിവ് ഒരു ചിന്തയാണെന്ന് അറിയുമ്പോഴാണ് അതിന്റെ ലാളിത്യം നമ്മളെ അമ്പരപ്പിക്കുന്നത്. ഈ നിസാരമായത് അറിയാൻ താൻ ആയിരക്കണക്കിന് വർഷമെടുത്തു എന്നതോർക്കുമ്പോൾ, നാം നമ്മെ നോക്കി ലജ്ജിക്കുന്നു. ഇത്രയും ലളിതമായത് എങ്ങിനെ ഇത്രയും സങ്കീർണ്ണമായി എന്ന് ഓർത്ത് നാം അത്ഭുതപ്പെട്ടുപോകുന്നു. ഇതാണ് സത്യം, The real truth. ഇത് തിരിച്ചറിയുന്ന ഓരോ മനുഷ്യർക്കും പിന്നെ ഭൗതിക ജീവിതം കൊണ്ട് ഒരു കാര്യവുമില്ല. കാരണം അവൻ തന്റെ ആത്മാവിനെ ബന്ധിച്ചിരുന്ന അഹത്തെ (ego)തിരിച്ചറിയുന്നു. ഇവരെ മിസ്റ്റിക്കുകൾ എന്നു വിളിക്കാം. ജീവന്റെ mystery അവർ മനസിലാക്കിയിരിക്കുന്നു. സത്യം അറിഞ്ഞതിനുശേഷം, ശേഷിക്കുന്ന ജീവിതം അയാൾ പരമാനന്ദത്തിൽ ജീവിച്ച് തീർക്കുകയാണ്. പിന്നീട് ചെയ്യുന്നത്. പിന്നീടവർക്ക് ജീവിതം ഒരു ഭാരമായോ, വേദനയായോ മാറുന്നില്ല. 24 മണിക്കൂറും ഉണർന്നിരിക്കുന്ന യഥാർത്ഥ ബോധവും ($W_X$) അബോധത്തിൽ ജീനുകളിൽനിന്ന് മനസിലേയ്ക്ക് തനിയെ വരുന്ന ചിന്തകളെ (spontaneous thought rate (STR) നെ അവർ ജ്ഞാനാഗ്നികൊണ്ട് ദഹിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അത് സ്വതസിദ്ധമായ ഒരു knack ആയി മാറുന്നു. അതായത് പലവിചാരത്തിൽ പോകുമ്പോൾ സൈക്കിൾ അറിയാവുന്നവന്റെ സൈക്കിൾ വീഴാതെ പോകുന്നതുപോലെ, എന്നാൽ ബോധത്തെ ഉയർത്താൻ നാം, പരിശീലിക്കുമ്പോൾ വളരെ കഷ്ടപ്പെട്ട് ബോധത്തെ പിടിച്ചുനിറുത്താൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. സൈക്കിൾ ബാലൻസിനെ മനസ് ഒരു knack രൂപപ്പെടുത്തുന്നതുപോലെ (സൈക്കിൾ, നീന്തൽ, typewriting ഇവ അറിയുന്നതുപോലെ) യഥാർത്ഥ ബോധത്തെ ($W_X$) കൂടെ നിറുത്തുക എന്നത് അസാദ്ധ്യമായ ഒന്നാണ്. മനസ് knack ആക്കിയത് ശീലമാക്കുകയും തനിയെ അത് പ്രവർത്തിക്കുകയും ചെയ്യുന്നു. അതായത് സൈക്കിൾ ബാലൻസ് ലഭിച്ച ഒരാൾ പിന്നീട് അനായാസമായി പലവിധ ചിന്തകളോടെ അശ്രദ്ധമായി സൈക്കിൾ ഓടിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ? എന്നാൽ യഥാർത്ഥ ബോധം മനസിന്റേതല്ലാത്തതിനാൽ അത്തരം ഒരു Knack-ഓ, ശീലമോ ബോധത്തെ നിലനിറുത്തുന്നതിൽ രൂപപ്പെടുത്താൻ മനസിന് സാദ്ധ്യമല്ല. അതായത് ചുരുക്കത്തിൽ ബോധം ഒരു Knack രൂപീകരിക്കുകയില്ല എന്നർത്ഥം. അതിനാൽ മിസ്റ്റിക്കുകളുടെ ജീവിതം വളരെ ശ്രദ്ധയോടു കൂടിയതായിരിക്കും. അവർ സദാസമയവും ബോധത്തിൽ ഉണർന്നിരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മറ്റുള്ളവരെ കാണിക്കുന്നതിനു വേണ്ടിയല്ല മറിച്ച് പരമാനന്ദാവസ്ഥ വിട്ടുപോകാതിരിക്കാനാണത്. അതിന് ബന്ധങ്ങൾ തടസമായതുകൊണ്ടാണ് എല്ലാ മിസറ്റിക്കുകളും ബന്ധങ്ങളെ തള്ളിക്കളയുന്നത്. അതായത് മിസ്റ്റിക്കുകൾ സാധാരണഗതിയിൽ മറ്റുള്ളവരോട് സംസാരിക്കുകയോ, ഇടപഴകുകയോ ചെയ്യുന്നത് ഇഷ്ടപ്പെടുന്നില്ല. കാരണം അതിന് അവർ മനസിനെ സജീവമാക്കണം. ചോദ്യങ്ങൾക്ക് ഉത്തരം പറയാനും, മറ്റുപദേശങ്ങൾ കൊടുക്കുന്നതിനും അവർ ചിന്തകളെ മനസിലേക്ക് വിളിക്കേണ്ടിവരും. ഇത് പരമാനന്ദത്തിൽ നിന്നുമുള്ള അവരുടെ വിയോഗമാണെന്നറിയുക. അപ്പോൾ യഥാർത്ഥത്തിലുള്ള മിസ്റ്റിക്കുകൾ സഹജീവികളോടുള്ള അവരുടെ അസാധാരണമായ അനുകമ്പയിൽ നിന്നാണ് ശിഷ്യരോട് സംസാരിക്കുന്നതെന്ന് അറിയുക. യഥാർത്ഥ ബോധം കാറ്റത്തുലയുന്ന ദീപനാളം പോലെയാണ്. ആയിരം വർഷം അതിനെ ചിമ്മിനികൊണ്ട് മൂടിവെച്ചാലും, ചിമ്മിനിമാറ്റുമ്പോൾ അത് വീണ്ടും ആടാൻ തുടങ്ങുന്നു. അതായത് ചിമ്മിനിയുടെ സാന്നിദ്ധ്യം കൊണ്ട് ദീപനാളം ഒരു സ്വഭാവം രൂപീകരിക്കില്ല എന്നർത്ഥം. അതുപൊലെ ശ്രദ്ധവിട്ടുപോയാൽ ഏതൊരു മിസ്ററിക്കിന്റെയും ബോധം അബോധത്തിൽ പോകുമെന്നർത്ഥം പക്ഷെ സാധാരണക്കാരെപോലെ അവർക്ക് വീണ്ടും ബോധത്തിൽ വരാൻ ഒരു time delay ഉണ്ടാകില്ലെന്നുമാത്രം. ഈ കാരണം കൊണ്ടാണ് സാധാരണമിസ്റ്റിക്കുകൾ ബഹളങ്ങളിൽ നിന്നൊഴിഞ്ഞു സ്വച്ഛവും, ഏകാന്തവുമായ ജീവിതം നയിക്കാൻ ഇഷ്ടപ്പെടുന്നത്.

യഥാർത്ഥ ബോധം ഒരു Static അവസ്ഥയാണ്. അതായത് മഹാബോധത്തിന്റെ അവസ്ഥയാണിത്. എന്നാൽ വിഭജിക്കപ്പെട്ട ഒരു തോന്നൽ ഉണ്ടാകുന്നു. കാരണം വിവിധമനുഷ്യരിൽ ജീനുകളുടെ pattern കളും അവയിലെ ക്രമീകരണങ്ങളും, പ്രോഗ്രാമുകളുടെ താത്കാലിക വ്യത്യാസങ്ങളുമാണ് ഈ തോന്നൽ ഉണ്ടാക്കുവാൻ കാരണം. എന്നാൽ എല്ലാ മനുഷ്യരുടേയും അടിസ്ഥാനഗുണങ്ങൾ ഒരുപോലെയിരിക്കും. എന്ന് സൂക്ഷ്മ നിരീക്ഷണത്തിൽ മനസിലാക്കാം.

യഥാർത്ഥ ബോധത്തിന് ($W_X$) അതിന്റേതായ പ്രവർത്തനരീതിയും, നിയമങ്ങളും ഉണ്ടാകാം. അത് dynamic ആയ ശരീരാവസ്ഥയ്ക്കും അതിന്റെ ഉത്പന്നമായ മസ്തിഷ്കത്തിനും, ഓർമ്മശക്തിക്കും മനസിലാക്കാൻ സാദ്ധ്യമല്ല. കാരണം ചലിച്ചുകൊണ്ടിരിക്കുന്നതിന്റെയും static ആയതിന്റെയും നിയമങ്ങൾ രണ്ടും രണ്ടായിരിക്കും. ഇവിടെ നാം

കാണുന്നത് ഒരു dimensional difference ആണ്. സമയ (time) മാകുന്ന നാലാമത്തെ dimension-ൽ വളരുന്ന മൂന്നു dimension-ഉള്ള ശരീരവും, ജീവിതവും മറ്റേതോ dimension-ൽ നിലനിൽക്കുന്ന മഹാബോധത്തെ മനസിലാക്കാൻ ശ്രമിച്ചാൽ അതിന്റെ ഫലം ശൂന്യതയായിരിക്കുമെന്ന് ആധുനിക ശാസ്ത്രത്തിന് തിരിച്ചറിയാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല.

നിത്യജീവൻ എന്തെന്നും മനുഷ്യമനസ് ($f_x$ $d_x$ $w_x$) വിവിധ ശരീരങ്ങൾ എടുക്കുന്നതെങ്ങിനെയെന്നും കോടാനുകോടി ജീവികൾ പരിണാമത്തിലൂടെ തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധമുള്ള മനുഷ്യനിൽ എത്തുന്നതെങ്ങിനെയെന്നും, മനസിന്റെ പ്രവർത്തനരീതിയായ യുക്തി (logic) യിലൂടെ കണ്ടെത്തുക സാദ്ധ്യമല്ല. കാരണം എന്തിനും, ഏതിനും കാരണം അന്വേഷിക്കുക എന്ന മനസിന്റെ പ്രവണത തന്നെ. യഥാർത്ഥ ബോധം ഉയരുന്നതിലൂടെ മനസിന്റെ STR കുറഞ്ഞു തുടങ്ങുന്നു. അപ്പോൾ കാരണമില്ലാത്ത പരമാനന്ദത്തെ തിരിച്ചറിയുകയും അതു മനസിന്റേതല്ല എന്ന് മനസിലാക്കുകയും ചെയ്യുന്നു. മനസിലുണ്ടാകുന്ന ഏതു സന്തോഷത്തിനും കാരണമുണ്ടായിരിക്കുമെന്ന് നിങ്ങൾക്കറിയാമല്ലോ. അങ്ങനെ ജീവിതത്തിൽ ആദ്യമായി കാരണമില്ലാത്ത ഒന്നിനെ അറിയുമ്പോൾ ഒരാൾ തന്റെ ജന്മത്തിന്റേയും ജീവിതത്തിന്റേയും അർത്ഥം "മനസിലാക്കുന്നു." നമ്മെ ഓരോരുത്തരേയും സംബന്ധിച്ച് ജനിച്ചതിന് കാരണമില്ലാത്തതിനാൽ കാരണമില്ലാത്ത പരമാനന്ദം സംഭവിക്കുമ്പോൾ തന്റെ ജന്മത്തിന്റേയും ജീവിതത്തിന്റേയും അർത്ഥമെന്തെന്നറിയാൻ കഴിയുമെന്നത് യുക്തിയുക്തമാണ്. എന്നാൽ ഇത് ഒരുവനിൽനിന്ന് മറ്റൊരുവനിലേയ്ക്ക് വിനിമയം ചെയ്യാൻ സാദ്ധ്യമല്ല. കാരണം ഭാഷയ്ക്കതീതമായ ഒന്നാണത്. യുക്തിയിലൂടെ മാത്രമേ നിത്യജീവൻ അറിയുന്നതിലേയ്ക്ക് സഞ്ചരിക്കാൻ കഴിയുകയുള്ളു എന്നത് മനസിനെ സംബന്ധിച്ച് വല്ലാത്തൊരു ഗതികേടാണ്.

മനസിന്റെ അജ്ഞതയാണ് കാര്യകാരണങ്ങളെ സൃഷ്ടിക്കുന്നതും, അന്വേഷിക്കുന്നതും. യുക്തിയിലൂടെ സഞ്ചരിക്കാൻ മനസിനെ പ്രേരിപ്പിക്കുന്നതും ഈ അജ്ഞതതന്നെയാണ്. എന്നാൽ യഥാർത്ഥ ബോധത്തെ ($W_X$) ഉയർത്താൻ നാം പരിശീലിക്കുന്നതിലൂടെ യുക്തിയെ തന്നെ ചോദ്യംചെയ്യുന്ന ഒരു സാക്ഷി (witness) നമ്മളിൽ വളരാൻ തുടങ്ങുന്നു. അത് കാര്യത്തേയും, കാരണത്തേയും "നശിപ്പിക്കാൻ" തുടങ്ങുന്നു. അതായത് ചോദ്യങ്ങൾ ഇല്ലാതാക്കാൻ തുടങ്ങുന്നു എന്നർത്ഥം, അതായത് അജ്ഞത (Ignorance) കുറഞ്ഞു തുടങ്ങുന്നു, യഥാർത്ഥ ജ്ഞാനത്തിലേക്ക്, മനസ് വളരുന്നു. ഇത് ബുദ്ധിയുടെ വളർച്ചയായി തെറ്റിദ്ധരിക്കരുത്. യുക്തിയുടെ വളർച്ചയെയാണ് ബുദ്ധി എന്നുപറയുന്നത്. അതിനെയാണ് നാം ശാസ്ത്രം (Science) എന്നുവിളിക്കുന്നത്. എന്നാൽ ജ്ഞാനത്തിന്റെ വളർച്ചയാണ് യഥാർത്ഥ ബോധത്തിന്റെ ഉയർച്ച. യുക്തിയുടെ പോസ്റ്റീവ് (+), നെഗറ്റീവ് (-) ഫലങ്ങൾ നാം ജീവിതത്തിൽ അനുഭവിക്കുന്നു. യുക്തിയുടെ വളർച്ച ആയതിനാലാണ് അതിന് +ve, -ve എന്ന രണ്ട് അവസ്ഥവന്നത്. എന്നാൽ ജ്ഞാനത്തിന്റെ വളർച്ചയിൽ ഈ ദ്വന്ദാവസ്ഥ (duality) നിലനിൽക്കില്ല. അങ്ങിനെ ബോധം ($W_X$) ഉയരുംതോറും ജ്ഞാനം വളർന്ന് വളർന്ന് മനസിൽ ഉയർന്നുവരുന്ന എല്ലാ ചോദ്യങ്ങളേയും അത് നശിപ്പിച്ചുതുടങ്ങുന്നു. അതായത് മനസ് ഒരു അസാധാരണശാന്തതയിലേക്ക് അഥവാ സ്വർഗ്ഗീയ സമാധാനത്തിലേയ്ക്ക് നീങ്ങുന്നു. STR തനിയെ കുറഞ്ഞുതുടങ്ങുന്നു. ലോകത്തിന്റേയും, ജീവിതത്തിന്റേയും യഥാർത്ഥ അർത്ഥം എന്തെന്ന് കാണുവാനുള്ള വ്യക്തത (clarity) മനസിനുലഭിച്ചു തുടങ്ങുന്നു.



### അതീന്ദ്രിയ ശക്തി

ഇവിടെ എല്ലാവർക്കും ഒരു സംശയം തോന്നാം. യുക്തിയുക്തമായ ചിന്തകൾ കുറയുമ്പോൾ ജീവിതം അസാദ്ധ്യമാകില്ലേ എന്നും, അല്ലെങ്കിൽ ജീവിതത്തെ അത് ബാധിക്കില്ലേ എന്നും? വളരെ ന്യായമായ ചോദ്യമാണിത് ബാധിക്കും, തീർച്ചയായും ബാധിക്കും. ഇതൊരു മിസ്റ്റിക്കൽ അവസ്ഥയാണ്. പ്രത്യാഹാര അഥവാ നിഷ്കാമകർമ്മം ഇതാണ് സൂചിപ്പിക്കുന്നത്. ***"വലതുകൈകൊണ്ട് കൊടുക്കുമ്പോൾ ഇടത് കൈ അറിയരുത്"*** എന്ന മിസ്റ്റിക് വചനങ്ങളാണ് ഇതിലൂടെ സംഭവിക്കുന്നത്." ഈ ഘട്ടത്തിൽ ego അഥവാ $f_x d_x$ എന്ന മനസ് മറ്റൊരു dimession-ൽ നിന്ന് ശൂന്യതയിലൂടെ ജീനുകളിൽകൂടി ഇന്ദ്രിയങ്ങളിലൂടെ പ്രവണതകളായി (tendency) പ്രവർത്തിക്കുകയും മനസ് അതിന്റെ അവസാനത്തെ സൂത്രം പ്രയോഗിക്കുകയും ചെയ്യും. അതാണ് spiritual ego ആത്മീയ യാത്രയെന്ന അവസ്ഥ. physical ego-യെ spiritual ego യായി അത് മാറ്റികളയുന്നു. (Convert ചെയ്യുന്നു.) ഇത് വലിയൊരു കുരുക്കാണ്. ഇതിൽനിന്ന് മിസ്റ്റിക്കൽ അവസ്ഥ പൂർണ്ണമാകാത്ത മനസിന് രക്ഷപ്പെടുക എളുപ്പമല്ല. കാരണം spiritual egoയിൽ എത്തുന്ന

മനസിന് ചില അതീന്ദ്രിയ ശക്തികൾ ലഭിച്ചേക്കാം. അത്ഭുതങ്ങളുമായി അതീന്ദ്രിയ ശക്തിയെ തെറ്റിദ്ധരിക്കരുത്. അത്ഭുതങ്ങൾ എന്നത് ശുദ്ധനുണയാണ്. പ്രകൃതിയിൽ അങ്ങിനെ ഒന്ന് നിലനിൽക്കുന്നില്ല. പരിണാമവും, വളർച്ചയും, ചലനവുമാണ് പ്രകൃതിയുടെ ഏറ്റവും വലിയ അത്ഭുതങ്ങൾ ജപങ്ങൾകൊണ്ടോ, കൈകൊണ്ടുള്ള ഗോഷ്ഠി കൊണ്ടോ ഒരു പദാർത്ഥത്തെ മറ്റൊരു പദാർത്ഥമാക്കി മാറ്റാൻ കഴിയില്ല. എന്നാൽ ബ്ലാക്ക് മാജിക് സാദ്ധ്യമാണ് ഇതിനെയാണ് അതീന്ദ്രിയശക്തി എന്ന് വിശേഷിപ്പിക്കുന്നത്. ഇന്ദ്രിയങ്ങൾ വളരെ വേഗത്തിൽ ചലിപ്പിക്കുവാനുള്ള കഴിവിനെയാണ് അതീന്ദ്രിയം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. മാജിക്ക്കാരൻ അനേകവർഷത്തെ പരിശീലനം കൊണ്ടും സൂത്രങ്ങൾ കൊണ്ടും ഇത് പ്രകടിപ്പിക്കുന്നു. ചില മിസ്റ്റിക്കുകൾക്ക് ബോധത്തിന്റെ സങ്കീർണ്ണമായ പ്രവർത്തനത്തിലൂടെ ഇത് ലഭിച്ചേക്കാം. മിസ്റ്റിക്കുകളിൽ ചിലർക്ക് ഈ അതീന്ദ്രിയ കഴിവ് തന്റെ മനസിലൂടെ മറ്റു മനസുകളിലേയ്ക്ക് വ്യാപരിപ്പിക്കാൻ അറിഞ്ഞോ അറിയാതെയോ കഴിഞ്ഞേക്കാം. അത്തരം മിസ്റ്റിക്കുകളുടെ സാമീപ്യം കൊണ്ട് ഒരു അസാധാരണമായ സമാധാനവും, സന്തോഷവും മനസിനു ലഭിക്കുന്നു. അതിനാൽ ആളുകൾ അവരെ തേടിവരികയും അവർക്കുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധരാകുകയും ചെയ്യുന്നു. Spiritual egoയിലൂടെ $f_xd_x$ ന്റെ അവസാനത്തെ സൂത്രമാണ് ഇവിടെ പ്രയോഗിക്കപ്പെടുന്നത്. അതിലൂടെ ആ മിസ്റ്റിക് വീണ്ടും egoയിൽ കുടുങ്ങിപോകുന്നു. വലിയ പ്രസ്ഥാനങ്ങൾ വളർത്താനും, ആതുരാലയങ്ങൾക്ക് നേതൃത്വം നൽകാനും അത്തരം മിസ്റ്റിക്കുകൾക്കു കഴിയുന്നു. എന്നാൽ നിത്യജീവൻ എന്നത്തേയ്ക്കുമായി നഷ്ടപ്പെടുന്നു. അതായത് ശിക്ഷകനായ (ശരീരത്തെയും, മനസിനെയും വേദനിപ്പിച്ചു കൊണ്ടിരുന്ന മനസ്) $f_xd_x$ എന്ന ഭൗതിക ego സമൂഹത്തിന്റെ രക്ഷകനായ spiritual, ego ആയി മാറ്റപ്പെടുന്നു. അതായത് കള്ളൻ പോലീസിന്റെ വേഷമിടുന്നതുപോലെ, എന്നാൽ അത്തരം ഒരു മിസ്റ്റിക്കിന് തനിക്കു കിട്ടിയ കൃപകൊണ്ട് തന്നെയും, തന്നെ അന്വേഷിച്ചു വരുന്ന മറ്റു മനുഷ്യരേയും അജ്ഞതയിൽ നിന്ന രക്ഷപ്പെടുത്തി യഥാർത്ഥ ബോധത്തെ ($W_X$) ഉയർത്തി നിത്യജീവനിലേയ്ക്ക് നയിക്കാൻ കഴിയുമെന്ന വലിയൊരു സാദ്ധ്യത നശിപ്പിച്ചുകളയുന്നു. കുറെ കഴിയുമ്പോൾ ആ മിസ്റ്റിക്ക് നശിക്കുകയും അതൊടെ അവരുടെ കൂടെ നിന്ന പ്രസ്ഥാനം കച്ചവടത്തിലേക്ക് നീങ്ങുകയും ചെയ്യുന്നു.



എന്നാൽ ഈ അവസ്ഥയിൽ എത്തുന്ന മിസ്റ്റിക് തന്റെ $W_X$നെ മുന്നിലേക്ക് വീണ്ടും ഉയർത്താൻ ശ്രമിക്കണം. തനിക്കു ലഭിച്ച കൃപ മഹാബോധത്തിന്റെ അനുകമ്പയാണെന്നും അതിന്റെ ഭൗതീകമായ മോഹന വാഗ്ദാനങ്ങളിൽ കുടുങ്ങി പോകരുതെന്നും അയാൾ തിരിച്ചറിയണം. അങ്ങിനെ തിരിച്ചറിയുന്ന മിസ്റ്റിക്കിന് തന്റെ കുടുംബത്തെയോ, ബന്ധങ്ങളെയോ, ഉപേക്ഷിക്കേണ്ടിവരികയോ, സമൂഹജീവിതത്തിന്റെ മുഖ്യധാരയിൽനിന്ന് മാറിപോകേണ്ടതായോ വരില്ല. കാരണം തന്റെ ലക്ഷ്യം നിത്യജീവനാണെന്നും ആത്മാവിന്റെ സ്വാതന്ത്ര്യമാണെന്നുള്ള അറിവ് $W_X$ ന്റെ സഹായത്തോടെ മനസിൽ നിലനിർത്താൻ ശ്രമിക്കണം. ***"നിത്യജീവനിൽ കുറഞ്ഞതൊന്നും നിങ്ങൾ മഹാബോധത്തോട് ചോദിക്കരുത്."*** എന്ന് തമിഴ്നാട്ടിൽ കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു മിസ്റ്റിക് ശക്തമായി മനുഷ്യനെ പഠിപ്പിച്ചത് ഈ അറിവിനെ ന്യായീകരിക്കുന്നു.

അങ്ങിനെ അതീന്ദ്രിയത്തിന്റെ മായയിൽ കുടുങ്ങാതെ മുന്നിലേക്കു പോകുന്ന മിസ്റ്റിക്കിന്റെ ജീവിതത്തെയാണ് ന്യൂട്രൽ ലൈഫ് (Neutral life) അഥവാ നിഷ്കാമ ജീവിതം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ചേമ്പിലയിൽ വെള്ളം എന്ന കണക്കെ അയാൾ തീർത്തും ഒരു സാധാരണക്കാരനായി ജീവിക്കുന്നു. കുടുംബമുണ്ടെങ്കിൽ അതിന്റെ കൂടെ അല്ലെങ്കിൽ തനിയെ സമൂഹത്തിലെ ഒരംഗമായി അത്തരം ഒരു മിസ്റ്റിക്കിന്റെ ജീവിതം തന്നെ വളരെ വലിയ ഒരു സന്ദേശമായിരിക്കും. അയാൾക്കു ചുറ്റുമുള്ളവർ അയാളെ തിരിച്ചറിയും. പ്രലോഭനങ്ങളിൽ പ്രതികരിക്കാതെ 24 മണിക്കൂറും സന്തോഷവാനായി കാണുന്ന ഒരാളെ സമൂഹത്തിന് ഒരിക്കലും കണ്ടില്ലെന്നു നടിക്കാനോ, തള്ളിക്കളയാനോ കഴിയില്ല. അയാളെ സംബന്ധിച്ച് ജീവിതം ഒരു തമാശയായോ അല്ലെങ്കിൽ ലീലയായോ (play) അനുഭവപ്പെടും. ഒരു പൂർണ്ണ സാക്ഷിയായി അയാൾ തന്റെ ബന്ധങ്ങളെകാണും, ബന്ധങ്ങൾ അയാളെ ഒട്ടും തന്നെ ബാധിക്കില്ല. കാരണം അയാളുടെ "രാജ്യം" ഇതല്ല എന്ന് അയാൾ പൂർണ്ണമായും അറിയുന്നു.

***"എന്റെ രാജ്യം ഇതല്ല, ഇതായിരുന്നുവെങ്കിൽ നിങ്ങൾക്കെന്നെ ബന്ധിക്കാൻ കഴിയുമായിരുന്നില്ല"*** എന്ന മിസ്റ്റിക് വചനത്തിന്റെ അർത്ഥം ഇതാണ്.

ആത്മീയ ജീവിതവും അതിലൂടെ നയിക്കപ്പെടുന്ന ഭൗതീക ജീവിതമായ ന്യൂട്രൽ ലൈഫും ഒരു കൃപയാണ് (Blessing) അത് $W_X$ ഉയരു

ന്നതിലൂടെ മനസിനു ലഭിക്കുന്ന ഒരുവലിയ അനുഗ്രഹമാണ്. ഈ കൃപ ലഭിക്കുന്നവരിൽ വിശ്വാസം സംഭവിച്ചിരിക്കും. അതിനാൽ ഏതൊരു സാധാരണമനുഷ്യനും ന്യൂട്രൽ ലൈഫ് സാദ്ധ്യമാണ്. ഇതാണ് നമ്മുടെ യഥാർത്ഥ ജീവിതവും. ഈ നിഷ്കാമ ജീവിതം ലഭിക്കാൻ വേണ്ടിയാണ് ആയിരക്കണക്കിനു വർഷങ്ങളായി ആത്മാവ് കാത്തിരുന്നതും. Human ഒരു being ആകുന്ന അവസ്ഥ. ഇതിന്റെ അന്ത്യം തീർച്ചയായും നിത്യജീവനായിരിക്കും. കാരണം ജീവിതം നിഷ്കാമായതിനാൽ കർമ്മഫലം നഷ്ടപ്പെട്ടുപോകുന്നു. അതായത് $f_x d_x$ന് നിലനിൽപ്പില്ലാതാകുന്നു. $f_x$ $d_x$ $w_x$ എന്ന ആത്മാവിന്റെ കൂട്ടികെട്ടിൽ നിന്നും $f_x d_x$ നഷ്ടപ്പെട്ടാൽ ബാക്കി ശുദ്ധമായ ബോധം ($W_X$) മാത്രമേയുള്ളു. അതിനാൽ അതിന് തനിയെ നിൽക്കാനാവില്ല. അത് അതിന്റെ ഉത്ഭവത്തിൽ, അതായത് മഹാബോധത്തിൽ ലയിക്കുന്നു. ബോധം, ഉണർന്നിരുന്ന് ശരീരവും, മനസും വെടിയുന്നു. അതായത് നിത്യജീവൻ പ്രാപിക്കുന്നു.

മഹാബോധത്തിൽനിന്ന് വിഭജിക്കപ്പെട്ട ബോധം മനുഷ്യനിൽ എത്തുമ്പോൾ $f_x$ $d_x$ $w_x$ എന്ന അവസ്ഥയിൽ ആയിപോകുന്നു. ഇതിന്റെ ഒരു projection ആണ് ഈ കാണുന്ന പ്രപഞ്ചവും അതിലെ ജീവജാലങ്ങളും, സയമയത്തിൽ മുന്നോട്ടു പോകുന്ന മനുഷ്യശരീരവും. Projection യാഥാർത്ഥ്യമായിരിക്കില്ല എന്ന് സിനിമ നമ്മളെ ഓർമ്മപ്പെടുത്തുന്നു. മൂന്ന് dimension-ൽ നിലനിൽക്കുന്ന മനുഷ്യർ തന്റെ ബുദ്ധികൊണ്ട് രണ്ട് diminesion-ൽ നിലനിൽക്കുന്ന ചിത്രങ്ങളെ project ചെയ്ത് ചലിപ്പിച്ചപ്പോൾ അത് സിനിമയായി മാറി. അതുപോലെ FD എന്ന അടിസ്ഥാന ബോധത്തിൽ നിന്ന് വിഭജിക്കപ്പെട്ട ബോധം four dimensionൽ project ചെയ്യുന്ന സിനിമയാണ് സമയത്തിൽ മുന്നിലേക്ക് വളരുന്ന three diminesional ശരീരവും, ജീവിതവും. ഒരു സിനിമാ projector ന് ഓപ്പറേറ്ററെ ആവശ്യമുള്ളതുപോലെ തന്നെ four dimensional projectionനു ഒരു ഓപ്പറേറ്ററെ ആവശ്യമാണ് എന്നത് തീർത്തും യുക്തിയുക്തം. പക്ഷെ അതിനെ ജഡമായി സങ്കൽപ്പിക്കുന്നതാണ് മനുഷ്യന്റെ പരാജയം. ജഢം Nothingnessന്റെ condensed form ഉം അത് nothingnessന്റെ continuityയും ആണെന്ന് ആധുനിക ശാസ്ത്രം സമ്മതിക്കാൻ തുടങ്ങിയിരിക്കുന്നു. Nothingness വെറും ഒരു Nothingness ആകാൻ സാദ്ധ്യതയില്ല എന്ന് ഭൗതികശാസ്ത്രം വാദിക്കുന്നു.

Spontaneous thoughts ഉത്ഭവിക്കുന്നത് മസ്തിഷ്ക കോശങ്ങളുടേയോ, ജീനുകളുടെയോ ആറ്റങ്ങൾ വളച്ചുകെട്ടിയ Space -ൽ (Nothingness-ൽ) നിന്നാണെന്നു മനസിലാക്കാൻ ഏറെ ബുദ്ധിമുട്ടൊന്നുമില്ല. ഭാവന അല്പം വികസിപ്പിച്ചാൽ മതി അങ്ങിനെ ആറ്റങ്ങളുടെ Space-ൽനിന്നു project ചെയ്യുന്ന ഒരു fourdimensional സിനിമയാണ് ജീവിതം എന്നുതിരിച്ചറിയുക. നമ്മുടെ ചിന്തകളുടെ ഉറവിടം മസ്തിഷ്കകോശങ്ങളുടെ ആറ്റങ്ങൾ അവസാനിക്കുന്ന Spaceൽ നിന്നാണ് എന്ന് തിരിച്ചറിയാൻ ശാസ്ത്രയുഗത്തിൽ നിൽക്കുന്ന ഈ നൂറ്റാണ്ടിലെ മനുഷ്യർക്ക് അത്രയ്ക്ക് ബുദ്ധിമുട്ടുണ്ടാകില്ല. Two dimensional സിനിമ കഴിയുമ്പോൾ വെളുത്ത സ്ക്രീൻ ഭാക്കിയാകുന്നതുപോലെ four dimension-ലെ ജീവിതമാകുന്ന സിനിമകഴിയുമ്പോൾ ബോധവും അതിലെ കർമ്മഫലങ്ങളും ($f_x d_x w_x$) അഥവാ ആത്മാവിന്റെ മനസുമായുള്ള കൂട്ടുകെട്ട് ബാക്കിയാകുകയും വീണ്ടും അടുത്ത "ഷോ"ക്കു സമയമാകുമ്പോൾ ശരീരമെടുക്കുകയും ചെയ്യുന്നു. എത്രയെത്ര ജീവിതകഥകൾ ഒരു സിനിമാ സ്ക്രീനിൽ project ചെയ്യപ്പെടുന്നു. എന്നാൽ അവർ സ്ക്രീൻ മാറ്റാറില്ല. അതുപൊലെ അനേകം ശരീരം പലപേരിലും, ജാതിയിലും, വർഗ്ഗത്തിലും എടുക്കുമെങ്കിലും യഥാർത്ഥബോധം അഥവാ ആത്മാവ് ഒന്നുതന്നെയായിരിക്കും എന്നു തിരിച്ചറിയുക. അവസാനം ഏതെങ്കിലും ഒരു ജീവിത്തിൽ ജ്ഞാനം പൂർണ്ണമാകുകയും പിന്നീട് ഒരിക്കലും Project ചെയ്യാൻ അനുവദിക്കാതെ യഥാർത്ഥ ബോധം ($W_X$- ആത്മാവ്) $f_x d_x$ എന്ന കർമ്മഫലമാകുന്ന മനസിനെ ഉപേക്ഷിച്ച് സ്വതന്ത്രമാകുകയും നിത്യജീവനിലേയ്ക്ക് കടന്ന് ***"പിതാവിന്റെ ഭവനത്തിൽ തിരികെ ചെല്ലുകയും ചെയ്യുന്നു."***

ഉണർന്നിരുന്നുകൊണ്ട് ഉറങ്ങുന്ന അവസ്ഥ മനസിൽ ഒന്നു സങ്കൽപ്പിച്ചുനോക്കുക. സമാധി അഥവ നിത്യജീവനു സമാനമായ അവസ്ഥയായിരിക്കും ഇത്. ഗാഢനിദ്രയിൽ വേദനയോ, സംഘർഷമോ, ദുഃഖഭാരമോ നാം അറിയുന്നില്ല. നാം ജീവിച്ചിരിക്കുന്നെന്നോ, നമുക്ക് ഭാര്യയും, മക്കളും, മനോഹരമായ വീടും, കാറും മറ്റു സൗകര്യങ്ങളും ഉണ്ടെന്നോ അറിയുന്നില്ല. പിറ്റേദിവസം ഉണരുമ്പോൾ ഓർമ്മയുടെ തുടർച്ചയാണ് ജീവിതം തുടരാൻ നമ്മളെ സാഹായിക്കുന്നതും ജീവിതം തുടർച്ചയാണെന്നും (continuous) നമ്മളെ ബോദ്ധ്യപ്പെടുത്തുന്നതും. ഗാഢനിദ്ര ബോധത്തിൽ സംഭവിക്കുന്നു എന്ന് സങ്കൽപ്പിച്ചുനോക്കുക. അതിന്റെ ഫലമെന്തായിരിക്കും കൂരിരുട്ടിൽ ശബ്ദവും, കാഴ്ചയും, സ്പർശവും, രുചിയും, മണവും ഇല്ലാതെ ഉണർന്നിരിക്കുന്ന അവസ്ഥയല്ലേ അത്? ശരീരത്തിൽ വസ്ത്രങ്ങളും, മാനസിക, ശാരീരിക

വേദനകളും ഇല്ലാതെ കൂരിരുട്ടിൽ കുറെ സമയം ഉണർന്നിരുന്നാൽ ശരീരബോധം നഷടപ്പെട്ടുപോകും. ഏകാന്തമായ ഒരു മുറിയിൽ ഈ പരീക്ഷണം നിങ്ങൾക്ക് നടത്തിനോക്കാം. അല്പം ധൈര്യം വേണമെന്നു മാത്രം മനസിലേക്കുവരുന്ന ചിന്തകളെ സൂക്ഷിച്ച് ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ കുറേ കഴിയുമ്പോൾ അവയും കുറയാൻ തുടങ്ങുന്നതായി തോന്നും. (ഈ അവസ്ഥയെ ധ്യാനം എന്നുപറയന്നു) അപ്പോൾ ശുദ്ധമായ ബോധം ഏകദേശം എങ്ങിനെയിരിക്കുമെന്ന് നിങ്ങൾക്ക് തനിയെ ബോദ്ധ്യപ്പെടും. വളരെ ശ്രദ്ധയോടെ ഈ പരീക്ഷണം ചെയ്താൽ നിത്യജീവൻ, അഥവാ ആത്മാവിന്റെ സ്വാതന്ത്ര്യം എന്തെന്നും അതിലെ പരമാനന്ദം എന്തെന്നും മനസിന് ഒരു ഏകദേശ രൂപം ലഭിക്കും. ഈ വളരെ ചെറിയ ഭാഗികമായ അറിവും, അനുഭവങ്ങളും ഓർമ്മയിൽ നിലനിർത്തുകയും അതിനുവേണ്ടി പരിശ്രമിക്കാൻ മനസിനെ പ്രേരിപ്പിക്കുകയും, അതിന് എന്ത് ത്യാഗം സഹിക്കുവാനും സന്നദ്ധമാകുകയും ചെയ്യുക, ജീവിതം ആരുമറിയാതെ കീഴ്മേൽ മറിയുന്നതായി നിങ്ങൾ അനുഭവിക്കും. നിങ്ങളുടെ ബോധം നിങ്ങളുടെ മനസിന്റെ അടിമയാണെന്നും നിങ്ങൾ കണ്ടെത്തും. ***നിങ്ങൾക്ക് യാതൊരു നിയന്ത്രണവുമില്ലാത്ത ഒരു മനസാണ് ഇത്രയും നാൾ നിങ്ങളുടെ കൂടെ നിന്നത് എന്ന് മനസിലാകും.*** ആ മനസിന്റെ ഉദ്ദേശം നിങ്ങൾക്ക് നിത്യദുരിതം തരുക എന്നതാണെന്നും നിങ്ങൾ അറിയും. ഈ അറിവ് നിസാരമെന്ന് തള്ളിക്കളയരുത്. ബാഹ്യമായതും logicക്കിലൂടെയുള്ളതുമായ തെളിവുകൾ പിന്നീട് നിങ്ങൾക്കാവശ്യം വരില്ല. ചോദ്യങ്ങളും ഉത്തരങ്ങളും നിലയ്ക്കാൻ തുടങ്ങുന്നു. ഒരു പരിണാമത്തിന് നിങ്ങളുടെ മനസ് തയ്യാറാകുന്നു. ഇതിനെ അനുവദിച്ചുകൊടുക്കുമ്പോഴാണ് ആത്മീയ ജീവിതം തുടങ്ങുന്നതും. അതാണ് നിങ്ങളുടെ യഥാർത്ഥ ജീവിതം എന്നും തിരിച്ചറിയുക.

Projection ആകുന്ന ഭൗതിക ജീവിതത്തെ വിശ്വസിക്കരുത്, അതിന് നിലനിൽപ്പില്ല. മുളയ്ക്കുന്നതെല്ലാം വളരും, വളരുന്നതെല്ലാം തളരും, മരിക്കും ഈ സത്യത്തെ നിഷേധിക്കാൻ ലോകത്തിലെ ഒരു വ്യക്തിക്കും, ശക്തിക്കും, സിദ്ധാന്തത്തിനും കഴിയില്ല. പ്രശസ്തി, ധനം, ദാരിദ്ര്യം, രോഗം, ഇവ വെറും ബോധത്തിലുള്ള Projection നുകളാണ് എന്നും ഇത് മാറിയും മറിഞ്ഞും വരും എന്നും അറിയുക. തീരാദുഃഖത്തിലും, അമിതമായ സുഖസൗകര്യങ്ങളിലും ഒരു വ്യക്തിയുടെ ബോധത്തിനും ($f_x d_x w_x$) ഏറെനാൾ പിടിച്ചുനിൽക്കാൻ കഴിയില്ല. മാറിമാറി ഇത്



ആവർത്തിച്ചു കൊണ്ടിരിക്കും. പക്ഷെ $f_x d_x w_x$ എന്ന ആത്മാവിന്റെ കൂട്ടുകെട്ടിലെ യഥാർത്ഥബോധമായ $w_x$ അതായത് x ന് പകരം y ആകുന്ന ശരീരം മാറിവരുന്നുവെന്നേയുള്ളു. fdw ഇവ ഒരിക്കലും നശിക്കാത്ത അധമ കൂട്ടുകെട്ടാണ്. ആയിരകണക്കിനു പുസ്തകങ്ങൾ വായിച്ചതുകൊണ്ടോ, പ്രാർത്ഥിച്ചതുകൊണ്ടോ, ധാനധർമ്മങ്ങൾ ചെയ്തതുകൊണ്ടോ ബോധത്തെ ($W_X$) ഉയർത്താൻ നിങ്ങൾക്കു കഴിയുകയില്ല. അതെല്ലാം $f_x d_x$ -ന്റെ സൂത്രങ്ങളാണ്. നന്മയും, തിന്മയും ആപേക്ഷികങ്ങളാണ്. ആപേക്ഷികങ്ങളായവ സത്യമല്ലെന്ന് ശാസ്ത്രം വാദിക്കുന്നു, തിരിച്ചറിയുക. ഇസങ്ങൾകൊണ്ടോ, മതപ്രബോധനങ്ങൾ കൊണ്ടോ ലോകത്തുസമാധാനം സ്ഥാപിക്കാമെന്നോ ഭൂമിയെ സ്വർഗ്ഗമാക്കാമെന്നോ വ്യാമോഹിക്കരുത്, അതിന് കൂട്ടുനിൽക്കുകയും അരുത്. ആത്മാവിന്റെ സ്വാതന്ത്ര്യത്തിലേക്കും നിത്യജീവനിലേക്കും യഥാർത്ഥബോധത്തെ ($W_X$-നെ) ഉയർത്തുമ്പോൾ ഇവതാനെ സംഭവിച്ചുകൊള്ളും. അത് സ്ഥാപിക്കാൻ ശ്രമിക്കുന്നതാണ് തെറ്റ്. ആ തെറ്റ് ചെയ്യുന്നത് ego യും അതിനെവളർത്തുന്നത് യുക്തിയും, യുക്തിയെ വളർത്തുന്നത് FD എന്ന തലതിരിഞ്ഞ ബോധവുമാണെന്നറിയുക.

Human-Human being ആകുമ്പോൾ ഓരോ വ്യക്തിയും സ്വയം നിയമമായും, സ്നേഹമായും മാറുന്നു. Human അവസ്ഥയിൽ നിയമം അടിച്ചേൽപ്പിക്കേണ്ടിവരും. അതിന് ആയുധങ്ങളുടെ സഹായം വേണ്ടിവരും. $W_X$ എന്ന ബോധം ഉയർത്താനുള്ള പാഠ്യക്രമീകരണങ്ങളും academic പരിശീലനങ്ങളും വളർന്നു വരണം. ബോധമായിരിക്കണം വളർത്തേണ്ടത്. യുക്തി അതിന്റെ ദാസനാണെന്നോർക്കണം. ദാസൻ യജമാനനാകുന്നതാണ് ലോകത്തിന്റെ പരാജയകാരണം. നിങ്ങൾ നിങ്ങളിലേക്ക് തിരിയാതെ ഒന്നും സംഭവിക്കില്ല. ബോധം ($W_X$) ഒരു കാരണവശാലും ബലം പ്രയോഗിച്ച് ഉയർത്താൻ കഴിയില്ല. നിങ്ങൾ, നിങ്ങളുടെ യഥാർത്ഥ ബോധത്തെ തിരിച്ചറിയാത്തിടത്തോളം കാലം രാജാവായാലും, തെണ്ടിയായാലും ഒരുപോലെ തന്നെ. വ്യത്യാസം വെറും projection-ൽ മാത്രം സിനിമയിൽ നടൻ വേഷമിടുന്നതു പോലെതന്നെ ജീവിതമാകുന്ന സിനിമ തീരാൻ 60-70 വർഷമെടക്കുമെന്നു മാത്രം. അത് കഴിയുമ്പോൾ കർമ്മഫലമാകുന്ന $f_x d_x w_x$ എന്ന കൂട്ടുകെട്ടിൽ fdw ബാക്കിയാകുകയും നടൻ (x) അപ്രത്യക്ഷമാകുകയും ചെയ്യുന്നു. ഈ കൂട്ടുകെട്ടാണ് യഥാർത്ഥ projection operator, അടുത്ത ഷോയ്ക്കു സമയമാകുമ്പോൾ അത് വീണ്ടും ശരീരമെടുക്കുന്നു. ഏതുതരം ശരീരമെടുക്കണെ

മെന്ന് $f_xd_xw_x$ എന്ന കൂട്ടുകെട്ടിലെ കർമ്മഫലങ്ങളാണ് നിശ്ചയിക്കുന്നത്. അതുവളരെ സങ്കീർണ്ണവുമാണ്. അല്ലാതെ മഹാബോധത്തിന്റെ തലയിൽ ഈ കുറ്റം ചുമത്തുന്നതാണ് എല്ലാ തെറ്റുകളുടേയും അടിമത്വത്തിന്റേയും തുടക്കം. ഈ ലോകത്തിന്റെ അധികാരി മഹാബോധമല്ല. അധഃമബോധമായ FDയാണെന്നോർക്കുക. ***ഇതാ ലോകത്തിന്റെ അധികാരി എന്നെ ബന്ധിക്കുവാൻ എത്തികഴിഞ്ഞു"*** എന്ന് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് മനുഷ്യനെ നിത്യജീവൻ എന്തെന്ന് പഠിപ്പിച്ച ഒരു മിസ്റ്റിക് പറഞ്ഞതോർക്കുക.

പ്രപഞ്ചത്തിന്റെ സൃഷ്ടിയിലോ, മനുഷ്യന്റെ ദുരിതങ്ങളിലോ മഹാബോധത്തിന് നേരിട്ട് യാതൊരുപങ്കുമില്ല. മഹാബോധത്തിൽനിന്ന് FDയുടെ പ്രേരണയാൽ വേർപെട്ട അധഃമബോധമാണ് പ്രപഞ്ചമെന്ന projection-ന്റെ master controller. അത് ബോധത്തിൽവന്ന ഒരു അറിവില്ലായ്മ (Ignorance) ആണെന്ന് ഒന്നാം അദ്ധ്യായത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഓരോ ജന്മങ്ങളിലും $f_xd_xw_x$ എന്ന ആത്മാവിന്റെ കൂട്ടുകെട്ടിന് Y അഥവ Z ന് ഒരു പുതിയ സാദ്ധ്യത ലഭിക്കുകയാണെന്നോർക്കണം. അതായത് W -നെ സ്വതന്ത്രമാക്കാനുള്ള സുവർണ്ണാവസരം. അതുകൊണ്ടാണ് ശരീരം ഒരു ദേവാലയത്തിനുതുല്യമാണെന്ന് മിസ്റ്റിക്കുകൾ ആവർത്തിച്ചുപറയുന്നത്. എന്നാൽ $W_X$-നെ ഉയർത്താനുള്ള ഈ അവസരം നഷ്ടപ്പെടുത്തുമ്പോൾ $f_xd_xw_x$ അടുത്ത സാദ്ധ്യത തിരഞ്ഞെടുക്കുന്നു, അല്ലാതെ ഹീനജാതിക്കാരൻ ഉയർന്ന ജാതിക്കാനുവേണ്ടി ജോലി ചെയ്താലേ അടുത്ത ജന്മത്തിൽ ഉയർന്ന ജാതിയിൽ ജനിക്കുകയുള്ളു എന്ന പുനർജന്മസിദ്ധാന്തം ശുദ്ധനുണയും അവസരവാദവുമാണ്. കർമ്മഫലങ്ങൾ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നതിനെ നന്മതിന്മകളായി തെറ്റിദ്ധരിക്കരുത്.

സമൂഹത്തിൽ നിയമങ്ങൾ സൃഷ്ടിക്കുന്നത് അധഃമ മനസായ $f_xd_x$ ആണെന്നോർക്കുക. ആ നിയമങ്ങളെ അടിസ്ഥാനമാക്കിയാണ് നന്മതിന്മകൾ സങ്കൽപ്പിക്കപ്പെടുന്നത്. ഇത് ആപേക്ഷികമായ ഒന്നാണ്. ഓരോ സമൂഹത്തിലും ഇത് വ്യത്യസ്ഥമായിരിക്കും. അതായത് ഒരു സമൂഹത്തിൽ തെറ്റെന്ന് വിധിക്കുന്ന നിയമം മറ്റൊരു സമൂഹത്തിൽ ശരിയായി ആചരിക്കപ്പെടുന്നു. അതായത് നന്മതിന്മകൾ ആപേക്ഷികമായി വരുന്നു. ഈ നന്മതിന്മകളുടെ അടിസ്ഥാനത്തിലല്ല $f_xd_xw_x$ എന്ന കൂട്ടുകെട്ട് ശരീരം മാറിമാറി എടുക്കുന്നത്. മറിച്ച് അത് ഓരോ ജന്മത്തിലും $W_X$-നെ ഉയർത്താനുള്ള പുതിയ പുതിയ സാദ്ധ്യതകൾക്കുള്ള



അവസരം സൃഷ്ടിക്കുകയാണെന്നു മനസിലാക്കുക. അതിനാൽ ജന്മം ധനികനായിട്ടാലും, ദരിദ്രനായിട്ടാലും, രോഗിയായിട്ടായാലും $W_X$-നെ ഉയർത്താനുള്ള സാദ്ധ്യത ഒന്നുതന്നെയാണ്. പക്ഷെ അതിനുള്ള കർമ്മരീതിമാറിപ്പോകുമെന്നേയുള്ളു. ധനികനും, ദരിദ്രനും, രോഗിയും, വേദനയുടേയും ദുരിതങ്ങളുടേയും കാര്യത്തിൽ ഒരു പോലെയാണെന്നറിയുക. ബോധമാണ് വേദന സഹിക്കുന്നത്. സമൂഹത്തിലെ ഉച്ഛനീചത്വങ്ങളും രോഗങ്ങളും നൽകുന്ന വേദനയുടെ രീതി വ്യത്യസ്ഥമാകുന്നുവെന്നേയുള്ളു. ബുദ്ധിയും, ഓർമ്മയും യഥാർത്ഥ ബോധത്തിന്റെ ($W_X$) virus operated programme - ആണെന്നോർക്കണം. അവയ്ക്കു മനുഷ്യ computerൽ സ്വന്തമായ നിലനിൽപ്പില്ല. ഇവിടെ software disc എന്നത് ഓരോ പാരമ്പര്യത്തിലുമുള്ള ജീനുകളുടെ pattern ആണെന്നോർക്കണം. അവയാണ് ആ വ്യക്തി ആരായിരിക്കണമെന്ന് തീരുമാനിക്കുന്നത്. അതിനാൽ ശരീരം ഒരു ജന്മത്തിൽ ആരാകുന്നു (personality) എന്നതല്ല പ്രശ്നം. $W_X$ നെ ഉയർത്താനുള്ള സാദ്ധ്യത ആ ശരീരത്തിലുള്ള ബുദ്ധിയിലും, ഓർമ്മയിലും $W_X$നു ചെലുത്താൻ കഴിയുമോ എന്നുള്ളതാണ്. അതുകൊണ്ടാണ് ഒരു ജന്മം ഒരു സാദ്ധ്യത (Possibility) ആണെന്നു പറയുന്നത്.

മനുഷ്യൻ യഥാർത്ഥത്തിൽ മരിക്കുന്നത് നിത്യജീവൻ പ്രാപിക്കുമ്പോഴാണ്. അതായത് hard disc നശിച്ചു പോകുമ്പോൾ softwareനു പ്രവർത്തിക്കാൻ പറ്റാതെ പോകുന്ന അവസ്ഥ. $f_xd_xw_x$ എന്ന കൂട്ടുകെട്ട് ശരീരത്തെ മാറിമാറി എടുക്കുന്നത്, software മാറ്റിവയ്ക്കുന്നതിനു സമാനമാണ്. യഥാർത്ഥബോധം താൻഎടുക്കുന്ന ശരീരത്തിൽ പേരുകളും genetice patternകളും മാത്രമെ മാറുന്നുള്ളു. ബോധം ഒന്നുതന്നെയാണ് അതായത് ബോധം വീണ്ടും വീണ്ടും ജന്മമെടുക്കുന്നതല്ലാതെ ജഢത്തെ എന്നന്നേയ്ക്കുമായി ഉപേക്ഷിക്കുന്നില്ല. ***"മരിച്ചവർ മരിച്ചവരെ അടക്കം ചെയ്യട്ടെ"*** എന്ന മിസ്റ്റിക് വചനം ഇവിടെ ശ്രദ്ധേയമാണ്. മിരിച്ചവരും മരിച്ചവരെ അടക്കം ചെയ്യുന്നവരും തമ്മിൽ സമയത്തിന്റെ ഗ്രാഫിൽ മുമ്പിലും പിറകിലുമാണെന്നേയുള്ളു. രണ്ടുപേരും മരിച്ചവർക്കു തുല്യമാണ്.

ജീവിച്ചിരിക്കേ നിത്യജീവനെ ഭാഗികമായി അനുഭവിക്കാൻ കഴിയും (ഭാഗികമായി എന്നുള്ളത് തെറ്റാണെങ്കിലും ഭാഷയുടെ പരിമിതികാരണം അങ്ങിനെ ഉപയോഗിക്കേണ്ടിവരുന്നു) ബ്രഹ്മചര്യം സംഭവിക്കണം. സംഭവിക്കുമ്പോൾ ഭയം നീങ്ങുന്നു. അപ്പോൾ STR കുറയുന്ന

തായി അനുഭവപ്പെടുകയും മനസ് ഒരു സാക്ഷി (witness) ആയി പ്രവർത്തിക്കാൻ തുടങ്ങുകയും, പ്രകോപനങ്ങൾക്കു നേരെ നിസംഗനായി നിൽക്കുകയും ചെയ്യുന്നു. നിസംഗതയുള്ളവന് ശത്രുവും മിത്രവും ഉണ്ടാകില്ല. (ശത്രുവിനെ സ്നേഹിക്കുക എന്ന മിസ്റ്റിക് വചനം ഓർക്കുക ശത്രുവില്ലാത്ത അവസ്ഥയാണത്. ഇല്ലാത്തതിനെ സ്നേഹിക്കാൻ എളുപ്പമാണ്) അതായത് ജീവിതം Neutral അവസ്ഥ പ്രാപിക്കുന്നു (നിഷ്കാമം) അപ്പോൾ കാരണമില്ലാത്ത ഒരു ആനന്ദവും, സമാധാനവും മനസിനെ ആവരണം ചെയ്യുന്നു. കാരണം അന്വേഷിക്കുന്ന മനസ് കുറേ ബാക്കി നിൽക്കുന്നതിനാൽ തുടർച്ചയായി ഈ ആനന്ദം അനുഭവിക്കാൻ എല്ലാ മിസ്റ്റിക്കുകൾക്കും കഴിയില്ല. എന്നാൽ അവർക്ക് ആവശ്യമുള്ളപ്പോൾ മനസിലേക്ക് തന്റെ ബോധത്തിന്റെ സഹായത്തോടെ പരമാനന്ദത്തെ കൊണ്ടുവരാൻ കഴിയും. കൂട്ടത്തിലായിരിക്കുമ്പോഴും ഒറ്റയ്ക്കായിരിക്കുമ്പോഴും ഒരേ അവസ്ഥ. ഇത് നിത്യജീവന്റെയും അതിലൂടെയുള്ള പരമാനന്ദത്തിന്റെയും ഒരു നേരിയ രുചി മാത്രമാണ്. അത് വന്നുംപോയും നിലനിൽക്കുന്നു. മരണത്തോടെ ആത്മാവ് (ബോധം) $W_X$ സ്വതന്ത്രമാകുകയും, പരമാനന്ദമായ നിത്യജീവനിലേയ്ക്ക് എന്നന്നേയ്ക്കുമായി പ്രവേശിക്കുകയും ചെയ്യുന്നു.

ദാരിദ്ര്യം, ദുഃഖങ്ങൾ, വേദനകൾ, രോഗങ്ങൾ ജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ചവർക്കും അത് ഭാഗമാക്കാൻ പഠിപ്പിക്കുന്നവർക്കും യഥാർത്ഥ ബോധത്തെ തിരിച്ചറിയാൻ വളരെ ബുദ്ധിമുട്ടാണ്. തിരിച്ചറിയാത്തതിനെ ഉയർത്തുവാൻ കഴിയില്ലല്ലോ! നാം നമ്മുടെ ഓരോ ദിവസത്തെ ജീവിതത്തെ ശ്രദ്ധിച്ചു നോക്കിയാൽ ഒരു കാര്യം വ്യക്തമാകും. വാസനകളിലൂടെ (tendencies) അബോധമനസ് നയിക്കുന്ന വഴികളിലൂടെ ഇഷ്ടാനിഷ്ടങ്ങളെ താലോലിച്ച് ധാരാളം ദൗർബ്ബല്യങ്ങൾക്ക് കീഴടങ്ങിയുള്ള ഒരു ജീവിതമാണ് നാം നയിക്കുന്നത്. സമൂഹത്തിൽ ഇന്നു നിലനിൽക്കുന്ന സാഹിത്യവും, സംസ്കാരങ്ങളും, മതപ്രബോധനങ്ങളും ഈ ജീവിത ദുരിതങ്ങളെ സ്നേഹിക്കുവാൻ മനുഷ്യരെ പഠിപ്പിക്കുന്നു. സഹജീവികളോട് ചെയ്യുന്ന കടുത്ത പാപമാണിത്. അതിന് പ്രേരണ നൽകുന്നത് FD എന്ന അധമ ബോധവുമാണെന്നോർക്കണം. ഈ പ്രപഞ്ചവും അതിലെ ചരാചരങ്ങളെയും, മനുഷ്യരേയും സൃഷ്ടിച്ചിരിക്കുന്നത് മഹാബോധ (ദൈവം) മാണെന്ന അബദ്ധധാരണയാണ് മേൽപറഞ്ഞരീതിയിൽ മനുഷ്യനെ പഠിപ്പിക്കാൻ കാരണമായത്. മഹാബോധം (ദൈവം) പരമാനന്ദമാണെങ്കിൽ അതിന്റെ



സൃഷ്ടിയിൽ ദുഃഖവും, വേദനയും എങ്ങിനെ വന്നു എന്നു വിശദീകരിക്കാൻ പറ്റാതെ പോകും. മിടുക്കനായ ഒരു എഞ്ചിനീയർ തന്റെ ഉൽപ്പന്നത്തിൽ അറിഞ്ഞുകൊണ്ട് പോരായ്മ (defect) ഉണ്ടാക്കിവയ്ക്കില്ലല്ലോ?

പ്രപഞ്ചവും, മനുഷ്യശരീരവും അതിലെമനസും അധഃമബോധമായ FDയുടെ സൃഷ്ടിയാണെന്നും അത് നാം ആവശ്യപ്പെടാതെ നമ്മിൽ അടിച്ചേൽപ്പിക്കുന്നതാണെന്നും തിരിച്ചറിഞ്ഞാലേ യതാർത്ഥ ബോധം ($W_X$) ഉയർത്തേണ്ട പഠനങ്ങളും പരിശീലനങ്ങളും ഭൂമിയിൽ വരുകയുള്ളു. തിരിച്ചറിവിനെ തിരിച്ചറിയുന്ന ബോധം അഥവാ ആത്മാവ് ശരീരത്തിന്റെയും അതിലെ മനസിന്റേയും അടിമത്വത്തിൻ കീഴിലാണെന്നും, ലഭിച്ച ജീവിതസമയം കൊണ്ട് അതിനെ സ്വതന്ത്രമാക്കണമെന്നും തിരിച്ചറിഞ്ഞാലേ യഥാർത്ഥ ആത്മീയ ജീവിതം എന്തെന്ന് മനുഷ്യന് അറിയാൻ കഴിയുകയുള്ളു. ഒരു മനുഷ്യജീവിതത്തിലെ ആകെ ദുഃഖങ്ങളും, വേദനകളും സന്തോഷവും കണക്കെടുത്ത് അനുപാദത്തിലാക്കിയാൽ നമ്മുക്കു നമ്മുടെ ജീവിതത്തിന്റെ ദുരവസ്ഥ എന്തെന്ന് പിടികിട്ടും. അത് അടിച്ചേൽപ്പിക്കപ്പെട്ടതാണെന്ന് തിരിച്ചറിയും. ആ തിരിച്ചറിയലിൽ നിന്ന് ഉയരുക, ബോധത്തെ ഉയർത്താൻ ശ്രമിക്കുക.

സമൂഹങ്ങളും, മതങ്ങളും ചേർന്ന് മനുഷ്യബോധത്തെ ഉയർത്തുന്നതിനുപകരം തളർത്തുകയാണ് ചെയ്യുന്നത്. അത് ആരും അറിഞ്ഞുകൊണ്ട് ചെയ്യുന്നതല്ല. നയിക്കുന്നവരും നയിക്കപ്പെടുന്നവരും അന്ധന്മാരാണെങ്കിൽ രണ്ടുകൂട്ടരുടേയും ഗതി ഒന്നുതന്നെയല്ലേ ? നയിക്കുന്ന അന്ധൻ തനിക്ക് കണ്ണുകാണാമെന്ന് മറ്റേ അന്ധനെബോധ്യപ്പെടുത്തിയാലുള്ള സ്ഥിതി ഏറെ ദയനീയമായിരിക്കും. നയിക്കുന്ന അന്ധൻ തനിക്ക് കണ്ണുകാണാമെന്ന് നുണ പറയുന്നു. അതുകണ്ടുപിടിക്കാൻ നയിക്കപ്പെടുന്ന അന്ധനുകഴിയില്ലല്ലോ? ***അതിനാൽ തന്റെ കൈപിടിക്കാൻ ആരേയും അനുവദിക്കാതിരിക്കുക.*** അകത്തേക്കുതന്നെ നോക്കുക, അപ്പോൾ അകകണ്ണുതുറക്കും. അകവും പുറവും ഒരുപോലെ കാണാനാവും, ആ നിമിഷം നിങ്ങൾ അറിയും തന്നെ നയിച്ചവരെല്ലാം തപ്പിതപ്പിയാണ് നടക്കുന്നത് എന്ന്.

***ദുഃഖവും, ദുരിതവും, വേദനയും ജീവിതത്തിന്റെ ഭാഗമെന്നു വിശ്വസിക്കുന്നത് ശുദ്ധവിഡ്ഢിത്തമാണ്. പരമാനന്ദമാണ് യഥാർത്ഥ ജീവിതത്തിന്റെ അവസ്ഥ.*** അത് ആരോ മറച്ചുപിടിക്കുന്നതുപോലെ നമുക്കുതോന്നുകയാണ്. നാം നമ്മെ അറിയുമ്പോൾ മനസിലാകും

അതിനെ മറച്ച് പിടിച്ചത് മറ്റാരുമല്ല നാം തന്നെയാണെന്ന് ***മനസ് തന്റെ പോരായ്മ മറ്റുള്ളവരിൽ ആരോപിച്ചുകൊണ്ടിരിക്കുന്നതാണ്*** എല്ലാ കുഴപ്പങ്ങൾക്കും കാരണം സിനിമയും, നോവലുകളും, കഥകളും ജീവിതത്തെ സുഖദുഃഖസമ്മിശ്രമായ ഒന്നായി തരംതാഴ്ത്തി കാണിക്കുന്നു. അതിന്റെ ഉദ്ദേശം പണം സമ്പാധിക്കലാണ്. അറിയാതെയാണെങ്കിലും ഈ ചെയ്യുന്നത് മഹാപാപമാണ്. അദ്ധ്വാനിച്ച് ഈ ഭൂമിയിൽ ആർക്കും ജീവിക്കാം. എന്നാൽ തടവറയിൽ കിടക്കുന്ന ആത്മാവിനെ വീണ്ടും ഇരുട്ടറയിലേക്ക് തള്ളി പണം സമ്പാധിക്കാൻ ശ്രമിക്കുന്നത് വലിയ അപരാധമാണെന്ന് ഇത്തരക്കാർ മനസിലാക്കണം. ***യഥാർത്ഥ ബോധം ($W_X$) എന്നത് മഹാബോധത്തിന്റെ സത്തയാണ് അത് മഹാബോധത്തിൽ ചേരേണ്ടതുമാണ് അതാണ് നിത്യജീവൻ.*** അതിനാൽ ബോധത്തെ ഉയർത്തുന്നതും മറ്റുള്ളവരെ ഉയർത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ നന്മ അഥവാ പുണ്യം. അല്ലാതെ അബോധത്തിൽ ജീവിക്കുകയും കുറ്റബോധം മറച്ചുപിടിക്കാൻ നന്മയുടെ പേരിൽ ആതുരാലയങ്ങളും, ആസ്പത്രികളും സ്ഥാപിച്ചും, പ്രാർത്ഥിച്ചും സ്വർഗ്ഗരാജ്യം നേടാമെന്ന് തെറ്റിദ്ധരിക്കുകയും ആ തെറ്റിദ്ധാരണ മറ്റുള്ളവരിൽ പ്രചരിപ്പിച്ച് സമൂഹത്തിൽ വലിയ ആളാവുന്നത് പൈശാചികമാണ്. അതിന് കൂട്ടുനിൽക്കുന്നവരും അവരോടൊപ്പം പാപം ചെയ്യുന്നു. സ്വന്തം അദ്ധ്വാനത്തെ ആശ്രയിച്ച് അതിൽ ഒതുങ്ങി ജീവിക്കാൻ അധഃമബോധം ഭയപ്പെടുന്നതുകൊണ്ടാണ് മനുഷ്യന് തന്നിലേയ്ക്ക് തന്നെ തിരിയാൻ കഴിയാതെ പോകുന്നത്.

യഥാർത്ഥ ബോധത്തെ തിരിച്ചറിയുക അതിൽ വളരാൻ ശ്രമിക്കുക, നിത്യജീവനുവേണ്ടി മാത്രം പ്രാർത്ഥിക്കുക, ഒരു പൈശാചിക ശക്തിക്കും നിങ്ങളെ കീഴടക്കാൻ കഴിയില്ല. കാരണം പീഡിപ്പിക്കാൻ ശ്രമിക്കുന്നവർ മരണത്തെ ഭയപ്പെടുന്നവരാണ്. അബോധത്തിന്റെ കൂരിരുട്ടിൽ ജിവിക്കുന്ന മനുഷ്യരാണവർ. ഭംഗിയായി വസ്ത്രം ധരിച്ചവരും സൗന്ദര്യമുള്ളവരും നന്നായി യുക്തിയിൽ സംസാരിക്കുന്നവരുമായിരിക്കും അവർ. കണ്ണുകാണാത്ത അവർ കണ്ണുതുറക്കാൻ ശ്രമിക്കുന്നവന്റെ കണ്ണുകൾ കുത്തിപൊട്ടിക്കുന്നു. ഓടിയകലുക മഹാബോധം നിങ്ങളെ കാത്തുകൊള്ളും.

### മനസ്

മനസിന് ഒരു നിർവ്വചനം അസാദ്ധ്യമാണ്. ബുദ്ധി, ഓർമ്മ, വാസനകൾ ഇവ കൂടിചേർന്നതിനെ മനസ് എന്ന് വിളിക്കാം. നിത്യജീവൻ യാഥാർത്ഥ്യമാക്കാൻ ബോധത്തെ ഉയർത്തുന്നതിന് തീരുമാനിക്കുന്ന



നിങ്ങൾ നിങ്ങളുടെ മനസിലേക്ക് ആദ്യമായി ഇറങ്ങുമ്പോൾ കാണുന്നത് മനസിന്റെ രണ്ടവസ്ഥകളായിരിക്കും. ഒന്ന് - സദാസമയവും തന്റെ (ബോധത്തിന്റെ) അനുവാദമില്ലാതെ ചിന്തിച്ചു കൊണ്ടിരിക്കുകയോ, സ്വപ്നം കണ്ടിരിക്കുകയോ ചെയ്യുക. തനിയെ ഉള്ള ചിന്തയുടെ (STR) ശക്തമായ തള്ളിക്കയറ്റത്തിനിടയിൽ കൂടെ $f_x d_x$ എന്ന അധഃമബോധം നിങ്ങളെ പ്രവൃത്തികളുടെ ഇടയിൽകൂടി അബോധത്തിൽ നയിക്കുന്നു. ശക്തമായ ഒരു ഷോക്ക് മനസിനെ ബാധിക്കുമ്പോഴോ, അബദ്ധങ്ങൾ പറ്റുമ്പോഴോ ഒരു പുതിയ കാര്യം കേൾക്കുകയോ, കാണുകയോ, അറിയുകയോ ചെയ്യുമ്പോഴാണ് യഥാർത്ഥ ബോധം നിങ്ങളിലേയ്ക്ക് നിങ്ങളറിയാതെ വരുന്നത്. ഇതിനെ നാം ആകാംഷ, ജിജ്ഞാസ, അറിവിന് വേണ്ടിയുള്ള ദാഹം എന്നെല്ലാം വിളിക്കുന്നു. സത്യത്തിൽ യഥാർത്ഥ ബോധം (ആത്മാവ്) തനിക്കുരക്ഷപ്പെടാനുള്ള മാർഗ്ഗമുണ്ടോ എന്ന് അരായുന്നതാണ്. എന്നാൽ അഹം യുക്തിയിലൂടെ അതിനുകാരണം കണ്ടുപിടിക്കുമ്പോൾ യഥാർത്ഥ ബോധം മനസിന്റെ അടിതട്ടിലേയ്ക്ക് പോകുന്നു. രണ്ട് - ഉറങ്ങുക. ബോധത്തിലോ, അബോധത്തിലോ സ്വപ്നം കണ്ടുകൊണ്ട് നാം ഉറങ്ങുന്നു. അപ്പോഴും മനസിലെ ചിന്തകൾ പ്രവർത്തനനിരതമാണെന്ന് അറിയുക. സ്വപ്നമില്ലാത്ത ഗാഢനിദ്ര ഏതാനും മിനിറ്റുകളേ ഉണ്ടാകൂ എന്ന് മനഃശാസ്ത്രം പറയുന്നു.

***ദുഃഖം, ദുരിതം, വേദന, സന്തോഷം ഇവയെല്ലാം വെറും ചിന്തകളാണെന്നു*** മനസിലാക്കുമ്പോഴാണ് ജീവിതത്തിൽ ചിന്തകളുടെ (STR) പ്രാധാന്യം എന്തെന്ന് നാം അറിയുന്നത്. ആയിരകണക്കിനു ചിന്തകളുടെ ഒരു സമാഹാരമാണ് ജോസഫ്, രാമൻ, അബ്ദുള്ള എന്ന അഹം (ego) ആയി നമ്മിൽ വ്യക്തിത്വം സൃഷ്ടിക്കുന്നത് എന്ന് അറിയുക. ജീനുകളുടെ പാരമ്പര്യശാസ്ത്രപ്രകാരമുള്ള പ്രവണതകളാണ് (Tendency) ചിന്തകളുടെ അടിസ്ഥാന ഉറവിടം. അത് തനിയെ നടക്കുന്ന ഒരു പ്രക്രിയയാണ്. ആഹാരം, ജലം, വായു ഇവ മൂന്നും ലഭിച്ചാൽ തനിയെ പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് ചിന്തകൾ (STR). ഈ ചിന്തകളിൽ യഥാർത്ഥ ബോധത്തിന് ($W_X$) കാര്യമായ സ്വാധീനമില്ല എന്നറിയുക.

അതായത് സ്വന്തം മകൻ ഒരപകടത്തിൽ മരിക്കുമ്പോൾ മാതാപിതാക്കൾക്ക് ദുഃഖം നിയന്ത്രിക്കാൻ കഴിയാതെവരുന്നു. മകൻ ഇപ്പോഴല്ലെങ്കിൽ കുറെ വർഷങ്ങൾ കഴിയുമ്പോൾ മരിക്കും. ജനിക്കുന്നതെല്ലാം മരിക്കും എന്ന സത്യവും അവർക്കറിയാം എന്നാൽ ഈ അറിവുക

ളൊന്നും അവരുടെ ദുഃഖത്തെ കുറയ്ക്കുകയില്ല. അതായത് മനസിന്റെയുക്തിയും അറിവും ബോധത്തിൽനിന്നാണ് വരുന്നതെങ്കിലും മനസിൽ അത് പ്രവർത്തിക്കുന്നില്ല. ***"നന്മചെയ്യാനാണ് ആഗ്രഹിക്കുന്നതെങ്കിലും, തിന്മയാണല്ലോ മൊത്തം ചെയ്തു പോകുന്നത്."*** എന്ന മിസ്റ്റിക് വചനം മനസിന്റെ ഈ ഗതികേടിനെ ന്യായീകരിക്കുന്നു. അതായത് മകൻ മരിച്ചു എന്നത് ഒരു അവസ്ഥയാണ്. ജനിക്കുന്നതെല്ലാം മരിക്കുമെന്ന സത്യവും നാം അറിയുന്നു. പക്ഷെ ആ അറിവ് ദുഃഖം എന്ന ചിന്തയെ നശിപ്പിക്കുന്നില്ല. അതായത് മനുഷ്യർക്കെല്ലാം സനാതനങ്ങളായ സത്യങ്ങൾ അറിയാം. സത്യം അറിയുക എന്നത് ഒരു ചിന്തയാണെന്ന് മനസിലാക്കുക. അറിവാകുന്ന ചിന്തകൊണ്ട് അറിവില്ലായ്മയാകുന്ന ദുഃഖത്തെ അകറ്റാൻ ബോധപൂർവ്വം ശ്രമിച്ചിട്ടുപോലും കഴിയുന്നില്ല. വല്ലാത്ത ഒരു ഗതികേടാണിത്. ഇതിന്റെ അർത്ഥം അറിവില്ലായ്മ (Ignorance) എന്ന ചിന്തയല്ല യഥാർത്ഥദുഃഖകാരണം മറിച്ച്, അത് തെറ്റാണെന്ന അറിവ്, മനസിൽ പ്രവർത്തിക്കുന്നില്ല എന്നതാണ് സത്യം. ***നമ്മുടെ അറിവ്, നമ്മളിൽ തന്നെ പ്രവർത്തിക്കാത്ത അവസ്ഥ.*** അതുകൊണ്ടാണ് നമുക്ക് മറ്റുള്ളവരെ തത്വശാസ്ത്രങ്ങളും, സത്യവും, പഠിപ്പിക്കാനും, ഉപദേശിക്കുവാനും കഴിയുകയും അതേസത്യം സ്വന്തം ജീവിതത്തിൽ പരാജയപ്പെടുകയും ചെയ്യുന്നത്. തന്നിൽ പ്രവർത്തിക്കുകയില്ല എന്ന് താൻ അറിയുന്നത് മറച്ചു പിടിക്കാനാണ് എല്ലാവരും മറ്റുള്ളവരെ ഉപദേശിക്കുവാനും, പഠിപ്പിക്കുവാനും വ്യഗ്രതകാട്ടുന്നത്. പുസ്തകങ്ങൾ എഴുതുന്നവർ അത് വായിക്കുന്നവരേക്കാൾ ദുഃഖിതരും ആ ദുഃഖത്തെ തരണം ചെയ്യാൻ കഴിവില്ലാത്തവരാണെന്നും ഇത് തെളിയിക്കുന്നു. ***"ഗുരു"ശിഷ്യനേക്കാൾ മോശമാകുന്ന അവസ്ഥ, അതായത് നയിക്കുന്നവൻ നയിക്കപ്പെടുന്നവനേക്കാൾ കൂടുതൽ അന്ധൻ എന്നർത്ഥം.***

ജീവിതത്തിന്റെ അടിസ്ഥാനമായ ഒരു സത്യം ഇവിടെ നിന്നു മനസിലാക്കുക. നാം ജീവിത സത്യങ്ങൾ അറിയുന്നു. എന്നാൽ ആ അറിവ് നമുക്ക് സ്വയം പ്രയോജനപ്പെടുന്നില്ല. മൃഗങ്ങളിൽ ഈ പ്രശ്നം വരില്ല. കാരണം $f_x d_x$ എന്ന ബോധത്തിൽ തിരിച്ചറിവിനെ തിരിച്ചറിയുന്ന യഥാർത്ഥ ബോധം ($W_X$) അവർക്കില്ല.

ഭയത്തെക്കുറിച്ച് സിദ്ധാന്തങ്ങളും, ആ സിദ്ധാന്തങ്ങൾ രൂപീകരിക്കുന്നവൻ ആൾകൂട്ടിത്തിലിരുന്നു ബുദ്ധിയെന്ന ബോധത്തിന്റെ ഉപകരണം ഉപയോഗിച്ച് ഭയത്തെ ഒരു argument ആക്കിമാറ്റി സമൂഹത്തെ



കമ്പളിപ്പിച്ച് കൈയ്യടിവാങ്ങുന്നു. (മനഃശാസ്ത്രം എഴുതിയവരുടെ ചരിത്രം പരിശോധിക്കുക) ആ സിദ്ധാന്തങ്ങൾ വായിച്ച് പഠിക്കുന്നവനേക്കാൾ ഭീരുവാണ് അത് എഴുതുന്നവർ. ആദ്യം തന്നിൽ ഭയം എങ്ങിനെ പ്രവർത്തിക്കുന്നു എന്നറിയാൻ ഭയാനകമായ അവസ്ഥയിലേക്കും, ഏകാന്തമായ കാടുകളിലേക്കും ആയുധമില്ലാതെ കടന്നുചെല്ലണം. മരണത്തെ സ്വയം സ്വീകരിക്കുന്നതിനു തുല്യമാണിത്. അങ്ങിനെ ഭയവും, ഭയപ്പെടലും ഒന്നാക്കാൻ ശ്രമിക്കണം. ഇത്തരം സമീപനം ഒന്നുകിൽ അയാളെ നശിപ്പിക്കും അല്ലെങ്കിൽ അയാൾ ഭയത്തിൽനിന്ന് എന്നന്നേയ്ക്കുമായി രക്ഷപ്പെടും. അങ്ങിനെ രക്ഷപ്പെടുന്ന ഒരാൾക്ക് മനസിലാകും ഭയം ഒരു സിദ്ധാന്തമോ, argument ഓ, യുക്തിയോ അല്ലെന്ന്. യുക്തിയല്ലാത്തത് എഴുതാനാവില്ലല്ലോ? അതായത് പുസ്തകങ്ങൾക്കും പാഠ്യപദ്ധതികൾക്കും പ്രാധാന്യം കൊടുക്കുന്നതിനോടൊപ്പം തന്നെ ബോധം ഉയർത്താനുള്ള കർമ്മ പരിപാടികളും നടപ്പിൽ വരുത്തണം. എന്നാൽ മാത്രമേ സമൂഹം ശരിയായ അർത്ഥത്തിൽ വളരുകയുള്ളൂ. അത് മാത്രമേ മനുഷ്യജീവിതത്തിന്റെ അർത്ഥമെന്താണെന്ന് മനുഷ്യന് മനസിലാക്കി കൊടുക്കുകയുള്ളു. അറിയുന്ന താനും അറിവും ഒന്നാണെന്ന് അവൻ തിരിച്ചറിയും. ***ശാസ്ത്രീയ പഠനങ്ങൾ നിങ്ങളുടെ ജീവിത സൗകര്യങ്ങളെ വർദ്ധിപ്പിച്ചേക്കാം.*** എന്നാൽ ജീവിതത്തിന്റെ അർത്ഥം അത് നശിപ്പിച്ചുകളയും എന്നാണ് അർത്ഥമാക്കുന്നത്.

ഒന്നുങ്കിൽ മനസ് അബോധത്തിൽ ഉറങ്ങുക, അല്ലെങ്കിൽ അറിവും അറിവില്ലായ്മയുമാകുന്ന ചിന്തകളോടെ തനിയെ പ്രവർത്തിച്ചുകൊണ്ടിരിക്കുക, ഉണർന്നിരിക്കുക. എന്നാൽ ഈ രണ്ടവസ്ഥകൾക്കുമിടയിൽ മൂന്നാമതൊരു അവസ്ഥ നമ്മുടെ മനസിനുണ്ടെന്ന് നാം അറിയുന്നില്ല. അറിവും അറിവില്ലായ്മയുമാകുന്ന ചിന്തകളെ ഒരു സാക്ഷി (witness) എന്നോണം നോക്കി നിൽക്കുന്ന. ഉറങ്ങാത്ത മനസ് ഇതാണ് യഥാർത്ഥ ബോധം എന്ന് പറയുന്നത്. ചേമ്പിലയിൽ വെള്ളം തൊടാത്തതുപോലുള്ള അവസ്ഥ. ഇവിടെ STR കുറഞ്ഞു പോകുന്നതായി അനുഭവപ്പെടും. എന്നാൽ സത്യത്തിൽ STR-ന് കുറയാൻ കഴിയില്ല കാരണം അത് ശരീരത്തിന്റെ സ്വതസിദ്ധമായ അവസ്ഥയിൽ നിന്നുവരുന്നതാണ് (ജീനുകൾ) എന്നാൽ ബോധം സാക്ഷിയായി നിൽക്കുമ്പോൾ, അതായത് ഉണർന്നിരിക്കുമ്പോൾ മനസിൽ അറിവിന്റെയും, അറിവില്ലായ്മയുടേയും ചിന്തകൾ മാറിമറിഞ്ഞുവന്നുകൊണ്ടിരിക്കും. പക്ഷെ അവ ശരീരത്തിൽ ഹോർമോണുകളെ സൃഷ്ടിക്കുന്നില്ല. അതാ

യത് ശരീരം ഒരു ന്യൂട്രൽ അവസ്ഥ സ്വീകരിക്കുന്നു. ഇവിടെ ഒരു സംശയം തോന്നാം. വികാര വിചാരങ്ങളുടെ ഉറവിടമായ ഹോർമോൺ പ്രവർത്തനം നിലച്ചുപോയാൽ ജീവിതം ഉദാസീനമാകില്ലേ? ഇതിനു ഉത്തരം പറയുക വിഷമമാണ്. യഥാർത്ഥ ബോധത്തെ ഉയർത്തി മനസിന്റെ പരമാനന്ദരുചി എന്തെന്ന് സ്വയം അറിയുക. അപ്പോൾ മേൽ പറഞ്ഞ ചോദ്യത്തിനുത്തരം ലഭിക്കും. ഭൂമിയിൽ വന്നുപോയ എല്ലാ മിസ്റ്റിക്കുകളും മനുഷ്യന്റെ അറിവില്ലായ്മയാകുന്ന ദുരവസ്ഥയോർത്ത് ദുഃഖിച്ചവരാണ്. അതിന്റെ കാരണം അവരുടെ ജീവിതത്തിലെ പരമാനന്ദ അവസ്ഥയായിരുന്നു. എന്നാൽ ബോധം അബോധത്തിലാണ് നിൽക്കുന്നതെങ്കിൽ ശരീരത്തിൽ ഈ ചിന്തകൾ ഹോർമോണുകൾ പുറപ്പെടുവിക്കുകയും ദുഃഖവും, ദുരിതവും, വേദനയും, സന്തോഷവും ലൈംഗികതയും നിങ്ങളെ ബാധിക്കുകയും ചെയ്യുന്നു. എന്നാൽ ബോധം ഉണർന്നിരിക്കുമ്പോൾ ചിന്തകൾക്ക് മാറ്റമില്ലെങ്കിലും പ്രവർത്തനങ്ങൾക്കു മാറ്റംസംഭവിക്കുന്നു. ശരീരം ന്യൂട്രൽ ആയി നിൽക്കുകയും നിങ്ങൾക്കാവശ്യമെങ്കിൽ സന്തോഷത്തെ സ്വീകരിച്ച് മനസുകൊണ്ട് ആസ്വദിക്കാൻ ബോധത്തിന്റെ സഹായം തേടുകയും ചെയ്യാം. അതായത് നിങ്ങൾക്കിഷ്ടമുള്ളപ്പോൾ സന്തോഷിക്കാനും ദുഃഖത്തെ എന്നന്നേയ്ക്കുമായി ജീവിതത്തിൽനിന്നും തള്ളിക്കളയാനും കഴിയും എന്നർത്ഥം. ദുഃഖം –ve വികാരമായതിനാൽ തിരിച്ചറിവുള്ള ബോധം അത് സ്വീകരിക്കാൻ പ്രേരിപ്പിക്കില്ലല്ലോ. അതായത് ചിന്തകളുടെ സഹായമില്ലാതെ ആനന്ദത്തിൽ നിൽക്കാൻ നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും കഴിയും.

യഥാർത്ഥ ബോധം ഒരു കുളമാണെങ്കിൽ അതിൽ ഒരു കല്ലിടുമ്പോൾ ഉണ്ടാകുന്ന ഓളങ്ങൾ ബോധത്തെ മനസാക്കി മാറ്റുന്നു. ഓളങ്ങൾ (STR) തനിയെ ഉണ്ടാകുന്ന ചിന്തകളാണെന്നറിയുക. ബോധം ഉയരുകയും, അതിലൂടെ ഉണരുകയും ചെയ്യുമ്പോൾ ഈ ഓളങ്ങൾ ഒരു തോന്നൽ മാത്രമാണെന്നു തിരിച്ചറിയും. ഈ തിരിച്ചറിവ് ഒരു സാധാരണ  നിറത്തേയോ, മണത്തേയോ ഇന്ദ്രിയങ്ങൾ തിരിച്ചറിയുന്നതുപോലുള്ള തിരിച്ചറിവല്ല. ഇതൊരു കൃപയാണ്, അനുഗ്രഹമാണ്, പ്രസാദമാണ്, ഇത് സംഭവിക്കുന്നതാണ്. മനസിന്റെ കണ്ടുപിടുത്തമല്ല മനസിന്റെ പിറകിൽ ശൂന്യതയിൽ നിന്ന് വരുന്ന ഒന്നാണിത്. ജലത്തിൽ ഓളം സൃഷ്ടിച്ചതിനു കാരണമുണ്ടെങ്കിൽ ഈ STR വരുന്നതിനും ഒരു കാരണമുണ്ടാകും. എന്നാൽ ഇത് യുക്തിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം കൊണ്ടു കണ്ടുപിടിക്കാനാവില്ല. നേട്ടങ്ങളും



കണ്ടുപിടുത്തങ്ങളും മനസിന്റേതാണ്. അത് നശിക്കുന്നതും, ഇന്ദ്രിയാതിഷ്ഠിതവുമാണ് മനസിനു പിറകിൽ നിന്നുവരുന്ന ഈ കൃപ സംഭവിക്കുന്നതാണ് അത് സംഭവിക്കണമെങ്കിൽ ബോധത്തെ ($W_X$) ഉയർത്തിയേ പറ്റൂ.

കാണുന്നതെല്ലാം തനിക്കുസ്വന്തമാക്കണമെന്ന സ്വാർത്ഥതയുടേയും, possessiveness ന്റെയും അറിവില്ലായ്മയാണ് മകനെ വേർപെടുന്ന അച്ഛന്റെ അഥവാ അമ്മയുടെ മനസിൽ ദുഃഖമായി അനുഭവപ്പെടുന്നത്. ആ ദുഃഖം അബോധത്തിലാണ് അനുഭവിക്കുന്നത്. മനസിനു സാക്ഷിയാകാൻ കൃപ ലഭിക്കുന്ന ഒരാൾ ദുഃഖത്തെ ഒരു സാക്ഷിയെന്നോണം നോക്കി കാണുന്നു. ശരീരം അതനുസരിച്ച് പ്രതികരിക്കില്ല. അതായത് കണ്ണുനീർ വരികയില്ല. എന്നാൽ ദുഃഖം അയാൾ അറിയുന്നു. ആ അറിവും, ബോധവും ഒന്നായതിനാൽ ദുഃഖിക്കാൻ പ്രവണതയുള്ള (Tendency) മനസിന് അത് വിട്ടുകൊടുത്ത്കൊണ്ട് ബോധം ഒരു സാക്ഷിയായി മാറിനിൽക്കുന്നു. എത്ര ആയിരം പേജ് ഇതിനെക്കുറിച്ച് എഴുതിയാലും സ്വയം അനുഭവിക്കാതെ ഇത് എന്ത് എന്ന് നിങ്ങൾക്ക് ഊഹിക്കാൻ പോലും കഴിയുകയില്ല.

**വേദന**

മനുഷ്യന്റെ അജ്ഞതയാണ് ഇന്ദ്രിയാനുഭവം യാഥാർത്ഥ്യമെന്ന് മനുഷ്യനെ തെറ്റിദ്ധരിപ്പിക്കുന്നത്. fxdxന്റെ അവസാനത്തെ സൂത്രമാണ് ശാരീരികവും മാനസികവുമായ വേദനകൾ

***വേദനയെ പ്രധാനമായും രണ്ടായിതിരിക്കാം.***

1. **മാനസിക വേദന**
2. ***ശാരീരിക വേദന***

1. ബന്ധങ്ങളിലെ ബന്ധനങ്ങളിൽ നിലനിൽക്കുന്ന സാമൂഹ്യപശ്ചാത്തലത്തിലെ ജീവിതത്തിൽ അഭിമാനത്തിനു ക്ഷതമേൽക്കുമ്പോഴാണ് അസാധാരണമായ ഒരു നീറ്റൽ മനസിന് അനുഭവപ്പെടുന്നത്. സ്വാർത്ഥത എന്ന ego യാണ് ആ വേദന ഏറ്റുവാങ്ങുന്നതും യഥാർത്ഥ ബോധത്തിൽ നാം അനുഭവിക്കുന്നതും എന്ന് ആരും അറിയുന്നില്ല. മനസും ശരീരവും നാമായിരിക്കുന്നിടത്തോളം വേദന അനുഭവിക്കുന്നത് നമ്മുടെ സ്വാർത്ഥതയാണെന്നും തിരിച്ചറിയാൻ കഴിയില്ല. അസഹനീയമായ ഒരു വേദനയാണിത്. ഇതിന്റെ പരിണിതഫലം ആത്മഹത്യയോ, കൊലപാതകമോ മാനസിക സംഘർഷം മൂലമുള്ള രോഗ

ങ്ങളോ depression ഓ, അതുമല്ലെങ്കിൽ ഭ്രാന്തോ ആയിരിക്കാം. അത്രയ്ക്ക് തീവ്രതയിലേക്ക് ഈ വേദനയ്ക്ക് പോകാൻ കഴിയും. ജ്ഞാനത്തിനുമുന്നിൽ ഈ വേദന വെറുമൊരു അജ്ഞതയാണെന്നു കാണാം. അജ്ഞതയിലുള്ള ഒരു ചിന്തമാത്രമാണിത്. ആ ചിന്തയെ ജ്ഞാനംകൊണ്ട് മാറ്റിവെച്ച് മറ്റൊരു ചിന്ത പ്രതിഷ്ഠിച്ചാൽ രക്ഷപ്പെടാം. എന്നാൽ ശരീരത്തിലെ ജീനുകളുടെ വാസനകൾ ഈ അറിവിന്റെ ചിന്തയെ നിഷ്പ്രയാസം തള്ളിക്കളയുകയും മനസ് അഗാധമായ ദുഃഖത്തിലും, വേദനയിലും താഴ്ന്ന് പോകുകയും ചെയ്യുന്നു. ഈ ദുഃഖത്തിൽ നിന്നുള്ള അവസാന രക്ഷപെടൽ ആത്മഹത്യയ്ക്കുള്ള പ്രേരണയാണെന്ന് ഒട്ടുമുക്കാൽ മനുഷ്യരും തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ മരണഭയംകൊണ്ട് മിക്കവരും ഇതിൽ നിന്ന് പിന്മാറുന്നു. മാനസിക വേദന അനുഭവിക്കുന്ന ഒരാളെ ***ഉപദേശിക്കാൻ ലോകത്തിലുള്ള മൊത്തം മനുഷ്യർക്ക് കഴിഞ്ഞേക്കാം. എന്നാൽ സ്വയം ഉപദേശിക്കാൻ മാത്രം കഴിയില്ല എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത.*** അതിനാൽ തത്വചിന്തകരും ഉപദേശകരും 100% പരാജയമാണെന്ന് ഇത് തെളിയിക്കുന്നു. ഇത് FDയുടെ ഒരു വലിയ സൂത്രമാണ്. നിലനിൽക്കാത്തതും, അസ്ഥിരവുമായ ബന്ധങ്ങളെ സത്യമാണെന്ന് ബോധിപ്പിച്ച് മനസിനെ ദുഃഖത്തിലിട്ട് വലിക്കുന്നത് FD യുടെ ഒരു അസാധാരണമായ പ്രത്യേകതയാണ് എന്തുകൊണ്ട് എന്ന ചോദ്യം ഇവിടെ പ്രസക്തമല്ല. കാരണം മനസിന്റെ സ്വതസിദ്ധമായ അവസ്ഥയാണിത് നിനക്ക് ഒരഭിമാനം ഉണ്ട് എന്നും അത് മരണശേഷവും നിലനിൽക്കുന്നു എന്നും FD തെറ്റായി മനസിനെ ധരിപ്പിച്ചു കൊണ്ടേയിരിക്കുന്നു മനസിന്റെ ഒരു പൈശാചികമായ അവസ്ഥയാണിത് ഏറ്റവും വലിയ അജ്ഞതയും ഇതുതന്നെ. ഈ അജ്ഞതയുടെ വേദനയിൽ ഒട്ടുമുക്കാൽ പേരും മഹാബോധത്തിൽ ശരണപ്പെടുന്നു, പ്രാർത്ഥിക്കുന്നു, നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നു. എന്നാൽ ഇല്ലാത്ത ഒന്നിനെ നീക്കം ചെയ്യാൻ ഒരുശക്തിക്കും കഴിയില്ല എന്ന് ആരും തിരിച്ചറിയുന്നില്ല. കുറേ ദിവസങ്ങൾ ഈ മാനസിക വേദന അനുഭവിക്കുമ്പോൾ ചിലർ ഇതിനെ വിധി എന്ന് സങ്കൽപ്പിച്ച് സ്വീകരിക്കുന്നു. അപ്പോൾ മാത്രമെ ഈ വേദനയ്ക്ക് കുറവു സംഭവിക്കുന്നത് പിന്നീട് ആ വേദനയെ മറവി ഏറ്റ് വാങ്ങുന്നു. അല്ലാത്തവർ ആത്മഹത്യ ചെയ്യുന്നു. അല്ലെങ്കിൽ ജീവിതത്തിൽനിന്ന് ഒളിച്ചോടുന്നു.



ശാരീരിക വേദനയെക്കാൾ വലുതാണ് മാനസിക വേദന എന്നു തെളിയിക്കാൻ നമുക്കുകഴിയും. രോഗശയ്യയിൽ വേദനിക്കുന്ന ഒരു മനുഷ്യനും ആത്മഹത്യചെയ്യാൻ പ്രേരിപ്പിക്കപ്പെടുന്നില്ല. അസുഖം ഭേദമാകും. വൈദ്യശാസ്ത്രം തന്നെ അതിനു സഹായിക്കും എന്ന പ്രത്യാശയിൽ രോഗിജീവിക്കുന്നു. എന്നാൽ രോഗിയേക്കാൾ പീഡനം അനുഭവിക്കുന്നത് അദ്ദേഹത്തെ ശുശ്രൂഷിക്കുന്ന ബന്ധുക്കളാണ്. എന്നാൽ യഥാർത്ഥമായ വേദന ശാരീരിക വേദനതന്നെ. അത് തെറ്റാണെന്ന് തെളിയിക്കാൻ നമുക്കു കഴിയില്ല. ശരീരത്തെ സംബന്ധിച്ച് യുക്തികൊണ്ട് നിഷേധിക്കാനാവാത്ത ഒന്നാണ് ഈ വേദനയെന്ന് എല്ലാവരും തിരിച്ചറിയുന്നു. അനുഭവം മറിച്ചല്ലതാനും.

ബോധത്തിന്റെ ഉയർച്ചയിലുള്ള ജ്ഞാനം കൊണ്ടല്ലാതെ ഈ രണ്ടു വേദനകളിൽ നിന്നും (മാനസിക, ശാരീരിക) മനുഷ്യർക്ക് യഥാർത്ഥ മോചനമില്ല. എന്നാൽ താത്കാലികമായി ഈ രണ്ടു വേദനകളിൽനിന്നും മനുഷ്യർ രക്ഷപ്പെടുന്ന ഭൗതികമായ ചില രീതികളുണ്ട്. മദ്യപാനം, മയക്കുമരുന്ന്, മയക്കുമരുന്നുകൾ അടങ്ങിയ മരുന്നുകൾ, പുകയില ഉത്പന്നങ്ങൾ ഇവയാണത്. ഇവയിൽ മദ്യപാനം, മയക്കുമരുന്ന്, പുകയില ഇവ നിയമവിരുദ്ധവും, മരുന്നുകൾ നിയമവിധേയവുമാണ്. എന്നാൽ ഇവയെല്ലാം ബോധത്തെ താഴ്ത്തികളയുന്ന ഘടകങ്ങളാണ്. ശരീരത്തിന് നാഢീവ്യൂഹങ്ങളുടെ സഹായത്തോടെ ബോധത്തെ ഉയർത്തുവാൻ കഴിയാതെ അവ തളർന്നു പോകുന്നു. ഈ തളർച്ചയോടുകൂടി രോഗം ബാധിക്കുകയും ക്രമേണ ബോധത്തെ ഉയർത്താൻ കഴിയാതെ മരിക്കുകയും ചെയ്യുന്നു.

മേൽപറഞ്ഞതിലൂടെ വ്യക്തമാക്കപ്പെടുന്നത് മാനസിക വേദന നിലനിൽപ്പില്ലാത്ത തെറ്റായധാരണയാണെന്നും രോഗങ്ങൾ ശരീരത്തിന്റെ വളർച്ചയിലെ അവിഭാജ്യ ഘടകമല്ലെന്നും, അത് ഒഴിവാക്കി രോഗങ്ങൾ മൂലമുള്ള ശാരീരിക വേദനകളിൽനിന്നും രക്ഷപ്പെടാൻ ബോധത്തെ ഉയർത്തിയാൽ സാദ്ധ്യമാകുമെന്നുമാണ്. യഥാർത്ഥ ബോധം ഉയർത്തപ്പെടുമ്പോൾ ബോധത്തിന് നാഢീവ്യൂഹങ്ങളിലൂടെ (Nervous system) ശരീരത്തിന്റെ പ്രവർത്തനം ശ്രദ്ധയോടെ നടത്തുവാൻകഴിയുകയും ബോധം ഒരു സാക്ഷിയായി നിൽക്കുകയും ശരീരത്തെയും മനസിനേയും ഒന്നും ബാധിക്കാതെ ശ്രദ്ധിക്കുകയും ചെയ്യുന്നു. യഥാർത്ഥ ബോധത്തെ ഉയർത്തുക എന്നത് ഒരു മനുഷ്യനെ സംബന്ധിച്ച് എത്രക്ക് പ്രാധാന്യമുള്ളതാണെന്ന് ഇത് തെളിയിക്കുന്നു.

എന്നിട്ടും എന്ത്കൊണ്ട് ലോകം അത്തരം ഒരു പഠനം കണ്ടില്ലെന്നു വച്ചതും, മിസ്റ്റിക്കുകളെ മൊത്തം mythology യുടെ പേരിൽ തള്ളികളയുന്നതും എന്ന് നാം അറിയണം? അടിസ്ഥാന മനസിന്റെ (FDയുടെ) ഒരു വലിയ ഗൂഢാലോചനയായിരുന്നു ഇത്.

മാനസികവും, ശാരീരികവും സാമൂഹികവുമായ എല്ലാ പ്രശ്നങ്ങളുടെയും ഉറവിടം വ്യക്തികളിൽ നിന്നാണെന്നോർക്കണം അവരുടെ ബോധതലം ഉയർത്തപ്പെടുമ്പോൾ പ്രശ്നങ്ങൾ തനിയെ പരിഹരിക്കപ്പെട്ടുകൊള്ളും. അത് പരിഹരിക്കാൻ ജനിക്കുന്ന മഹാന്മാരുടേയും, മഹതികളുടേയും ആവശ്യം ഇല്ലാതെ വരും. ഓരോരുത്തരും ബോധത്തിന്റെ ഉയർച്ചയിൽ മഹത്വീകരിക്കപ്പെടുന്നു. അങ്ങിനെ മഹത്വീകരിക്കപ്പെടുന്നവരെയാണ് Human being എന്നുവിളിക്കുക. ഇവരുടെ എണ്ണം വർദ്ധിക്കുന്ന ഏത് സമൂഹവും പ്രശ്നരഹിതമായിരിക്കും. അവിടെ FDയുടെ സൂത്രങ്ങൾ വിലപ്പോവില്ല. കാരണം യഥാർത്ഥ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവരായിരിക്കും അവർ, അവരുടെ subtle energy വളരെ കൂടുതലായിരിക്കും. ആ energy ക്കുമുന്നിൽ FDയുടെ തന്ത്രങ്ങൾക്ക് പിടിച്ച് നിൽക്കാനാവില്ല. അങ്ങിനെ ആ സമൂഹം വളർന്ന് വളർന്ന് അതിലെ ഓരോ വ്യക്തിയും നിത്യജീവനിലേയ്ക്ക് കടക്കുന്നു. സ്വന്തം ജീവിതം കൊണ്ട് ആർക്കും ഇത് തെളിയിക്കാനും അറിയുവാനും കഴിയും. ആ തെളിയിക്കലും, അറിവും പകർന്നുകൊടുക്കാനാവില്ല എന്നു മാത്രമേ ഉള്ളൂ. എന്നാൽ ശാരീരിക വേദനയെ ചിന്തയാണെന്ന് സങ്കൽപ്പിക്കാൻ മനുഷ്യർക്കാർക്കും കഴിയില്ല. ജീവിതത്തിലെ ഏറ്റവും വലിയ യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കലാണ് രോഗം മൂലമുള്ള ശാരീരിക വേദനയും വിശപ്പിന്റെ ഭീകരതയും. അതുകൊണ്ടാണ് ഡോക്ടർമാരേയും, അനാഥാലയങ്ങളുടെ നടത്തിപ്പുകാരേയും സമൂഹം ഏറെ ബഹുമാനിക്കുന്നതും, ആദരിക്കുന്നതും. ന്യൂട്രൽ ജീവിതത്തിൽ കടന്നമിസ്റ്റിക്കുകളിൽ ഏറേപ്പേരും അവസാനമായി വഴിതെറ്റിക്കപ്പെടുന്നത് ഈ വേദനയുടെ യാഥാർത്ഥ്യ സ്വഭാവത്തിലാണ്. വേദന ഒരു ചിന്തയാണെന്നും, അത് യാഥാർത്ഥ്യമല്ലെന്നും ശരീരത്തെ ധരിപ്പിക്കുക സാദ്ധ്യമല്ല. ബോധവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ശരീരത്തിലെ നാഢീവ്യൂഹത്തെ (Nervous system) രാസപദാർത്ഥങ്ങളുപയോഗിച്ച് താത്ക്കാലികമായി വേർപ്പെടുത്തുന്ന ഭൗതീക രീതി മാത്രമെ മെഡിക്കൽ സയൻസിന് സാധ്യമാകുകയുള്ളു. ഇത് താൽക്കാലികവും ബോധത്തിന്റെ വളർച്ചയെ തകിടം മറിക്കുന്ന ഒരു രീതിയുമാണ്. മദ്യപാനവും മയക്കുമരുന്നും ഈ പ്രവർത്തനം തന്നെയാണ്



ചെയ്യുന്നത്. ആദ്യത്തേത് നിയമവിധേയം, രണ്ടാമത്തേത് നിയമവിരുദ്ധം. ശാരീരിക-മാനസിക വേദനയെ മദ്യംകൊണ്ട് നിയന്ത്രിക്കുന്നതും, അങ്ങിനെ ഒരു സുഖമനുഭവിക്കുന്നതും ബോധത്തെ നാഢീവ്യൂഹവുമായി ബന്ധിപ്പിക്കുന്ന സംവിധാനത്തെ തളർത്തിക്കൊണ്ടു തന്നെയാണ്. അതായത് ഒന്ന് ശാസ്ത്രീയം, രണ്ടാമത്തേത് അശാസ്ത്രീയം അത്രയ്ക്കു വ്യത്യാസമേ ഉള്ളൂ ഇവ തമ്മിൽ. ഫലത്തിൽ രണ്ടും ഒന്നുതന്നെയാണ്. രണ്ടിന്റേയും അടിസ്ഥാനം പരിശോധിച്ചു നോക്കുക. STR-ന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുവാനും അത് ശരീരത്തെ ബാധിക്കുവാനും ബോധം ഉണ്ടായേ പറ്റൂ. ശരീരത്തിനകത്തു കടക്കുന്ന രാസവസ്തുക്കൾ ബോധവും നാഢീവ്യൂഹവുമായുള്ള ബന്ധം താത്കാലികമായി തടസപ്പെടുത്തുകയും വേദന കുറയുന്നതായി അനുഭവപ്പെടുകയും ചെയ്യുന്നു. ബോധം നാഢീവ്യൂഹത്തിലൂടെയാണ് ശരീരവുമായി ബന്ധപ്പെട്ടു നിൽക്കുന്നത്. നാഢീവ്യൂഹത്തിന്റെ കേന്ദ്രീകൃതഭാഗത്തിലെ ആറ്റങ്ങൾ അവസാനിക്കുന്നിടത്ത് ബോധം തുടങ്ങുന്നു. ബോധം ശൂന്യതയായതിനാൽ ആറ്റങ്ങളുടെ അടിസ്ഥാനഘടനയിലെ ശൂന്യതയിൽ നിന്നാണ് ബോധം ആറ്റങ്ങളിലൂടെ നാഢീവ്യൂഹവുമായി ബന്ധപ്പെടുന്നത്. എന്നാൽ രക്തത്തിലൂടെ നാഢീവ്യൂഹത്തിൽ എത്തിചേരുന്ന വേദനസംഹാരികളുടെയും, മദ്യത്തിന്റെയും, മയക്കുമരുന്നുകളുടെയും രാസവസ്തുക്കൾ താത്ക്കാലികമായി നാഢീവ്യൂഹത്തിന്റെ പ്രവർത്തനത്തെ തളർത്തുകയും $f_x d_x w_x$ എന്ന യഥാർത്ഥ ബോധത്തിന്റെ കൂട്ടുകെട്ടിലെ $f_x d_x$ എന്ന dynamic ഘടകത്തിന്റെ STR ഉൽപാദിപ്പിക്കുന്ന പ്രവർത്തനം താൽക്കാലികമായി നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നു. അങ്ങിനെ $f_x d_x$ ന് STR നെ ഉത്പാദിപ്പിക്കാൻ കഴിയാതെവരികയും 24 മണിക്കൂർ സമയവും ഈ ഉത്പാദനത്തെ സ്വീകരിച്ചുകൊണ്ടിരുന്ന നാഢീവ്യൂഹം relax ചെയ്യുകയും ചെയ്യുന്നു. ശേഷിക്കുന്നത് Static ആയ $W_X$ എന്നയഥാർത്ഥ ബോധമായതിനാൽ പരമാനന്ദത്തിന്റെ അഥവാ ധ്യാനാവസ്ഥയുടെ ഒരു രുചിമനസിന് അനുഭവിക്കുവാൻ കഴിയുന്നു. ഇത് വേദനയെ വല്ലാതെ കുറയ്ക്കുകയും വ്യക്തി ഒരു booze ആയ മയക്കത്തിൽ എത്തുകയും ചെയ്യുന്നു. മെഡിക്കൽ സയൻസിൽ ഉപയോഗിക്കുന്ന മയക്കുമരുന്നുകളിൽ നാഢീവ്യൂഹത്തെ താത്കാലികമായും, പൂർണ്ണമായും തളർത്തികളയുന്ന രാസവസ്തുക്കളായതിനാൽ രോഗി വേദനയിൽ പോലും എഴുന്നേൽക്കാത്ത ഗാഢനിദ്രയിലേക്കു പോകുന്നു. എന്നാൽ ലഹരിവസ്തുക്കളിൽ നാഢീവ്യൂഹം പൂർണ്ണമായും തളരാൻ ആവശ്യമായ അത്രയും രാസവസ്തുക്കൾ ഇല്ലാത്തതിനാൽ അവർ ജീവിതത്തിന്റെ മാനസികപിരിമുറുക്കത്തിൽ നിന്ന് താത്ക്കാലികമായി രക്ഷ

പ്പെടുകയും ഒരു സുഖം അനുഭവിക്കുകയും ചെയ്യുന്നു. എന്നാൽ അതിനേക്കാൾ എത്രയോമടങ്ങുസുഖം awarology യിലൂടെ ലഭിക്കുമെന്ന് അവർ അറിഞ്ഞിരുന്നുവെങ്കിൽ ഭൂമിയിലെ മനുഷ്യജീവിതം എത്ര ആനന്ദപ്രദമായി മാറുമായിരുന്നു.

ഈ രാസവസ്തുക്കൾ അമിതമായും തുടർച്ചയായും നാഡീവ്യൂഹത്തിൽ കടന്നാൽ അയാളുടെ ശരീരം, ദുഃഖം hypertension, depression മൂലമുള്ള രോഗങ്ങൾക്കു അടിമയാകുകയും അകാല മരണത്തിനിടയാകുകയും ചെയ്യും. യഥാർത്ഥ ബോധം, മഹാബോധത്തിന്റെ അംശമായതിനാൽ അത് പൂർണ്ണവും, പോരായ്മകൾക്കു അതീതവുമാണ്. അതിനാൽ യഥാർത്ഥ ബോധത്തിൽ നിൽക്കുന്ന ഒരു മനസിന് ശരീരത്തിൽ രോഗങ്ങളും ദുഃഖങ്ങളും വരുത്താൻ കഴിയില്ല എന്നത് യുക്തിയുക്തമായ ഒരു സത്യമാണ്.

Awarology പഠിക്കുന്ന ഒരാൾ ഏതുതരത്തിലുള്ള ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതും കടുത്ത പാപമാണ്. ശരീരമാകുന്ന ദേവാലയത്തെ വിഷലിപ്തമാക്കുന്ന പ്രവൃത്തിയാണത്. അത്തരക്കാർക്ക് നിത്യജീവന്റെ അഥവാ സമാധിയുടെ ഏഴ് അയലത്തുപോലും എത്താൻ കഴിയില്ല. ശരീരം അടുത്ത സാദ്ധ്യതയ്ക്കുവേണ്ടി എത്രയും പെട്ടെന്ന് ഭൂമിയിൽനിന്ന് അപ്രത്യക്ഷമാകുകയും ചെയ്യുന്നു.

ലഹരിവസ്തുക്കൾ കൊണ്ടും, വേദനസംഹാരികൾ കൊണ്ടും താത്ക്കാലികമായ ഒരു ധ്യാനാവസ്ഥലഭിക്കുന്നതുകൊണ്ടാണ് ആളുകൾ മദ്യത്തെയും, മരുന്നുകളെയും സ്നേഹിക്കുന്നത്. അതുകൊണ്ടു തന്നെ മദ്യവും, മയക്കുമരുന്നു വ്യവസായവും, മരുന്നുവ്യവസായവും ലോകത്ത് അസൂയാവഹമായ പുരോഗതികൈവരിച്ചത്. അജ്ഞതയിൽനിന്ന് അജ്ഞതയിലേക്കുള്ള FD എന്ന മനസിന്റെ യാത്രയാണ് ഇത് സൂചിപ്പിക്കുന്നത്. ഇതിൽനിന്ന് മനുഷ്യരാശിയെ രക്ഷിക്കാൻ ഒരു ഭൗതിക നിയമങ്ങൾക്കും കഴിയില്ല. കഴിയും എന്നുള്ളതുവെറും തോന്നൽ മാത്രമാണ്. സ്ഥിതിവിവിരകണക്കുകൾ അവ വ്യക്തമായി സൂചിപ്പിക്കുന്നു. എത്രയെത്ര നിയന്ത്രണ നിയമങ്ങൾ നടപ്പാക്കിയാലും മനസ് തന്റെ ബുദ്ധിയെന്ന യുക്തികൊണ്ട് അതിനെ മറികടക്കും. ആധുനികലോകത്തിന് ആകെയുള്ള ഒരേയൊരു പ്രതീക്ഷ awarology യുടെ പ്രാധാന്യം വളരെ വേഗത്തിൽ സമൂഹത്തെ പഠിപ്പിക്കുക എന്നതാണ്. ജീവിതം പ്രശ്നങ്ങൾ നിറഞ്ഞതാണെന്ന് ഏവരും അറിയുന്നു. പ്രശ്നങ്ങൾക്ക് പതിനായിരക്കണക്കിന് മുഖങ്ങളുണ്ട്. അവയെ ചുരുക്കി എടുത്ത് വിശകലനം ചെയ്താൽ വളരെ രസകരമായ ഫലം നൽകുന്നു.



***പ്രശ്നങ്ങൾ രണ്ടുതരമുണ്ട്.***

***1. പരിഹാരമുള്ളവ (2) പരിഹാരമില്ലാത്തവ***

പരിഹാരമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമില്ല എന്നു മനസുസങ്കൽപ്പിക്കുകയും, അത് പരിഹരിക്കുന്നതിന് പരിഹാരം തേടുന്നതിന് അജ്ഞതയിൽ നിൽക്കുന്ന ($f_x d_x$) എന്ന അധഃമനസ് പ്രേരിപ്പിക്കുകയും ചെയ്യുന്നു. സാങ്കൽപ്പികത്തിൽ മനസ് നിൽക്കുന്നതിനാൽ യഥാർത്ഥ ബോധത്തിന് ($W_X$) പരിഹാരം നിർദ്ദേശിക്കാനോ, കണ്ടുപിടിക്കാനോ കഴിയാതെ വരികയും, അതിൽ മനംനൊന്ത് ആ വ്യക്തി ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു. FD എന്ന അടിസ്ഥാന മനസിന്റെ അറിവില്ലായ്മയാണിത്. ഇത് കുറച്ചുകൂടി വ്യക്തമാക്കുന്നു. ഉദാഹരണം ശ്രദ്ധിക്കുക

വളരെ അഭിമാനത്തോടെ ജീവിക്കുന്ന ഒരു കുടുംബത്തിലെ പെൺകുട്ടി വളരെ താഴ്ന്നതും, എന്നാൽ സാമ്പത്തിക ഭദ്രതയുള്ളതുമായ ഒരു പുരുഷന്റെ കൂടെ ഒളിച്ചോടി പോകുന്നു എന്നു സങ്കൽപ്പിക്കുക, തീർച്ചയായും ആ കുടുംബത്തിലെ, അച്ഛനോ അമ്മയോ അല്ലെങ്കിൽ അഭിമാനത്തിൽ കൂടുതൽ അജ്ഞതയുള്ള വ്യക്തിയോ ആത്മഹത്യ ചെയ്യാൻ ചിന്തിക്കുന്നു. അല്ലെങ്കിൽ ആത്മഹത്യ ചെയ്യുന്നു. യഥാർത്ഥ ബോധത്തിന്റെ കാഴ്ചപാടിൽ ഇവിടെ ഒരു പ്രശ്നം ഇല്ല. അഭിമാനം എന്ന പൊള്ളയായ അറിവില്ലായ്മയിലാണ് ആത്മഹത്യ ചെയ്യുന്ന വ്യക്തി നിൽക്കുന്നത്. ഇനി ജീവിതം മുന്നിലേക്കു കൊണ്ടു പോകാൻ കഴിയില്ല എന്ന് തെറ്റായ തീരുമാനത്തിൽ അയാൾ എത്തുന്നു. കാരണം അയാൾ ജീവിക്കുന്നത് തീർത്തും ഭൗതിക ലക്ഷ്യത്തിലാണ്. മരണം ഭൗതിക ലക്ഷ്യത്തെ വിഡ്ഢിയാക്കും എന്ന് അയാൾ അറിയുന്നില്ല. ഈ അറിവില്ലായ്മ അയാളെ നശിപ്പിക്കുന്നു. ആത്മഹത്യ ചെയ്യുന്നതിനുമുമ്പ് അയാൾ ധാരാളമായി ചിന്തിക്കുന്നു ഈ തീവ്രമായ ദുഃഖത്തിൽനിന്ന് എങ്ങിനെ കരകയറാമെന്ന്. എന്നാൽ പ്രശ്നം യഥാർത്ഥമല്ലാത്തതിനാൽ ബോധത്തിനും പ്രശ്നം പരിഹരിക്കാനാവശ്യമായ അറിവ് കൊടുത്ത് അയാളെ രക്ഷിക്കാനാവില്ല കാരണം അബോധമനസ് ($f_x d_x$) പ്രകടഗുണമായി അയാളിൽ നിലനിൽക്കുന്നു. ആത്മഹത്യ, കൊലപാതകം മറ്റ് പ്രതികാരനടപടികൾ, വിദ്വേഷം ഇതെല്ലാം ഇത്തരത്തിലുള്ള ഇല്ലാത്ത പ്രശ്നങ്ങളിലാണ് നിലനിൽക്കുന്നത് എന്നറിയുക.

എന്നാൽ പരിഹാരം നിർദ്ദേശിക്കാൻ ആവാത്ത ചില പ്രശ്നങ്ങൾ ഉണ്ട്. മാറാരോഗങ്ങളായ കാൻസർ, എയ്ഡ്സ് മുതലായവ. അവ ഏൽപ്പിക്കുന്ന വേദനയും, മാനസികസംഘർഷങ്ങളും, ശരീരത്തെയും, മനസിനേയും സംബന്ധിച്ച് സത്യമാണ്. ഇത്തരം രോഗികളിൽ ആത്മഹത്യ, കൊലപാതകം, പ്രതികാരചിന്ത ഇവയുടെ പ്രവണത വളരെ കുറവായിരിക്കും എന്ന് കണക്കുകൾ കാണിക്കുന്നു. വളരെ വിചിത്രമാണ് മനുഷ്യമനസിന്റെ ഈ അവസ്ഥ. യഥാർത്ഥത്തിൽ ആത്മഹത്യ ഏറ്റവും കൂടുതൽ നടക്കേണ്ടത് ഈ രോഗികൾ ഉള്ള ഹോസ്പിറ്റലിൽ ആണ്. എന്നാൽ യാഥാർത്ഥ്യം നമ്മളെ അമ്പരപ്പിക്കുന്നു. പരിഹാരമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമില്ല എന്ന് മനസ് സങ്കൽപ്പിച്ച് പരിഹാരം കാണാനാവാതെ (പ്രശ്നം സങ്കൽപ്പമാണെങ്കിൽ പരിഹാരം യാഥാർത്ഥ്യമാകില്ലല്ലോ) ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം അറിയുമ്പോഴാണ് $f_x d_x$ എന്ന അധഃമമനസ് എത്രയ്ക്ക് ശക്തമാണ് എന്ന് നാം അറിയുന്നത്.

**വേദന**

വേദന എന്ന യാഥാർത്ഥ്യത്തെ വെറും ചിന്തയാണെന്നു കരുതി തള്ളിക്കളയാൻ മനസിനുകഴിയില്ല. അതുകൊണ്ടാണ് മിസ്റ്റിക്കുകൾപോലും ഈ അജ്ഞതയിൽ കുടുങ്ങിപോകുന്നത്. യഥാർത്ഥ ബോധത്തിൽ വളരെ ഉയരത്തിൽ എത്തിയ ധാരാളം മിസ്റ്റിക്കുകൾ ലോകത്തുണ്ടായിട്ടുണ്ട്. ജീവിച്ചിരിക്കേ ബോധം അത്രയ്ക്ക് ഉയരുക കോടാനുകോടി മനുഷ്യരിൽ ഒന്നോ-രണ്ടോ പേർക്കായിരിക്കും. അത്തരത്തിലുള്ള ഒരു മിസ്റ്റിക്ക് തമിഴ്നാട്ടിൽ 1940 കളിൽ ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഇത് വ്യക്തമാകും. മെഡിക്കൽ സയൻസ് വളരെ വേദനാജനകമായി കാണുന്ന Trauma എന്ന രോഗം കൈയ്യിൽ ബാധിച്ച അദ്ദേഹത്തോട് സ്വന്തം സഹോദരി ചോദിച്ചുപോലും, "അങ്ങേയ്ക്ക് ഈ വ്യാധിയെ മാറ്റാൻ കഴിയില്ലേ എന്ന് " അദ്ദേഹം മറുപടി പറഞ്ഞു. "വ്യാധിയെ (ശരീരം)-വ്യാധി പിടിച്ചിരിക്കുകയാണ്; അത് മാറിപ്പോകട്ടെ എന്ന് പറയാൻ ഒരാൾ (ego) എന്നിലില്ല, അങ്ങിനെ ഒരാളുണ്ടെങ്കിലല്ലേ അതിനോട് നീങ്ങിപോകാൻ പറയാൻ സാധിക്കുകയുള്ളൂ. ഈ ചരിത്ര സംഭവം സത്യമാണെന്ന് നിങ്ങൾക്ക് സ്വയം തെളിയിക്കാം. ബോധത്തെ ഉയർത്തിയാൽ മതി. ബോധത്തിന്റെ ഉയർച്ചയ്ക്കാനുപാതികമായി വേദനയ്ക്കുപോലും സാക്ഷിയായി നിൽക്കാൻ നിങ്ങൽക്കു കഴിയും. ഇതിനർത്ഥം ശാരീരികവേദന അനുഭവപ്പെടില്ല എന്നല്ല. ആ വേദന നിങ്ങളുടെ



ബോധത്തിൽ വേദന ഏൽപ്പിക്കാതെ പോകുന്നതായി അനുഭവപ്പെടും കാരണം നിങ്ങൾ ഉണർന്നിരിക്കുകയാണ് (aware) ഉറക്കത്തിൽ നിന്ന് ഉണരുന്നതുമായി ഇതിനെ തെറ്റിദ്ധരിക്കരുത്. സാക്ഷിയായി നിൽക്കാനുള്ള മനസിന്റെ കഴിവിനെയാണ് awareness അഥവാ ഉണർന്നിരിക്കുക എന്നത്കൊണ്ട് അർത്ഥമാക്കുന്നത്. മേൽ വിവരിച്ച മിസ്റ്റിക്കിനെ ചികിത്സിച്ച ഡോക്ടർതന്നെ ഇത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ശാരീരികവേദനപോലും ബോധത്തിന്റെ അജ്ഞതയാണെന്ന് ഇത് സൂചിപ്പിക്കുന്നു. ആ അജ്ഞതമാറ്റാൻ കഴിഞ്ഞാൽ, അതായത് പൂർണ്ണസാക്ഷിയായി (total awareness) നിൽക്കാൻ കഴിഞ്ഞാൽ വേദന എന്ന പച്ചയായ യാഥാർത്ഥ്യം പോലും മിഥ്യയാണെന്ന് നിങ്ങൾ തിരിച്ചറിയും. അത്രയും ഉയരത്തിൽ ബോധത്തെ ഉയർത്താൻ സാധാരണ മനുഷ്യർക്ക് അത്ര എളുപ്പമല്ല. അത് മാത്രമല്ല, അത് ഭൗതീകമാർഗ്ഗങ്ങളിലൂടെയുള്ള ഉയർത്തലല്ല. മറിച്ച് ബോധത്തിന്റെ ഈ ഉയർച്ച സംഭവിക്കുന്നതാണ് അതിനെയാണ് കൃപ എന്നുവിളിച്ചത്.

***താൻ ശരീരവും, മനസുമല്ല ആത്മാവായ ബോധമാണെന്ന് തിരിച്ചറിയുകയും*** അങ്ങിനെ ആ ബോധത്തെ ഉയർത്താൻ ഭൗതീകതലത്തിൽ ശ്രമം തുടങ്ങുകയും ചെയ്യുമ്പോൾ ഈ പുസ്തകത്തിലെ വിവരങ്ങളുടെ യാഥാർത്ഥ്യം തിരിച്ചറിയാൻ തുടങ്ങും. ഇത് മനസിന്റെ ഒരു evolution ആണ്. Human-Human being ആകുന്ന പരിണാമം. ഈ പരിണാമത്തിന്റെ ഒരു ഘട്ടത്തിൽ നിങ്ങളിലേയ്ക്ക് കൃപയും, വിശ്വാസവും പൊടുന്നനെ ഒഴുകിയെത്തും. അപ്പോൾ Neutral life സാദ്ധ്യമാകുകയും, സാക്ഷിയാകൽ എന്ത് എന്ന് തിരിച്ചറിയുകയും ചെയ്യും. Neutral life സംഭവിച്ചു കഴിഞ്ഞാൽ അത് തുടരാൻ ബോധത്തെ സദാസമയവും പ്രേരിപ്പിക്കാൻ നിങ്ങൾക്കു കഴിയും. ഇതാണ് യഥാർത്ഥമായ ആത്മീയ ജീവിതം. ***എല്ലാം ഉണ്ട് എന്നാൽ ഒന്നും ഇല്ലാത്ത*** അവസ്ഥ ജീവിതം നിങ്ങൾ നയിക്കുന്നതായി തോന്നുമെങ്കിലും, അങ്ങിനെയല്ല, ആരാലോ അത് നയിക്കപ്പെടുകയാണെന്നും, നിങ്ങളുടെ ശരീരം ഒരു ഉപകരണമാണെന്നും നിങ്ങൾ തിരിച്ചറിയും. നിങ്ങൾക്ക് ഒന്നേ ചെയ്യാനുള്ളു. ബോധത്തെ സദാസമയവും കൂടെ നിൽക്കാൻ പ്രേരിപ്പിക്കുക. ഇത് തുടർന്നുകൊണ്ടുപോയാൽ ഈ പുസ്തകത്തിന്റെ അർത്ഥം നിങ്ങൾക്കു പിടികിട്ടും ജീവിതവും,ജനനമരണങ്ങളും, വേദനയും എന്തെന്ന് നിങ്ങൾ തിരിച്ചറിയും. ശരീരം അതിന്റെ വളർച്ചയെ തളർത്തുമ്പോൾ മരണം അടുത്തിരിക്കുന്നു എന്ന് നിങ്ങൾ അറിയും. ആ

മരണത്തെ നിങ്ങൾ ഭയപ്പെടില്ലന്നുമാത്രമല്ല സന്തോഷത്തോടെ സ്വീകരിക്കാൻ തയ്യാറാകുകയും ചെയ്യുന്നു. കാരണം എല്ലാ വേദനകളിൽനിന്നും ദുരിതങ്ങളിൽനിന്നും നിങ്ങളുടെ ബോധം എന്നന്നേയ്ക്കുമായി രക്ഷപ്പെടാൻ സമയമായിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നു. ഉണർന്നിരുന്നുകൊണ്ട് (Total awareness) ശരീരം വെടിയാൻ കഴിയുകയും പരമാനന്ദമായ നിത്യജീവനിലേയ്ക്ക് കടക്കാൻ സാധിക്കുകയും ചെയ്യുന്നു. ഉപഗ്രഹത്തെ Orbit-ൽ എത്തിച്ച് റോക്കറ്റ് കത്തിയെരിഞ്ഞു ഭൂമിയിൽ പതിക്കുന്നതുപോലെ, ആത്മാവ് ശരീരത്തെ എന്നന്നേയ്ക്കുമായി വെടിഞ്ഞ് തന്റെ പിതാവായ മഹാബോധത്തിൽ(source) ചേരുന്നു. നിത്യജീവൻ യാഥാർത്ഥ്യമാകുന്നു.

ജീവിച്ചിരിക്കേ തന്നെ പരമാനന്ദവും, നിത്യജീവനും അറിയാൻ മനസ് അതിയായി ആഗ്രഹിക്കുന്നതുകൊണ്ടാണ് മനുഷ്യർ മിസ്റ്റിക്കുകളെ ചോദ്യം ചെയ്യുന്നതും, അവരെ അവിശ്വസിക്കുകയും ചെയ്യുന്നത്. ഈ അറിവ് യുക്തിയിലൂടെ ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് പകരാൻ സാദ്ധ്യമല്ല എന്ന് അധഃമമനസ് ($f_x d_x$) അറിയുന്നില്ല. അതിനാൽ യുക്തിയിലൂടെ ജ്ഞാനത്തെ തള്ളിക്കളയാൻ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുന്നു. ഭാഷയ്ക്കു അതീതമായതിനെ ഭാഷകൊണ്ട് വ്യക്തമാക്കാനാവില്ലല്ലോ.

സമൂഹത്തിനു മദ്ധ്യേ ആയുധങ്ങളുടേയും നിയമങ്ങളുടേയും സംരക്ഷണത്തിൽ ഇരുന്നുകൊണ്ട് കാര്യങ്ങൾ ഗ്രഹിക്കുവാൻ ശ്രമിക്കുന്ന മനസിന്റെ ഭീരുത്വമാണ് ബോധത്തെ ഉയർത്തുന്നതിന്റെ പ്രധാനതടസം. ഭയപ്പെടുത്തിയും, ഭയത്തെമറച്ചുപിടിച്ചും ആളുകൾ ജീവിക്കുന്നു. എന്നാൽ ഭയത്തിന്റെ സാഹചര്യം സ്വയം സൃഷ്ടിച്ച് ഭയം എന്തെന്ന് പഠിക്കാനും അറിയാനും മനുഷ്യൻ ശ്രമിക്കുന്നില്ല. കാരണം അതിന്റെ പിന്നിൽ മരണമെന്ന risk ഉണ്ട്. സമൂഹമദ്ധ്യത്തിൽ കസേരയിൽ ഇരുന്ന് ഭയത്തെകുറിച്ച് സിദ്ധാന്തങ്ങൾ രൂപീകരിക്കാനും അത് വായിച്ച് പഠിച്ച് പ്രചരിപ്പിക്കാനും, വാദിക്കുവാനും ഏത് വിഡ്ഢിക്കും കഴിയും. അത് FD എന്ന അടിസ്ഥാന മനസിന്റെ ഭയം തന്നെയാണ്. അതിനെ മറികടക്കാൻ എളുപ്പമല്ലെങ്കിലും, ശ്രമിക്കാനെങ്കിലും നാം തയ്യാറാകണം എന്നാൽ മാത്രമെ awarology എന്ന മിസ്റ്റിക് സയൻസ് വളരുകയുള്ളു. മിസ്റ്റിക് സയൻസ് വളരണം, അത് വളർത്തണം അതാണ് മനുഷ്യന്റെ യഥാർത്ഥ സയൻസ്. പരീക്ഷണവും, പരീക്ഷകനും ഒന്നാകുന്ന സയൻസ് കാഴ്ചയും, കാണുന്നവനും ഒന്നാകുന്ന സയൻസ്. ഈ



ശാസ്ത്രം മനുഷ്യനെ നിത്യതയിലേക്ക് നയിക്കുമെന്നു മാത്രമല്ല ഭൗതീക ജീവിതം മനോഹരമായ ഒരു ആഘോഷമാക്കിമാറ്റാൻ അവനെ പ്രാപ്തനാക്കുകയും ചെയ്യുന്നു. ഭൗതീക ശാസ്ത്രം ഉപേക്ഷിക്കണം. എന്ന് ഇതിനർത്ഥമില്ല. ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന ഒരു ദാസനായി മാത്രമേ അതിനെ കണക്കാക്കാൻ പാടുള്ളു. അത് യജമാനനാകുന്നതും, ജീവിതലക്ഷ്യമാകുന്നതുമാണ് അറിവില്ലായ്മ ഈ അറിവില്ലായ്മ വെറുമൊരു ചിന്തയാണെന്നും ഇതിനെ ജ്ഞാനംകൊണ്ട് മാറ്റിവയ്ക്കാൻ മനുഷ്യന്റെ ബോധത്തിനു കഴിയും എന്നതാണ് ഇതിന്റെ ലാളിത്യം.

വിശ്വാസം വഴി കൃപയും, കൃപ വഴി neutral life ലേയ്ക്ക് എത്തുന്ന മനസ് പിന്നീട് ജീവിതത്തെ മുന്നിലേയ്ക്ക കൊണ്ടുപോകുന്നത് പരമാനന്ദത്തിലുള്ള ഒരു ആഘോഷമായിട്ടായിരിക്കും. യഥാർത്ഥ ബോധം ($W_X$) ഒരു പ്രത്യേക പരിധിക്കുമുകളിലായതിനാൽ (enlightenment) ബോധം ഒരു സാക്ഷിയായി മനസിനെ സദാസമയവും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. യഥാർത്ഥ സ്നേഹത്തിന്റെയും അനുകമ്പയുടേയും പ്രവാഹത്തിൽ അയാൾ തന്റെ സഹജീവികളോട് ബോധത്തെ ഉയർത്താനും നിത്യജീവനും, ജീവിതസത്യവും വെളിവാക്കികൊടുക്കുന്നതിനും പരിശ്രമിക്കുന്നു. ഇതാണ് യഥാർത്ഥ ആത്മീയ ജീവിതം. ഈ ആത്മീയ ജീവിതത്തിന്റെ തുടക്കത്തിൽ തനിക്കെന്തെല്ലാമോ ചെയ്യാനുണ്ട് എന്നൊരു തോന്നൽ മനസ് ഇടയ്ക്കിടെ ഉയർത്തിവിടുന്നു. ഇത് പടക്കുതിരയെപോലെ പാഞ്ഞുകൊണ്ടിരുന്ന പഴയ മനസിന്റെ ഒരു തേങ്ങലായി തിരിച്ചറിയണം. കാരണം neutral life ന്റെ മുഖ്യധാരയിലേക്ക് വരാൻ മനസുകുറച്ചുകാലം എടുക്കും. അതുവരെ മിസ്റ്റിക്കുകൾ (Human-being) വളരെ ശ്രദ്ധയോടുകൂടി ജീവിക്കേണ്ടിയിരിക്കുന്നു. മനസ് പൂർണ്ണമായും neutral lifeനും കീഴടങ്ങി കഴിയുമ്പോൾ മേൽ പറഞ്ഞ തോന്നൽ ഇല്ലാതാകുന്നു.

ഈ ഘട്ടത്തിൽ മനസ് ഒരു അസാധാരണ ജീവിതസത്യം തിരിച്ചറിയുന്നു. ജീവിതത്തിലെ ഏതു പ്രശ്നങ്ങൾക്കും ബോധത്തെ ($W_X$) പൈശാചിക തലം വരെ താഴ്ത്തുവാനും അതുപോലെതന്നെ നിത്യജീവനോളം ഉയർത്തുവാനും കഴിയും എന്നത്. ഇവിടെ മനസിന്റെ duality അഥവാ ദ്വന്ദത നഷ്ടപ്പെടുന്നതും അദ്വൈതത്തിൽ മനസ് നിലനിൽക്കാൻ പരിശീലിക്കുകയും ചെയ്യുന്നത് കാണാം. അതായത് ജീവിതം ഒരു പ്രാർത്ഥനയായി മാറുന്നു. മഹാബോധവും ആ വ്യക്തിയും മാത്രമല്ലാതെ മറ്റൊന്നിലും മനസ് ഉറയ്ക്കില്ല. ജീവിതം

ഒരു ലീലയായി (play) അനുഭവപ്പെടുന്നു. കാരണം അതിന് ഭൗതിക ലക്ഷ്യങ്ങൾ ഒന്നും ഇല്ലെന്നുള്ളതുതന്നെ. നിത്യജീവനിലേയ്ക്ക് ആത്മാവിനെ ($W_X$) ഉയർത്തുവാൻ തക്കവണ്ണം ബോധം ഉയർത്തുന്ന തിനുവേണ്ടി മാത്രമാണ് പിന്നീട് ജീവിതത്തിൽ നടക്കുന്ന എല്ലാ സംഭ വങ്ങളെയും അതിനോട് ബന്ധപ്പെട്ട വികാരങ്ങളെയും, വിചാരങ്ങ ളെയും അയാൾ ഉപയോഗിക്കുന്നത്. അതായത് എല്ലാറ്റിനും സാക്ഷി യായി ബോധം നിലനിൽക്കുന്നു. ഇത് നിഷ്കാമകർമ്മങ്ങൾക്ക് (Non-doer action) ഇടയാക്കുകയും കർമ്മഫലങ്ങൾ നഷ്ടപ്പെട്ട് ആത്മാവ് ($W_X$) $f_x d_x w_x$ എന്ന കൂട്ടുകെട്ടിൽനിന്ന് പിരിഞ്ഞ് മരണാനന്തരം മഹാബോധ ത്തിൽ ലയിക്കുന്നു.

ഈ ജീവിതഘട്ടത്തിൽ ഇത്തരം മിസ്റ്റിക്കുകൾ ജീവിതത്തിലെ വികാര, വിചാര, വിക്ഷോഭങ്ങൾക്കു കാരണമാകുന്ന ഏതു സംഭവ ത്തിനെയും ബോധതലം ഉയർത്താനുള്ള ഉപാധിയായി മനസിന്റെ സഹായത്തോടെ തിരിച്ചു വിടുന്നു. അത്തരം തിരിച്ചുവിടലിനെയാണ് നിഷ്കാമ കർമ്മം (Non-doer action) എന്ന് അർത്ഥമാക്കുന്നത്. ഒരു ഉദാ ഹരണം ശ്രദ്ധിക്കുക.

ഒരു നീതിമാനായ (ന്യൂട്രൽ ലൈഫ് സംഭവിച്ചയാൾ) മനുഷ്യ നോട്, ദുഷ്ടനായ ഒരുവൻ കുറെ പണം കടം ചോദിക്കുന്നു, തനിക്ക് ജീവിക്കുവാൻ ആവശ്യമായതിനേക്കാൾ പണം കൂടുതലുള്ള നീതി മാൻ ദുഷ്ടനെ തിരിച്ചറിവോടെ തന്നെ സഹായിക്കാൻ തയ്യാറാകുന്നു. എന്നാൽ കടം കൊടുക്കുക എന്ന കർമ്മം നടക്കുമ്പോൾ ബോധം തെളിഞ്ഞ് ഒരു സാക്ഷിയായി ആ കർമ്മത്തെ നോക്കി കാണുന്നു. അതായത് അയാളെ സംബന്ധിച്ച് കടം കൊടുക്കുക എന്ന കർമ്മമല്ല അവിടെ നടക്കുന്നത്. പങ്കുവയ്ക്കൽ (sharing) എന്ന കർമ്മമാണത്. ബോധം സാക്ഷിയായി നിൽക്കുന്നതിനാൽ കടം കൊടുക്കുക എന്ന ബാദ്ധ്യത മനസിലേക്കു വരുന്നില്ല. അഥവാ അബോധ മന സിൽപോലും പ്രതിഫലം ഇച്ഛിക്കുന്നില്ല എന്നർത്ഥം. കാരണം ഉണർന്നിരിക്കുന്ന ബോധത്തിന് അത് സാദ്ധ്യമല്ല, ജീവിതസത്യം എന്തെന്ന് തിരിച്ചറിയുന്ന ഒന്നാണ് ഉണർന്നിരിക്കുന്ന ബോധം (aware consciousness).

പങ്കുവയ്ക്കലിൽ (sharing) കൊടുക്കൽ പ്രക്രിയ നടത്തുന്നതിനാൽ ആ പണം തിരിച്ചുലഭിക്കുമെന്നോ, തിരിച്ചു ലഭിച്ചില്ലെങ്കിൽ നഷ്ട ബോധമോ അയാൾക്കുണ്ടാകില്ല. കാരണം സ്വന്തം കർമ്മത്തിൽ മാത്രം



നിലനിൽക്കുന്ന അയാൾക്ക് ഇന്നലയുടെ വ്യഥയും, നാളെയുടെ ആകാം ഷയും ഉണ്ടായിരിക്കില്ല. Moment to moment life ആണ് അയാൾ നയിക്കു ന്നത്. അതായത് തിരിച്ചറിവ് ഉണ്ടായിരിക്കുകയും കുട്ടികളെപോലെ പ്രവർത്തിക്കുകയും ചെയ്യുക. കൂടാതെ പണം കടംകൊടുക്കുന്നു എന്ന തിലൂടെയുള്ള പുണ്യം അയാൾക്കാവശ്യമില്ല. കാരണം ആത്മാവിനെ നിത്യജീവനിലേയ്ക്കു നയിക്കാൻ അത്തരം പുണ്യങ്ങൾക്ക് കഴിയില്ല എന്നയാൾ തിരിച്ചറിയുന്നു. അതിനാൽ ദുഷ്ടൻ പണംതരികെ കൊടു ത്താലും ഇല്ലെങ്കിലും അയാൾക്കൊരുപോലെ തന്നെ പണം കടം കൊടുക്കുകയും തിരികെ കിട്ടാതിരിക്കുകയും ചെയ്യുമ്പോൾ മറ്റുള്ള വരെ സംബന്ധിച്ച് അത് അവരെ ആത്മഹത്യയിലേയ്ക്കോ നിരാശ യിലേക്കോ നയിക്കുമ്പോൾ മിസ്റ്റിക്കിനെ സംബന്ധിച്ച് ആ കർമ്മം നിത്യജീവനിലേയ്ക്ക് അയാളുടെ ബോധത്തെ ഉയർത്തുന്ന ഒരു Step ആയി മാറുന്നു. അതായത് ഒരേ സംഭവം അബോധത്തിൽ നിൽക്കു ന്നവനെ വീണ്ടും അബോധത്തിലേയ്ക്ക് ചവിട്ടി താഴ്ത്തുന്നതും, ബോധത്തിൽ നിൽക്കുന്നവനെ നിത്യജീവനിലേയ്ക്ക് ഉയർത്തുകയും ചെയ്യുന്നതെങ്ങിനെ എന്ന് ഇതിൽനിന്ന് മനസിലാക്കാം.

പബ്ലിക് റോഡ് പോലും പങ്ക് വയ്ക്കാൻ അറിയാത്ത അധഃമബോ ധതലമുള്ള ഒരു ജനതയുടെ മുന്നിൽ മേൽപറഞ്ഞ കർമ്മം എത്രമാത്രം ബുദ്ധിമുട്ടുള്ളതാകും എന്ന് ഊഹിക്കാവുന്നതേയുള്ളൂ. സ്കൂൾ തല ങ്ങൾ മുതൽ University വരെ ബോധത്തെ ഉയർത്തേണ്ട പാഠ്യക്രമ ങ്ങൾ ഉണ്ടാക്കേണ്ടത് ഓരോ വ്യക്തിയെ സംബന്ധിച്ചും സമൂഹത്തെ സംബന്ധിച്ചും എത്രമാത്രം പ്രാധാന്യമുള്ളതാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു.

ഇവിടെ സ്വാഭാവികമായും ഒരു സംശയം വരാം Share ചെയ്യുന്ന വൻ ദരിദ്രനായി പോകില്ലേ? എന്ന്, തീർച്ചയായും ഇല്ല. അത് സ്വാർത്ഥ മനസിന്റെ (ego) യുക്തി ചിന്തമാത്രമാണ്. അധഃമ മനസിന് മാത്രമേ അത്തരം ഒരു ചോദ്യം ചോദിക്കാൻ കഴിയുകയുള്ളു. കാരണം പങ്കുവ യ്ക്കുന്ന മിസ്റ്റിക് (Human beings) ഉയർന്ന ബോധത്തിലാണ് നിൽക്കു ന്നതെന്ന് അറിയുക. അതിനാൽ അയാൾ ബുദ്ധിമാനും ആയിരിക്കും. തന്റെ ജീവൻ നിലനിർത്തുന്നതിനാവശ്യമായവ കഴിച്ച് ബാക്കിയേ അയാൾ പങ്കുവയ്ക്കുകയുള്ളു. അങ്ങിനെ പങ്കുവയ്ക്കാൻ ഇല്ലെങ്കിൽ അയാൾ കടം ചോദിച്ചവന്റെ ആവശ്യം നിഷ്കരുണം തള്ളിക്കളയു കയും ചെയ്യും കാരണം അയാൾ നന്മയ്ക്കും തിന്മയ്ക്കും അടിമയല്ല.

ചോദിക്കുന്നവൻ ദുഷ്ടനായാലും, നല്ലവനായാലും, അത്യാവശ്യക്കാരനായാലും, പണം ലഭിച്ചില്ലെങ്കിൽ മരണപ്പെട്ടു പോകുന്ന അവസ്ഥയിലാണെങ്കിൽ പോലും മിസ്റ്റിക്കിനെ സംബന്ധിച്ച് ഒരു പോലെയാണ്. കാരണം അയാളെ സഹായിക്കാതിരിക്കുക എന്ന കർമ്മം കൊണ്ട് മിസ്റ്റിക്കിന്റെ ആത്മാവിനെ ഒരംശംപോലും താഴ്ത്തുന്നില്ല എന്ന് അയാൾ അറിയുന്നു. തന്റെ തന്നെ മനസിന്റെ അവസ്ഥയാണ് തന്റെ ആത്മാവിന്റെ വളർച്ചയെ സഹായിക്കുന്നത് എന്ന് അയാൾ അറിയുന്നു. മനസിന്റെ പൊങ്ങച്ചവും, കുറ്റബോധവും, അറിവില്ലായ്മയും അയാൾ ശരിക്കും തിരിച്ചറിയുന്നു. പുണ്യമോ, നന്മയോ ചെയ്യാനുള്ള ദൗർബല്യത്തിന്റെ ഹോർമോണുകൾ അയാളിൽ ഉത്പാദിപ്പിക്കപ്പെടില്ല. അതായത് ദൗർബല്യത്തോടെ നന്മയും, പുണ്യവും, കുറ്റബോധത്തോടെ തിന്മയും അയാൾ ചെയ്യില്ല എന്നർത്ഥം. അതിനാൽ കർമ്മഫലം ഇല്ലാതായിപോകുന്നു. കൊടുക്കൽ എന്ന പ്രക്രിയയിൽ കൊടുക്കൽ മാത്രമേയുള്ളൂ. വികാരവിചാരങ്ങളില്ല. അതിനാൽ പാപപുണ്യങ്ങളും ഇല്ല.

ഇത്തരം മിസ്റ്റിക്കുകൾ ഒരു സമൂഹത്തിൽ വെറും 1% മാണെങ്കിൽപോലും അവർ സമൂഹത്തിനുണ്ടാക്കുന്ന പുരോഗതി അവർണ്ണനാതീതമായിരിക്കും. ലോകത്തു നിലവിലുള്ള രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക തത്വശാസ്ത്രങ്ങൾക്കും, നിയമങ്ങൾക്കും ഈ പുരോഗതിയുടെ 1% പോലും വരുത്താൻ കഴിയില്ല, കഴിഞ്ഞിട്ടില്ല എന്ന് ഇന്ന് ലോകത്തിന്റെ അവസ്ഥ സൂക്ഷ്മമായി പരിശോധിച്ചാൽ ഏത് സാധാരണക്കാരനും മനസിലാകും. എന്നാൽ മേൽപറഞ്ഞ Human-being എന്ന അവസ്ഥ അസാദ്ധ്യമല്ലേ? അത് ഒരു utopian ആശയമല്ലേ? എന്നു സംശയിച്ചേക്കാം. തീർച്ചയായും ആ സംശയം ചോദിക്കുന്നവനും, അതിൽ നിലനിൽക്കുന്നവനും സ്വാർത്ഥതയുടെ ഇരുട്ടിൽ തപ്പിതടയുന്നവരായിരിക്കും. തിരിച്ചറിവിനെ തിരിച്ചറിയുന്നത് യഥാർത്ഥ ബോധമാണെങ്കിൽ തിരിച്ചറിയാവുന്നതിനെ തിരിച്ചറിയാത്തത് പൈശാചിക മനസിന്റെ അജ്ഞതയാണ്.

### Nansen School of Awarology and Neutral life എന്ന സ്ഥാപനത്തിന്റെ പ്രവർത്തനരീതിയും ലക്ഷ്യങ്ങളും

**പ്രവർത്തനരീതി**

1. നിലവിലുള്ള സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, മതപരമായ സ്ഥാപനങ്ങളുമായി യാതൊരുവിധ ബന്ധമില്ലാത്തതും, തത്വപരമായി അവയിൽനിന്നെല്ലാം വ്യത്യസ്തവുമായ ഒരു സ്ഥാപനം.






2. യഥാർത്ഥ ബോധത്തെ ഉയർത്താനും, അതിലൂടെ ജനനമരണങ്ങളിൽനിന്ന് എന്നന്നേയ്ക്കുമായി രക്ഷപ്പെട്ട് നിത്യാനന്ദമായ നിത്യജീവനിലേക്ക് ബോധത്തെ ഉയർത്താൻ ജീവിതം ഉഴിഞ്ഞുവച്ച ആശ്രമവാസികളുടെ അദ്ധ്വാനഫലത്തിൽ മാത്രം നിലനിൽക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ഒരുസ്ഥാപനം.
3. ആശ്രമജീവിതത്തിലേയ്ക്കുള്ള പ്രവേശനത്തിന് ജാതി, മത, വർഗ്ഗ വ്യത്യാസങ്ങളും, ഒരു പരിധിവരെ വിദ്യാഭ്യാസവും, പ്രായവും തടസമല്ല. കഠിനാദ്ധ്വാനവും, Neutral life (നിഷ്കാമ ജീവിതം)നു ബുദ്ധിയും ആരോഗ്യവും, പൂർണ്ണബഹ്മചര്യവുമാണ് പ്രവേശനത്തിനുള്ള യോഗ്യത.

**ലക്ഷ്യങ്ങൾ**

1. Awarology എന്ന mystic science ന്റെ പരമാർത്ഥം സമൂഹത്തെ ബോദ്ധ്യപ്പെടുത്തുന്നതിനും, മനുഷ്യജീവിതത്തിന് ആത്മീയവും, യഥാർത്ഥവുമായ ഒരു ലക്ഷ്യമുണ്ടെന്ന് പഠിപ്പിക്കുന്നതിനും
2. യഥാർത്ഥ ബോധത്തെ തിരിച്ചറിയുന്നതിനും, അത് ഉയർത്തേണ്ടതെങ്ങിനെയെന്ന് സമൂഹത്തെ പഠിപ്പക്കുന്നതിനും, academic വിഷയങ്ങളോടൊപ്പം awarology യെ ഒരു ശാസ്ത്രീയ വിഷയമായി അംഗീകരിപ്പിക്കുന്നതിനും അത് പ്രായോഗികമാക്കുന്നതിനും.

3. മദ്യം, മയക്കുമരുന്ന്, വേദന സംഹാരികൾ ഇവയുടെ ഉപയോഗം മൂലം യഥാർത്ഥബോധത്തിന് ഏൽക്കേണ്ടിവരുന്ന ശക്തമായ ക്ഷതവും അതുമൂലം ജന്മനാലഭിച്ചിട്ടുള്ള പരമാനന്ദവസ്ഥ നഷ്ട പ്പെട്ടുപോകുന്നതെങ്ങിനെയെന്നും, രാസവസ്തുക്കളിലൂടെയും, ഇന്ദ്രിയങ്ങളിലൂടെയും ലഭിക്കുന്ന സന്തോഷത്തേക്കാൾ എത്രയോ മടങ്ങുവലുതാണ് പരമാനന്ദഅവസ്ഥ എന്നും ശാസ്ത്രീയമായി ബോദ്ധ്യപ്പെടുത്തുന്നതിനും.
4. Academic വിഷയങ്ങളിൽ അസാധാരണമായ ശ്രദ്ധയും, അതുമൂലം ഭൗതിക ശാസ്ത്രങ്ങളുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിചെല്ലുവാനും, വിദ്യാഭ്യാസം ഉത്സാഹഭരിതമാക്കാനും, വിജയപ്രദമാക്കാനും Awarology എന്ന ശാസ്ത്രത്തിനുള്ള പങ്ക് എന്ത് എന്ന് വളർന്നുവ രുന്ന തലമുറയ്ക്ക് ബോദ്ധ്യപ്പെടുത്തുന്നതിനും.

NB. പ്രായപൂർത്തിയായ പുരുഷന്മാർക്കും, സ്ത്രീകൾക്കും mystic science ലെ awarology എന്ന ശാസ്ത്രീയ രീതിഉപയോഗിച്ച് നശ്വരമായ ഭൗതികജീവിതത്തിന്റെ വേദനകളിൽനിന്നും, രോഗങ്ങളിൽനിന്നും ശരീ രത്തെയും മനസിനേയും സംരക്ഷിക്കാനും യഥാർത്ഥബോധത്തെ കണ്ടെത്തുന്നതിനും ഉയർത്തുന്നതിനും അതുവഴി neutral life എന്ന പരമാനന്ദവസ്ഥയിലുള്ള ജീവിതരീതി സംഭവിക്കുന്നതിനും ആവശ്യ മായ ജ്ഞാനവും പ്രായോഗികരീതിയും അഭ്യസിക്കുന്നതിന് ഒരാഴ്ച കാലം നീണ്ടുനിൽക്കുന്ന കോഴ്സിലേക്ക് അപേക്ഷിക്കാം. പ്രവേശനം ആശ്രമത്തിന്റെ പ്രത്യേകമായ നിയന്ത്രണത്തിലൂടെ മാത്രമായിരിക്കും.

കൂടുതൽ വിവരങ്ങൾക്കും, സംശയനിവാരണത്തിനും ആശ്രമവു മായി താഴെകാണുന്ന മേൽവിലാസത്തിൽ ബന്ധപ്പെടുക

The Master
Nansen School of Awarology and Neutral life
Nansen Asramam 4/414-A Vadakottathara
Kottathara P.O. Agali, Palakkad, Kerala
Mobile - 93884 80699, 93884 76389